കേരള പ്രസ് അക്കാദമി

# മലയാള പത്രപ്രവർത്തനത്തിന്റെ അമ്പതു വർഷം

## 1947 – 1997



# മലയാള പത്രപ്രവർത്തനത്തിൻെറ

# അമ്പതുവർഷം

# 1947 - 1997

# മലയാള പത്രപ്രവർത്തനത്തിന്റെ
# അമ്പതുവർഷം
## 1947 - 1997

കേരള പ്രസ് അക്കാദമി

കൊച്ചി - 682030

# MALAYALA PATHRA PRAVARTHANATHINTE AMBATHU VARSHAM

Malayalam

## Fifty Years of Malayalam Journalism

Compendium of Papers Presented at a seminar organised by the Kerala Press Academy

First Published January 1999

Type set and Printed at Kerala State Audio-Visual and Reprographic Centre, Ernakulam - 682 014. Ph: 392340

Cover Design : P.V. Krishnan

© Kerala Press Academy

Published by : Kerala Press Academy, Kakkanad, Kochi - 682 030.

Price Rs. 90.00

# ഉള്ളടക്കം


| | |
|---|---|
| പ്രസ്താവന | |
| മലയാള പത്രപ്രവർത്തനം സ്വാതന്ത്ര്യ ലബ്ധിക്കുശേഷം | ഇ.എം.എസ്. നമ്പൂതിരിപ്പാട് |
| പത്രങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം | കെ.എം. മാത്യു |
| മലയാളപത്രങ്ങൾ ആദ്യത്തെ നൂറുകൊല്ലം കഴിഞ്ഞപ്പോൾ | ടി. വേണുഗോപാലൻ |
| പത്രപ്രവർത്തനം നൂതന സങ്കേതങ്ങൾ വരുത്തിയ മാറ്റം | തോമസ് ജേക്കബ് |
| സ്വാതന്ത്ര്യാനന്തര പത്രഭാഷ നേട്ടങ്ങളും കോട്ടങ്ങളും | സി.വി.വാസുദേവ ഭട്ടതിരി |
| റിപ്പോർട്ടിംഗ് മാറിവരുന്ന പ്രവണതകൾ | ജോസ് പനച്ചിപ്പുറം |
| ചെറുകിട പത്രങ്ങളുടെ പ്രസക്തി | തെരുവത്തു രാമൻ |
| എഡിറ്റിംഗ് പിന്നിട്ട അര നൂറ്റാണ്ട് | വാസുദേവ ഭട്ടതിരി |
| മലയാളത്തിലെ സ്ത്രീമാസികകളുടെ ഉള്ളടക്കം അന്നും ഇന്നും | ഡോ: പി.ബി. ലാൽകർ |
| മാഗസിൻ പത്രപ്രവർത്തനം സ്വാതന്ത്ര്യാനന്തരം | എ. സഹദേവൻ |
| പ്രാദേശിക കേരളം | കെ.സി.നാരായണൻ |
| വാർത്താമാധ്യമരംഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗം | എസ്. സജിത് |
| ചർച്ചകളിൽ പങ്കെടുത്തവരുടെ പ്രസംഗങ്ങളുടെ സംഗ്രഹം | |

# പ്രസ്താവന

പത്രങ്ങളുടെ എണ്ണം കൊണ്ടും,ആനുകാലികങ്ങളുടെ വൈവിധ്യം കൊണ്ടും, മലയാള പത്രലോകം കഴിഞ്ഞ അര നൂറ്റാണ്ടിനുള്ളിൽ അടിമുടി മാറിപ്പോയിരിക്കുന്നു.

മലയാള പത്രപ്രവർത്തനത്തിന് കഴിഞ്ഞ ആണ്ടിൽ 150 വയസ്സുകഴിഞ്ഞു. ആദ്യത്തെ നൂറുകൊല്ലത്തിൽ നിന്ന് തീരെ വ്യത്യസ്തമാണ് പിന്നീടുള്ള അമ്പതുവർഷം. ആഴ്ചയിൽ മൂന്നുദിവസം ഇറങ്ങിയിരുന്ന 'വൃത്താന്തപത്രങ്ങ'ളായിരുന്നുവല്ലോ ഈ നൂറ്റാണ്ടിൻെറ തുടക്കത്തിൽ പോലും ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോഴോ?

സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് വെവ്വേറെ പതിപ്പുകാ വഴി ലക്ഷങ്ങാ വിറ്റഴിയുന്ന ഇത്രയേറെ പത്രങ്ങാ, ഇന്ത്യൻ ഭാഷകളിൽവേറെ ഇല്ലന്ന് വന്നിരിക്കുന്നു. സാങ്കേതികവിദ്യയുടെ അനുനിമിഷമുള്ള വികസന സാദ്ധ്യതകളെ വേണ്ടവിധം പ്രയോജനപ്പെടുത്തി ഭാഷാപത്രങ്ങാ ഇന്ന് വിഹരിക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷങ്ങാക്കിടയിലുണ്ടായത് അഭൂതപൂർവ്വമായ മാറ്റങ്ങളാണ്. ഉപഗ്രഹസഹായത്തോടെ, ലോകത്തിൻെറ ഏതുമൂലയിൽ നിന്നും നേരിട്ടുവാർത്തയും ചിത്രവും അയക്കാൻ കഴിയുമെന്നു വന്നു. കമ്പോസിംഗ്, പേജ് സംവിധാനം, അച്ചടി ഈ രംഗങ്ങളിലെല്ലാം ഉണ്ടായ മാറ്റങ്ങാ എഡിറ്റോറിയൽ രംഗത്ത് കുതിച്ചുകയറ്റമുണ്ടാക്കി.

ഈ വികസനം, ഗുണപരമായ എന്തെല്ലാം നേട്ടങ്ങളുണ്ടാക്കി? എങ്ങനെയെല്ലാം?. അതോടൊപ്പം, മൂല്യസംബന്ധിയായ അപചയങ്ങാക്ക് കാരണമായിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതുതരത്തിൽ?

രണ്ടായിരാമാണ്ടിൻെറ പടിവാതിൽക്കൽ നിന്നുകൊണ്ട്, ഒരുതിരിഞ്ഞുനോട്ടവും, വിലയിരുത്തലും കൂടിയേകഴിയൂ എന്ന് വന്നിരിക്കുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ പത്രപ്രവർത്തനത്തെ കുറിച്ച് ഏറെ പ്രധാനപ്പെട്ട തിരിഞ്ഞുനോട്ടത്തിനും വിലയിരുത്തലിനുമാണ്, അങ്ങനെ കൊച്ചിയിൽ പ്രസ്സ് അക്കാദമി വേദി ഒരുക്കിയത്.

കേരള പ്രസ്സ് അക്കാദമി 1998 ഒക്ടോർ 15നും 16നും കാക്കനാട്ടെ അക്കാദമി ഹാളിൽ നടത്തിയ സെമിനാർ വിഷയവൈവിധ്യം കൊണ്ടും, പങ്കെടുത്തവരുടെ പ്രാതിനിധ്യം കൊണ്ടും വിലപ്പെട്ട ഒന്നായിരുന്നു.

മലയാള പത്ര തറവാട്ടിലെ കാരണവർ കെ. എം മാത്യുവാണ് സെമിനാർ ഉദ്ഘാടനം ചെയ്തത്. രാഷ്ട്രീയ-വൈജ്ഞാനിക രംഗത്തെ ഭീഷ്മാചാര്യൻ ഇ. എം. എസ്സ് നമ്പൂതിരിപ്പാട് തന്റെ അവസാന നാളുകളിൽ കുത്തിക്കുറിച്ച് അയച്ചുതന്ന പ്രബന്ധം വായിച്ചുകേട്ടുകൊണ്ടാണ് പ്രതിനിധികൾ ഗൗരവപൂർവ്വം ചർച്ചയിലേക്ക് പ്രവേശിച്ചത്.


പത്രരംഗത്തെ പ്രഗത്ഭമതികളും പണ്ഡിതന്മാരും തയ്യാറാക്കിയിരുന്ന പ്രബന്ധങ്ങൾ ചർച്ച തുടരും മുമ്പേ വിതരണം ചെയ്തിരുന്നു. അതു പൊതുവായ ചർച്ചയ്ക്കും കൂട്ടായ വിചിന്തനത്തിനും മിഴിവ് പകർന്നു.

പ്രബന്ധങ്ങളോടൊപ്പം ചർച്ചയിൽ പങ്കെടുക്കുന്നവരുടെ പ്രസംഗഭാഗങ്ങളും ചേർത്ത് ഇപ്പോൾ ഒരു പുസ്തകം പുറത്തിറങ്ങുകയാണ്.

ഞാൻ ചെയർമാനായി സ്ഥാനം വഹിച്ച കഴിഞ്ഞ ആറു കൊല്ലത്തിനകം പല അവസരങ്ങളിലായി ഒട്ടേറെ സെമിനാറുകളും പണിശാലകളും പ്രസ്സ് അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്. വാർത്താവിനിമയരംഗത്തെ നൂതന വിസ്മയങ്ങൾക്കൊത്തുനീങ്ങാൻ പത്രങ്ങളേയും പത്രപ്രവർത്തകരേയും സഹായിക്കുകയായിരുന്നു അവയുടെ ലക്ഷ്യം. അവയിൽ എന്തുകൊണ്ടും പ്രധാനപ്പെട്ട ഒരു സെമിനാറിലെ രേഖകളാണ് പുസ്തകരൂപത്തിൽ വായനക്കാരുടെ കൈകളിൽ എത്തുന്നത്. അതാകട്ടെ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ പത്ര രംഗത്തെക്കുറിച്ച് വിലപ്പെട്ട ചരിത്രരേഖകൂടിയായിത്തീരുന്നു എന്ന വസ്തുത അനല്പമായ ചാരിതാർത്ഥ്യം നൽകുന്നു.

വി.പി. രാമചന്ദ്രൻ
ചെയർമാൻ
കേരള പ്രസ്സ് അക്കാദമി.

കാക്കനാട്
16-1-1999



ഇ.എം.എസ്സ്. നമ്പൂതിരിപ്പാട്

# മലയാള പത്രപ്രവർത്തനം സ്വാതന്ത്ര്യ ലബ്ധിക്കുശേഷം

സ്വാതന്ത്ര്യ ലബ്ധിവരെയുള്ള മലയാള പത്രപ്രവർത്തനത്തിനു വഴി കാണിച്ച ഒട്ടേറെ മഹാരഥന്മാരുണ്ട്: സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കെ.പി.കേശവമേനോൻ, കെ.കേളപ്പൻ, ബാരിസ്റ്റർ എ.കെ. പിള്ള, സഹോദരൻ അയ്യപ്പൻ, മുഹമ്മദ് അബ്ദു റഹ്മാൻ മുതലായവർ. അവരോരോരുത്തരും ജനസേവനത്തിനുള്ള മാധ്യമമായാണ് പത്രപ്രവർത്തനത്തെ ഉപയോഗിച്ചത്. ജനങ്ങളുടെ ഇടയിൽ ഇന്നുള്ള ജനാധിപത്യ ബോധം വളർത്തിയെടുക്കുന്നതിൽ അവരോരോരുത്തരും വ്യക്തിപരമായപങ്കുവഹിച്ചു.

അതിൻെറ തുടർച്ചയെന്നനിലക്ക് സ്വാതന്ത്ര്യ ലബ്ധിക്കു ശേഷമുള്ള ഇന്ത്യയിലും സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള കേരളത്തിലും, പുതിയ ഇന്ത്യയിൽ പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനുള്ള ഉപകരണമായി മലയാള പത്രപ്രവർത്തനം വളരുമെന്നാണ് പ്രതീക്ഷിക്കേണ്ടിയിരി ക്കുന്നത്. എന്നാൽ നടന്നത് അങ്ങനെയല്ല. മുതലാളിത്ത മാർഗത്തിലൂടെ ഇന്ത്യയേയും കേരളത്തേയും പുരോഗമിപ്പിക്കാനുള്ള കാഴ്ചപ്പാടിൻെറ ഭാഗമായി സ്വകാര്യ ലാഭമുണ്ടാക്കാനുള്ള മാധ്യമമായി ഇന്ത്യയിലാകെയും കേരളത്തിലുമുള്ള പത്രമുടമകൾ പത്രപ്രവർത്തനത്തെ മാറ്റിത്തീർത്തു. മറ്റു ''ബിസിനസു''കളെപ്പോലെ പത്രപ്രവർത്തനവും ഒരു ''ബിസിനസ്സാ'' ക്കിത്തീർത്തു.

ഈ ''ബിസിനസ്‌വൽക്കരണ'' മാണ് സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള പത്രപ്രവർത്തനത്തിൻെറ മുഖമുദ്ര.

ഇതിനു ഒരു സാംസ്കാരിക തലമുണ്ട്. വായനക്കാരുടെ ബോധനിലവാരം ഉയർത്തുന്നതിനു പകരം അവരുടെ മൃദുല വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന ഉള്ളടക്കവും ശൈലിയുമുപയോഗിക്കുന്ന ഒരു പുത്തൻ പത്രപ്രവർത്തന ശൈലിരൂപപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. അതിലൂടെ പ്രചാരം വർദ്ധിക്കുന്നതുകൊണ്ടുപോലും തൃപ്തിപ്പെടാതെ ഇൻഷുറൻസ് മുതലായ പദ്ധതികളിലൂടെ വായനക്കാരെ ആകർഷിക്കുന്നത് എല്ലാ പത്രങ്ങളുടേയും പതിവായിത്തീർന്നിരിക്കുന്നു. ഇതിൻെറ ഫലമായി പത്രനടത്തിപ്പുകാരുടേയും വായനക്കാരുടേയും സാന്മാർഗിക നിലവാരം തകർന്നടിഞ്ഞു വരികയാണ്.

ഇതിൻെറ ഒരു ഫലം ജാതിമതവർഗീയ ചിന്തയും അന്ധവിശ്വാസങ്ങളും വർദ്ധിക്കുകയാണ്. അവയെ വർദ്ധിപ്പിക്കുന്നതുവഴി സ്വന്തം പത്രത്തിൻെറ പ്രചാരവും അതിലൂടെ പത്രനടത്തിപ്പിൽ നിന്നുള്ള ലാഭവും വർദ്ധിപ്പിക്കാൻ പത്രമുടമകളും പത്രാധിപന്മാരും മറ്റുപത്രപ്രവർത്തകരും അന്യോന്യം മത്സരിച്ചു പ്രവർത്തിക്കുന്നു. ഇതിൻെറ ഫലമായി കേരളീയ ജനതയുടെ സാന്മാർഗിക നിലവാരം ക്രമേണ അധഃപതിച്ചു വരികയാണ്.



കെ.എം. മാത്യു

# പത്രങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം

പ്രസ് അക്കാദമി എന്നെ ഇങ്ങനെയൊരു പ്രഭാഷണത്തിനു ക്ഷണിച്ചതിലുള്ള നന്ദി ആദ്യമേ രേഖപ്പെടുത്തിക്കൊള്ളട്ടെ.ഒരാകസ്മികതയാണ് എന്നെ ഇന്നിവിടെ എത്തിച്ചേതെന്നു പറയാം. പ്രസ് അക്കാദമിയുടെ കത്ത് കിട്ടിയപ്പോൾ ഒരു ലേഖനത്തിനാണെന്നു കരുതിയാണ് ആലോചന ആരംഭിച്ചത്. ആലോചന മുറുകി മനസ്സിൽ പലതും കുറിച്ചശേഷം കത്ത് വീണ്ടും നോക്കിയപ്പോഴാണ് പ്രഭാഷണമാണെന്നു മനസ്സിലായത്. ലേഖനമായിട്ട് എഴുതാ നും വയ്യ, പ്രഭാഷണമായിട്ട് പറയാനും വയ്യ എന്ന അവസ്ഥയിലായി ഞാൻ. എങ്കിലും ഒരു സാഹസത്തിന് ഞാൻ ഒരുമ്പെടുകയാണ്.

'പത്രങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം' എന്നതാണ് എനിക്കു തന്നിട്ടുള്ള വിഷയം. പത്രങ്ങളിൽ സ്വാതന്ത്ര്യത്തിനുശേഷം വന്നിട്ടുള്ള മാറ്റങ്ങളാണ് ഇവിടെ പറയേണ്ടത്. ആ മാറ്റങ്ങളിലൂടെ ജീവിക്കുകയും മാറ്റങ്ങൾ ഞാൻ പോലുമറിയാതെ എന്നെ കടന്നുപോകുകയും ചെയ്യുന്ന ഒരു കാലത്ത് തുടരുകയും ചെയ്യുന്ന ആളാണ് ഞാൻ.

നിങ്ങളോട് ആ മാറ്റത്തെക്കുറിക്കാനായി ഞാൻ 'മലയാള മനോരമ'യിൽ എല്ലാവർക്കും അറിയാവുന്ന ഒരു കഥ പറയാം. എന്റെ പിതാവ് കെ.സി.മാമ്മൻ മാപ്പിള മുഖപ്രസംഗം സ്വയം എഴുതിയിരുന്ന ആളായിരുന്നു. എഴുതിക്കഴിഞ്ഞാൽ അദ്ദേഹത്തിന്റെ കൈയക്ഷരം അദ്ദേഹത്തിനു പോ

ലും വായിക്കാൻ കഴിയുമായിരുന്നില്ല. അതു വായിച്ചിരുന്നത് ഒരു പ്രത്യേക കമ്പോസിറ്ററായിരുന്നു. മാമ്മൻ മാപ്പിള കുത്തിവരച്ചാലും അത് ആ കമ്പോസിറ്റർ അക്ഷരങ്ങളാക്കി കമ്പോസ് ചെയ്തു കൊണ്ടുവരും എന്ന് സരസൻമാർ പറയാറുണ്ടായിരുന്നു.എന്നാൽ ഇന്ന് ഈ കഥയ്ക്ക് ഒരു പ്രസക്തിയുമില്ല. എന്നുതന്നെയല്ല, എല്ലാ പത്രാധിപൻമാരും കംപ്യൂട്ടറിൽ ആണ് വാർത്തകാം പാകപ്പെടുത്തുന്നതും റിപ്പോർട്ടർമാർ വാർത്തകാം അയയ്ക്കുന്നതും. മാമ്മൻ മാപ്പിളയുടെ കാര്യത്തിൽ എന്നപോലെ, കൈയക്ഷരം മോശമാണെന്ന് പറയാൻ ആർക്കും കഴിയില്ല. ഇന്നത്തെ ന്യൂസ് റൂമിൽ ആർക്കും കൈയക്ഷരമില്ല. അതൊരു വലിയ മാറ്റമാണ്. വാർത്തകാം കൈകാര്യം ചെയ്യുന്നവരും സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്നവരും രണ്ടു വിഭാഗങ്ങളായി മാറിനിന്ന സ്ഥാനത്ത് വാർത്തകാം കൈകാര്യം ചെയ്യുന്നയാാം തന്നെ സാങ്കേതികവിദ്യയും കൈകാര്യം ചെയ്യുന്നുവെന്ന, എഡിറ്റോറിയലും ടെക്നോളജിയും തമ്മിൽ ആലിംഗനബദ്ധമാവുന്ന വലിയ മാറ്റമാണ് അത്.

അതു കഴിഞ്ഞാൽ കാണുന്ന വലിയ മാറ്റം പത്രം വിൽക്കുന്നതിലെയും പത്രത്തിൻെറ സ്ഥലം പരസ്യത്തിനായി വിൽക്കുന്നതിലെയും ത്' വ്രമായ യത്നമാണ്. എന്നാൽ ഈ മാറ്റങ്ങളിലേക്ക് വിശദമായി കടക്കും മുമ്പ് എന്തായിരുന്നു സ്വാതന്ത്ര്യത്തിനു മുൻപത്തെ അവസ്ഥയെന്നു പറ യേണ്ടതുണ്ട്.

ചരിത്രം വായിച്ചിട്ടുള്ളവർക്കൊക്കെ അറിയാവുന്ന ചില കാര്യങ്ങളുണ്ട് ദേശീയതലത്തിൽ, സ്വാതന്ത്ര്യസമരത്തിൽ പങ്കുവഹിച്ച പ്രമുഖ പത്രങ്ങാം സ്ഥാപിതമായത് 1910-1920 കാലത്താണ്. ഗാന്ധിജിയുടെ യംഗ് ഇന്ത്യ വാരിക ആരംഭിച്ചത് 1918-ലായിരുന്നു. ഇന്ത്യയിലെ പത്രങ്ങളിൽ ഒരു സ്വഭാവമാറ്റമുണ്ടായത് 1920-ലായിരുന്നു. അതുവരെ വാദപ്രതിവാദത്തിനുള്ള വേദികളായിരുന്ന പത്രങ്ങാം വാർത്താവിതരണത്തിൽ ശ്രദ്ധിച്ചു തുടങ്ങിയത് അക്കാലത്താണ്. അത് ഒന്നാം ലോകയുദ്ധത്തിൻെറ അവസാനകാലമായിരുന്നു എന്ന് ഓർക്കേണ്ടതുണ്ട്. അമൃതബസാർ പത്രികയിൽ നിന്ന് പ്രചോദനമുാക്കൊണ്ട് കേരളപത്രിക തുടങ്ങിയ ചെങ്കുളത്ത് കുഞ്ഞി രാമമേനോൻ അമൃതബസാറിൻെറ സ്ഥാപകനായ ശിശിർകുമാർ ഘോഷ്

ൻെറ ഇന്ത്യൻ ലീഗ് യോഗത്തിൽ പങ്കെടുക്കാൻ കൽക്കട്ടവരെ പോയതാണ് അക്കാലത്തെ ചരിത്രം.

എന്നാൽ, ഭാഷാപത്രങ്ങൾ മാറിയത് രണ്ടാം ലോകമഹായുദ്ധകാലത്തായിരുന്നു. യുദ്ധവാർത്തകൾ അറിയാൻ ജനങ്ങൾക്കുണ്ടായ താൽപര്യമായിരുന്നു കാരണം. ഈ മാറ്റത്തിൻെറ കാലത്തെ 1938-1950 എന്നു കണക്കാക്കിയാലും തെറ്റാവില്ല. യുദ്ധത്തിൻെറ അന്ത്യം മുതൽ ഇന്ത്യയുടെ ഉദയം വരെ. അക്കാലത്താണ് ഭാഷാപത്രങ്ങൾക്ക് പ്രചാരമുണ്ടായി തുടങ്ങിയത്. യുദ്ധകാലത്താണ് ഭാഷാപത്രങ്ങൾക്ക് ആവശ്യത്തിനു കടലാസ് കിട്ടിയത്. അങ്ങനെ ദേശീയ, അന്തർദേശീയ പ്രാധാന്യമുള്ള വാർത്തകൾ ഭാഷാപത്രങ്ങളിലും വരാൻ തുടങ്ങി. എന്നാലും പ്രഫഷനലിസം അവയിലുണ്ടായിരുന്നില്ല. ഇന്ത്യയിലെ ഇംഗ്ലീഷ് പത്രങ്ങളാകട്ടെ, ബ്രിട്ടീഷ് പത്രങ്ങളിൽ നിന്ന് വാർത്തകളുടെ മാതൃകകൾ സ്വീകരിച്ചും രൂപകൽപ്പനയിലും മറ്റും അവയെ അനുകരിച്ചും പ്രഫഷനലിസമുണ്ടെന്ന തോന്നൽ സൃഷ്ടിക്കാൻ ശ്രമിച്ചിരുന്നു. ഇന്ത്യയിലെ ഭാഷാപത്രങ്ങൾ പ്രഫഷനലിസം സ്വീകരിച്ചത് 1950-നു ശേഷമാ ണ്.

ഞാൻ മനോരമയിൽ ചേർന്ന 1953-ൽ കൈകൊണ്ട് പെട്ടികളിൽ നിന്ന് അച്ചുകൾ പെറുക്കിവച്ചായിരുന്നു കമ്പോസിംഗ് പിന്നെ അക്ഷരത്തിൽ തന്നെ മാറ്റങ്ങളുണ്ടായി. ലൈനോ,മോണോ സമ്പ്രദായങ്ങൾ വന്നു. 53-ൽ തന്നെ സർക്കാർ നയത്തിൽ വരുത്തിയ മാറ്റം വഴി സോവിയറ്റ് യൂണിയനും ചില സഖ്യരാജ്യങ്ങളുമായി ഇന്ത്യൻ കറൻസിയിൽ തന്നെ വ്യാപാരമാകാമെന്നു വരികയും ലൈസൻസ് സ്വതന്ത്രമാക്കുകയും ചെയ്തപ്പോഴാണ് ഇന്ത്യയിലെ ഭാഷാപത്രങ്ങളിൽ റോട്ടറി പ്രസുകൾ വ്യാപകമായിത്തുടങ്ങിയത്. എല്ലാ പത്രങ്ങൾക്കും അക്കാലത്ത് സോവിയറ്റ് അഥവാ കിഴക്കൻ ജർമ്മനിയുടെ പ്രസുകളാണുണ്ടായത്. പ്രമുഖ മലയാള പത്രങ്ങൾ എല്ലാം തന്നെ ഉപയോഗിച്ച പ്ലമാഗ് എന്ന കിഴക്കൻ ജർമൻ നിർമിത പ്രസ് ഇക്കൂട്ടത്തിൽ പ്രമുഖ ഇനമാണ്. അടുത്ത കുതിച്ചുചാട്ടം രാജീവ്ഗാന്ധി സർക്കാരിൻെറ ഉദാരനയങ്ങൾ നിമിത്തമായിരുന്നു. പത്രങ്ങൾ ഫാക്സിമിലി എഡിഷനുകളിലേക്കും ഓൺലൈനിലേക്കും വികസിച്ചു. ഫാക്സിമിലി വഴി ഹിന്ദു ബാംഗ്ലൂർ എഡിഷൻ തുടങ്ങി. 10 വർഷം ആ മേഖലയിൽ മറ്റൊരു പ

ത്രവും തിരിഞ്ഞുനോക്കിയില്ല. പിന്നീട് മനോരമയാണ് ഈ വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തിയത്. മലയാളത്തിൽ സാങ്കേതികവിദ്യയിലെ അഭൂതപൂർവമായ മാറ്റം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിലായിരുന്നു. ഇന്ന് ചിത്രങ്ങൾ ക്യാമറയിൽ നിന്ന് നേരിട്ടു ഫോട്ടോ ഡെസ്കിലേക്ക് അയയ്ക്കാൻ കഴിയുന്ന ഫോട്ടോ ട്രാൻസ്മിറ്ററുകളും ഡിജിറ്റൽക്യാമറകളും നമുക്കുണ്ട്. ഉപഗ്രഹസഹായത്തോടെ ലോകത്തിൻെറ ഏതു മൂലയിൽ നിന്നും നേരിട്ടു വാർത്ത അയയ്ക്കാൻ ലേഖകന്മാരെ സഹായിക്കുന്ന രീതിയും വരികയാണ്.

സാങ്കേതിക വിദ്യയിലുണ്ടായ വികസനത്തെ എഡിറ്റോറിയൽ വികസനത്തിനുള്ള ഒരു ഉപകരണമാക്കി തീർത്തതാണ് പത്രങ്ങളെ സംബന്ധിച്ചുണ്ടായ ഏറ്റവും വലിയ മാറ്റം. പത്രപ്രവർത്തകൻ സാങ്കേതിക വിദഗ്ധൻ കൂടിയായി. പണ്ടും ബ്രിട്ടനിൽ പത്രപ്രവർത്തകന് ടൈപ്പിംഗ് നിർബന്ധമായിരുന്നു. മലയാളം ടൈപ്പ്റൈറ്റർ വന്നിട്ടും ഇവിടെ പത്രപ്രവർത്തകന് അത് നിർബന്ധമായില്ല. എന്നാൽ ഇന്നു കംപ്യൂട്ടർ ഇല്ലാതെ പ്രവർത്തിക്കാനാവില്ല. അല്ലാത്ത പത്രപ്രവർത്തകൻ അന്യംനിൽക്കുമെന്ന് ഉറപ്പിച്ചു പറയാം.

ഇന്ത്യൻ പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സെമിനാറുകളും തോംസൺ ഫൗണ്ടേഷനിലെ പരിശീലനവും കേരളത്തിലെ പ്രഫഷനലിസം വളരാൻ വഴിയൊരുക്കിയെങ്കിലും അവയ്ക്കുമുമ്പ് ആ വഴിക്ക് മനോരമ നടത്തിയ ശ്രമമായിരുന്നു വിഖ്യാതനായ വരീന്ദ്ര ടാർസി വിറ്റാച്ചിയെ കോട്ടയത്തുകൊണ്ടുവന്ന് പത്രപ്രവർത്തകർക്ക് നൽകിയ പരിശീലനം. അതിനെ തുടർന്നാണ്, മലയാള പത്രങ്ങളിൽ ന്യൂസ് എഡിറ്റർ അടക്കമുള്ള പത്രാധിപസമിതി അംഗങ്ങളുടെ ചുമതലകൾക്കും കർത്തവ്യങ്ങൾക്കും നിർവചനങ്ങൾ ഉണ്ടായതും പേജ് സംവിധാനത്തിനു ഡമ്മി ഉണ്ടായതും. പ്രഫഷനലിസത്തിൻെറ കാര്യത്തിൽ ഇന്ന് നമ്മുടെ പത്രങ്ങൾ ലോകത്ത് മറ്റാരുടെയും പിന്നിലല്ല.

പ്രഫഷനലിസത്തിന് മുമ്പുള്ള കാലത്ത് പത്രം ആവശ്യമുള്ളവർ വാങ്ങിച്ചാൽ മതി എന്നായിരുന്നു ചിന്താഗതി. ഇന്ന് അതിൽ നിന്നൊക്കെ പോയിട്ട് വായനക്കാർക്ക് സമ്മാനങ്ങളും ഇൻഷുറൻസ് സംരക്ഷണവുമൊക്കെ

പത്രങ്ങൾ നൽകുന്നുണ്ട്. ഇത് വായനക്കാരെ കബളിപ്പിക്കാനാണെന്ന് ചില സാംസ്കാരിക നായകർ പറയുന്നുണ്ട്. സമ്മാനം മോഹിച്ച് പത്രം വാങ്ങുന്ന വിഡ്ഢികളാണ് വായനക്കാർ എന്ന് ഇതു കേട്ടാൽ തോന്നും. അത്തരം അബദ്ധ ധാരണയൊന്നും കേരളത്തിൽ പത്രം നടത്തുന്നവർക്ക് ഇല്ല.

ടൂത്ത് പേസ്റ്റ് നമുക്ക് ആവശ്യമാണ്. അത് നമ്മൾ വാങ്ങും. അതിൻെറ കൂടെയുള്ള സമ്മാനവും വാങ്ങും. പക്ഷേ, സമ്മാനമുണ്ടെങ്കിലും പല്ലു തേക്കാൻ കൊള്ളുന്ന പേസ്റ്റേ നാം വാങ്ങൂ. ഏതു പത്രവും നിലവാരമുണ്ടെങ്കിലേ വിൽക്കുകയുള്ളൂ. കാരണം ഒരു പത്രത്തിനും എക്കാലവും സ്ഥിരമായി ഒരു കൂട്ടം വായനക്കാർ വെറുതേ വായിക്കുന്ന അവസ്ഥയില്ല. പത്രമെന്നു പറയുന്നത് മറ്റ് ഉൽപന്നങ്ങൾ പോലെയല്ല. ഒരു ദിവസം കൊണ്ട് നിലവാരമറിയാവുന്ന ഉൽപന്നമാണ്. പക്ഷേ, നല്ല നിലവാരമുള്ള പത്രമാണ് എന്നു പറഞ്ഞ് ഞാൻ കുറേ പത്രം അടിച്ചാൽ അത് അവിടെ ഇരിക്കുകയേയുള്ളൂ. അതുകൊണ്ട് അത് വിൽക്കാൻ പ്രഫഷനലിസം വേണം. അത് കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞുവെന്നാണ് സമ്മാനങ്ങളും ഇൻഷുറൻസും തെളിയിക്കുന്നത്.

പത്രങ്ങളിൽ പ്രഫഷനലിസം വന്നതോടെ, അവ സമൂഹത്തിൽ വഹിച്ചിരുന്ന പങ്കിലും വ്യത്യാസം വരികയും പത്രങ്ങൾ സമൂഹാഭിലാഷത്തോടു കൂടുതൽ അടുക്കുകയും ചെയ്തു എന്നതാണ് സ്വാതന്ത്ര്യാനന്തര പത്രപ്രവർത്തനത്തിലെ മാറ്റത്തിൻെറ കാതൽ എന്നു ഞാൻ കരുതുന്നു. സ്വാതന്ത്ര്യസമരകാലത്തെ പത്രാധിപന്മാരിൽ ഭൂരിപക്ഷവും അതിൽ പങ്കുവഹിക്കുക കൂടി ചെയ്തവരാണ്. പത്രങ്ങൾ സമരജിഹ്വകളായി. കോൺഗ്രസിൻെറ പതാകാവാഹകരായി. കോൺഗ്രസ് പിളർന്നപ്പോൾ, പത്രങ്ങൾ അതുവരെ സമൂഹത്തിൽ വഹിച്ചുവന്ന പങ്കിന് മാറ്റമുണ്ടായി. അവ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാൻ തുടങ്ങി. മുഖപ്രസംഗത്തിൽ ഏതെങ്കിലും പാർട്ടിയുടെ പക്ഷം പിടിച്ചാലും വാർത്തകളിൽ അതുണ്ടാവില്ലെന്നു വന്നു.

മനോരമ ആദ്യകാലംതൊട്ട് കോൺഗ്രസ് ചായ്‌വ് പ്രകടിപ്പിച്ച പത്രമാണ്. പക്ഷേ, പ്രഫഷനലിസത്തിൽ അധിഷ്ഠിതമായ വാർത്താവീക്ഷണം

വന്നപ്പോൾ വസ്തുതാപരമായ വാർത്താറിപ്പോർട്ടിംഗിലും അവതരണത്തിലുമാണ് ഞങ്ങൾ ശ്രദ്ധിച്ചത്. രാഷ്ട്രീയ ചായ്‌വും വാർത്തയും രണ്ടാണെന്ന തിരിച്ചറിവാണിത്.

സ്വാതന്ത്ര്യസമരകാലത്ത് പത്രങ്ങൾ ഒരു മുഖ്യപത്രാധിപരുടെ തീരുമാനങ്ങൾക്കു മാത്രം വിധേയമായിരുന്നു. ഇന്നും പത്രങ്ങൾക്ക് മുഖ്യപത്രാധിപരുണ്ട്. പക്ഷേ, പത്രപ്രവർത്തനം സങ്കീർണമായ ഒരു ശാസ്ത്രവും കലയുമായി വികസിച്ചപ്പോൾ പത്രാധിപരുടെ ചുമതലയിലും മാറ്റമുണ്ടായി. എല്ലാ വിഷയങ്ങളിലും തീരുമാനം എടുക്കുന്നതിനു പകരം പല വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ധരായ ഒരു കൂട്ടം സഹപത്രാധിപന്മാരെ സമർത്ഥമായി നയിക്കുകയാണ് ഇന്നത്തെ മുഖ്യപത്രാധിപരുടെ ധർമം.

ഇന്ന്, ഈ അവസരത്തിൽ, കുറെക്കാലമായി എന്നെ അലട്ടുന്ന ഒരു സങ്കടം നിങ്ങളോടു ഞാൻ പങ്കുവയ്ക്കട്ടെ. ഇംഗ്ലീഷ് പത്രങ്ങൾക്ക് ഒരു കാലത്തും ഏതെങ്കിലും ഒരു സംസ്ഥാനത്തെ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് ഒട്ടിനിൽക്കാനായിട്ടില്ലെന്നും ഇനി അതിനു കഴിയില്ലെന്നും നമുക്കറിയാം. അവയ്ക്ക് പ്രാദേശികമായി വേരുകളില്ല.ശരാശരി മനുഷ്യന്റെ വേദനകളും ആശകളും പ്രതിഫലിപ്പിക്കുന്നത് ഭാഷാപത്രങ്ങളാണ്. സത്യം ഇതായിട്ടും അഞ്ചോ ആറോ ഇംഗ്ലീഷ് പത്രങ്ങളാണ് കേന്ദ്ര സർക്കാരിനെ ഭരിക്കുന്നത് എന്നു വരുന്നത് കഷ്ടമാണ്. ഭൂരിപക്ഷപ്രാതിനിധ്യമുള്ള ഭാഷാപത്രങ്ങൾ പറഞ്ഞാൽ കേന്ദ്രം കേൾക്കില്ല എന്നുവരുന്നത് ജനാധിപത്യത്തിനു തന്നെ ഭൂഷണമല്ല. പണ്ട് ഭാഷാപത്രങ്ങൾക്ക് പരസ്യം കിട്ടാനും പ്രയാസമായിരുന്നു. പക്ഷേ സ്വന്തം ഉൽപന്നങ്ങളുടെ പ്രചാരം അറിയാൻ കമ്പനികൾ പഠനം നടത്തിയപ്പോഴാണ് ഈ മേഖലയിൽ ഭാഷാപത്രങ്ങൾക്കാണ് കരുത്ത് എന്നു മനസ്സിലായത്. പരസ്യം ചെയ്യുന്നവർക്ക് അതൊരു പുതിയ അറിവായിരുന്നു.

അതുപോലെ, ഐക്യമുന്നണികളുടെ ഉദയത്തോടെ, യഥാർഥ ശക്തി കുടികൊള്ളുന്നത് ഭാഷാപത്രങ്ങളിലാണെന്ന് അറിയേണ്ടവർ അറിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ അവസരം നൽകിയ പ്രസ് അക്കാദമിക്ക് ഒരിക്കൽക്കൂടി നന്ദി.



ടി. വേണുഗോപാലൻ

# മലയാള പത്രങ്ങൾ: ആദ്യത്തെ നൂറുകൊല്ലം കഴിഞ്ഞപ്പോൾ

മലയാള പത്രപ്രവർത്തനം 150 കൊല്ലം പിന്നിട്ടുകഴിഞ്ഞു. ആദ്യത്തെ നൂറുകൊല്ലത്തിൽ നിന്ന് പലതുകൊണ്ടും പിന്നത്തെ 50 കൊല്ലം വേറിട്ടു നിൽക്കുന്നു. ഇപ്പോഴത്തെ അർദ്ധശതാബ്ദം മൂല്യപരമായ അപചയത്തിന്റെ കാലമാണ്, അതോടൊപ്പം സാങ്കേതിക മേന്മയുടേയും പ്രൊഫഷണലിസത്തിന്റേയും. കല്ലച്ചുവെച്ചുതുടങ്ങിയ മലയാളപത്രങ്ങൾ നൂറുകൊല്ലം പൂർത്തിയാക്കുമ്പോഴും അക്ഷരപ്പെട്ടിവരെ മാത്രമേ സാങ്കേതികമായി വളർന്നിട്ടുള്ളൂ. ആ ശിലായുഗത്തിൽ നിന്ന് മുക്തിനേടി ലോകത്തെ ആഗോള ഗ്രാമമാക്കി ഒതുക്കുന്ന ആശയവിനിമയ സാങ്കേതികവിദ്യയുടെ അനുനിമിഷ വികാസത്തിന്റെ അനന്തസാധ്യതകളുടെ ബഹിരാകാശത്ത് സ്ഥലകാലപരിധികൾ ലംഘിച്ച് വിഹരിക്കുകയാണ് ഇന്ന് പത്രങ്ങൾ. വളർച്ചയുടെ ഗതിവേഗത്തിൽ അവ അമ്പതുകൊല്ലം കൊണ്ട് അനേകയുഗങ്ങൾ ചാടിക്കടന്നിരിക്കുന്നു.

ഇതുകണ്ടു വിസ്മയിച്ചുനിൽക്കുന്ന നമുക്ക്, അതിന്നിടക്ക് പറ്റിയ ധാർമ്മിക നഷ്ടത്തെക്കുറിച്ച് ഓർക്കാതിരിക്കാൻ വയ്യ. 'ചെറുതിന്നാണ് ഭംഗി' എന്ന നോട്ടത്തിൽ ഒരു അടിസ്ഥാനതത്വമുണ്ട്. കൈവേലക്കാരൻ തന്റെ മനസ്സിലെ സ്വപ്നം സാക്ഷാത്കരിക്കുന്ന കരവിരുതിലാണ് ശ്രദ്ധി

ക്കുന്നത്. അനേകം കൈവേലക്കാർ ചേർന്ന് പടുകൂറ്റൻ ശില്പഗോപുരം മെനയുമ്പോഴും ഈ ഏകാഗ്രതയുണ്ട്. ഇത് കൂട്ടായ്മയുടെ ഏകാഗ്രതയാണ്. കച്ചവടത്തിലല്ല കൈവേലക്കാരന്റെ കണ്ണ്. ഒരു വലിയ കാര്യം സാധിക്കുന്നു എന്ന സംതൃപ്തിയാണ് അയാൾക്ക്. ക്ഷേത്രത്തിന്റെ പുറംപോക്കിൽ ഭീമൻകെട്ട് പണിയുന്നതിൽ അയാൾക്കു താൽപര്യമില്ല. തന്റെ കൈ കൂടി ചെന്നാലേ ക്ഷേത്രം പൂർത്തിയാവൂ എന്ന ബോധമാണ് അയാളെ ഇളക്കിവിടുന്നത്.

പത്രപ്രവർത്തനത്തിലെ ആദ്യസ്വാതന്ത്ര്യം കച്ചവടമാകാതിരിക്കാനുള്ള അതിന്റെ സ്വാതന്ത്ര്യമാണെന്ന് കാറൽ മാർക്സ് പറഞ്ഞിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ പത്രങ്ങൾ ഇറക്കിക്കിടത്തിയത് ആ സ്വാതന്ത്ര്യത്തെയാണ്. 1947 ന് ശേഷം നമ്മുടെ സ്വാതന്ത്ര്യത്തെ നേരിട്ട ഏറ്റവും വലിയഭീഷണി അടിയന്തരാവസ്ഥയായിരുന്നുവല്ലോ. അന്ന് അതിനെ എതിർക്കാൻ നോക്കി ചില വലിയ പത്രങ്ങളും വമ്പൻ പത്രാധിപന്മാരും പീഡനത്തിന് ഇരയായിട്ടുണ്ട്. പക്ഷേ അവയെക്കുറിച്ചും അവരെക്കുറിച്ചുമുള്ള പ്രകീർത്തനത്തിന്റെ ഇരമ്പിച്ചയിൽ എല്ലാവരും ഒരുകാര്യം മറന്നുപോയി. അടിയന്തരാവസ്ഥ കൊണ്ടുവന്ന ഇന്ദിരാഗാന്ധിയുടെ കാലത്തുതന്നെയാണ് അതിന്നുമുമ്പ് പത്രസ്ഥാപനങ്ങളെ മറ്റു വൻവ്യവസായസ്ഥാപനങ്ങളുടെ ഘടകങ്ങളാക്കി നിർത്തുന്ന കണ്ണികൾ അറുത്തുകളയാനുള്ള ആലോചനനടന്നത്. നമ്മുടെ ജനാധിപത്യവ്യവസ്ഥിതിയിൽ പത്രങ്ങളെ സ്വതന്ത്രമാക്കാനുള്ള ആദ്യത്തെ നീക്കമായിരുന്നു അത്. 'യെല്ലോ ജർണലിസം' (മഞ്ഞപ്പത്രം) എന്ന വാക്കിന്റെ കൂടുതൽ അർത്ഥപുഷ്ടിയുള്ള 'ജൂട്ട്പ്രസ്സ്' (പണപ്പത്രം) എന്ന പര്യായപദം ഉണ്ടായ സാഹചര്യത്തിലായിരുന്നു ആ നീക്കം. പക്ഷേ, അതിനെ എതിർത്തത് മേൽപറഞ്ഞ പത്രങ്ങളും പത്രാധിപന്മാരും തന്നെയാണ്. "നമ്മുടെ സ്വാതന്ത്ര്യം അപകടത്തിൽ! സർവ്വശക്തിയും ഉപയോഗിച്ച് അതിനെ കാത്തുരക്ഷിക്കുക" എന്ന് അവർ അലറി. അങ്ങനെ അടിസ്ഥാനപരമായ പത്രസ്വാതന്ത്ര്യത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പുതന്നെ ഈ സ്വാതന്ത്ര്യസംരക്ഷകർ മുടക്കി. അടിയന്തരാവസ്ഥയോടുള്ള അവരുടെ എതിർപ്പ് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനോ പത്രങ്ങളുടെ സ്വാതന്ത്ര്യത്തിനോ വിലകല്പിക്കുന്നതുകൊണ്ടായിരുന്നില്ല. പത്രങ്ങളു

ടെ കച്ചവട സ്വാതന്ത്ര്യവും കച്ചവടത്തിന് പത്രങ്ങളുടെ മേലുള്ള സ്വാതന്ത്ര്യവും നഷ്ടപ്പെടുന്നതിലായിരുന്നു അവർക്ക് അമർഷം. (പത്ര സ്വാതന്ത്ര്യത്തോടുള്ള പ്രേമം കൊണ്ടാണ് ഇന്ദിരാഗാന്ധി ആ നീക്കം നടത്തിയതെന്നും പറഞ്ഞുകൂടാ. പത്രങ്ങളുടെ എതിർപ്പ് മൂത്തപ്പോൾ അവയുടെ ഉടമകളായ വ്യാപാരസ്ഥാപനങ്ങളെ ഒന്നുവിരട്ടിനോക്കിയതാണ്. അത് ഫലിക്കാത്തപ്പോഴാണ് അടിയന്തരാവസ്ഥ എന്ന അറ്റകൈ പ്രയോഗിച്ചത്. അന്ന് പത്രങ്ങളുടെ എതിർപ്പ് അകാരണം എന്നുപറയാനും വയ്യ. സ്വേച്ഛാധിപത്യസ്വഭാവമുള്ള ഒരു ഭരണാധികാരിക്ക് എതിർപ്പിന്റെ നല്ല മുഖം കാണാൻ പറ്റില്ലല്ലോ.)

'നമ്മുടെ ജനാധിപത്യവ്യവസ്ഥിതിയിൽ പത്രങ്ങളെ സ്വതന്ത്രമാക്കാനുള്ള ആദ്യത്തെ നീക്കം' എന്ന് മുമ്പുപറഞ്ഞത് കരുതിക്കൂട്ടിത്തന്നെയാണ്. ഒരു ഏകാധിപത്യ വ്യവസ്ഥിതിയിലോ കമ്യൂണിസ്റ്റ് വ്യവസ്ഥിതിയിലോ അല്ല, ജനാധിപത്യവ്യവസ്ഥിതിയിലാണ് പത്രങ്ങൾ ദുഷിച്ച് കൂടുതൽ വലിയ ആപൽക്കാരികളാവുന്നത്. തങ്ങൾ ഒരു ജനായത്ത വ്യവസ്ഥ അർഹിക്കും വിധം പത്രങ്ങളുടെ മൂല്യകല്പന വിശിഷ്ടമാകാതിരിക്കുമ്പോൾ ഈ അപകടം സംഭവിക്കുന്നു. രാഷ്ട്രീയ ഏകാധിപത്യത്തിലെന്നപോലെ പെട്ടെന്നു കാണാവുന്നതും ഉടൻ അനുഭവിച്ചറിയാവുന്നതുമല്ല വാണിജ്യമേധാവിത്വമുള്ള ജനാധിപത്യത്തിൽ പത്രങ്ങളുടെ പീഡനമുറകൾ. അടിയും കൊലയും ഒന്നുമില്ല; മെല്ലെ മെല്ലെ മയക്കുമരുന്നിന്റെ വീര്യംമാത്രമുള്ള വിഷം കയറ്റലാണ്. ജനാധിപത്യത്തിൽ എല്ലാവർക്കും തുല്യസ്വാതന്ത്ര്യമാണെങ്കിലും ആ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി അപരന്റെ മൂക്കുവരെ എന്നുപറയാറുണ്ടല്ലോ. ഗ്രീക്ക് പുരാണകഥയിലെ ഡെലീലിയ ഉറങ്ങിക്കിടക്കുന്ന സാംസൺ എന്ന കാമുകനെ, അയാളുടെ അജയ്യശക്തിക്ക് ആധാരമായ മുടിവെട്ടിക്കളഞ്ഞ്, എതിരാളികൾക്കു പിടിച്ചുകെട്ടാൻ അവസരമുണ്ടാക്കിക്കൊടുത്തു. കാമുകനെ തൊട്ട് ഉപദ്രവിക്കരുത് എന്ന നിബന്ധനയിന്മേലായിരുന്നു ഈ വഞ്ചന. എതിരാളികൾ നിബന്ധന പാലിച്ചു. അവർ ചുട്ടുപഴുപ്പിച്ച ഇരുമ്പിൻപിണ്ഡം സാംസന്റെ കണ്ണിനുനേരെ പിടിച്ച് അയാളെ അന്ധനാക്കി. ഇവിടെയും, പത്രങ്ങൾ അതിരു ലംഘിച്ച് ജനങ്ങളുടെ മൂക്ക് ഇടിച്ചുപരത്തുന്നില്ല. അതിർത്തിക്കുള്ളിൽ നിന്ന് അവരു

ടെ മൂക്കിലേക്ക് വിഷം കയറ്റി വിടുകയാണ്. കാഴ്ച തിരിച്ചു കിട്ടിയില്ലെങ്കിലും, കാലം കഴിഞ്ഞപ്പോൾ മുടി വളർന്ന് സാംസൺ പഴയപോലെ ശക്തനായി. ആ സൗഭാഗ്യം വിഷം ശ്വസിച്ച് നിത്യമന്ദരാവുന്ന ജനങ്ങൾക്കുണ്ടാവുമോ?

ആദ്യം ഗുണ്ടർട്ടും ( 1847 ജൂണിൽ 'രാജ്യസമാചാരം', 1847 ഒക്ടോബറിൽ 'പശ്ചിമോദയം') തൊട്ടുപിന്നാലെ ഗീവർഗീസ് കത്തനാരും (1848ൽ 'ജ്ഞാനനിക്ഷേപം',1864ൽ 'വിദ്യാസംഗ്രഹം) മലയാള പത്രങ്ങൾ നടത്തിയപ്പോൾ അവർ ഇവിടെ വരണ്ടു കിടക്കുന്ന സമൂഹത്തിൽ ഒരു വർഷപാതമുണ്ടാക്കുകയായിരുന്നു. മനുഷ്യമനസ്സിൽ ആധുനികവിജ്ഞാനീയങ്ങളുടെ നനവുപിടിക്കുകയായി. മതപ്രചരണത്തിന് തുടങ്ങിയ ആദ്യപത്രമായ 'രാജ്യസമാചാരം' തന്നെ ആദ്യത്തെ സയൻസ് ജേർണൽ എന്ന തനിമയുമായി ഓർമ്മയിൽ ജീവിക്കുന്നു. ചരിത്രകഥനവും ഭൂമിശാസ്ത്രവിവരണവുമൊക്കെ കേൾക്കാൻ തുടങ്ങി. 'ജ്ഞാനനിക്ഷേപ'ത്തിലൂടെയും 'വിദ്യാസംഗ്രഹ' ത്തിലൂടെയും ഗീവർഗീസ് കത്തനാർ (ഡോ. ജോർജ് മാത്തൻ തരകൻ) ആ തിരിയിൽനിന്നു കൊളുത്തിയ പന്തവും പിടിച്ചു നടന്നു. 1864ൽ മലയാളത്തിലെ ആദ്യത്തെ ഗ്രന്ഥനിരൂപണം എഴുതിയ കത്തനാർ ആ നിരൂപണത്തിൽ തന്നെ മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ വിമർശനവും നടത്തി. തിരുവിതാംകൂറിൽ മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്ന ആവശ്യമാണ് കത്തനാർ ഉന്നയിച്ചത്. (അന്ന് ഇംഗ്ലീഷല്ല , തമിഴായിരുന്നു ഔദ്യോഗിക ഭാഷ). തമിഴ് ഔദ്യോഗികഭാഷയാവാൻ കാരണം ഉന്നതോദ്യാഗങ്ങളിൽ തമിഴുബ്രാഹ്മണരുടെ മേധാവിത്വമാണെന്നും അദ്ദേഹം കണ്ടു. തമിഴ് ബ്രാഹ്മണമേധാവിത്വം പിന്നെ കുറേ കാലത്തേക്ക്, മലയാളി മെമ്മോറിയൽ സമരമായി ഊർജ്ജിതപ്പെടുമാറ് തിരുവിതാംകൂർ പത്രങ്ങളുടെ പ്രക്ഷോഭവിഷയമാവുന്നത് അങ്ങനെയാണ്.

മറന്നുകൂടാൻ പാടില്ലാത്ത, എന്നാൽ പലരും മറച്ചുവെക്കാൻ നോക്കുന്ന, മറ്റൊരുകാര്യം ഈ രണ്ടുപേരും ആധുനിക മലയാള ഗദ്യത്തിൻെറ ശില്പികളായി എന്നതാണ്. അന്നത്തെ അവരുടെ രചനകളാണ് നമുക്ക് ഗദ്യം എന്ന ഒന്ന് ഉണ്ടാക്കിത്തന്നത്. ചമ്പുക്കളിലും, സംസ്കൃത ഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളിലും അതിനുമുമ്പുതന്നെ വായിച്ചാൽ മനസ്സിലാവുന്ന

ഗദ്യം ഉണ്ടായിരുന്നില്ലെന്നില്ല. പക്ഷേ ഏതുവിഷയവും കൈകാര്യം ചെയ്യാവുന്ന വ്യവഹാരഭാഷയെന്ന നിലയ്ക്കുള്ള ഗദ്യം ഇവിടെ ഉണ്ടാവുന്നത് ഈ രണ്ടുപേരുടെ കൃതികൾ വഴിയാണ്. പിന്നീടുള്ള പത്രങ്ങൾ അതു പോഷിപ്പിച്ചു. ഏതു വിഷയവും ആർക്കും മനസ്സിലാവുന്ന മലയാളത്തിൽ പറയാം എന്ന് അവർ കാണിച്ചുതന്നു.

ആധുനികഗദ്യവും ആധുനിക വിജ്ഞാനീയങ്ങളും തമ്മിലുള്ള ഈ ഒത്തിണക്കത്തിൽ നിന്നാണ് ഇവിടെ നവോത്ഥാനത്തിൻെറ തുടക്കം. കല്ലച്ചിൽ നിന്ന് അക്ഷരപ്പെട്ടിയിലേക്കുമാത്രം വളർന്ന ആ പത്രങ്ങൾക്ക് നിശ്ചിത ലക്ഷ്യബോധമുണ്ടായിരുന്നു. ചെറുതുമാത്രമായിട്ടും അവ വലിയതായി ഭവിച്ചു. വലുതാവുംതോറും ചെറുതാവുകയാണല്ലൊ ഇന്നു പത്രങ്ങൾ.

1857 ൽ കോട്ടയത്തുനിന്നു പ്രസിദ്ധീകരിച്ചുതുടങ്ങി, അധികകാലം കഴിയും മുമ്പ്, തിരുവിതാംകൂർ രാജ്യകാര്യവിമർശനത്തിലെ നിശ്ചയദാർഢ്യവും നിർഭയത്വവും കാരണം നിരോധിക്കപ്പെട്ട ആദ്യമലയാള പത്രമായി 'സന്ദിഷ്ടവാദി' നമ്മുടെ ഓർമ്മയിൽ ജീവിക്കുന്നു. 1860 ൽ തന്നെ ബ്രിട്ടീഷ് കൊച്ചിയിൽനിന്നുതുടങ്ങിയ 'വെസ്റ്റേൺസ്റ്റാർ'എന്ന ഇംഗ്ലീഷ് പത്രം തിരുവിതാംകൂർ രാജ്യകാര്യവിമർശനത്തിൻെറ പേരിൽ നാടുവിടാൻ നിർബന്ധിതനായ ജി.പി.പിള്ള യുടെ(പിന്നീടു ബാരിസ്റ്റർ) വിഹാരരംഗമെന്ന നിലയ്ക്ക് ആ ഓർമയ്ക്കു പശ്ചാത്തലമായുണ്ട്. 1881ൽ ദേവ്ജി ഭീംജി തുടങ്ങിയ ലക്ഷണമൊത്ത ആദ്യത്തെ മലയാളപത്രമെന്നു വിശേഷിപ്പിക്കപ്പെടുന്ന 'കേരളമിത്ര' ത്തിൻെറ ആദ്യപത്രാധിപരായ കണ്ടത്തിൽ വർഗീസ് മാപ്പിള തുടങ്ങിയ 'മലയാള മനോരമ'യും 'ഭാഷാപോഷിണി'യും ഇന്നും നിലനിൽക്കുന്നു. ഈ രണ്ടു പ്രസിദ്ധീകരണങ്ങളും 1886ൽ സി.വി.രാമൻപിള്ള ഫലത്തിൽ പത്രാധിപരായി തുടങ്ങിയ'മലയാളി', എസ്സ്.എൻ.ഡി.പി യോഗത്തിൻെറ മുഖപത്രമായി മഹാകവി കുമാരനാശാൻെറ പത്രാധിപത്യത്തിൽ തുടങ്ങിയ 'വിവേകോദയം' എന്നീ സാമുദായിക പത്രങ്ങളും നിർവഹിച്ച ഏറ്റവും വലിയ സേവനം ശരിക്കും വ്യവച്ഛേദിക്കപ്പെട്ടിട്ടില്ല. മൂന്നായി മുറിഞ്ഞുകിടന്ന മലയാളക്കരയുടെ പിന്നീടുള്ള ഏകീകരണത്തിന്നു വഴിവെച്ച ഐക്യകേരളബോധം വളർത്തിയെടുത്തത്

അവയാണെന്ന് എടുത്തുപറയേണ്ടതുണ്ട്. മനോരമയും ഭാഷാപോഷിണിയും മൂന്നുപ്രദേശത്തേയും സാഹിത്യകാരന്മാരെ ഏകീഭവിപ്പിച്ച് അതു സാധിച്ചു. 'മലയാളി' യുടെ സമുദായ പ്രവർത്തനം കേരളീയ നായർ സമാജത്തിൻെറ സമ്മേളനങ്ങളിലൂടെ മൂന്നു പ്രദേശത്തേയും നായർ സമുദായ പരിഷ്കാരവാദികളെ അഖിലകേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ഉത്സുകരാക്കി. 'വിവേകോദയ'മാകട്ടെ, കേരളം ഒന്നാണെന്ന സങ്കല്പത്തോടെ എസ്സ്.എൻ.ഡി.പി യുടെ സമുദായോദ്ധാരണപ്രവർത്തനത്തെ മലബാറിലേക്കും വ്യാപിപ്പിച്ചു. അധസ്ഥിത സമുദായോദ്ധാരണം ശക്തിപ്പെടുത്താനും മലയാളം ഔദ്യോഗിക ഭാഷയാക്കണമെന്നും മറ്റുമുള്ള പൊതുകാര്യങ്ങാ അവതരിപ്പിക്കാനും 1887ൽ തുടങ്ങിയ 'ദീപിക'യും സമുദായോദ്ധാരണ ശ്രമങ്ങാക്കു പ്രാധാന്യം കൊടുത്ത് 1911ൽ സി.വി.കുഞ്ഞുരാമൻെറ ഉത്സാഹത്തിൽ തുടങ്ങിയ 'കേരള കൗമുദി'യും ആദ്യകാലത്തെ മൂല്യനിഷ്ഠയെ അനുസ്മരിപ്പിച്ച് ഇന്നും നിലനിൽക്കുന്നു.

വിഷയവ്യാപ്തിയാണല്ലൊ ഇന്നത്തെ പത്രപ്രവർത്തനത്തിൻെറ പ്രത്യേകതയായി പലരും എടുത്ത് കാണിക്കുക. ഏത് പ്രത്യകവിഷയം കൈകാര്യംചെയ്യാനും ഇന്ന് പ്രത്യേകം പത്രമുണ്ട്. എന്നാൽ തുടക്കം മുതൽ 20 ാം നൂറ്റാണ്ടിൻെറ ആദ്യത്തെ രണ്ടു ദശാബ്ദമാവുമ്പോഴേക്കുതന്നെ മലയാളപത്രങ്ങാ ആ വിശാലത കൈവരിച്ചുകഴിഞ്ഞിരുന്നു. ശാസ്ത്രവിജ്ഞാനവും പൊതുവിജ്ഞാനവും ആദ്യമേ ഗുണ്ടർട്ടും ഗീവർഗീസ് കത്തനാരും കൈകാര്യം ചെയ്തിരുന്നു എന്ന് ഇവിടെ അനുസ്മരിച്ചുകഴിഞ്ഞു. പിന്നീടുള്ള പത്രങ്ങളും അക്കാര്യം നിഷ്ഠയോടുകൂടി തുടർന്നതായി കാണാം. പത്രങ്ങാ മാത്രമല്ല, പഴയസാഹിത്യമാസികകളെന്ന് നാം ധരിച്ചിട്ടുള്ള വിദ്യാവിനോദിനി, ഭാഷാപോഷിണി, രസിക രഞ്ജിനി, മംഗളോദയം, വിദ്യാവിലാസിനി തുടങ്ങിയ പ്രസിദ്ധീകരണങ്ങാ അക്കാലത്ത് വാസ്തവത്തിൽ പൊതുവിജ്ഞാന മാസികകളായിരുന്നു. ശാസ്ത്രം, കൃഷി, ചരിത്രം, ഭൂമിശാസ്ത്രം, വ്യവസായം, വ്യാപാരം തുടങ്ങിയ നാനാവിഷയങ്ങളെക്കുറിച്ചും അവയിൽ പതിവായി ലേഖനങ്ങാ വന്നു. സാഹിത്യകാരന്മാർ എന്ന മേൽവിലാസത്തിൽ മാത്രം ഇന്ന് ചരിത്രത്തിൽ ജീവിക്കുന്ന സി.അച്യുതമേനോൻ, സി.എസ്.ഗോപാല പണിക്കർ,മൂർക്കോത്ത് കുമാരൻ, കെ.സുകുമാരൻ, സി, അന്തപ്പായി, ഉള്ളൂർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ,

എ.ആർ. രാജരാജവർമ്മ തുടങ്ങിയവർ അക്കാലത്തെ എണ്ണപ്പെട്ട ശാസ്ത്ര ലേഖകന്മാരും പൊതുവിജ്ഞാന ലേഖകന്മാരും ആയിരുന്നു. അവരുടെ കൂടെത്തന്നെ എഴുതാൻ അക്കാലത്ത് തിരുവിതാംകൂറിലെ ആദ്യത്തെ കൃഷി ഡയറക്ടറായ ഡോ. സി. കുഞ്ഞൻ മേനോൻ മുതൽ അസ്സിസ്റ്റൻറ് കൃഷി ഡെമോൺസ്ട്രേറ്ററായ എം. ശങ്കരപ്പിള്ള വരെയുള്ള വകുപ്പുദ്യോഗസ്ഥന്മാരുണ്ടായിരുന്നു. അന്നത്തെ സാഹിത്യകാരന്മാർക്ക് ശാസ്ത്രവും ഉദ്യോഗസ്ഥന്മാർക്ക് മലയാളവും അറിയാവുന്നതുകൊണ്ട് ശാസ്ത്ര-പൊതുവിജ്ഞാന സാഹിത്യം വളരെ പുഷ്ടിപ്പെട്ടു. ഇന്ന് സാഹിത്യകാരന്മാർക്ക് ശാസ്ത്ര വിജ്ഞാനമോ ഉദ്യോഗസ്ഥന്മാർക്ക് മലയാളഭാഷാജ്ഞാനമോ കുറവായതുകൊണ്ട് ശാസ്ത്ര-പൊതുവിജ്ഞാന സാഹിത്യം പുഷ്ടിപ്പെടുന്നില്ല.

സാഹിത്യമാസികകൾക്ക്പോലും വിശാലമായ ലക്ഷ്യമാണ് ഉണ്ടായിരുന്നതെന്നു കാണിക്കാൻ ഒരു ഉദാഹരണം കൊടുക്കാം. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക എന്ന് ചരിത്രകാരന്മാർ അംഗീകരിച്ചതും 1881ൽ തിരുവനന്തപുരത്തുനിന്നുതുടങ്ങിയതുമായ 'വിദ്യാവിലാസിനി'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുന്ന ആദ്യമുഖപ്രസംഗത്തിലെ ഒരു ഭാഗം: ''ഈ പത്രികയിൽ സാധാരണമായി എഴുതപ്പെടുന്നത് ഭാഷാ ചരിത്രം, മൃഗചരിത്രം, പ്രകൃത്യനുകരണങ്ങളായ ഭൂമിശാസ്ത്രം, സന്മാർഗ പ്രകരണങ്ങൾ, പള്ളിക്കൂടം സംബന്ധമായ നിയമങ്ങൾ, കൃഷി ശാസ്ത്രം, വാണിജ്യസംബന്ധമായ പ്രമാണങ്ങൾ, ശരീര സൗഖ്യത്തെ ഉദ്ദേശിച്ചുള്ള പ്രമേയങ്ങൾ, വൃക്ഷലതാദികളെ സംബന്ധിച്ച ശാസ്ത്രം, യന്ത്രസംബന്ധമായ ശാസ്ത്രം, ഭിന്നകങ്ങളായ അണുക്കൾ തമ്മിൽ ചേർന്നുണ്ടാകുന്ന ഭേദങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം ഇത്യാദി പ്രയോജനമുള്ള വിഷയങ്ങളാകുന്നു''

ഈ മാസികയുടെ ഒന്നാം ലക്കത്തിലെ വിഷയവിവരം:

1. വിദ്യാവിലാസിനി (മുഖപ്രസംഗം) 2. മലയാള ഭാഷ 3. വായു 4. ഒരു കള്ളൻ 5. കാണ്ടാമൃഗം 6. വിദ്യാഭ്യാസം 7. ജലം.

പൊതുവെ അന്നത്തെ പ്രസിദ്ധീകരണങ്ങളിൽ നാനാവിഷയങ്ങളും

ചേർത്താണ് കൊടുത്തിരുന്നത്. എങ്കിലും ഇന്നത്തെപോലെ പ്രത്യേക
ഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന പ്രത്യേകമാസികകളും ഉണ്ടായിരു
ഇവയിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ് 'ലക്ഷ്മീ വിലാസം' എ
സാമ്പത്തിക മാസിക. കേരളത്തിലെ ഏക സാമ്പത്തികമാസിക എ
പ്രസാധകന്മാർ അതിൻെറ പേരിനുതാഴെ എഴുതിവെക്കുകയും ചെയ്
രുന്നു. കോട്ടക്കൽ കോവിലകത്തെ കെ.സി.മാനവിക്രമൻ രാജ വാണി
കാര്യങ്ങളിൽ ഗവൺമെണ്ട് ഡിപ്ലോമ എടുത്ത് 1905ൽ തുടങ്ങിയ ഈ പ്ര
ദ്ധീകരണം ഒരു വ്യാഴവട്ടത്തിലധികകാലം വിജയകരമായി നടന്നതായി
ണുന്നുണ്ട്. വ്യാപാരം, വ്യവസായം, കൃഷി, മൃഗപരിപാലനം, സസ്യലോ
ലോകവ്യാപാര ചരിത്രം എന്നിങ്ങനെ അതിൻെറ വിഷയവൈവിധ്യം അ
രമാണ്. കാണാൻ കഴിഞ്ഞ ലക്കങ്ങളിൽ ലോകവ്യാപാര ചരിത്രം,
ലക്കയറ്റം എന്നീ പരമ്പരകൾ പ്രത്യേകിച്ചും ശ്രദ്ധേയമായി തോന്നി. ഇ
പോലെതന്നെ ശ്രദ്ധേയമായിരുന്നു കട്ടക്കയത്തിൽ ചെറിയാൻ മാപ്പ
നടത്തിയിരുന്ന 'വിജ്ഞാനരത്നാകരം' കവിയായ അദ്ദേഹം ആ മാ
കയിൽ ഒരു ഭാഗം സാഹിത്യത്തിന്നു മാറ്റിവെച്ചപ്പോൾ മറ്റേഭാഗം ര
ടുത്തത് സാമ്പത്തിക വിഷയങ്ങൾക്കുള്ള ലേഖനങ്ങൾക്കാണ്. മല
ളത്തിൽ ഇന്ന് ആ നിലവാരമുള്ള സാമ്പത്തിക മാസികകൾ ഇല്ല.

ഇത് വനിതാ മാസികകളുടെ കാലമാണല്ലോ. പണ്ടും ഈ വിശേ
പ്രസിദ്ധീകരണങ്ങൾക്കു പഞ്ഞമുണ്ടായിരുന്നില്ല. പക്ഷേ അന്നത്തെ വ
താ മാസികകൾ സ്ത്രീകളുടെ സൗന്ദര്യ വർദ്ധന, ഫാഷൻ, ആഭരണം
ടങ്ങിയ കാര്യങ്ങൾക്കല്ലാ അവരുടെ വിദ്യാഭ്യാസപരവും, ബുദ്ധിപരവു
യ ഉയർച്ചയ്ക്കുള്ള കാര്യങ്ങളിലാണ് ശ്രദ്ധിച്ചിരുന്നത്. 1905ൽ തിരുവന
പുരത്തുനിന്നാരംഭിച്ച 'കേരളീയ സുഗുണ ബോധിനി'യിലൂടെ നാന്ദിക്
ച്ച വനിതാ പ്രസിദ്ധീകരണപ്രസ്ഥാനം ഇന്നും മുടക്കമില്ലാതെ തുടരു
ശാരദ, ഭാഷാശാരദ, മഹിളാരത്നം, ദീർഘകാലം നിന്ന മഹിള, സുമംഗ
വനിതാ മിത്രം, സ്ത്രീ സഹോദരി, മുസ്ലിം വനിത, വനിതാ കുസുമം, ശ്ര
മതി എന്നിങ്ങനെ ഒട്ടേറെ വനിതാ പ്രസിദ്ധീകരണങ്ങൾ ഇരുപത
നൂറ്റാണ്ടിൻെറ ആദ്യത്തെ അർധശതകത്തിൽ ഉണ്ടായി. ആദ്യകാലത്
ഫെമിനിസ്റ്റ് പ്രസ്ഥാനം ഉണ്ടായിരുന്നില്ലെങ്കിലും തൻെറ കവിതയെഴുത്

നെ ശ്ലേഷാർത്ഥത്തിലുള്ള തെറിയോടെ പരിഹസിച്ച പുരുഷകവിക്ക് ശ്ലേഷാർത്ഥത്തിലുള്ള തെറിയോടെതന്നെ പദ്യത്തിൽ മറുപടികൊടുത്ത് ലോകഫെമിനിസ്റ്റ് പ്രസ്ഥാനത്തിൻെറ ചരിത്രത്തിൽതന്നെ ഉന്നതസ്ഥാനത്തിനർഹയായ തോട്ടെക്കാട്ട് ഇക്കാവമ്മയും സ്ത്രീക്ക് തൻെറ ശരീരത്തിന്മേൽ പോലും അവകാശമില്ലല്ലോ എന്ന് പതിനഞ്ചാം വയസ്സിൽ കവിതയിലൂടെ വിലപിച്ചു പ്രതിഷേധിച്ച സി.ചിന്നമ്മു അമ്മയും ആ കാലഘട്ടത്തിൽ (എല്ലാം 1915ന്നു മുമ്പ്) സ്മരിക്കപ്പെടേണ്ടവരായിരിക്കുന്നു.

ഇന്ന് പരിസ്ഥിതി പ്രശ്നം ലോകത്തെങ്ങും പത്രങ്ങൾക്ക് ചർച്ചാവിഷയമാണ്. അന്ന് പരിസ്ഥിതി എന്ന വാക്ക് കണ്ടുപിടിച്ചിരുന്നില്ല. പ്രസ്ഥാനം ഇത്ര സംഘടിതമായിരുന്നുമില്ല. എങ്കിലും 20-ാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ പത്രങ്ങൾക്ക് പരിസ്ഥിതികാര്യങ്ങളെക്കുറിച്ച് ശരിയായ ബോധം ഉണ്ടായിരുന്നു. പല ലേഖനങ്ങളും ആ ബോധത്തിനുള്ള തെളിവാണ്. ഭാഷാപോഷിണി 1082 മിഥുനം ലക്കത്തിൽ വന്ന 'വനപോഷണം', 1088 കുംഭംമീനം മാസങ്ങളിൽ 'ലക്ഷ്മീവിലാസ'ത്തിൽ വന്ന 'തിരുവിതാംകൂറിലെ വനങ്ങൾ'എന്നിവ ഉദാഹരണം.

## വക്കം മൗലവിയുടെ ത്യാഗധീരത

വിജ്ഞാനവ്യാപനം, സാഹിത്യസംപോഷണം,അഴിമതി വിമർശനം,ജനാധിപത്യ-സമഷ്ടിവാദ-മതനിരപേക്ഷതാതത്ത്വ പ്രചരണം, സ്വാതന്ത്ര്യപ്രക്ഷോഭം എന്നിങ്ങനെ ലക്ഷ്യങ്ങൾക്ക് വൈവിധ്യവും വൈപുല്യവും ഉണ്ടാക്കി ജനങ്ങൾക്കു വേണ്ടി പ്രവർത്തിച്ച പഴയ പത്രങ്ങളുടെ ചരിത്രം ഇനി സംഭവിക്കാൻ ഇടയില്ലാത്ത ത്യാഗധീരതയുടെ കഥകളാണ് പറഞ്ഞുതരുന്നത്. കഥാവശേഷരായ അന്നത്തെ കുലപതികൾ ഭൗതികമായ തോൽവിയിൽ ജയക്കൊടിനാട്ടി ജീവിക്കുന്നു. പത്രങ്ങളെ നിരോധിക്കുന്നതും കണ്ടുകെട്ടുന്നതും പത്രാധിപന്മാരെ നാടുകടത്തുന്നതും ജയിലിലാക്കുന്നതും ഒട്ടൊക്കെ തുടർക്കഥകളായിരുന്ന കാലം. പലരും കുറച്ചെങ്കിലും കേട്ടിട്ടുള്ള ആ കാര്യങ്ങൾ ഇവിടെ വിസ്തരിക്കുന്നില്ല. എങ്കിലും കച്ചവട പത്ര സംസ്ക്കാരത്തിൻെറ ഇന്നത്തെ സാഹചര്യത്തിൽ, ഒരാളെ ഓർത്തേ പറ്റൂ-ഒരു പത്രമുതലാളിയെ. പോയാലും ഒരു ചുക്കുമില്ലെന്നമട്ടിൽ

നക്കാപ്പിച്ച കാശു കൊണ്ടുതുടങ്ങിയതായിരുന്നില്ല വക്കം മൗലവി 'സ്വദേശാ ഭിമാനി' പത്രം. ഇന്നത്തെ നിലയ്ക്കുള്ള ഒരു 'ബിഗ്ബിസിനസ്സി'ന്നു വേണ്ടമു തൽ മുടക്കിയാണ് അദ്ദേഹം ആ പത്രം 1905-ൽ ഇറക്കുന്നത്. കെ.രാമകൃ ഷ്ണപിള്ളയുടെ പത്രാധിപത്യത്തിൽ അതിന്റെ ജീവിതം അപകടത്തിൽ നിന്ന് അപകടത്തിലേക്ക് നീങ്ങുമ്പോഴം ആ മുതലാളി ഇടപെട്ടില്ല അഞ്ചുകൊല്ലം കഴിഞ്ഞ് പത്രമാരണത്തിൽ കുടുങ്ങി അത് മരിച്ചപ്പോഴം അ ദ്ദേഹം തളർന്നില്ല. തന്റെ സാമ്പത്തികത്തകർച്ചയ്ക്ക് കാരണമായ ആ ദ രന്തത്തിൽ അദ്ദേഹം ദുഃഖിച്ചത് തന്റെ പത്രാധിപർ നാടുകടത്തപ്പെട്ടത ലാണ്. ലോകചരിത്രത്തിൽ ഒരു വക്കം മൗലവിയേ ഉള്ളു. ആ പത്ര മുതലാ ളി ഉണ്ടാവുന്നത് ഈ കൊച്ചു മലയാള പത്ര ലോകത്തും! ഇനിയൊരു വക്കം മൗലവി ഉണ്ടാവുകയില്ല. ഒരു വിധം മനുഷ്യർക്കാർക്കും കഴിയുന്നതല്ലല്ലോ ആ ത്യാഗധീരത. ഒരു ആദർശത്തിന് ജീവൻ കൊടുക്കുവാൻ തയ്യാറു ള്ളവരുണ്ടാകും. പണം കളഞ്ഞ് പാപ്പരാകാൻ ആളെ കിട്ടുകയില്ല. എങ്കി ലും, അങ്ങനെ ഒരാഠം ഇവിടെ ഉണ്ടായിരുന്നു എന്ന് വല്ലപ്പോഴും ഓർ ക്കുന്നത് നന്ന്. ആത്മാവുകൊണ്ടും മനസ്സുകൊണ്ടും ശരീരം കൊണ്ടും പത്രാധിപരുടെ സ്വാതന്ത്ര്യത്തെ ആദരിച്ചംഗീകരിച്ച, ആസ്വാതന്ത്ര്യം ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു എന്നു മനസ്സിലാക്കിയ ആ പത്രമുതലാളി ബാധ്യതയൊന്നുമില്ലാതെ ഇടയ്ക്കെങ്കിലും ആദരിക്കാ വുന്ന വിഗ്രഹമായെങ്കിലും നില്ക്കട്ടെ.

## ഇല്ലാതായ ഫോർത്ത് എസ്റ്റേറ്റ്

സ്വാതന്ത്ര്യലബ്ധിയോടെ ഇനി മഹത്തായ ലക്ഷ്യമൊന്നും സാധി ക്കാനില്ല എന്ന ഭാവമായി പത്രങ്ങഠക്ക്. ഫോർത്ത് എസ്റ്റേറ്റ് എന്ന നിലക്കു ള്ള തങ്ങളുടെ ജോലി തുടങ്ങാനിരിക്കുന്നേയുള്ളു എന്നകാര്യം അവമറന്നു.സർവതോമുഖമായ ധാർമികാപചയം പത്രലോകത്തേക്കും വ്യാ പിക്കുകയായിരുന്നു. സ്വാതന്ത്ര്യസമരത്തിലെ ത്യാഗമൂർത്തികളും പിൻഗാ മികളും രാഷ്ട്രീയത്തെ ബിഗ് ബിസിനസ്സാക്കി മാറ്റുമ്പോഠം അതിൽ പങ്കാ ളികളാവാൻ രാഷ്ട്രീയമായോ സാമുദായികമായോ സംഘടിതരായ സ്ഥാ പിതതാൽപര്യക്കാരായ ജനവിഭാഗങ്ങഠം അന്യോന്യം മത്സരിച്ചുതുടങ്ങു കയായിരുന്നു. ആദ്യമൊക്കെ, ഈ നേതാവ് ചന്ദനക്കട്ടിൽ ഉണ്ടാക്കി, ഇന്ന

മന്ത്രി വൈരമാല വാങ്ങി, മറ്റേ മന്ത്രി ഒരു ലോറിയുടെ ചേസിസ് ചട്ടത്തിന് വിരുദ്ധമായി നേടിയെടുത്തു എന്നൊക്കെയുള്ള നിസ്സാരമായ, അടിസ്ഥാനമില്ലാത്ത അഴിമതിക്കഥകൾ കേട്ടാൽ പോലും ചോരതിളച്ചിരുന്ന ഇക്കൂട്ടർക്ക് ഇന്ന് യഥാർത്ഥമായും കോടികൾ വിഴുങ്ങിയ അഴിമതിക്കാരുടെ കൂടെകൂടാനാണ് താൽപര്യം. കോഴവാങ്ങാത്തവൻ കൊള്ളരുതാത്തവനായി തരംതാഴ്ത്തപ്പെടുന്നു. പരമാർഥക്കാരന് പനങ്കഴുതന്നെ വിധിക്കപ്പെടുന്നു. ഈ പുതിയ സംസ്കാരം ഉൾക്കൊള്ളുകയാണ് പത്രങ്ങളും. ആശീർവാദങ്ങൾ കൊടുക്കുകയും പ്രസാദങ്ങൾ വാങ്ങുകയും നിലനില്പിന് ആവശ്യമാണെന്ന തോന്നലാണ് അവയ്ക്ക്.

## ഗതിവേഗമാർജിച്ച സാങ്കേതികത

അറുപതുകളിൽ ഗതിവേഗം കണ്ടുതുടങ്ങിയ സാങ്കേതിക പുരോഗതി പത്രങ്ങളെ ശരിക്കും കച്ചവടമാക്കി മാറ്റുകയായിരുന്നു. കൂടുതൽ വേഗം കൂടതൽ കോപ്പികളടിച്ച് കൂടുതൽ സ്ഥലങ്ങളിൽ എത്തിക്കാൻ പറ്റുമെന്നായപ്പോൾ പത്രങ്ങളുടെ വ്യാപാരമൂല്യം കൂടി. ഇനി ആ മൂല്യം മാത്രം മതി എന്ന് നിശ്ചയിച്ചു. അങ്ങനെ ആദർശത്തേയും നിയോഗബോധത്തേയും തുരത്തി കച്ചവട സംസ്കാരം സ്ഥാനമുറപ്പിക്കുന്നു. കച്ചവടത്തിന് ദോഷകരമായ ഒന്നും പിന്നെ ചെയ്യാൻ വയ്യ. കച്ചവടം കൂട്ടുന്ന പ്രീണനവും കച്ചവടം പൊളിക്കാത്ത താഡനവും- അതായിരിക്കുന്നു പത്രങ്ങളുടെ വിലയിരുത്തലുകളുടെയും വിമർശനങ്ങളുടെയും സ്വഭാവം. സാധാരണ ജനങ്ങളെ പുറംപോക്കിലേക്ക് മാറ്റി നിർത്തിയിരിക്കുന്നു. വല്ലപ്പോഴും അവർക്ക് അവിടെ അടുത്ത മഴയ്ക്ക് വീഴുന്ന ഒരു 'ലക്ഷം വീട്' കെട്ടിക്കൊടുത്തേക്കാം. അതുതന്നെ വലിയ കാര്യമായിതീരുന്നു.

## അന്വേഷണം

അപസർപ്പണം രഹസ്യപ്പോലീസിന്റെ മാത്രം പണിയല്ലെന്ന സത്യം പത്രങ്ങൾ മറന്നുപോയിരിക്കുന്നു. അന്വേഷിച്ച് കള്ളത്തരങ്ങൾ വെളിപ്പെടുത്താൻ നോക്കുന്നത് അധികാരസ്ഥന്മാരെ വേദനിപ്പിക്കും. അത് ഒരു പരിധിവിട്ടുകൂടാ. കാരണം അവരുടെ വിദ്വേഷം കച്ചവടസ്ഥാപനത്തിന് ദോഷമാവും. അതുകൊണ്ട് അപസർപ്പണം കോടതി മുൻകൈയെടുത്ത്

സി.ബി.ഐ. യെക്കൊണ്ട് നടത്തിക്കട്ടെ. പത്രങ്ങൾ ഒഴിഞ്ഞുമാറിയ ദൗത്യം തിക്ക് കോടതിതന്നെ ഇപ്പോൾ അത് ചെയ്യുന്നു. 'ജുഡീഷ്യൽ ആക്ടിവിസം' മാത്രമായിരിക്കുന്നു ഇന്ന് രാജ്യത്തിന്നു രക്ഷ. വാസ്തവത്തിൽ ട്രത്തിന്ന് ജുഡീഷ്യറി എന്ന ഒറ്റ എസ്റ്റേറ്റേ ഉള്ളൂ എന്നായിരിക്കുന്നു. എസ്റ്റേറ്റ് ഉണ്ടെന്നും അവയിൽ പരമപ്രധാനമായ ഒന്ന് നാലാമത്തേത പത്രങ്ങൾ എന്നും ഉള്ള സങ്കൽപനം പഴങ്കഥയാകുന്നു. പത്രങ്ങളില്ലാ ഗവൺമെൻറ് വേണ്ട, ഗവൺമെൻറില്ലെങ്കിലും പത്രങ്ങൾ മതി എന്നുപറ ജഫേഴ്സൻെറ ആത്മാവ് ശവകുടീരത്തിൽ കിടന്ന് പിടയുന്നു.

ഉൾപാർട്ടി ജനാധിപത്യം വേണ്ടെന്നുവെച്ച് ഏകാധിപതി അടക്കിവാഴുന്ന രാഷ്ട്രീയകക്ഷികൾക്ക് എങ്ങനെ ജനാധിപത്യ വ്യവസ്ഥിതി പുഷ്ടിപ്പെടുത്താൻ കഴിയും എന്ന് വിചാരണചെയ്യാൻ ഒരു പത്രം തയ്യാറാവുന്നില്ല. രാഷ്ട്രീയത്തിൽ മതം പ്രച്ഛന്നമായെങ്കി ചെലുത്തുന്ന സ്വാധീനം വിശകലനം ചെയ്യപ്പെടുന്നില്ല. ദാരിദ്ര്യത്തെ ഉ ക്കിവെക്കുന്ന രാഷ്ട്രീയക്കളി എന്ത്? സാഹിത്യ-സാംസ്കാരിക മേഖല ദ്ധമാണോ? ഇങ്ങനെയൊക്കെ ആലോചിച്ച് ഉറക്കംകളയാൻ പത്രങ്ങ തയ്യാറല്ല. ചില നോവലിസ്റ്റുകൾ മനുഷ്യരായ കഥാപാത്രങ്ങളെ ദേവ രും അസുരന്മാരുമായി പെരുപ്പിച്ചു കാണിച്ചു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടു പത്രങ്ങളാകട്ടെ, സാഹിത്യകാരന്മാരെതന്നെ ദേവന്മാരാക്കി കാണിച്ച് ഇ ഹാസങ്ങൾ സൃഷ്ടിക്കുന്നു. എല്ലാം കച്ചവടക്കണ്ണുവെച്ചാണ്. ധാർമിക ധൈഷണികവുമായ സമചിത്തതയും മിതത്വവും നഷ്ടപ്പെടുന്നു. എല്ലാ ഗങ്ങളിലുമുള്ള ധർമച്യുതിക്ക് ഗതിവേഗം കൂട്ടാൻ എഴുതാത്ത വരികളു മൗനംകൊണ്ടും എഴുതുന്ന വരികളുടെ ഈണംകൊണ്ടും പത്രങ്ങൾ സ യിക്കുന്നു.

പത്രലോകം ഇന്ന് ഒരു ദൂഷിതമേഖലയാണ്. വലിയ മുതൽമുടക്ക യേ ഇന്ന് ഒരു പത്രം തുടങ്ങാനോ വികസിപ്പിക്കാനോ പറ്റൂ. സ്വാഭാവിക യും അപ്പോൾ ബിസിനസ്സ് എന്ന കാഴ്ചപ്പാട് വേണ്ടിവരുന്നു. ബിസിനസ്സ് ആവുമ്പോൾ ലാഭം വേണം; വിജയം വേണം. വിജയിച്ചാലേ കൂടുതൽ ല ഭത്തിന്നും കൂടുതൽ വിജയത്തിന്നും വേണ്ട സ്വാധീനശക്തി വളർത്താ പറ്റൂ. അപ്പോൾ ആദർശങ്ങളൊക്കെ അലമാറയിൽ അടച്ചുപൂട്ടി, വിജയ

ക്കാം ചിട്ടപ്പെടുത്താനുള്ള തന്ത്രങ്ങാം മെനയേണ്ടിവരുന്നു. ഈ കളിയിൽ ിർണ്ണായകശക്തി പരസ്യങ്ങളാണ്. പത്രത്തിൻെറ നിലനില്പിന്നുള്ള ഒവശ്യഭൗതികസാഹചര്യം പരസ്യങ്ങളാണല്ലോ. പരസ്യങ്ങാം കൂടാൻ പ്രചാരം കൂടണം. അതിനാൽ, പണ്ട് പാശ്ചാത്യനാടുകളിൽ ഒരു ഘട്ടത്തിൽ റുകിയ പ്രചാരണയുദ്ധത്തിൻെറ (circulation war) മുറകളെ ബാലിശ കളാക്കുന്ന തന്ത്രവൈഭവങ്ങാം കാട്ടാൻ ഇന്ന് നമ്മുടെ പത്രങ്ങാംക്ക് സർ ഭാവന ഉദ്ദീപ്തമാവുന്നു.

വായനക്കാരുടെ അധമവികാരങ്ങളെ ഭാവാത്മകമായി പ്രീണിപ്പിക്കു യും അവ ഉത്തമങ്ങളാണെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെ യ്യണ്ടത് ബിസിനസ്സ് ആവശ്യമായിത്തീർന്നിരിക്കുന്നു. ഇത് പ്രത്യക്ഷമായ ഞ്ഞപ്പത്ര പ്രവർത്തനമാണെന്നു തോന്നിക്കാതിരിക്കാൻ ബുദ്ധിമാൻമാർ ാന്യതയുടെ വ്യാജമുഖങ്ങാം കെട്ടി നടക്കുന്നു. ആദർശപ്രതിബദ്ധതകളൊ ക്ക ഉണ്ടെന്നു കരുതേണ്ട പത്രങ്ങാം പോലും ആ വഴിക്കു നീങ്ങാൻ നിർ ബന്ധിതരാവുന്നു. നിലനിൽക്കാൻ പത്രലോകത്ത് കഴുത്തറപ്പൻ മത്സരമാ ന്. ഇന്ന് ഒരുപാടു കുടുംബങ്ങാം ഒരു പത്രത്തെ ആശ്രയിച്ചു കഴിയുന്നു. ബാങ്കുകളോടും മറ്റുമുള്ള സാമ്പത്തിക ബാധ്യതകാം നിറവേറ്റാനുണ്ട്. കടം വാങ്ങി ബാങ്കുകളെ മുടിക്കുന്നത് നിലനില്പിൻെറ വഴിയല്ല. ആദർശത്തി ൻെറ പേരിൽ എല്ലാം കുളമാക്കി കുടുംബങ്ങളെയും സ്ഥാപനങ്ങളെയും മു ഴുവൻ വെള്ളത്തിലാക്കാമോ? അതുകൊണ്ട് നിലനിന്നേ പറ്റൂ. ജയിക്കണം. വിജയം ഒരു ലഹരിയാണ്. അത് അറിഞ്ഞുകഴിഞ്ഞാൽ കൂടുതൽ ജയിക്കാൻ നോക്കുന്നു. കോടികാം ഉണ്ടാക്കിയവൻ എന്തിനാണ് പിന്നേയും പതിന്മടങ്ങു കോടികാം ഉണ്ടാക്കാൻ കഷ്ടപ്പെടുന്നത്? ഇതിൻെറ സങ്കീർണ മനശ്ശാസ്ത്രം സാധുചിത്തന്മാർക്ക് മനസ്സിലാവില്ല.

### വന്നണഞ്ഞ ദുരന്തം

ഈ വാണിജ്യവൽക്കരണത്തിൽ, ബിസിനസ്സ് പക്ഷത്തുനിന്ന് നോ ക്കുമ്പോാം അത്യന്തം ഹിതകരവും ആവശ്യവുമായ, എന്നാൽ ജനപക്ഷത്ത്നിന്ന് നോക്കുമ്പോാം വലിയ ഒരു ദുരന്തം തന്നെയായ ഒരു പരിഷ്കാരം സംഭവിച്ചു-പത്രങ്ങാംക്ക് പത്രാധിപർ ഇല്ലാതായി. പണ്ടൊക്കെ പ്രതിഭാശക്തിയുള്ള, ജനഹിതം തൊട്ടറിയുന്ന ഒരാളെ കണ്ടെത്തി പത്രാ

ധിപരാക്കിയാണ് പത്രം നടത്തിയിരുന്നത്. അത്തരം പത്രാധിപന്മാർ മുൻപു പത്രമുടമകൾക്ക് ശല്യമായിത്തീർന്നിട്ടില്ലെന്നില്ല. കെ.രാമകൃഷ്ണപിള്ള ത ന്നെ മികച്ച ഉദാഹരണം. 21-ാം വയസ്സിൽ പത്രാധിപരായ ആ മനുഷ്യൻ മൂന്നു കൊല്ലത്തിനകം, പത്രമുടമകൾ ഇടപെട്ടപ്പോൾ പത്രസ്വാതന്ത്ര്യം അട യറവെക്കാൻ തയ്യാറില്ലാഞ്ഞ് മൂന്ന് പത്രത്തിൽ നിന്ന് വഴിക്കുവഴിയേ ഇറങ്ങി പ്പോന്ന് അവസാനം 'സ്വദേശാഭിമാനി'യിൽ എത്തിപ്പെട്ട ആളാണ്. വക്ക മൗലവിയെപ്പോലെ അത്തരം 'ശല്യക്കാ'രെ സ്വീകരിക്കാനും അതിനു മുമ്പു പത്രമുതലാളിമാർ ഉണ്ടായിരുന്നു താനും. രാജ്യകാര്യവിമർശനം ഏറ്റ് പൊ റുതിമുട്ടി തിരുവിതാംകൂർ സർക്കാർ പുറത്താക്കിയ ഡോക്ടർ കീസ്സിനെ ക്ഷണിച്ചുവരുത്തി കോഴിക്കോട്ട് തന്റെ 'മലബാർ സ്പെക്ടേറ്റർ' വാരികയുടെ (പിന്നീട് 'വെസ്റ്റ്കോസ്റ്റ് സ്പെക്ടേറ്റർ', അധിപരായി നിയമിച്ച പൂവാടൻ രാമൻ തന്നെ ഏറ്റവും മികച്ച ദൃഷ്ടാന്തം. പക്ഷേ, പത്രം കച്ചവടമായി വളർന്നപ്പോൾ പുറമെനിന്ന് ശാഠ്യക്കാരനായ ഒരു സ്വതന്ത്രബു ദ്ധിയെ പത്രാധിപരായി കൊണ്ടുവരുന്നത് ബുദ്ധിയല്ലെന്നു വന്നു. മുൻകാ ലങ്ങളിൽ പത്രാധിപരുടെ വലുപ്പമാണ് പത്രങ്ങളെ വളർത്തിയത്. പത്രത്തി ന്റെ പേര് സ്വന്തം പേരിന്റെ ഭാഗമായിത്തീർന്ന പത്രാധിപന്മാർ ഉണ്ടല്ലോ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള..... ഇന്ന് ഉടമസ്ഥൻ തന്നെയാണ് പ ത്രാധിപർ. ഇന്ത്യയിൽ മിക്ക പത്രങ്ങൾക്കും ഈ അവസ്ഥ തന്നെ. പത്ര തത്ത്വങ്ങൾ അപ്രത്യക്ഷമാവുന്നു. അങ്ങനെ പത്രാധിപരില്ലാത്ത പത്രയു ഗവും ഈ നൂറ്റമ്പതു കൊല്ലംകൊണ്ട് പിറന്നിരിക്കുന്നു.

ഇന്ന് പത്രലോകത്ത് എടുത്തു പറയേണ്ട സംഗതി സാങ്കേതിക വി ദ്യയുടെ വളർച്ചപോലെത്തന്നെ പ്രൊഫഷണലിസത്തിന്റെ വികാസവും നടന്നുകൊണ്ടിരിക്കുന്നു എന്നതാണ്. ഇത് മലയാളപത്രങ്ങളിൽ 20-ാം നൂറ്റാണ്ടിന്റെ അമ്പതുകളിൽ തന്നെ ഗതിവേഗം ആർജിച്ചുതുടങ്ങിയിരുന്നു. പ്രൊഫഷണലിസം ഉൽബുദ്ധ മുതലാളിത്തത്തിന്റെ സംഭാവനയാണ്. തൊഴിൽ ചെയ്യേണ്ട രീതിയിൽ തന്നെ ചെയ്യേണ്ടതാണല്ലോ. ശാസ്ത്രീയമാ യ അവബോധവും അഭ്യാസവും അതിൽ ആവശ്യമാണ്. ബിസിനസ് വശത്തും തൊഴിൽ വശത്തും ഒരു പോലെ പ്രൊഫഷണൽ മികവോടെ കാ ര്യങ്ങൾ നടത്തികൊണ്ടു പോയാലേ പത്രങ്ങൾ അഭിവൃദ്ധിപ്പെടൂ എന്ന്

ഉടമസ്ഥന്മാർ കണ്ടു. മുമ്പുള്ളവർ ചില ആദർശങ്ങളുടെ വിളികേട്ട് പത്രങ്ങളിലേക്ക് വന്നവരാണ്. ഇന്നുള്ളവരാകട്ടെ ആദർശത്തിൻെറ ഉൾവിളിയൊന്നും വേണ്ടാതെ തൊഴിൽ പരിശീലനം കഴിച്ചു മാത്രമാണ് അധികവും പത്രങ്ങളിൽ വരുന്നത്. അന്യോന്യം അതിശയിക്കാൻ മാത്രമല്ല, റേഡിയോ, ടി.വി. എന്നിവയുടെ അധിനിവേശത്തെ ചെറുത്തു നിൽക്കാനും ഉള്ള പയറ്റുമുറകളുടെ കളരിയും അങ്കത്തട്ടുമാണ് പത്രങ്ങൾ. അത് നല്ലകാര്യം തന്നെ. ചെയ്യുന്ന ജോലി ശാസ്ത്രീയമായ രീതിയിൽ തന്നെ ചെയ്യുകയാണല്ലോ വേണ്ടത്. പക്ഷെ അതും ധാർമിക വശത്തെക്കാളധികം കച്ചവടവശത്തെ പോഷിപ്പിക്കാനുള്ളതായിത്തീരുന്നു എന്നു പറയാതിരിക്കാൻ വയ്യ. നല്ലതിനും ചീത്തയ്ക്കും ഒക്കെ നിയമപരമായ നിയന്ത്രണങ്ങളുണ്ട്. എന്നാൽ നിയമം കയ്യൊഴിച്ച ചീത്തകൾക്ക് സ്വയം ധാർമിക നിയന്ത്രണങ്ങളുണ്ട്. എന്നാൽ നിയമം കയ്യൊഴിച്ച് ചീത്തകൾക്ക് സ്വയം ധാർമിക നിയന്ത്രണം ഏർപ്പെടുത്താനുള്ള സംസ്കാരം പത്രങ്ങൾക്കുണ്ടാവുന്നില്ല. നിയമം കയ്യൊഴിച്ച ചീത്തകളിൽ നിന്നു മുതലെടുത്ത് കച്ചവടലാഭം ഉണ്ടാക്കാൻ പ്രൊഫഷണലിസം പത്രങ്ങളെ പ്രലോഭിപ്പിക്കുന്നു. ആരാൻെറ അമ്മയ്ക്കു പ്രാന്തു പിടിച്ചാൽ കാണാൻ നല്ല രസം എന്ന മട്ടിലാണ് പത്രങ്ങളുടെ പെരുമാറ്റം. പ്രൊഫഷണലിസം കൊണ്ട് തൊഴിൽ വൈദഗ്ദ്ധ്യം ഉണ്ടാകുന്നു എന്നല്ലാതെ ധാർമികമായ ആത്മസംയമനം ഉണ്ടാവുന്നില്ല എന്നതാണ് കഷ്ടം.

നൂറ്റമ്പത് കൊല്ലം കഴിയുകയായി. പത്രങ്ങൾ ഇന്ന് വർണ്ണപ്പകിട്ടുള്ള ചിത്രശലഭങ്ങളാണ്. പൂക്കളിൽ ചെന്ന് തേനെടുക്കുന്നത് പൂമ്പാറ്റകളുടെ നിത്യവൃത്തിയാണല്ലൊ. വന്മരങ്ങളുടെ ഉച്ചിയിലേക്കുതന്നെ പറന്നുയർന്ന് തേനെടുക്കുന്നത് തങ്ങളുടെ നിത്യവൃത്തിയാണെന്ന് പത്രങ്ങൾ കരുതുന്നു. പൂമ്പാറ്റകൾ പരാഗസംക്രമണമെന്ന സൽക്രിയ നടത്തുന്നുണ്ട്. പത്രങ്ങൾ പരാഗത്തിനുപകരം ആ പൂക്കളിൽ ലഹരിതേച്ചുവിടുന്നു. കാറ്റിൽ അതിൻെറ ഗന്ധം ശ്വസിച്ച് ജനങ്ങൾ ഒരുതരം സുഖം അറിയുന്നു. അവരെ രസിപ്പിക്കാൻ പത്രങ്ങൾ കൊച്ചുവർത്തമാനം പറഞ്ഞുകൊണ്ടിരിക്കുകയാണ്.



തോമസ് ജേക്കബ്

# പത്ര പ്രവർത്തനം: നൂതന സങ്കേതങ്ങൾ വരുത്തിയ മാറ്റം

പല്ലന ആറ്റിൽ ഒരു ബോട്ടപകടം. 1924 ജനുവരി 17-ന്. കൊല്ലത്തു നിന്ന് ആലപ്പുഴയ്ക്കു പുറപ്പെട്ട 'റെഡീമർ' എന്ന തീബോട്ട് പിറ്റേന്നു പുലർച്ചെ മുങ്ങിയപ്പോൾ മരിച്ചവരിൽ മഹാകവി കുമാരനാശാനുമുണ്ടായിരുന്നു. 17-ാം തീയതിയിലെ ഈ അപകടം മനോരമയിൽ വന്നതു രണ്ടുദിവസം കഴിഞ്ഞ് 19-നാണ്. അന്നു മനോരമ ഒരു ദിനപത്രമല്ലായിരുന്നതിനാൽ 18-നു പത്രമില്ലായിരുന്നു ; രണ്ടു ദിവസം കഴിഞ്ഞാണെങ്കിലും അപകടത്തിനു ശേഷമുള്ള ആദ്യലക്കത്തിൽ തന്നെ വാർത്ത വന്നുവെന്നു വേണമെങ്കിൽ പത്രാധിപർക്കു സമാധാനിക്കാം. ചൊവ്വ, വ്യാഴം, ശനി എന്നിങ്ങനെ മൂന്നു ദിവസങ്ങളിലായിരുന്നു അന്നു പത്രം. വ്യാഴാഴ്ച പുലർച്ചെ നടന്ന അപകടം മനോരമയിൽ വന്നതു ശനിയാഴ്ച. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കമായ ചൊവ്വാഴ്ച വന്നു. പക്ഷേ കോഴിക്കോട്ടു നിന്ന് ഇറങ്ങുന്ന മാതൃഭൂമിയിൽ ഈ വാർത്ത വന്നത് ഏഴു ദിവസം കഴിഞ്ഞു ജനുവരി 24-ന് വ്യാഴാഴ്ച. മാതൃഭൂമിയും അന്നു മനോരമയെപ്പോലെ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലാണു പ്രസിദ്ധീകരിച്ചിരുന്നത്. അതായത്, തലേവ്യാഴാഴ്ച നടന്ന സംഭവം അതിനുശേഷമുള്ള ശനിയാഴ്ചത്തെയും ചൊവ്വാഴ്ചത്തെയും രണ്ടു ലക്കങ്ങളിൽ മാതൃഭൂമിയിൽ വന്നില്ല. ആലപ്പുഴയിൽ നിന്നുള്ള ഒരു വാർത്ത 268 കിലോമീറ്റർ അകലെ കോഴിക്കോട്ടെത്താൻ അന്നു വേണ്ട സമയം ആറുദിവസമായിരുന്നെന്നു ചുരുക്കം.

ജോർജ് ആറാമൻെറ കിരീടധാരണവേള. 1937 മെയ് മാസം അ

ദ്ദേഹത്തിൻെറ ഒരു പാസ്പോർട്ട് സൈസ് പടം പത്രത്തിൽ അച്ചടിക്കണ മെന്ന് അന്നത്തെ മനോരമ പത്രാധിപർക്ക് ഒരാഗ്രഹം. ഒരു മാസം മുൻപേ അദ്ദേഹം ലണ്ടനിലേക്ക് ഒരു കേബിൾ അയച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ തപാലിൽ പടം എത്തി. പിറ്റേന്നുതന്നെ ആ പടം ബോംബെയ്ക്കയച്ച ബ്ലോക്കെടുക്കാനുള്ള സംവിധാനം അന്ന് അവിടെമാത്രമേയുള്ളൂ. പത്ത ദിവസം കഴിഞ്ഞപ്പോൾ റജിസ്റ്റേർഡ് തപാലിൽ ബ്ലോക്ക് എത്തി. കിര ടധാരണത്തിൻെറ തലേന്നുതന്നെ സാധനം കിട്ടിയതുകൊണ്ടു കഷ്ടിച്ച രക്ഷപെട്ടു. എല്ലാം കൂടി ഒരു മാസത്തെ അധ്വാനം.

അറുപതുകളിൽ സന്തോഷ് ട്രോഫി ഫുട്ബോൾ മൽസരം ആദ്യ മായി കേരളത്തിൽ നടക്കുന്നു. അതിൻെറ പടം പിറ്റേന്നു മനോരമ പ്രസി ദ്ധീകരിച്ചതു വലിയൊരഭ്യാസമായിരുന്നുവെന്നു അന്നു പലരും പറഞ്ഞു. ഇന്നത്തെ തലമുറയ്ക്ക് ഇതിൽ വാർത്ത കാണാൻ കഴിയില്ല. അന്നു മനോ രമയ്ക്കു കോഴിക്കോടു പതിപ്പില്ല. കോട്ടയത്തു നിന്നു രാത്രി എട്ടുമണിക്ക അച്ചടിച്ചു കാറിലും ട്രെയിനിലുമായി പത്രം പുലർച്ചെ അഞ്ചിന് കോഴ ക്കോട്ട് എത്തിക്കുകയാണ്. അപ്പോൾ വൈകുന്നേരം അഞ്ചരയ്ക്കു നടക്ക ന്ന കളിയുടെ പടം പിറ്റേന്ന് കോഴിക്കോട് എങ്ങനെയെത്തിക്കും? മുഖ്യ മന്ത്രി പട്ടംതാണുപിള്ള ഉദ്ഘാടനം ചെയ്യുന്നതിൻെറ റോളുമായി കോഴി ക്കോട്ടു നിന്നു കാറിൽ കയറിയ ഫൊട്ടോഗ്രാഫർ കാറിൽ തയാറാക്കിയി രുന്ന ഡാർക്ക് റൂമിൽ റോൾ വാഷ് ചെയ്ത് കോട്ടയത്തെത്തി പ്രിൻറു നല കുകയായിരുന്നു.

ഇംഗ്ലണ്ടിൽ ആദ്യമായി ഒരു പത്രത്തിൻെറ ന്യൂസ്പേജിൽ കളറിൽ ചിത്രം അടിച്ചുവരുന്നത് അറുപതുകളുടെ അന്ത്യത്തിലായിരുന്നു. അഞ്ചു കുട്ടികളെ ഒന്നിച്ചു പ്രസവിച്ച അമ്മ രണ്ടുമാസം കഴിഞ്ഞ് ആശുപത്രി വിട്ട ദിവസം രാവിലത്തെ പത്രത്തിൽ ആ അഞ്ചു പിഞ്ചോമനകളുടെ ഒരു ഓ മനച്ചിത്രം. ഒന്നാം പേജിൽ അന്നത്തെ വാർത്തകൾക്കിടയിൽ കളർച്ചിത്രം വരുത്തിയതെങ്ങനെയെന്നത് ജേർണലിസം പാഠപുസ്തകങ്ങളിൽ വന്നിട്ടു ണ്ട്. അന്ന് ഇംഗ്ലണ്ടിൽ പത്രത്തിൻെറ സൈസിൽ കളർ അച്ചടിക്കാവുന്ന പ്രസുകളില്ല. അതിനാൽ ഈ പത്രസ്ഥാപനം അഞ്ചു കിടാങ്ങളുടെകളർ ചിത്രമെടുത്തു മറ്റൊരു യൂറോപ്യൻ രാജ്യത്ത് എത്തിച്ച് അവിടെ, ഒരു

പ്രസിൽ ന്യൂസ് പ്രിൻറ് റോളുകളിൽ ചിത്രം മാത്രം അച്ചടിച്ചു. ബാക്കിയെല്ലാ സ്ഥലവും ബ്ലാങ്കായി ഇട്ട ആ ന്യൂസ്പ്രിൻറ് റോളുകൾ വീണ്ടും ചുരുട്ടി റോളുകളാക്കി കപ്പലിൽ ഇംഗ്ലണ്ടിലെത്തിച്ച് ആ നിശ്ചിതദിവസം പടമൊഴികെ ബാക്കി ഭാഗങ്ങൾ പ്രിൻറുചെയ്ത് പത്രം ഇറക്കുകയായിരുന്നു. ആ അധ്വാനം ഒന്ന് ആലോചിച്ചുനോക്കിക്കേ!

ഇന്ന് ഇതിൻെറയൊന്നും ആവശ്യമില്ല. ലോകത്ത് എവിടെയും നടക്കുന്ന ഏതു സംഭവത്തിൻെറയും വാർത്തമാത്രമല്ല, ചിത്രം പോലും ആ നിമിഷം ഇവിടെ ലഭിക്കുന്നു. വഴിപോക്കൻെറ മരണം പോലും റിപ്പോർട്ടു ചെയ്യുന്ന പത്രങ്ങൾ റിപ്പോർട്ടുചെയ്യാൻ മറന്നു പോയ ഒരു വലിയ മരണമാണ് ഇതിനൊക്കെ കാരണം. ഇരുപത് നൂറ്റാണ്ട് ജീവിച്ചിരുന്ന ശ്രീമാൻ ദൂരം Mr. Distance ഏതാനും വർഷം മുമ്പ് നിര്യാതനായി. അഥവാ അദ്ദേഹത്തെ കൊല ചെയ്തു.

അതു കൊലപാതകമായിരുന്നെങ്കിൽ മൂന്നുപേർ ചേർന്നാണ് ആ കൊലപാതകം നടത്തിയത്. ടെലിഫോൺ, ടെലിവിഷൻ,ഇലക്ട്രോണിക് കംപ്യൂട്ടർ.

ടെലിഫോൺ ഒരു കൊലയാളിയാണെങ്കിൽ കൊലപാതകം ഇപ്പോഴെ നടന്നുള്ളോ എന്നു സംശയം തോന്നാം. മനോരമ ജനിക്കുന്നതിനും ഒരു വ്യാഴവട്ടം മുമ്പ് 1876ൽ ജനിച്ചതാണ് ടെലിഫോൺ. ആദ്യത്തെ ടെലിവിഷൻ സംപ്രേഷണം 1926ൽ തുടങ്ങി. ഇലക്ട്രോണിക് കംപ്യൂട്ടർ നാൽപതുകളുടെ മധ്യത്തിൽ നിലവിൽ വന്നതാണ്. പിന്നെന്തേ ശ്രീമാൻ ദൂരത്തിൻെറ നാടു നീങ്ങൽ ഈയിടെ മാത്രമുണ്ടായത്? എൺപതുകളിലെ ഒരു വിപ്ലവമാണ് ഇതു സാധ്യമാക്കിയത്.

ഈ മൂന്നിൽ കാരണവരായ ടെലിഫോണിൻെറ ജീവിതത്തിൽ രണ്ടു വലിയ നാഴികക്കല്ലുകൾ അടുത്ത കാലത്തുണ്ടായി. ഒന്ന്: ടെലിഫോൺ ലൈനുകളുടെ വാഹകശേഷി ആയിരക്കണക്കിനിരട്ടി വർധിച്ചു. രണ്ട്: സഞ്ചരിക്കുന്ന ടെലിഫോണുകൾ നിലവിൽ വന്നു.

ടെലിഫോണിന് 122 വയസ്സുണ്ടെങ്കിലും 42 വർഷം മുൻപ് 1956ൽ

മാത്രമാണ് അറ്റ്ലാൻറിക് സമുദ്രത്തിലൂടെ ഒരു ടെലിഫോൺ കേബിൾ നിലവിൽ വന്നത്. അതൊരു വലിയ സംഭവമായിരുന്നെങ്കിലും അന്ന് ഒരേസമയം എട്ട് അല്ലെങ്കിൽ ഒൻപതുപേർക്കു മാത്രമേ അക്കരെയിക്കരെ സംസാരിക്കാൻ കഴിയുമായിരുന്നുള്ളൂ. പത്തുവർഷം കഴിഞ്ഞ് അറുപതു കളിൽ പോലും വിദേശത്തെ ബ്രാഞ്ചുകളുമായി സംസാരിക്കാൻ പെട്ട പാട് സിറ്റി ബാങ്കിൻെറ അന്നത്തെ ചെയർമാൻ വാൾട്ടർ വിറ്റ്സൺ വിവരി ക്കുന്നുണ്ട്. "ട്രങ്ക് കോൾ ബുക്കു ചെയ്താൽ കണക്ഷൻ കിട്ടാൻ ഒരു ദി വസമോ അതിൽ കൂടുതൽ സമയം പോലുമോ വേണ്ടിവന്നേക്കാം. ഏതു സമയത്താണു വിവരം നൽകേണ്ടതെന്നറിയാത്തതിനാൽ കോൾ കിട്ടിയാൽ അത് അവസാനിപ്പിക്കാതെ ദിവസം മുഴുവൻ ആ ലൈൻ നിലനിർത്തും. എത്ര സമയം ഫോൺ തോളത്തുവച്ചുകൊണ്ടിരിക്കണമെന്നറിയാത്തതു കൊണ്ടു രണ്ടറ്റത്തുമുള്ളവർ പത്രമോ നോവലോ കൈയിൽ കരുതു മായിരുന്നു''

എന്നാൽ എൺപതുകളിൽ നാൽപതിനായിരം പേർക്ക് ഒരേസമയം അറ്റ്ലാൻറിക്കിനപ്പുറത്തേക്കു സംസാരിക്കാമെന്ന നിലയായി. ഇന്ന് അതി ൻെറ എത്രയോ ഇരട്ടിയാണു സൗകര്യങ്ങൾ!

ഫൈബർ ഓപ്ടിക്ക്സ് കേബിൾ എന്ന സാധനമാണ് ഈ വിപ്ലവത്തി നു വഴിയൊരുക്കിയത്. അതിസുതാര്യമായ ഗ്ലാസുകൊണ്ടാണിതുണ്ടാ ക്കുന്നത്. എത്രമാത്രം സുതാര്യമെന്നറിയാൻ ഒരു കണക്കുപറയാം. ഒരു നൂറ്റമ്പതു കിലോമീറ്റർ കനമുള്ള ഫൈബർ ഓപ്ടിക്ക്സിലൂടെ നോക്കി യാൽ നമ്മുടെ ജനൽപ്പാളികളിലേതുപോലെ വ്യക്തമായി എല്ലാം കാണാം. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ ലഭ്യമാകുന്ന ഫൈബർ ഓപ്ടിക്സ് കേബിളിൻെറ തലമുടിയുടെയത്രയും മാത്രം വലിപ്പമുള്ള അത്തരം ഏതാ നും തരികളിലൂടെ മുപ്പതുലക്ഷം പേർക്കു ഒരേസമയം സംസാരിക്കാൻ കഴിയുമത്രെ.

ഈ വാഹകശേഷി കഴിഞ്ഞാൽ പിന്നത്തെ വിപ്ലവം സഞ്ചരിക്കുന്ന ടെലിഫോണുകളാണ്. നാൽപതുവർഷം മുൻപ് ഞങ്ങൾ കുറേ പത്രക്കാർ കാസർകോട്ടെ വ്യവസായി കെ.എസ്. അബ്ദുല്ലയുടെവീടിനു മുൻപിലെ വലിയ പുൽത്തകിടിയിലിരുന്ന് അദ്ദേഹവുമായി സംസാരിക്കുമ്പോൾ ഒരു

സഹായി വന്നു പറഞ്ഞു, ''സാർ, ഫോണിൽ വിളിക്കുന്നു''

''ഫോൺ കൊണ്ടുവരൂ'' എന്നായി അബ്ദുല്ല.

വീട്ടിൽ നിന്നു നൂറ്റമ്പതുവാര അകലെയിരിക്കുന്ന ഞങ്ങളുടെയടുത്തേക്ക് ഫോൺ എങ്ങനെ വരുമെന്നമ്പരന്നു ഞങ്ങളിരിക്കുമ്പോൾ സഹായി നമ്മുടെ സാധാരണ ടെലിഫോൺ ഉപകരണവുമായി വന്നു. ടെലിഫോണിൽ രണ്ടു ഫർലോംഗോളം നീളമുള്ള വയർ ഘടിപ്പിച്ചിരിക്കുന്നു. വയറിനു രണ്ടു മീറ്ററിൽ കൂടുതൽ നീളം പാടില്ലെന്നാണ് ടെലികോം നിയമം. പക്ഷേ അബ്ദുല്ലയ്ക്കു നിയമം ബാധകമല്ലായിരുന്നു. അദ്ദേഹം രണ്ടു ഫർലോംഗ് നീളത്തിൽ വയർ ഘടിപ്പിച്ച് പ്രശ്നം പരിഹരിച്ചു.

അബ്ദുല്ലയുടെ ആവശ്യമറിഞ്ഞായിരിക്കണം ശാസ്ത്രജ്ഞന്മാർ ആദ്യം കോഡ്ലസ് ഫോൺ ഉണ്ടാക്കി. പിന്നെ വന്ന സെല്ലുലർ ഫോണാണ് യഥാർത്ഥവിപ്ലവത്തിനു വഴിയൊരുക്കിയത്.

രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞയുടൻ തന്നെ സെല്ലുലർ വാർത്താവിനിമയം നിലവിൽ വന്നെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ അതു ലഭ്യമായത് എൺപതുകളുടെ ആദ്യമാണ്. ഇന്നോ? ഓടുന്ന ട്രെയിനിൽ നിന്ന് ക്രിക്കറ്റ് സ്കോർ അറിയാൻ ഇടയ്ക്കിടെ വീട്ടിലേക്കു വിളിക്കുന്ന ഒരാളെ ഞാൻ ഈയിടെ കണ്ടു. 'മോളെ ഞാൻ പോരുമ്പോൾ തേപ്പുപെട്ടി ഓഫാക്കിയോ എന്നൊരു സംശയം' എന്നു വിമാനത്താവളത്തിൽ നിന്നു വിളിച്ചു ചോദിക്കുന്ന ഒരു വീട്ടമ്മയേയും കണ്ടു. രണ്ടു വർഷം മുൻപ് 1996 ൽ എവറസ്റ്റിൽ കുടുങ്ങിപ്പോയപ്പോൾ വീട്ടിലേക്കു വിളിച്ച രണ്ടു പർവതാരോഹകരുടെ കഥ രണ്ട് അവസരങ്ങളിലായി ഞാൻ വായിച്ചു. ഒരാളുടെ ഭാര്യ മിടുക്കിയായിരുന്നതിനാൽ നാലായിരം കിലോമീറ്റർ അകലെ ഹോങ്കോങ്ങിൽ നിന്നു ഭർത്താവിനെ രക്ഷിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തു. മറ്റേ ഭാര്യയ്ക്ക് അദ്ദേഹത്തിന് ഫോണിലൂടെ അന്ത്യകൂദാശകൾ നൽകാനേ കഴിഞ്ഞുള്ളൂ.

ദൂരത്തിന്റെ നിര്യാണത്തിനു വഴിയൊരുക്കിയ രണ്ടാമൻ ടെലിവിഷനാണ്. രണ്ടാം ലോകമഹായുദ്ധം അവസാനിക്കുമ്പോൾ ലോകത്താകെ എണ്ണായിരം വീടുകളിലേ ടെലിവിഷൻ ഉണ്ടായിരുന്നുള്ളൂ. രണ്ടുവർഷം മുൻപ് 1996ൽ ഈ സംഖ്യ 84 കോടിയായി. അതായതു ഭൂമുഖത്തെ വീടു

കളിൽ മൂന്നിൽ രണ്ടിൽ ടെലിവിഷനായി.

കഴിഞ്ഞ അമ്പതുവർഷത്തിനിടയ്ക്കു ടെലിവിഷൻ സെറ്റുകളുടെ സാങ്കേതികവിദ്യയിൽ എന്തെങ്കിലും മാറ്റമുണ്ടായതു കൊണ്ടല്ല ഈ കുതിച്ചുചാട്ടം സാധ്യമായത്. പരിപാടികളുടെ സംപ്രേഷണത്തിലാണു വിപ്ലവകരമായ മാറ്റം വന്നത്. ഇപ്പോഴിതാ ചാനലുകളുടെ എണ്ണത്തിലും മാറ്റമുണ്ടായിവരുന്നു. എൺപതുകളിൽ ഇന്ത്യയിൽ ഒരൊറ്റ ചാനലേ ഉണ്ടായിരുന്നുള്ളൂ. വിദേശ ചാനലുകളൊന്നും ലഭ്യമല്ലാതിരുന്നകാലത്ത് റിമോട്ട് കൺട്രോളിന്റെയൊന്നും ആവശ്യമില്ലായിരുന്നു. ഇപ്പോൾ നൂറുചാനലുകളുള്ള ടി.വി. സെറ്റുകളാണ് ഇന്ത്യയിൽ നിർമ്മിച്ചുവരുന്നത്.

ഒരു പ്രധാനപ്പെട്ട ലോകസംഭവം ലോകത്തെല്ലാവരും ഒരേ സമയം കണ്ടു തുടങ്ങിയത് 1963ലായിരുന്നു. വെടിയേറ്റു മരിച്ച അമേരിക്കൻ പ്രസിഡൻറ് കെന്നഡിയുടെ ശവസംസ്ക്കാരച്ചടങ്ങുകൾ. തലേവർഷം വിക്ഷേപണം ചെയ്ത ആദ്യത്തെ സ്വകാര്യ കമ്യൂണിക്കേഷൻ ഉപഗ്രഹം ടെൽസ്റ്റാർ ആണ് അതു സാധ്യമാക്കിയത്. എഴുപതുകൾ വരെ ടെലിവിഷൻ വാർത്തയിൽ പകുതിയിലേറെയും തലേന്നത്തെ വാർത്തയായിരുന്നുവെന്നത് ഇപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നുന്നു. പിന്നീട് ഒരുപറ്റം ഉപഗ്രഹങ്ങൾ അങ്ങ് ഉയരങ്ങളിലെത്തി. എൺപതുകളുടെ അവസാനം വാർത്താവിനിമയോപഗ്രഹങ്ങൾ വീടുകളിലെ ചെറിയ ഡിഷുകളിലേക്കു നേരിട്ടു സംപ്രേഷണം ചെയ്തു തുടങ്ങിയതോടെ മൾട്ടി ചാനൽ ടെലിവിഷൻ കുറഞ്ഞ ചെലവിൽ വീടുകളിലെത്തി തുടങ്ങി. പുറകെ കേബിൾ ടെലിവിഷൻ കൂടുതൽ ദൃശ്യസംതൃപ്തിയുമായെത്തി.

തൊണ്ണൂറുകളുടെ മധ്യത്തിലേതായിരുന്നു യഥാർഥ വിപ്ലവം. അനലോഗിനു പകരം ഡിജിറ്റൽ സംപ്രേഷണം. സമയവും സ്ഥലവും ചെലവുമെല്ലാം ലാഭിക്കുന്ന ഡിജിറ്റൽ രീതി വന്നതോടെ ടെലിവിഷൻ വലിയ കുതിച്ചുചാട്ടം നടത്തി.

ദൂരത്തിന്റെ മൂന്നാമത്തെ അന്തകനായ ഇലക്ട്രോണിക് കംപ്യൂട്ടറാണ് ഏറ്റവും വലിയ വികസത്തിനു പാതയൊരുക്കിയത്. അതും പിടിച്ചാൽ കിട്ടാത്ത വേഗതയിൽ. ലോകത്തിൽ അഞ്ചു കംപ്യൂട്ടറുകളേ വേണ്ടിവരൂ എന്ന് 1943ൽ പറഞ്ഞ തോമസ് വാട്ട്സൺ ഐ.ബി.എമ്മിന്റെ സ്ഥാപകനാ

ണെന്നോർക്കുന്നത് ഇന്നു രസകരമാവും. 1967ൽ പോലും ഐ.ബി.എമ്മി ന്റെ ഏറ്റവും മുമ്പൻ കംപ്യൂട്ടറിൽ ഉൾക്കൊള്ളിക്കാവുന്നത് 13 പേജുകളി ലൊതുങ്ങുന്ന മാറ്റർ മാത്രമായിരുന്നുവെന്നത് ഇന്ന് എത്രപേർക്കു വിശ്വ സിക്കാൻ കഴിയും?

രണ്ടു സംഭവങ്ങളാണ് ഈ ചിത്രം മാറ്റിയെഴുതിയത്. ഒന്ന്, ഇലക്ട്രോ ണിക് കംപ്യൂട്ടറിനെ ഒരു ചിമിഴിലൊതുക്കാൻ കഴിഞ്ഞു. കാറു മുതൽ കളി പ്പാട്ടക്കാറു വരെ എല്ലാറ്റിലും കംപ്യൂട്ടിങ് ശക്തി നിറയ്ക്കാമെന്നായി. അപ്പോളോ 13ന്റെ പ്രധാന പ്രോസസറിന് ഇന്നത്തെ ഗെയിംസ് പാർലറു കളിലെ ഒരു ഗെയിം മെഷീനേക്കാൾ കുറവു കംപ്യൂട്ടിങ് ശക്തിയേ ഉണ്ടാ യിരുന്നുള്ളൂ. രണ്ടാമത്തെ വലിയ സംഭവം കംപ്യൂട്ടറുകളെയെല്ലാം തമ്മിൽ ഘടിപ്പിക്കാൻ കഴിഞ്ഞതാണ്. കൂട്ടിയിണക്കപ്പെട്ട കംപ്യൂട്ടറുകളുടെ സംഘടി തശക്തി എന്താണെന്നറിയാൻ ഇൻറർനെറ്റിനെപ്പറ്റി ഓർത്താൽ മതി.

ആധുനിക കംപ്യൂട്ടറുകളുടെ മസ്തിഷ്കമായ കംപ്യൂട്ടർ ചിപ്പ്സി ന്റെ ലോകത്തിലെ പ്രധാന ഉൽപാദകരായ ഇൻറലിന്റെ സഹ സ്ഥാ പകൻ ഗോർഡൻ മൂറിന്റെ പേരിലറിയപ്പെടുന്ന ഒരു ‘മൂർ തത്വം’ ഉണ്ട്. പതി നെട്ടു മാസം മുതൽ രണ്ടുവർഷം വരെയുള്ള ഓരോ കാലയളവിലും കംപ്യൂട്ടിങ് ശക്തി ഇരട്ടിയാവുന്ന കണ്ടുപിടിത്തങ്ങളുണ്ടാവുമെന്ന് 1965ൽ അദ്ദേഹം പ്രവചിച്ചു. മൂന്നു പതിറ്റാണ്ടുകളിൽ അതങ്ങനെ തന്നെ സംഭവിച്ചു. സിലിക്കോണുകളുടെ ചെറിയ തന്തുക്കളായ ചിപ്പുകളിൽ ട്രാൻ സിസ്റ്ററുകളുടെ കൂടുതൽ ഇൻറഗ്രേഡ് സർക്യൂട്ടുകൾ കുത്തിനിറയ്ക്കാൻ എൻജിനീയർമാർക്കു കഴിഞ്ഞു. 1994ലെ കംപ്യൂട്ടറുകളിലുപയോഗിച്ച 486 എന്ന ചിപ്പിന് ഒരു സെക്കൻറിൽ അഞ്ചരക്കോടി കണക്കുകൾ ചെയ്യാൻ കഴി വുണ്ടായിരുന്നു. അതെ, സെക്കൻഡിൽ അഞ്ചരക്കോടി കണക്കുകൾ. മൂന്നു വർഷത്തിനുശേഷം കഴിഞ്ഞവർഷം കംപ്യൂട്ടറുകളിൽ വന്ന പെൻറിയം ചിപ്പിന് ഞാൻ ഈ വാചകം പറഞ്ഞുതീരുന്ന ഒരു സെക്കൻഡിനുള്ളിൽ 20 കോടി കണക്കുകൾ ചെയ്യാം. എ.ഡി. 2006 ആകുമ്പോഴേക്ക് ചിപ്പുകൾക്ക് ഇന്നത്തേക്കാൾ ആയിരം ഇരട്ടി ശക്തിയുണ്ടാവുമെന്നു മാത്രമല്ല, ഇന്ന ലത്തേതിന്റെ പത്തിലൊന്നേ വിലയും ഉണ്ടാവുകയുള്ളൂവെന്ന് ഇൻറൽ പ്രവചിക്കുന്നു. മൂറിന്റെ തത്വത്തിനു സ്തുതി!

ഇൻറർനെറ്റ് സമീപകാല ചരിത്രമാകയാൽ അതിലേക്കു ഞാൻ കടക്കുന്നില്ല. ടെലിഫോൺ, ടെലിവിഷൻ, ഇലക്ട്രോണിക് കംപ്യൂട്ടർ എന്നി വയിലെ വിപ്ലവകരമായ ഈ കുതിച്ചുകയറ്റം നമ്മുടെ ജീവിതത്തെ എങ്ങ നെ സ്വാധീനിക്കുന്നുവെന്നു മാത്രം നോക്കാം.

ഒന്ന്: വാർത്താവിനിമയത്തിൻെറ ചെലവു മുൻപൊക്കെ ദൂരത്തെ അടിസ്ഥാനമാക്കിയായിരുന്നെങ്കിൽ ഇപ്പോൾ ദൂരം ഒരു ഘടകമേ അല്ലാ തായി. മുൻപൊക്കെ മൂന്നു ഷിഫ്റ്റിൽ പണിയെന്നു പറഞ്ഞാൽ ഒരേ ഫാക്ടറിയിൽ 24 മണിക്കൂറും പ്രവർത്തിക്കുകയായിരുന്നു. ഇപ്പൊഴത്തെ മൂന്നു ഷിഫ്റ്റ് മൂന്ന് ടൈം സോണുകളിലാണ്. അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയയും കിഴക്കനേഷ്യയും എന്നു മൂന്നു സമയ മേഖലകൾ. ആ മൂന്നിടത്തുമായി ജോലികൾ വീതിച്ചു നൽകുന്നു. അമേരിക്കയിൽ നേരം വൈകുമ്പോൾ ഇവിടെ നേരം പുലരുകയാണല്ലോ. അമേരിക്കയിൽ ബാങ്കുകൾ വൈകുന്നേരം പൂട്ടുമ്പോൾ അയയ്ക്കുന്ന കണക്കുകൾ കൈകാര്യം ചെയ്തു പിറ്റേന്നു രാവിലെ തുറക്കുമ്പോഴേക്ക് അമേരിക്കയി ലെത്തിക്കുന്ന ഏതാനും കംപ്യൂട്ടർ കമ്പനികൾ തിരുവനന്തപുരത്തു ണ്ടിപ്പോൾ. എനിക്കു പരിചയമുള്ള ഒരു വിദേശി പ്ലാസ്റ്റിക് നിർമ്മാതാവി ൻെറ മൂന്നു ഫാക്ടറികൾ മൂന്നു ടൈം സോണിലാണ്. മൂന്നിടത്തെയും തൊ ഴിലാളികൾക്കു സന്തോഷം. ഉറക്കമിളച്ചുപണിയെടുക്കേണ്ട. നാലാമതൊ രിടത്തു സുഖവാസകേന്ദ്രത്തിലിരുന്നു ഫാക്സിലൂടെയും കംപ്യൂട്ടറിലൂ ടെയും അദ്ദേഹം ബിസിനസ് നിയന്ത്രിക്കുന്നു.

ഇതൊക്കെ മറ്റു മേഖലകളിലാണ്, പത്രം അങ്ങനെ ഒക്കില്ല എന്നു പറയുന്ന ആരെങ്കിലുമുണ്ടെങ്കിൽ ഇതാ സിംഗപ്പൂരിലെ സ്ട്രെയിറ്റ് ടൈംസിൻെറ കഥ. അവരുടെ പ്രധാന ന്യൂസ് റൂം ഇപ്പോൾ ഓസ്ട്രേലിയയി ലെ സിഡ്നിയിലാണ്. സിംഗപ്പൂരിൽ ലഭിക്കുന്ന വാർത്ത മുഴുവൻ സിഡ്നി യിലേക്കു കൊടുക്കുന്നു. എഡിറ്റ് ചെയ്തു തയാറാക്കി തിരിച്ചു സിംഗപ്പൂരി ലേക്കു വിടുന്നു. ഇവരുടെ ആർട്ടിസ്റ്റുമാർ ഇരിക്കുന്നത് ഇൻഡൊനേഷ്യ യിലെ ജക്കാർത്തയിലാണ്. ഇലസ്ട്രേഷൻ ആവശ്യമുള്ള മാറ്ററൊക്കെ ജക്കാർത്തയിലേക്കു വിടുന്നു. സിഡ്നിയിലെ പത്രാധിപരുമായി ആലോ ചിച്ചു വരയ്ക്കുന്നു, സിഡ്നിയിലേക്കയയ്ക്കുന്നു.

എന്തിനിത്ര ബുദ്ധിമുട്ടുന്നുവെന്നു ചോദിച്ചപ്പോൾ സിംഗപ്പൂരിലേതിനേക്കാൾ ശമ്പളം കുറവു മതി സിഡ്നിയിൽ. അതിനേക്കാൾ കുറവുമതി ജക്കാർത്തയിൽ.

അങ്ങനെ നമ്മൾ രണ്ടാമത്തെ പോയിൻറിലെത്തുന്നു. കമ്പനി എവിടെ സ്ഥാപിക്കുന്നുവെന്നത് ഇന്നു പണ്ടത്തേപ്പോലൊരുവിഷയമേയല്ല. എവിടെയും സ്ഥാപിക്കാം. പകലുള്ളിടത്ത്, കൂലി കുറവുള്ളിടത്ത്, നികുതി കുറവുള്ളിടത്ത്. ഇവിടെ നിന്ന് ജോലി തേടി ഗൾഫിൽ പോയി വിയർക്കേണ്ട. ഇവിടത്തെ ശീതളഛായയിലിരുന്ന് ഇവിടത്തേക്കാൾ ഉയർന്ന ശമ്പളം വാങ്ങി പണിയെടുക്കാം.

മൂന്ന്: ഓഫീസും വീടും രണ്ടെന്ന സങ്കൽപം ഇല്ലാതാവുന്നു. വീടു തന്നെ ഓഫീസാകുന്നു.

നാല്: കമ്പനി എത്ര വലുതോ ചെറുതോ എന്നതു പ്രശ്നമല്ലാതാവുന്നു. പണ്ടു വമ്പൻ കമ്പനികൾക്കു മാത്രം നൽകാൻ കഴിയുമായിരുന്ന സേവനങ്ങൾ നൽകാൻ ചെറിയ കമ്പനികൾക്കു കഴിയും. ലോകമാർക്കറ്റിലെത്താൻ ചെറിയ കമ്പനികൾക്കു കഴിയുന്നു. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് താഴേക്കു വരാൻ വലിയ കമ്പനികൾക്കു കഴിയും.

അഞ്ച്: വേണ്ടവരെ തെരഞ്ഞുപിടിക്കാനുള്ള കഴിവ്. ഇടംകയ്യൻമാർക്കായി ഒരു മാസിക തുടങ്ങുന്നുവെന്നിരിക്കട്ടെ. ലോകത്തിലെ ഇടംകയ്യൻമാരെ തെരഞ്ഞുപിടിച്ചു തരാൻ കംപ്യൂട്ടർക്കു കഴിയുന്നു. ഒരേ തരക്കാരായ ആളുകളെ, ഇടതുപക്ഷക്കാരെ, കത്തോലിക്കരെ, നായന്മാരെ, അഴീക്കോടിനെ എതിർക്കുന്നവരെ, ടി.പത്മനാഭനെ അനുകൂലിക്കുന്നവരെ അങ്ങനെ ഏതു ഗ്രൂപ്പിനെയും തെരഞ്ഞുപിടിക്കാനുള്ള കഴിവ്.

ആറ്: തിരിച്ചറിയാനുള്ള കഴിവ്, വാക്കുപാലിക്കുന്ന വിതരണക്കാർ ആരൊക്കെ, കൃത്യമായി പണമടക്കാത്ത ഏജൻറുമാർ ആരൊക്കെ എന്നൊക്കെ കണ്ടുപിടിക്കാനെളുപ്പം. ലോകത്തെവിടെയായാലും കീഴ്ജീവനക്കാരൻെറ ജോലി വിലയിരുത്താനുള്ള സംവിധാനം. കെ.ടി.സി. പോലെ ഇന്ത്യയെങ്ങും ട്രക്കുകൾ സഞ്ചരിക്കുന്ന ഒരു കമ്പനിക്ക് തങ്ങളുടെ ഡ്രൈവർമാരിൽ ആരൊക്കെയാണു തെറ്റായ ഗിയറിൽ ഓടിച്ച് ഇന്ധന നഷ്ടം വരുത്തുന്നതെന്നറിയണമെങ്കിൽ അതിനുള്ള സ്ംവിധാനം വരെ

ഇന്നു ലഭ്യമാണ്. അമേരിക്കയുടെ ബോംബാക്രമണത്തിൽ നിന്നു ബിൻ ലാദൻ രക്ഷപ്പെട്ട കഥ വായിച്ചില്ലേ? സാറ്റലൈറ്റ് ഫോണിൽ ലാദൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ലാദൻ അഫ്ഘാനിസ്ഥാനിൽ എവിടെയാണെന്ന് അമേരിക്കയുടെ ഉപഗ്രഹം കണ്ടുപിടിച്ചു. ലാദൻ ആ ഫോണിൽ സംസാരിച്ചുകൊണ്ടേയിരിക്കുകയായിരുന്നെങ്കിൽ വിമാനം കൃത്യമായും ലാദൻെറ മുകളിൽ ബോംബിട്ടേനെ. പക്ഷേ, സംസാരം മതിയാക്കി ഫോൺ ഒരു അനുയായിയെ ഏൽപ്പിച്ചിട്ടു നടന്നു നീങ്ങിയതിനാൽ ലാദൻ രക്ഷപ്പെട്ടു. അനുയായി ചത്തുപോയിക്കാണണം. ഫോൺ സംസാരം തുടർന്നിരുന്നെങ്കിൽ എത്ര കൃത്യമായി ബോംബു ചെയ്യാനാവുമായിരുന്നു എന്നു ചോദിച്ചപ്പോൾ പരമാവധി 10 മീറ്റർ വരെയേ ഉന്നം തെറ്റൂ എന്നാണു വിദഗ്ധർ പറഞ്ഞത്. അതായത് കൃത്യമായി എൻെറമേൽ വീണില്ലെങ്കിൽ എൻെറയും നിങ്ങളുടെയും നടുക്കു വീഴുമെന്നു തീർച്ചയാണ്. ഇവിടെ എവിടെ വീണാലെന്താ ഈ കാക്കനാട് പ്രദേശത്തെല്ലാവരും തന്നെ ചത്തൊടുങ്ങുകയില്ലേ!

ഈ അശുഭചിന്തകൾക്കു വിരാമമിട്ട് ഞാൻ കേരളത്തിലെ പത്ര മേഖലയിലേക്കു വരട്ടെ.

പത്രപ്രവർത്തനത്തിലും അച്ചടിയിലും ആഗോള തലത്തിലുണ്ടായ എല്ലാ മാറ്റങ്ങളും മലയാളത്തിലും എത്തിക്കഴിഞ്ഞു. കെട്ടിലും മട്ടിലും മാത്രമല്ല ഉള്ളടക്കത്തിലും വികസിത രാജ്യങ്ങളിലെ ഏതു പത്രത്തോടും മത്സരിക്കാനുള്ള ശേഷിയും മലയാള പത്രരംഗം അതിവേഗം കൈവരിക്കുകയാണ്.

വാർത്തകളും ചിത്രങ്ങളും തയ്യാറാക്കുന്നതിനും പേജ് രൂപകൽപ്പനയ്ക്കും കംപ്യൂട്ടർ ഉപയോഗിച്ചു തുടങ്ങിയത് പത്രങ്ങളുടെ മുഖം മാറ്റിയെന്നു മാത്രമല്ല, വാർത്തയും വായനക്കാരനുമായുള്ള അകലം പേരിനു മാത്രമായി കുറയ്ക്കുകയും ചെയ്തു. ഈ മാറ്റത്തിന്, ന്യൂസ് റൂമിലെ അനിവാര്യ ഘടകമായിക്കഴിഞ്ഞ കംപ്യൂട്ടറുകളോടും വാർത്താ വിനിമയ രംഗത്തെ തീവ്ര വിപ്ലവത്തിനും നന്ദിപറയാം.

ലോകത്തിൻെറ ഏതു കോണിൽ നിന്നും വാർത്തയും ചിത്രവും മിനിറ്റുകൾക്കകം ഇന്നു കേരളത്തിലെവിടെയും ലഭ്യമാക്കാം. സംഭവം നടന്ന് അര മണിക്കൂറിനകം പത്രത്തിലച്ചടിക്കാം. എല്ലാറ്റിനുപരി, പേജിൻെറ

നെഗറ്റീവ് എടുക്കും വരെയുള്ള എല്ലാ പ്രക്രിയകളും പത്രപ്രവർത്തകൻെറ വിരൽത്തുമ്പിൻെറ അധീനതയിലുമാണ്.

രാത്രി പതിനൊന്നരയ്ക്കോ പന്ത്രണ്ടിനോ അച്ചടിച്ചു തുടങ്ങുന്ന പത്രത്തിലേക്കുള്ള ചിത്രങ്ങൾ ഉച്ചക്കു രണ്ടിനു മുമ്പ് ബ്ലോക്ക് നിർമിക്കുന്നതിനായി സ്റ്റുഡിയോയിൽ ഏൽപ്പിക്കണമെന്ന നിലയിൽ നിന്ന് ഈ അവസ്ഥയിലേക്കു മലയാള പത്രപ്രവർത്തനരംഗം വളർന്നത് ഈ തലമുറയിലെ പത്രപ്രവർത്തകരുടെ കൺമുന്നിൽ വച്ചാണ്.

മാത്രമല്ല കല്ലച്ചിൽ നിന്ന് ഓഫ്സെറ്റ് യുഗം വരെയെത്താൻ ഒരു നൂറ്റാണ്ടോളം വേണ്ടിവന്നപ്പോൾ കംപ്യൂട്ടറുകൾക്കു ന്യൂസ് റൂമിനെ കീഴടക്കാൻ കഷ്ടിച്ച് ഒന്നോ രണ്ടോ വർഷമേ വേണ്ടിവന്നുള്ളൂ. അതിനു പിന്നിൽ, മാറ്റങ്ങൾക്കു വഴങ്ങാനും പുതിയ സാങ്കേതിക വിദ്യ അതിവേഗം സ്വായത്തമാക്കാനും മുന്നിട്ടിറങ്ങിയ പത്രപ്രവർത്തകരും ഭാരിച്ച മുതൽ മുടക്കി ആധുനികവൽക്കരണത്തിനു ചങ്കൂറ്റവും ദീർഘവീക്ഷണവും കാട്ടിയ മാനേജുമെൻറുകളുമാണെന്നതും മറക്കാനാവില്ല. കാലത്തിനൊത്തു മാറ്റങ്ങൾ സ്വീകരിച്ചു വളർന്ന മലയാളപത്രരംഗത്ത് ഏറ്റവും വലിയ കുതിച്ചുചാട്ടത്തിനു വഴിയൊരുക്കിയത് ഡിജിറ്റൽ യുഗമാണെങ്കിലും അതിനും ഒന്നു രണ്ടു പതിറ്റാണ്ടുകൾ മുമ്പേ അച്ചടി, വാർത്ത അയക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയിലുണ്ടായ ആധുനികവൽക്കരണ ശ്രമങ്ങൾ ഇതിലേക്കുള്ള ആദ്യചുവടുകളായിരുന്നു.

ലേഖകന്മാർ ന്യൂസ് ബ്യൂറോകളിലെ കംപ്യൂട്ടറിൽ നേരിട്ട് കീ ഇൻ ചെയ്യുന്ന വാർത്തകൾ, തൊട്ടടുത്ത മിനിറ്റിൽ കിലോമീറ്ററുകൾ അകലെ പ്രൊഡക്ഷൻ സെൻററിലെ ഡസ്കിൽ എഡിറ്റു ചെയ്തു പേജിൽ വെക്കുന്ന ഇന്നത്തെ ന്യൂസ് റൂമിലിരുന്നു പിന്നോട്ട് നോക്കുമ്പോൾ അവിശ്വസനീയമെന്ന് തോന്നാവുന്ന പരിമിതികളാണ് നമ്മുടെ പത്രപ്രവർത്തകർക്ക് രണ്ടു മൂന്നു ദശകം മുമ്പു വരെയുണ്ടായിരുന്നത്.

കൈകൊണ്ട് അച്ചുനിരത്തി വാർത്തകളും പരസ്യവും ക്രമവും ചിട്ടയുമില്ലാതെ കുത്തിനിറച്ച് വേഗം കുറഞ്ഞ സിലിണ്ടർ പ്രസുകളിലടിച്ചു പത്രമിറക്കുന്ന രീതിയായിരുന്നു 30-35 വർഷം മുമ്പ് മലയാളത്തിൽ.

വാർത്ത ഡസ്ക്കിലെത്തിക്കാനാണെങ്കിൽ ട്രങ്ക് കോഠം ബുക്ക് ചെയ്ത് അവസാനിക്കാത്ത കാത്തിരിപ്പ്; അല്ലെങ്കിൽ ന്യൂസ് കവറുമായി ബസ്സ്റ്റാൻഡിൽ കാത്തു നിൽപ്പ്. പത്തു വർഷം മുമ്പ് പോലും അതായിരുന്നു അവസ്ഥ.

പിന്നീട് യന്ത്രവൽകൃത കമ്പോസിങ് സംവിധാനങ്ങളായ മോണോ-ലൈനോ ടൈപ്പ് യന്ത്രങ്ങളും വേഗത കൂടിയ റോട്ടറി പ്രസുകളും വന്നപ്പോഴും പലേടത്തുനിന്നും വാർത്ത ഡസ്കിലെത്തിക്കാൻ ട്രങ്ക് കോഠം ബുക്ക് ചെയ്ത് കാത്തിരിക്കണമായിരുന്നു. വാർത്ത അയയ്ക്കുന്നതിനുള്ള സ്വന്തം ടെലിപ്രിൻറർ ലൈനുകഠം പല പത്രങ്ങഠംക്കും അറുപതുകളിൽ നിലവിൽ വന്നെങ്കിലും ലിപി മാറ്റം ഉഠംപ്പെടെപല പരിമിതികളും അതിനുണ്ടായിരുന്നു. തലസ്ഥാനനഗരിയായ തിരുവനന്തപുരത്തെ പത്രം ഓഫീസുമായി ബന്ധിപ്പിക്കുന്ന സ്വന്തം ടെലിപ്രിൻറർ ആദ്യമായി തുടങ്ങിയത് 'മാതൃഭൂമി' യാണ്. കേരള കൗമുദിക്ക് അന്ന് അത് ആവശ്യമില്ലായിരുന്നു എന്നു കൂടി ഓർക്കണം: അവർ തിരുവനന്തപുരത്തു നിറഞ്ഞു നിൽക്കുകയായിരുന്നല്ലോ. ന്യൂഡൽഹിയെ കേരളവുമായി ബന്ധിപ്പിക്കുന്ന ടെലിപ്രിൻറർ ആദ്യമായി തുടങ്ങിയത് മനോരമയാണ്.

പത്രരംഗത്തെ ഇലക്ട്രോണിക് യുഗത്തിനു തുടക്കമിട്ട ഫോട്ടോ ടൈപ്പ് സെറ്ററും (ഫോട്ടോ കമ്പോസിങ്) പേജുകഠം വിദൂര യൂണിറ്റുകളിലേക്ക് അയക്കുന്നതിനുള്ള ഫാസിമിലി സംവിധാനവുമായിരുന്നു അടുത്ത ഘട്ടം.

ഇലക്ട്രോണിക് യന്ത്രത്തിൽ ടൈപ്പ് സെറ്റു ചെയ്ത് വാർത്തകളുടെയും ചിത്രങ്ങളുടെയും പ്രിൻറ് എടുത്ത് (ബ്രോമൈഡ്) പേജിൽ പതിച്ച് അതിൻെറ നെഗറ്റീവിൽ നിന്ന് പ്ലേറ്റ് തയ്യാറാക്കി അച്ചടിക്കുന്ന രീതി മലയാള പത്രങ്ങഠം എൺപതുകളുടെ പകുതിയോടെ ആരംഭിച്ചു. അക്ഷരങ്ങളുടെയും ചിത്രങ്ങളുടെയും കാര്യത്തിൽ കൂടുതൽ ഭംഗിയും ലേ ഔട്ടിനു കൂടുതൽ വഴക്കവും ലോഹ ടൈപ്പുകളേക്കാഠം സമയലാഭവുമായിരുന്നു ഇതിൻെറ നേട്ടങ്ങഠം. കേരളത്തിൽ ഓഫ്സെറ്റ് പത്രയുഗത്തിനു തുടക്കം കുറിച്ചത് 'ദേശഭിമാനി'യാണ്', കോഴിക്കോട്ട്.

കേന്ദ്ര യൂണിറ്റിൽ തയാറാക്കുന്ന പേജുകഠം ഫാസിമിലിയിലൂടെ

എവിടെ വേണമെങ്കിലും എത്തിച്ച് പ്രിൻറ് ചെയ്യാൻ തുടങ്ങിയതും മലയാള പത്രങ്ങളുടെ വളർച്ചയിൽ നാഴികക്കല്ലായി. 1987ൽ മലയാള മനോരമയാണ് ആ സങ്കേതമുപയോഗിച്ച് എഡിഷനുകൾ ആരംഭിച്ച രാജ്യത്തെ ആദ്യ ഭാഷാപത്രം.

വാർത്തകളും ചിത്രങ്ങളും അയയ്ക്കുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങളും ഇതിനകം നിലവിൽ വന്നിരുന്നു. മലയാളം ലിപിയിൽ വാർത്തകൾ അയയ്ക്കാവുന്ന ഇലക്ട്രോണിക് ടെലിപ്രിൻറർ സർവീസ് 1991 ൽ മലയാള മനോരമയിൽ ഏർപ്പെടുത്തുമ്പോൾ, ഹിന്ദിക്കു പുറമെ മറ്റൊരു ഇന്ത്യൻ ഭാഷയിൽ ഇത്തരമൊന്ന് ആദ്യമായിരുന്നു. ഫോട്ടോ പ്രിൻറുകൾ ടെലിഫോൺ ലൈൻ വഴി അയയ്ക്കുന്നതിനുള്ള ഫോട്ടോ ട്രാൻസ്മിറ്ററുകളും അപ്പോഴേക്കും വ്യാപകമായി. കേരളത്തിൽ ഇത് ആദ്യം കൊണ്ടുവന്നത് 'കേരള കൗമുദി'യാണ്. രണ്ടാമതു മലയാള മനോരമയും. അതീവ കൃത്യതയോടെയല്ലെങ്കിലും ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ പെട്ടെന്നു ലഭ്യമാക്കുന്നതിന് ഇവ സഹായിച്ചു.

ഈ ദശകത്തിൻെറ ആദ്യ പകുതിയോടെ, വാർത്തകൾക്കൊപ്പം കളർ ചിത്രങ്ങൾ എന്ന നിലയിലേക്കും മലയാള പത്രങ്ങൾ വളർന്നു.'മാതൃഭൂമി' യാണ് ഇതിനു തുടക്കം കുറിച്ചത്. ഞായറാഴ്ച സപ്ലിമെൻറുകൾ പോലെ മുൻകൂട്ടി തയാറാക്കാവുന്ന പേജുകളിൽ കളർ ചിത്രങ്ങൾ അതിനും മുൻപേ സ്ഥാനം പിടിച്ചിരുന്നു.

സങ്കീർണ്ണമായ സാങ്കേതിക വിദ്യകളുടെ സമ്മേളനമായ പത്രസംവിധാനം അപ്പാടെ കമ്പ്യൂട്ടർവൽക്കരിക്കുകയെന്ന സുപ്രധാന ഘട്ടമായിരുന്നു അടുത്തത്. സാങ്കേതിക രംഗത്ത് ഏറെ മുന്നേറിയ അമേരിക്കയിൽ പോലും എഴുപതു ശതമാനത്തിൽ താഴെ പത്രങ്ങൾക്കു മാത്രം അവകാശപ്പെടാവുന്ന ഈ നേട്ടം കഴിഞ്ഞ 1997 നവംബർ 29-ന് മലയാള മനോരമ കൈവരിച്ചു. മലയാളത്തിലെ മറ്റു പല പത്രങ്ങളും അതിലേക്കുള്ള പാതയിലുമാണ്.

വാർത്തയ്ക്കും വായനക്കാരനുമിടയ്ക്ക് പത്രാധിപർക്കു പുറമെയുണ്ടായിരുന്ന മിക്കവരെയും ഒഴിവാക്കിയ ഈ നവീകരണം, വാർത്തയും

വായനക്കാരനുമായുള്ള അകലം തീരെ ചെറുതാക്കി. ഈ സംവിധാനത്തിൽ എഡിറ്റർക്ക് പരസഹായം കൂടാതെ പേജുകൾ തയാറാക്കാം. പത്രാധിപ സമിതിയിലെ ഏത് അംഗത്തിനും സ്വന്തം കംപ്യൂട്ടറിൽ പത്രത്തിൻെറ എല്ലാ ലേഖകൻമാരുടെയും സ്റ്റോറികൾ ലഭ്യമാകും; ഏതു ഫൊട്ടോഗ്രാഫറ ടെയും ചിത്രവും. അവ ഏതു രൂപത്തിലേക്കും എഡിറ്റു ചെയ്യാം. എഡിറ്റർ സ്വയം തയാറാക്കുന്ന പേജുകൾ തൽസമയം ടെലിക്കമ്യൂണിക്കേഷൻ ലൈനുകളിലൂടെ പ്രൊഡക്ഷൻ കേന്ദ്രങ്ങളിൽ എത്തും. അവിടെ വേണ മെങ്കിലും ഈ പേജിൽ മാറ്റങ്ങൾ വരുത്താം.

എഡിറ്റോറിയൽ കംപ്യൂട്ടർ സിസ്റ്റത്തിൽ വാർത്താ ഏജൻസികളിൽ നിന്നും ഇൻറർനെറ്റിൽ നിന്നുമുള്ള ചിത്രങ്ങളും ലഭ്യമാകും. കൊണ്ടു നടക്കാ വുന്ന ട്രാൻസ്മിറ്ററിലൂടെ ടെലിഫോൺ ലഭ്യമായ എവിടെ നിന്നും ചിത്ര ങ്ങൾ എഡിറ്റോറിയൽ കംപ്യൂട്ടർ സിസ്റ്റത്തിലേക്ക് ഫോട്ടോ ഷോപ്പിലേക്ക് അയയ്ക്കാം. ഫിലിമോ, നെഗറ്റീവോ വേണ്ടാത്ത ഡിജിറ്റൽ ക്യാമറകൾ കൂടി വന്നതോടെ നെഗറ്റീവ് അല്ലെങ്കിൽ പ്രിൻറ് എടുത്ത് ട്രാൻസ്മിറ്റ് ചെയ്യുന്നതിനുള്ള കാലതാമസവും ഒഴിവായി. ലാപ്പ് ടോപ്പ് കംപ്യൂട്ടറുകളും പേജറും സെല്ലുലാർ ഫോണും ലേഖകൻമാർക്ക് വാർത്ത അയയ്ക്കുന്നതി നുണ്ടായിരുന്ന പരിമിതികൾ ഇല്ലാതാക്കി. മനോരമയാണ് കേരളത്തിൽ ലേഖകർക്ക് ആദ്യമായി ലാപ്പ്ടോപ്പ് കംപ്യൂട്ടർ നൽകിയത്. ഫൊട്ടോ ഗ്രാഫർമാർക്ക് ഡിജിറ്റൽ ക്യാമറ കേരളത്തിൽ ആദ്യമായി നൽകിയതും മനോരമയാണ്.

പത്രം ലോകത്തിൻെറ ഏതു കോണിലുമുള്ള വായനക്കാരന് ഉടൻ എത്തിക്കുന്നതിനുള്ള ഇൻറർനെറ്റ് പതിപ്പുകൾക്കും കഴിഞ്ഞ ഒന്നര വർ ഷത്തിനുള്ളിൽ മലയാള പത്രങ്ങൾ തുടക്കമിട്ടു. 'ദീപിക'യും 'മനോരമ'യും ഒരേ സമയം ഇതാരംഭിച്ചെങ്കിലും ഔപചാരികമായ ഉദ്ഘാടനം ആദ്യം നടത്തിയത് 'ദീപിക'യാണ്. പാട്ടു കേൾക്കുന്നതിനുള്ള ഓഡിയോ പേജും വായനക്കാർക്ക് പരസ്പരം ആശയവിനിമയം നടത്തുന്നതിനുള്ള ലൈവ് ചാറ്റ്ഫോറവും ഉള്ള ഇൻറർനെറ്റ് പതിപ്പുമായി മലയാള പത്രങ്ങൾ ലോക മെങ്ങും മലയാളിയുടെ വീട്ടിലെത്തിക്കഴിഞ്ഞു. ലോകത്തെവിടെയും നിന്ന് വിവരങ്ങൾ ഇൻറർനെറ്റിലൂടെ ന്യൂസ് റൂമിലേക്കുമെത്തുന്നു.

കംപ്യൂട്ടർ സഹായത്തോടെയുള്ള ന്യൂസ്റൂം പ്രവർത്തനങ്ങളുടെ അടുത്ത ഘട്ടം വാർത്തയ്ക്കും എഡിറ്റർക്കുമിടയിൽ ഇനിയും അവശേഷിക്കുന്ന പല കടമ്പകളും മറികടക്കുന്നതാണ്. ഡിജിറ്റൽ ലൈബ്രറിയിൽ തരംതിരിച്ചു സൂക്ഷിക്കുന്ന വിവരങ്ങളും ചിത്രങ്ങളും പരസഹായമില്ലാതെ എഡിറ്ററുടെയും റിപ്പോർട്ടറുടെയും കംപ്യൂട്ടറിൽ ലഭ്യമാകും. വേണമെങ്കിൽ ഇൻറർനെറ്റിലൂടെ ലഭ്യമാകുന്ന വിവരങ്ങളും. നെഗറ്റീവ് ഇല്ലാതെ പേജ് നേരിട്ട് പ്ലേറ്റ് ആക്കുന്ന സാങ്കേതിക വിദ്യയും പത്രങ്ങളുടെ കയ്യെത്തും ദൂരത്ത് എത്തിക്കഴിഞ്ഞു. ചെറിയ സൈസിലുള്ള പ്രസിദ്ധീകരണങ്ങൾക്ക് ഈ സൗകര്യം ഇപ്പോഴെ ലഭ്യമാണ്.

സാങ്കേതിക മികവു പത്രങ്ങളുടെ ഉള്ളടക്കത്തിൻെറ ഗുണമേന്മയും വർധിപ്പിച്ചുവെന്ന കാര്യത്തിൽ സംശയമില്ല. ഒരിക്കൽ എഴുതി കമ്പോസ് ചെയ്ത വാർത്തയിൽ മാറ്റം വരുത്താൻ പഴയ പ്രയാസങ്ങൾ ഇന്നില്ല. അച്ചടിയുടെ ഏതു ഘട്ടത്തിലും വാർത്തയിൽ ആവശ്യമായ മാറ്റം വരുത്തി പുതിയത് ഉൾക്കൊള്ളിക്കാൻ മിനിറ്റുകൾ മതിയാകും. മുൻപൊക്കെ അച്ചടക്കുന്നതിന് രണ്ടുമണിക്കൂർ മുമ്പ് വാർത്തകൾ ക്ലോസുചെയ്യുമായിരുന്നെങ്കിൽ ഇന്ന് അച്ചടിക്ക് ഏതാനും മിനിട്ടു മുൻപേ പോലും വാർത്ത ചേർക്കാൻ കഴിയും. ഏറ്റവും പുതിയ വിവരങ്ങൾ ഏറ്റവും വേഗം വായനക്കാരനു നൽകാൻ ഇതുമൂലം കഴിയുന്നു. എല്ലാറ്റിനുമുപരി വാർത്തകൾ സംഘടിപ്പിക്കുന്നതും ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതും പേജ് ചെയ്യുന്നതും കൂടുതൽ എളുപ്പമായത്, പത്രത്തിൻെറ മൊത്തം നിർമാണ പ്രക്രിയയിൽ കൂടുതൽ സ്വാധീനവും നിയന്ത്രണവും പത്രപ്രവർത്തകനു സാധ്യമാക്കി.

പത്രം തയാറാക്കുന്നതിൻെറ ഓരോ ഘട്ടത്തിലെയും പുരോഗതി പ്രൊഡക്ഷൻ ട്രാക്കിങ് എന്ന സംവിധാനത്തിലൂടെ എവിടെയിരുന്നും നിരീക്ഷിക്കാനുമാവും. പേജ് തയാറാക്കൽ പൂർത്തിയാവും മുമ്പു തന്നെ വേണ്ട നിർദ്ദേശങ്ങൾ നൽകി മാറ്റങ്ങൾ വരുത്താൻ ഇതുമൂലം സാധിക്കുന്നു. തൻെറ വാർത്തയ്ക്കു കൊടുത്ത തലക്കെട്ടെന്താണെന്നും ഏതു പേജിൽ എന്തു വലിപ്പത്തിലാണ് അതു വരുന്നതെന്നുമൊക്കെ ഡൽഹിയിലിരുന്നും ശ്രീനഗറിലിരുന്നും ലേഖകന് തലേരാത്രിയിൽ തന്നെ കാണാം. സ്വാധീനമുണ്ടെങ്കിൽ ഇടപെട്ട് ഒന്നാം പേജിലേക്കു സ്ഥാനക്കയറ്റം നേടു

കയുമാവാം.

കംപ്യൂട്ടറും ആധുനിക വാർത്താ വിനിമയ ഉപാധികളും ഉപയോ ഗിച്ചു തുടങ്ങിയതോടെ ന്യൂസ് റൂമിന് ചുവരുകളുടെപരിമിതികളില്ലാതായി പ്രൊഡക്ഷൻ സെൻററിൽ നിന്ന് എത്ര അകലെയുള്ള ബ്യൂറോയിലിരി ക്കുന്ന ലേഖകനും ന്യൂസ് റൂമിൻെറ ഭാഗമാകാം. കംപ്യൂട്ടർ നെറ്റ്വർക്കു ഇ-മെയിലും ന്യൂസ് ലൈബ്രറിയിൽ കയ്യെത്താമെന്ന സൗകര്യവും എവി ടെയിരുന്നും സ്റ്റോറികൾക്കു പൂർണത നൽകാൻ പത്രപ്രവർത്തകനെ പ്രാപ്തനാക്കുന്നു. കൽക്കട്ടയിലിരുന്നു സി.പി.എം. ഉൾപ്പാർട്ടി രഹസ്യങ്ങ ളെഴുതുന്ന ലേഖകന് കേരളത്തിൽ തൻെറ പത്രത്തിൽ മുമ്പു വന്ന കുറിപ്പു കളിലൂടെ അവിടെയിരുന്നുതന്നെ കണ്ണോടിക്കാം. പരിമിതികളില്ലാത്ത ഈ പ്രവർത്തന സ്വാതന്ത്ര്യം പത്രപ്രവർത്തകനു കൂടുതൽ പ്രവർത്ത ശേഷിയു തൊഴിൽ സംതൃപ്തിയും നൽകുമെന്നതിൽ തർക്കമില്ല.

തൂലിക നഷ്ടമായെങ്കിലും പത്രപ്രവർത്തകന് ലഭ്യമായ പുതിയ 'ടൂൾസി'ൽ അഭിമാനിക്കുക തന്നെ ചെയ്യാം. ഇൻറർനെറ്റും സി-ഡി റോമു വഴി ന്യൂസ് റൂമിലെത്തുന്ന വിജ്ഞാന ഖനിയും സമയത്തെ തോല്പിക്കാ നുള്ള സാങ്കേതിക വിദ്യയും പുത്തൻ കരുത്തുമായി ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിജ്ഞാന/വാർത്താ വിസ്ഫോടനങ്ങളെ നേരിടാൻ പത്ര പ്രവർത്തകനു കഴിവു നൽകുമെന്നു തീർച്ച. ഇലക്ട്രോണിക് മാധ്യമങ്ങൾ വായനക്കാരനെ അക്ഷരങ്ങളിൽ നിന്ന് അകറ്റുമെന്ന ഭീതിക്കും കാര്യമി ല്ലെന്ന് ഇതിനകം തെളിയിക്കപ്പെട്ടു കഴിഞ്ഞു.

സൈഡ്ലൈനിൻെറ കടമ്പകൾ കടക്കാൻ പത്രപ്രവർത്തകനെ ഇനി യും സഹായിക്കുന്ന പല സാങ്കേതിക മുന്നേറ്റങ്ങളും അണിയറയിൽ ഒരു ങ്ങുന്നു.അവയിൽ ചിലത്:

- ടെലിഫോൺലൈൻ പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നിന്ന് നേരി ട്ടുള്ള സാറ്റ്ലൈറ്റ് റിസീവർ മുഖേന ലോകത്തെവിടെയും ബന്ധപ്പെടാ നുള്ള സൗകര്യം. പ്രകൃതിക്ഷോഭങ്ങളും മറ്റുമുണ്ടാകുന്ന സ്ഥലങ്ങളിൽ എല്ലാ വാർത്താ വിനിയ മാർഗങ്ങളും ഇല്ലാതായാലു ഈ സംവിധാനമുപയോഗിച്ച് വാർത്തയും പടങ്ങളും അയക്കാം

ലാപ്ടോപ്പ് കംപ്യൂട്ടർ ഉപയോഗിച്ച് വാർത്തകൾ ഇതിലൂടെ അയക്കുന്നു.

- നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് ഡിജിറ്റൽ നെറ്റ്വർക്ക് മുഖേനയുള്ള വീഡിയോ കോൺഫ്രൻസിംഗ്. ഡിജിറ്റൽ നെറ്റ്വർക്കിൻെറ ഭാഗമായ ആർക്കും കംപ്യൂട്ടറിലൂടെ മുഖം കണ്ട് ആശയവിനിമയം നടത്താൻ ഇങ്ങനെ സാധിക്കും. സാധാരണ കംപ്യൂട്ടറിനു പുറമെ വീഡിയോ കോൺഫ്രൻസിംഗ് കിറ്റും I.S.D.N. ലൈനുമാണ് ഇതിനുവേണ്ടത്. ഇന്ത്യയിലെ ചെറിയ നഗരങ്ങളിൽ പോലും I.S.D.N. (ഇൻറഗ്രേറ്റഡ് സർവീസ് ഡിജിറ്റൽ നെറ്റ്വർക്ക്) സൗകര്യം ഇപ്പോൾത്തന്നെ ലഭ്യമാണ്. വീഡിയോ കോൺഫ്രൻസിംഗിനു ഇപ്പോൾ വേണ്ട (വീഡിയോ ക്യാമറ ഉപയോഗിച്ചുള്ള) വിപുലമായ സന്നാഹങ്ങൾ ഇതിനു വേണ്ട. എവിടെയിരുന്നും ആരെയും ഇൻറർവ്യൂ ചെയ്യാനും മറ്റും ഇതു കൂടുതൽ സൗകര്യമാകും. കംപ്യൂട്ടറിലൂടെയുള്ള ഇ-മെയിൽ സൗകര്യം ഇപ്പോൾത്തന്നെ ലഭ്യമാണ്.
- ഇൻറർനെറ്റ് ഫോൺ (ഇൻറർനെറ്റ് കണക്ഷനും മൾട്ടിമീഡിയ കംപ്യൂട്ടറും) ഉപയോഗിച്ച് ലോക്കൽ കോളിൻെറ ചെലവിൽ ലോകത്തെവിടെയും ബന്ധപ്പെടാനുള്ള സൗകര്യം. സ്ഥാപനത്തിൻെറ കംപ്യൂട്ടർ നെറ്റ്വർക്കിൽ ഉൾപ്പെട്ട സ്ഥലങ്ങളിലേക്കും ചുരുങ്ങിയ ചെലവിൽ ഇതേ സൗകര്യമുപയോഗിച്ച് ആശയ വിനിമയം നടത്താം.
- കംപ്യൂട്ടറിൽ നിന്ന് പേജ് നേരിട്ട് പ്രസിലേക്കയക്കുന്നതിനുള്ള സംവിധാനം. അച്ചടിയിൽ പുതിയ വിപ്ലവത്തിനിടയാക്കുന്ന ഈ സാങ്കേതികവിദ്യ ഉപയോഗിച്ചു തുടങ്ങുന്നതോടെ പേജ് പൂർത്തിയായാലുടൻ പത്രം അച്ചടിക്കാം.
- വെബ് ടി.വി. ഇൻറർനെറ്റ് സൗകര്യങ്ങൾ ഉപയോഗിച്ചുള്ള ഈ ടി. വി. ട്രാൻസ്മിഷനിൽ ടി.വി.യിൽ കാണുന്നത് നേരിട്ട് കംപ്യൂട്ടറിലും ലഭ്യമാക്കാം.
- കേബിൾ ടി.വി. നെറ്റ് വർക്കിലൂടെ ഇൻറർനെറ്റ്, ഫോൺ സൗകര്യം:

വാർത്താവിനിമയത്തിൻെറ വേഗത വളരെ കൂടും.

- കൂടുതൽ ശേഷിയും വേഗതയുമുള്ള കമ്യൂണിക്കേഷൻ ലൈനുകൾ പത്രങ്ങൾക്കു ഏതാനും പുതിയ ഇനം വരിക്കാരെയും ലഭ്യമാക്കിയേക്കാം.
- ഫാക്സ് ഓൺ ഡിമാൻറ്: വായനക്കാരന് ആവശ്യമുള്ള വിവരങ്ങൾ മാത്രം ഫാക്സിൽ നൽകാം. പ്രത്യേക നമ്പറിലേക്കു ഡയൽചെയ്യുമ്പോൾ വേണ്ട വിവരങ്ങൾ ഫാക്സിൽ കിട്ടും. കംപ്യൂട്ടർ ഉപയോഗിച്ചുള്ള സംവിധാനം.
- പത്രങ്ങൾക്ക് ഇൻഫർമേഷൻ സർവീസുകൾ ആരംഭിക്കാം. ലൈബ്രറിയിൽ നിന്നുള്ള വിവരങ്ങളും മറ്റും ആവശ്യക്കാർക്ക് ഇതിലൂടെ നൽകാം.

ഇതിനെല്ലാം പുറമെ ജോലിസ്ഥലത്തെക്കുറിച്ചുള്ള പത്രപ്രവർത്തകൻെറ സങ്കല്പങ്ങൾ ഇനിയും മാറിയേക്കാം. കംപ്യൂട്ടറും മോഡവും ടെലിഫോൺ ലൈനോ അതിനുപകരമുപയോഗിക്കാവുന്ന കേബിൾ ചാനലോ ഉണ്ടെങ്കിൽ ഓഫീസിലെന്നപോലെ വീട്ടിലിരുന്നും ജോലി ചെയ്യാൻ കഴിയും. വർഷം തോറും ഓഫീസ് വലുതാക്കണ്ട, ഓഫീസ് സ്ഥലത്തിനും മേശ, കസാലകൾക്കും പണം മുടക്കണ്ട. സബ് എഡിറ്റർ വീട്ടിൽ ഇരുന്ന് എഡിറ്റ് ചെയ്തുതന്നാൽ മതി. തിരുവനന്തപുരത്ത് വൈകുന്നേരം ഡ്യൂട്ടിക്കെത്താൻ രാവിലെ കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന സഹപത്രാധിപർ ട്രെയിൻ വൈകി ഡ്യൂട്ടിസമയത്ത് തൃശൂർ വരെയേ എത്തിയുള്ളെങ്കിൽ അവിടെയിറങ്ങി തൃശൂർ ഓഫീസിൽ ഡ്യൂട്ടിയെടുത്താലും തിരുവനന്തപുരത്തെ പണി ചെയ്യാമെന്ന അവസ്ഥ.

കല്ലച്ചിൻെറ കർശന നിയന്ത്രണങ്ങളിൽ നിന്ന്, ഉരുകിയ ലോഹത്തിൻെറ ചെറിയ സ്വാതന്ത്ര്യങ്ങളിലൂടെ, ഡിജിറ്റൽ ന്യൂസ് റൂമിൻെറ അനന്ത സാധ്യതകളിലേക്ക് മലയാള പത്രങ്ങൾ വളർന്നിരിക്കുന്നു; ദൂരത്തിൻെറയും സമയത്തിൻെറയും പരിമിതികളെ മറികടന്ന്, കൂടുതൽ പൂർണതയ്ക്കുള്ള നിരന്തരമായ അന്വേഷത്തിൽ ഏതു സാങ്കേതികവിദ്യയും മലയാളത്തിനു വഴങ്ങുമെന്ന ആത്മവിശ്വാസത്തോടെ.



സി.വി. വാസുദേവഭട്ടതിരി

# സ്വാതന്ത്ര്യാനന്തര പത്രഭാഷ നേട്ടങ്ങളും കോട്ടങ്ങളും

ഈ ശീർഷകത്തിൽ 'പത്രഭാഷ' എന്നൊരു പദം കാണുമ്പോൾ ചിലർക്കെങ്കിലും സംശയം തോന്നാം: പത്രഭാഷ എന്നൊരു ഭാഷ ഉണ്ടോ? സംഭാഷണ ഭാഷയിൽ നിന്നും ലിഖിത ഭാഷയിൽ തന്നെ ഗ്രന്ഥങ്ങളുടെ ഭാഷയിൽ നിന്നും പത്രഭാഷയ്ക്ക് എന്തെങ്കിലും സവിശേഷതകൾ ഉണ്ടോ? ഉണ്ട് എന്ന് ഈ പ്രബന്ധത്തിൽ വിശദീകരിക്കും. സംഭാഷണത്തിലെയും ഗ്രന്ഥങ്ങളിലെയും മലയാളം തികച്ചും ഭിന്നസ്വഭാവങ്ങൾ ഉള്ളതാണ്. ഈ രണ്ടിൽ നിന്നും വളരെ ഭിന്നമാണു പത്രങ്ങളിലെ മലയാളം. ഈ മൂന്നു ഭാഷാഭേദങ്ങളുടെയും വിശദാംശങ്ങളിലേക്കു കടക്കും മുമ്പു മലയാള ഭാഷയുടെ ക്രമിക പുരോഗതി വിവരിക്കേണ്ടതുണ്ട്.

കൊല്ലവർഷാരംഭം വരെ കേരളത്തിലെ ഭാഷ മലനാട്ടു തമിഴായിരുന്നു. അതിനു പാണ്ടിത്തമിഴിൽ നിന്നു ചെറിയ ഭേദങ്ങളേ ഉണ്ടായിരുന്നുള്ളൂ. ക്രമേണ സംസ്കൃത സമ്പർക്ക ഫലമായി മലനാട്ടു തമിഴ് ഒരു സ്വതന്ത്ര സമ്പുഷ്ട ഭാഷയായി വളർന്നു. ആ കഥ സാഹിത്യ ചരിത്രകാരന്മാർ വിസ്തരിച്ചു പറയുന്നതുകൊണ്ട് ഇവിടെ അത് ആവർത്തിക്കുന്നില്ല. എന്നാൽ സംസ്കൃതം മലയാളത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് അല്പം വിസ്തരിച്ചു ധരിച്ചിരിക്കണം. ഋ,ഖ്,ഗ്,ഘ്,ഛ്,ജ്, ഝ്,ഠ്,ഡ്,ഢ്,ഥ്,ദ്,ധ്,ഫ്,ബ്,ഭ്,

ശ്,ഷ്,സ്,ഹ് എന്നിങ്ങനെ ഇരുപതു വർണങ്ങൾ മലയാളത്തിനു സംഭാവന ചെയ്തു സംസ്കൃതം. ക്ക,ങ്ക,ങ്ങ,ച്ച,ഞ്ച,ഞ്ഞ,ട്ട,ണ്ട,ണ്ണ,ത്ത,ന്ത,ന്ന,പ്പ,മ്പ, മ്മ,യ്യ,ല്ല, വ്വ,റ്റ, ന്റ എന്ന് ഇരുപതു കൂട്ടക്ഷരം മാത്രം ഉണ്ടായിരുന്ന മലയാളത്തിൽ ഇന്ന് അതിന്റെ അഞ്ചിരട്ടിയിൽ ഏറെ കൂട്ടക്ഷരങ്ങൾ ഉണ്ട്. സംസ്കൃത തദ്ഭവങ്ങൾ മാത്രം സ്വീകരിച്ചിരുന്ന മുപ്പതു വർണം മാത്രമുണ്ടായിരുന്ന മലയാളം ഇന്നു സംസ്കൃതത്തിലെ ഏതു ശബ്ദവും തത്സമരൂപത്തിൽ ഉൾക്കൊള്ളാൻ പര്യാപ്തമായി. ശബ്ദതാരാവലി എന്ന മലയാള നിഘണ്ടുവിൽ എൺപത്തഞ്ചു ശതമാനത്തോളം പദങ്ങൾ സംസ്കൃത തത്സമങ്ങളാണ്. ഇതു മലയാളത്തിലെ ഗ്രന്ഥഭാഷയെ ആണ് ഏറ്റവും അധികം സ്വാധീനിച്ചത്. മലയാളത്തിലെപ്പോലെ ഇംഗ്ലീഷ് മുതലായ ഭാഷകളിലെ നിഘണ്ടുക്കളിൽ ഏതെങ്കിലും അന്യഭാഷയിലെ പദങ്ങൾ മുഴുവൻ പകർത്തി കണ്ടിട്ടില്ല.

മലയാളത്തിലെ വർണസമ്പത്തിന്റെ വർധന സംസ്കൃത തത്സമശബ്ദങ്ങളുടെ മലയാളത്തിലേക്കുള്ള പ്രവേശനത്തിന് ആക്കം കൂട്ടി. ഈ പ്രതിഭാസം 19-ാം നൂറ്റാണ്ടിന്റെ മധ്യം വരെ തുടർന്നു. അതിന്റെ ഫലമായി രണ്ടു തരം ഗദ്യങ്ങൾ മലയാളത്തിൽ നിലവിൽ വന്നു.രണ്ടിനും ഓരോ ഉദാഹരണം കാണിക്കാം.

1. അസ്തപർവത നിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ അംബുജബന്ധു ബിംബത്തിൽ നിന്നും അംബരമധ്യത്തിൽ വിസൃമരങ്ങളായി ബന്ധൂക ബന്ധുരങ്ങളായ കിരണ കന്ദളങ്ങൾ ഹിമാലയ ഗിരിയുടെ തുംഗകളായ ശൃംഗപരമ്പരകളുടെയും ബദരീനാഥക്ഷേത്രത്തിന്റെയും അദഭ്രശുഭ്രകളായ ഹിമസംഹതികളിൽ പ്രതിബിംബിച്ചു പ്രകാശിച്ചു.''

2. എന്താണ് ഇങ്ങനെ ആലോചിക്കുന്നത്? പരമാർത്ഥം പറയേണ്ടിവരുന്നതായസ്ഥലങ്ങളിൽ ആളുകൾ മനുഷ്യരിൽ നിന്നുള്ള ഭീതികൊണ്ടോ കാര്യത്തിൽ വരാവുന്ന കഷ്ടങ്ങളെയോ നഷ്ടങ്ങളെയോ ഓർത്തോ വ്യഭിചരിച്ചു പറഞ്ഞാൽ അതിനുള്ള ദോഷം ഇന്നതാണെന്നു നല്ല അറിവുള്ള ഒരാളാകയാൽ ഇങ്ങനെ മനസ്സിന് ഒരു വ്യഥ ഉണ്ടാവുന്നതാണെന്ന് എനിക്കു നല്ല ഓർമ്മ എപ്പോഴും ഉണ്ട്.''

ഈ രണ്ടിൽ ആദ്യത്തേതു കേരളവർമയുടെ 'അക്ബർ' പരിഭാഷയിൽ നിന്ന് എടുത്തതും പണ്ഡിതരായ ലേഖകരുടെ എഴുത്തിൻെറ രീതി കാണിക്കുന്നതുമാണ്. രണ്ടാമത്തേത് ഒ.ചന്തുമേനോൻെറ നോവലായ 'ശാരദ'യിൽ നിന്ന് എടുത്തതും സാമാന്യലേഖകരുടെ ഭാഷാരീതി കാണിക്കുന്നതുമാണ്. മണിപ്രവാള സാഹിത്യത്തിൻെറ സ്വാധീനം പദ്യസാഹിത്യത്തിൽ കുറഞ്ഞപ്പോൾ പദ്യത്തിലും ഗദ്യത്തിലും നല്ല ഒരു ഗദ്യരീതി രൂപപ്പെട്ടു. ഈ ഗദ്യരീതി ക്രമേണ മെച്ചപ്പെട്ട് ഇരുപതാം നൂറ്റാണ്ടിൻെറ പകുതി ആയപ്പോഴേക്കു മലയാളത്തിൽ വിശേഷിച്ചും പത്രപംക്തികളിൽ ലളിതവും സുന്ദരവുമായ ഒരു ഗദ്യരീതി നിലവിൽ വന്നതു കാണാൻ മലയാളിക്കു ഭാഗ്യം ലഭിച്ചു. അമ്പതു കൊല്ലം മുമ്പുള്ള പത്രഭാഷയുടെ സ്വഭാവം ഇന്ന് ഓർക്കാൻ കഴിയുന്ന മലയാളികൾ സുദുർലഭമാണ്. അതുകൊണ്ട് അന്നത്തെ പത്രഭാഷയുടെ ഒരു രൂപം രണ്ടു മൂന്ന് ഉദ്ധരണങ്ങളിലൂടെ വ്യക്തമാക്കാം. ആദ്യത്തെ രണ്ട് ഉദ്ധരണങ്ങൾ 1122 ഇടവം അഞ്ചാം തീയതിയിലെ (1947 മെയ് 19) മലയാളരാജ്യം ദിനപത്രത്തിൽ നിന്ന് എടുത്തതാണ്. തീയതി മലയാള അക്കത്തിൽ തന്നെ ആണ് അന്ന് അടിച്ചിരുന്നത് എന്നുകൂടെ നിങ്ങളെ ഓർമിപ്പിക്കട്ടെ. ആ അക്കങ്ങൾ ഇന്ന് അറിയാവുന്നവർ നിങ്ങളിൽ പത്തു ശതമാനം പോലും വരാൻ ഇടയില്ല. നമുക്ക് എന്നേക്കുമായി ആ അക്കങ്ങൾ നഷ്ടപ്പെട്ടു.

"മുസ്ലീംകളെ ഭസ്മീകരിക്കുന്നതിന് അടുത്ത കാലത്തു ബീഹാറിൽ ഉണ്ടായ അഗ്നിപർവതത്തെ നിഃശേഷം നാമാവശേഷമാക്കിയതു കോൺഗ്രസ് ഗവൺമെൻറിൻെറ ഏറ്റവും സമർഥമായ സത്വര നടപടിവിശേഷം കൊണ്ടാണെന്നു വിശ്വസിക്കുന്നവർ ഉണ്ടായിരിക്കും. അല്ല, അക്രമം തുടർന്നുകൊണ്ടു പോയാൽ ബോംബു ചെയ്യുമെന്നുള്ള പണ്ഡിറ്റ് ജവഹരിലാൽ നെഹ്രുവിൻെറ ഭീതിപ്പെടുത്തൽ കൊണ്ടാണെന്നു പറയുന്നവരും കാണും. എന്നാൽ മരണത്തിൻെറ വായിലേക്കു പാഞ്ഞുപൊയ്ക്കൊണ്ടിരുന്ന നിരപരാധികളായ പരസ്സഹസ്രം മുസ്ലീംകളെ രക്ഷിച്ചതു ഫൻതുറലെ ഭയങ്കര ഭൂകമ്പം നിമിത്തം നരകയാതനകൾ അനുഭവിക്കേണ്ടി വന്ന ബഹുജനങ്ങളെ ആ നരകത്തിൽ നിന്നും കരകയറ്റിയ ബീഹാറിൻെറ അഭിമാന സർവസ്വമായ രാജേന്ദ്രബാബുവല്ലാതെ മറ്റാരുമല്ല. ഇരുപത്തിനാലു മണി

ക്കൂറിനുള്ളിൽ ലഹള ശമിപ്പിക്കാത്ത പക്ഷം മരണം വരെ ഉപവസിക്കുന്നതാ യിരിക്കുമെന്നുള്ള ഗാന്ധിജിയുടെ പ്രസ്താവന രാജൻബാബുവിൻെറ ജീ വിതത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ചോദ്യ ചിഹ്നമായി രുന്നു.''

ഇത് ഒരു ഫീച്ചറാണ്. ഇനി ഒരു വാർത്ത:

വൈസ്രോയിയും സ്റ്റാഫും ലണ്ടനിലേക്കു പുറപ്പെട്ടു.

വൈസ്രോയി മൗണ്ട് ബാറ്റൻ പ്രഭുവും പത്നിയും റിഫോംസ് കമ്മീ ഷണർ മി. വി.പി.മേനോനും സ്റ്റാഫും ഒരുമിച്ച് രാവിലേ വിമാനമാർഗം ഇം ഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു.

വൈസ്രോയി കറാച്ചിയിൽ

വൈസ്രോയിയും പാർട്ടിയും ഇന്നു ന്യൂഡെൽഹിയിൽ നിന്നു 12 മണി ക്ക് ഇവിടെ എത്തിയിരിക്കുന്നു. മാറി പോർ വിമാനത്താവളത്തിൽ വച്ച് സിൻ ഡ് ഗവർണർ സർ ഫ്രാൻസിസ് മൂഡി അവരെ സ്വീകരിച്ചു. ഒരു മണിക്കൂർ നേരത്തെ താമസത്തിനു ശേഷം വൈസ്രോയിയും പാർട്ടിയും കെയിറോയി ലേക്കു യാത്രയായി.

ഒരു മുഖപ്രസംഗമാതൃക(മലയാള മനോരമ,1924 ജൂൺ 5)

ഒരു ജാതി മറ്റൊരു ജാതിയെക്കാൾ താണതാണെന്നും അതുകൊണ്ട് അവർക്കു പൗരാവകാശ സമത്വം അനുഭവിച്ചു കൊടുക്കാൻ പാടില്ലെന്നും ശാഠ്യം പിടിക്കുന്നതു മൂലമാകുന്നു ഇന്ത്യയിലെ പല സ്ഥലങ്ങളിലും ക്ഷോ ഭങ്ങളും കലഹങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇനിയുമെങ്കിലും ഈ അസമതകൾ ഇല്ലാതാക്കുന്നതിനു ഗവൺമെൻറും ജനങ്ങളും ഏകോപി ച്ച് പ്രവർത്തിക്കുന്ന പക്ഷം രാജ്യത്തു സമാധാനവും ഐക്യവും ഐശ്വര്യ വും ഉണ്ടാകുന്നതാണ്.

ഇവിടെ എടുത്തു കാണിച്ച ഉദ്ധരണങ്ങളെല്ലാം ലളിത സുന്ദരമാണ് ഈ പ്രബന്ധകാരൻെറ മതത്തിൽ.സംഭാഷണഭാഷയോട് അങ്ങേയറ്റം അടുത്തു നിൽക്കുന്നു അവയിലെ ഭാഷ. ഈ ഭാഷയ്ക്കു പെട്ടെന്നു സ്വാത

ന്ത്ര്യലബ്ധിക്കു ശേഷം ഒരു മാറ്റം വരുകയല്ല ഉണ്ടായത്.ക്രമികമായ മാറ്റം ആയാലും അതിനു സ്വാതന്ത്ര്യപ്രാപ്തിയാണോ കാരണം എന്നു നമുക്കു പരിശോധിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തരം ലോകത്തിലും ഭാരതത്തിലും കേരളത്തിലും വന്ന സാമ്പത്തിക സാമൂഹിക സാംസ്ക്കാരിക വൈജ്ഞാനികരംഗങ്ങളിലെ മാറ്റങ്ങൾ ഒന്നു നിരീക്ഷിക്കാൻ ശ്രമിക്കാം. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി ആണു ലോകവൈജ്ഞാനികരംഗത്ത് ഉണ്ടായമാറ്റങ്ങൾക്കു കാരണം എന്ന് ഈ ലേഖകൻ പറയുന്നില്ല. ഈ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ഉണ്ടായ മാറ്റങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്.

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയോട് അടുത്തുതന്നെ വൈദേശിക ഭരണം ലോകത്തെ അനേകം രാഷ്ട്രങ്ങളിൽ അവസാനിച്ചു. സ്വാതന്ത്ര്യ ലബ്ധി വിദ്യാഭ്യാസ-ശാസ്ത്ര പുരോഗതി എവിടെയും സാധ്യമാക്കി. ശാസ്ത്രപുരോഗതിയുടെ ഫലമായി വാർത്താവിനിമയ-വിതരണരംഗങ്ങളിൽ വമ്പിച്ച മാറ്റങ്ങൾ വന്നു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഇന്ന് ലോകരാഷ്ട്രങ്ങളിലെല്ലാം പുരോഗതി നേടിക്കഴിഞ്ഞു. മലയാള പത്രങ്ങൾ പോലും ഇൻറർനെറ്റിൽ സ്ഥാനം പിടിച്ചുതുടങ്ങി. ലോകഭാഷകൾ പരസ്പരം പണ്ടത്തേതിലധികം അടുക്കുകയും ആദാനപ്രദാനങ്ങളുടെ വേഗം വർദ്ധിക്കയും ചെയ്തു. ആശയലോകം വികസിക്കാനും ഭാഷവളരാനും ഇത് ഇടയാക്കി. ഭാഷ വളരുക എന്നു പറഞ്ഞാൽ ശബ്ദസമ്പത്തു വളരുക,പ്രതിപാദനരീതിയിൽ പുതുമകൾ കൈവരുക എന്നാണ് അർത്ഥം. ഈ ഭാഷാവികാസത്തിന്റെ ത്വരിതഗതിയെ നിയന്ത്രിക്കാൻ ഒരു കേന്ദ്രശക്തിയില്ലാത്തതുകൊണ്ട് എല്ലാ ഭാഷയിലും കുറെയൊക്കെ അവ്യവസ്ഥ വളർന്നു വരാൻ ഇടയായി.

ഇനി കേരളത്തിൻെറ സവിശേഷ പരിതസ്ഥിതിയെപ്പറ്റിയും ചിന്തിക്കണം. ഏതാണ്ട് അരനൂറ്റാണ്ട് മുമ്പ് ഏക കേരളം നിലവിൽ വന്നു. മറ്റു ഭാഷകളുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളോടൊപ്പം മലയാള ഭാഷയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാനം നിലവിൽ വന്നു. ഏറെക്കുറെ സമാനമായ വിദ്യാഭ്യാസ രീതി അതോടെ ഇവിടെ രൂപം കൊണ്ടു. മലയാളം അധ്യയന മാധ്യമമായി. പത്രങ്ങളുടെ പ്രചാരം വളരെ വർധിച്ചു. അതോടെ ഭാഷയിലെ പ്രാദേശിക ഭേദങ്ങൾ കുറെയൊക്കെ മാഞ്ഞ് ഒരു മാനക ഭാഷ ഇവിടെ പ്രചാരത്തിൽ വന്നു. ഇതു പദങ്ങളുടെയും വാക്യഘടനയു

ടെയും ഐകരൂപ്യത്തെ സഹായിക്കയും ഭാഷയുടെ പുരോഗതിക്കു സഹ
യമാകയും ചെയ്തു.

കേരള സംസ്ഥാനം നിലവിൽ വന്നതു മറ്റൊരു രീതിയിലും ഭാഷാ
വൃദ്ധിക്കു കാരണമായി. നമുക്ക് ഒരു ഭാഷാഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായി. ശ
സ്ത്രമാനവിക വിഷയങ്ങളിൽ കലാശാലകളിൽ മലയാള മാധ്യമത്തിൽ
പഠനം നടത്താൻ ഉതകുംവണ്ണം പാഠ്യഗ്രന്ഥങ്ങൾ ആ സ്ഥാപനം പ്രസിദ്ധീ
കരിച്ചു. ഈ വിഷയങ്ങളിൽ സാങ്കേതിക പദങ്ങൾ സൃഷ്ടിക്കുകയും ശബ്ദ
വലികൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇന്നു പ്രാഥമികതലം മുതൽ
ബിരുദതലം വരെയും പല വിഷയങ്ങളിലും ബിരുദാനന്തര ബിരുദതലം വ
രെയും മലയാളത്തിൽ അധ്യാപനം സാധ്യമാണ്.

കേരളത്തിൽ വയോജന വിദ്യാഭ്യാസവും നിരക്ഷരരായ ശിശു-യു
വ-വൃദ്ധജനങ്ങളെ തേടിപ്പിടിച്ചു വിദ്യാഭ്യാസം നൽകലും നടന്നു. ഇങ്ങനെ
അക്ഷരജ്ഞാനം ഏറെക്കുറെ സാർവത്രികമായി. പത്രവാരികാമാസികകളു
ടെ പ്രചാരം പതിന്മടങ്ങായി വർദ്ധിച്ചു. ഇന്നു നാട്ടിൻ പുറത്തെ സ്ത്രീകളു
കുട്ടികളും പോലും പത്രഭാഷയിൽ സംസാരിക്കുന്ന വിചിത്ര പ്രതിഭാസം കൗ
തുകത്തോടെ ഈ ലേഖകനു കാണാൻ കഴിഞ്ഞിട്ടുണ്ട്. 'അത് ഒരു വലിയ
കാര്യമല്ല' എന്നു മുമ്പു പറഞ്ഞിരുന്നവർ ഇന്ന് 'അത് എനിക്ക് ഒരു
പ്രശ്നമല്ല' എന്നേ പറയൂ. പ്രശ്നം മുമ്പു ചോദ്യമോ ജ്യോതിഷക്കാരൻെറ
ഫലപ്രവചനത്തിനുള്ള മുന്നോടിയോ ആയിരുന്നു. നഷ്ടപ്രശ്നം, ദേവ
പ്രശ്നം, അഷ്ടമംഗല്യപ്രശ്നം എന്നൊക്കെ കേട്ടിരുന്നു. ഇപ്പോൾ കുടി
വെള്ളപ്രശ്നം, മയക്കുമരുന്നു പ്രശ്നം, കാലുമാറ്റപ്രശ്നം എന്നിങ്ങനെ
പ്രശ്നങ്ങൾ എണ്ണമറ്റു വളർന്നു.

നൂതനശൈലിയിൽ പറഞ്ഞാൽ, സാങ്കേതിക പദദൗർലഭ്യപ്രശ്നവും
വിദ്യാഭ്യാസ മാധ്യമപ്രശ്നവും പരിഹൃതമായപ്പോഴും വഞ്ചി തിരുനക്കരെത്ത
ന്നെ അനക്കമറ്റു നിന്നതേ ഉള്ളൂ. വിദേശങ്ങളിലെ ജോലി സാധ്യതയും
വിദേശപ്പണത്തിൻെറ സുലഭതയും ഒത്തുചേർന്നപ്പോൾ മലയാളമാധ്യമത്തി
ലുള്ള വിദ്യാഭ്യാസം ഗതികെട്ടവരുടെ കുട്ടികൾക്കു മാത്രമുള്ള ഒരു ഏർപ്പാ
ടായി തരം താഴ്ന്നു. അനുദിനം നൂറുകണക്കിന് ഇംഗ്ലീഷ് മീഡിയത്തിലു

ള്ള അംഗീകൃത സ്കൂളുകൾ അവിടെവിടെ മുളച്ചു പൊന്തുന്നു. മറ്റു സ്കൂളുകളിൽ തന്നെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങുന്നു. പുതുപ്പണക്കാർ തങ്ങളുടെ കുട്ടികൾ മലയാളം കേട്ടു വളരാതിരിക്കാൻ അവരുടെ വിദ്യാഭ്യാസം തന്നെ കേരളത്തിനു പുറത്തുള്ള ഇംഗ്ലീഷ് മീഡിയം റെസിഡെൻഷ്യൽ സ്കൂളുകളിൽ ആക്കുന്നു.

നമ്മുടെ ത്രിഭാഷാ പാഠ്യപദ്ധതി കാരണം ഒരു ഭാഷയിലും പ്രാവീണ്യം നേടാൻ നമുക്കു കഴിയുന്നില്ല. ഒരു ഭാഷയിൽ പ്രാവീണ്യം നേടിയ ആൾക്കു മറ്റൊരു ഭാഷ നന്നായി പഠിക്കാൻ എളുപ്പമുണ്ട്. ഇന്ന് ഒരു ഭാഷയും നന്നായി പഠിക്കാൻ ഇടവരാതെ ബിരുദം എടുത്തു പുറത്തിറങ്ങുന്നവർ ഒന്നോ രണ്ടോ ലക്ഷം മുടക്കി അധ്യാപകരാകുന്നു. ഭാഷയിൽ പ്രാവീണ്യം നേടാത്ത ഈ അധ്യാപകർ കുട്ടികളെ നന്നായി പഠിപ്പിക്കാൻ കഴിവുള്ളവരല്ല. തങ്ങളുടെ കയ്യിലുള്ളതല്ലേ മറ്റൊരാൾക്കു കൊടുക്കാൻ കഴിയൂ?. ഈ അനർഹരുടെ ശിക്ഷണത്തിൽ പഠിക്കുന്ന കുട്ടികൾ വളർന്നു വീണ്ടും അധ്യാപകരാകുന്നു. ഈ ദൂഷിതവലയം ഇന്ന് ഏറ്റവും ശോച്യമായ നിലയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു.

ഇംഗ്ലീഷ് മാധ്യമം മലയാള പഠനത്തിനു ദ്രോഹം ചെയ്യുന്നു എന്നല്ലാതെ ഇംഗ്ലീഷിൽ കുട്ടികൾക്കു കൂടുതൽ സ്വാധീനം നേടിക്കൊടുക്കുന്നില്ല. കാരണം മാധ്യമം ഏതായാലും അധ്യാപകർ കുട്ടികളോടു സംസാരിക്കുന്നതു മലയാളത്തിൽത്തന്നെ ആണ്. നോട്ടു കൊടുത്തു ഹൃദിസ്ഥമാക്കിക്കുക എന്നതു മാത്രമാണ് ഇന്നത്തെ അധ്യാപനം. മാധ്യമങ്ങൾ തമ്മിലുള്ള ഒരേ ഒരു ഭേദം നോട്ടുകൾ ഏതു ഭാഷയിൽ പറഞ്ഞു കൊടുക്കുന്നു എന്നു മാത്രമാണ്. ഇംഗ്ലീഷ് മാധ്യമ സ്കൂളുകളിൽ ഇംഗ്ലീഷ് കൂടി മലയാളത്തിലാണ് പഠിപ്പിച്ചുവരുന്നത്. ഇന്നു നമുക്ക് അധ്യാപകരില്ല. റ്റിച്ചേഴ്സിൻെറ സ്ഥാനം കോച്ചുകൾ കയ്യടക്കിയിരിക്കുന്നു. ഫുട്ബോൾ കോച്ചുപോലെ ഇംഗ്ലീഷ് കോച്ച്, മാത്ത്സ് കോച്ച് എന്നൊക്കെയേ നമ്മുടെ അധ്യാപകരെ ശരിക്കു വിശേഷിപ്പിക്കാൻ കഴിയൂ. സാങ്കേതിക പദങ്ങൾ ഉണ്ടായിട്ടും ഒരു കോളേജിലും ഒരു വിഷയം പോലും ചരിത്രം പോലും മലയാളത്തിൽ പഠിപ്പിച്ചു തുടങ്ങിയിട്ടില്ല. മാതൃഭാഷ മലയാളം ആണെന്നുള്ളതു തന്നെ ആക്ഷേപാർഹമായിരിക്കെ ആ ഭാഷയിൽ കോളേജിൽ സംസാരിക്കാൻ കൂടി

മുതിരുന്നവർ എത്രമോശക്കാരായി തീരും! അതുകൊണ്ട് ഒരധ്യാപകനും മലയാളത്തിൽ നോട്ടുകൊടുക്കാൻ ഒരുങ്ങുകയില്ല, ഇംഗ്ലീഷ് നന്നായി കൈകാര്യം ചെയ്യാൻ കഴിയാതെ ഇംഗ്ലീഷ് ഉൾപ്പെടെ ഏതു വിഷയം പഠിപ്പിക്കുമ്പോഴും മലയാളത്തിൽ സംസാരിക്കേണ്ടി വന്നാലും. ഇവിടെ ദുരഭിമാനമാണു നമ്മെ വലയ്ക്കുന്നത്. മാതൃഭാഷാഭിമാനം ഇല്ലായ്കയാണ് ഇന്നത്തെ മലയാളത്തിൻെറ ദുരവസ്ഥയ്ക്കു കാരണം.

മലയാളഭാഷയുടെ ഇന്നത്തെ ശോച്യാവസ്ഥയ്ക്കു മുഖ്യകാരണം പാഠ്യപദ്ധതിയും അധ്യാപകരുമാണ്. കാര്യമാത്ര പ്രസക്തമായ ശുദ്ധമലയാളം എഴുതുവാനുള്ള പരിശീലനം ഒരു ക്ലാസിലും ഇന്നു വിദ്യാർത്ഥികൾക്കു നമ്മൾ നൽകുന്നില്ല. വ്യാകരണം, അലങ്കാരം, വൃത്തം ഇവ നിഷ്പ്രയോജനമായി പഠിപ്പിക്കുന്നു. നാമം, ക്രിയ, വിശേഷണം, പേരെച്ചം, വിനയെച്ചം മുതലായ സംജ്ഞകളും അവയുടെ നിർവചനോദാഹരണങ്ങളും സന്ധിസമാസഭേദങ്ങളും പഠിച്ചു നമ്മൾ എന്തു നേടുന്നു? വിവരണാത്മക വ്യാകരണമല്ല പ്രയുക്തവ്യാകരണമാണു പ്രയോഗപരിശീലനത്തിൽ ആവശ്യം എന്നു നമ്മൾ മനസ്സിലാക്കുന്നില്ല. എന്നാൽ,എങ്കിലും,പോലും,പോൽ, പക്ഷേ മുതലായ ഘടകപ്രധാന ശബ്ദങ്ങളിലാണ്(Structural words) അർത്ഥ പ്രധാന ശബ്ദങ്ങളിലല്ല(Content words) ഭാഷാപഠനത്തിൽ ഊന്നൽ നൽകേണ്ടത് എന്നകാര്യം നമ്മൾ മറക്കുന്നു.

സാഹിത്യാഭിരുചിയോ സാഹിത്യാസ്വാദനശക്തിയോ പത്തു ശതമാനത്തിലധികം വിദ്യാർത്ഥികളിൽ ഇല്ല. എന്നിട്ടും സാഹിത്യ പ്രധാനമാണു നമ്മുടെ അധ്യാപനരീതി. വൃത്താലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണജ്ഞാനം സാഹിത്യ സൃഷ്ടിക്കോ ആസ്വാദനത്തിനോ ആവശ്യമില്ല. ഒരു വാസനാകവി വൃത്തസംജ്ഞയോ വൃത്ത നിയമമോ അറിഞ്ഞില്ലെങ്കിലും അയാളുടെ കവിത ഉചിതമായ വൃത്തത്തിൽ വാർന്നു വീഴും. ഉചിതാലങ്കാരങ്ങൾ അയാൾ യഥാസ്ഥാനം വിന്യസിക്കും. വൃത്തലാങ്കാരപഠനം കൊണ്ടു സാഹിത്യസൃഷ്ടിയോ സാഹിത്യാസ്വാദനമോ സാധ്യം ആവുകയില്ല. എന്നിട്ടും കുട്ടികളെ ഉപദ്രവിക്കാൻ മാത്രമായി ഇന്നു നമ്മൾ ഇതൊക്കെ അവരുടെ തലയിൽ കയറ്റിവിടാൻ ശ്രമിക്കുന്നു. വികലപ്രയോഗങ്ങൾ മഹാകവി പ്രയോഗങ്ങളിൽ പോലും കടന്നുകൂടുന്നു. അതൊന്നും നോക്കാതെ ജാതി

മത പരിഗണനകൾ മാത്രം വച്ചു നമ്മൾ പാഠങ്ങൾ തിരഞ്ഞെടുക്കുന്നു. അവിദഗ്ധരായ, ഭാഷാജ്ഞാനം വേണ്ടത്ര ഇല്ലാത്ത, അധ്യാപകർ അവ പഠിപ്പിക്കുന്നു. അങ്ങനെ ഭാഷാജ്ഞാനം നേടുന്നതിൽ നാം പരാജയപ്പെടുന്നു.

ഇത്രയും രാഷ്ട്രീയ സാമൂഹിക സ്ഥിതികളെപ്പറ്റി പറഞ്ഞശേഷം ഇനി ഇന്നത്തെ മലയാളം എത്തി നിൽക്കുന്ന സ്ഥിതിയെപ്പറ്റി പറയാം. ആദ്യം മലയാളത്തിൻെറ നേട്ടത്തെപ്പറ്റി പറയാം. സൂര്യനു താഴെയുള്ള ഏതു വിഷയത്തെപ്പറ്റിയും എഴുതാൻ കഴിയത്തക്കവണ്ണം ഇന്നു മലയാളം വളർന്നിരിക്കുന്നു. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറയും പണ്ഡിതന്മാരുടെയും പരിശ്രമഫലമായി സാങ്കേതിക വിഷയങ്ങളിൽപ്പോലും നമുക്ക് ഇന്നു ശബ്ദദാരിദ്ര്യമില്ല. ഇല്ലാത്ത സാങ്കേതിക ശബ്ദങ്ങൾ കടംകൊള്ളുകയും ചെയ്യാം. ആ രീതി സമ്പന്നം എന്നു നമ്മൾ അംഗീകരിക്കുന്ന ഇംഗ്ലീഷിൽ പോലുമുണ്ട്. ഗ്രീക്-ലാറ്റിൻ പദങ്ങളും ആധുനിക യൂറോപ്യൻ ഭാഷാപദങ്ങളും ആയിരക്കണക്കിലുണ്ട് ഇംഗ്ലീഷിൽ. അവ നമുക്കും സ്വീകാര്യമാണ്. നമുക്ക് ഇന്നു നിഘണ്ടുകളും വിജ്ഞാനകോശങ്ങളും ഉണ്ട്. വിജ്ഞാനകോശങ്ങളിൽ ഏതു വിഷയത്തെപ്പറ്റിയും വിദഗ്ധ ലേഖനങ്ങൾ ഉണ്ട്. ഇന്ത്യയിലെ മറ്റേതു ഭാഷയിലും ഉള്ളതിലേറെ പത്രവാരികകളും ഗ്രന്ഥങ്ങളും നമുക്കുണ്ട്, ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ. സാഹിത്യത്തിൻെറ ഗുണനിലവാരത്തിലും മറ്റേത് ഇന്ത്യൻ ഭാഷയോടും കിടപിടിക്കും മലയാളം. ഇതിൽ നമുക്ക് അഭിമാനിക്കാം.

ഭാരതത്തിൻെറ സാംസ്ക്കാരികഭാഷയായ സംസ്കൃതത്തിൽ നിന്നും വിദേശഭാഷകളിൽ നിന്നും നൂറുക്കണക്കിൽ പ്രമുഖ സാഹിത്യകൃതികൾ മലയാളത്തിൽ ഭാഷാന്തരീകൃതമായിട്ടുണ്ട്. ശാസ്ത്രവിഷയങ്ങളിൽ ഗ്രന്ഥങ്ങളും ലേഖനങ്ങളും അനുദിനം മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നുമുണ്ട്. അച്ചടി,ഗ്രന്ഥപ്രസിദ്ധീകരണം മുതലായ കാര്യങ്ങളും ഇന്നു മലയാളത്തിൽ മെച്ചപ്പെട്ട നിലയിലാണ്. ഇതെല്ലാം അഭിമാനവഹമായ കാര്യങ്ങൾ തന്നെ.

ഇനി കോട്ടങ്ങളെപ്പറ്റി കൂടി പറയട്ടെ. ആദ്യം ലിപി വിന്യാസത്തെപ്പറ്റി പറയാം. സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്,ഹിന്ദി,ബംഗാളി മുതലായ ഭാഷകളി

ലൊന്നും മലയാളത്തിലെ അത്ര അവ്യവസ്ഥ കാണുന്നില്ല. ഈ അവ്യവസ്ഥയ്ക്കു ദേശ്യഭേദവും ഒരു പരിധിവരെ കാരണം ആകുന്നുണ്ട്. ഉദാഹരണത്തിന്

| | |
|---|---|
| അങ്ങനെ | അങ്ങിനെ |
| ഇങ്ങനെ | ഇങ്ങിനെ |
| എങ്ങനെ | എങ്ങിനെ |

എന്ന മാറ്റം നോക്കുക.ഇവയിൽ ആദ്യത്തേതു ശരി എന്നും മറ്റത് അപപാഠം എന്നും ശബ്ദതാരാവലി പറയുന്നു. പക്ഷേ നിഘണ്ടുകാരൻ 'അങ്ങനെ'എന്നിടത്ത് 'അങ്ങിനെ'നോക്കാൻ പറയുന്നു. 'അങ്ങിനെ'യോടൊപ്പം അപപാഠം എന്ന് എഴുതിയ ശേഷം അർത്ഥം കൊടുക്കുന്നു. ശുദ്ധരൂപത്തോടൊപ്പം അർത്ഥം കൊടുക്കാത്ത ഏതെങ്കിലും നിഘണ്ടുകാരൻ ഏതെങ്കിലും ഭാഷയിൽ വേറേ കാണുമോ? 'ക്കു'ചേരാത്ത ക്രിയാരൂപത്തിനു 'ക്കു' ഉള്ള നടക്കുക തന്നെ ഉദാഹരണം എഴുതിയ ആളാണു ശബ്ദതാരാവലികാരൻ. പിന്നെയും യഥേഷ്ടം തമാശകൾ ആ നിഘണ്ടുവിൽ കാണാം. നമ്മുടെ എല്ലാ നിഘണ്ടുകാരന്മാരും തമാശക്കാരാണ്, മലയാളം ലക്സിക്കൺ നിർമാതാക്കൾ ഉൾപ്പെടെ എന്നുകൂടി പറയട്ടെ.

മാനകരൂപങ്ങൾ അക്ഷരക്രമത്തിൽ കൊടുക്കുകയും അവയോടൊപ്പം ദേശ്യഭേദവും കൊടുത്തിട്ട് അർഥം കൊടുക്കുകയുമാണ് നല്ല നിഘണ്ടുകാരന്മാരുടെ രീതി.

ചില പദങ്ങൾക്കു മൂന്നും നാലും ഭിന്നലിപിഭേദങ്ങൾ അഥവാ രൂപഭേദങ്ങൾ കാണാം.

ചെമപ്പ്,ചുമപ്പ്,ചുവപ്പ്,ചുകപ്പ്

എന്നിവ കൂടാതെ കവികൾ 'ചോപ്പ്'മുതലായി പിന്നെയും രൂപാന്തരങ്ങൾ പ്രയോഗിക്കുന്നു.

| | |
|---|---|
| ചുമർ | ചുവർ |
| കുടർമാല | കുടൽമാല |

മുതലായി സ്വതന്ത്രവ്യത്യയങ്ങൾ എന്നു ഭാഷാശാസ്ത്രജ്ഞർ പറയുന്ന

പദങ്ങൾ ഈ കൂട്ടത്തിൽ പെടുത്തുന്നില്ല.

| | |
|---|---|
| മടയൻ | മഠയൻ |
| പോഴൻ | ഭോഷൻ |
| പാരിച്ച | ഭാരിച്ച |

എന്നിങ്ങനെ ആവശ്യമില്ലാതെ പല പദങ്ങൾക്കും അജ്ഞതകൊണ്ടു മാത്രം നമ്മൾ ഉച്ചാരണ-ലിപിഭേദങ്ങൾ സൃഷ്ടിക്കുന്നു. 'മട'അടുക്കളയും മടയൻ അവിടെ ജോലി ചെയ്യുന്നവനുമാണ്. വിറകുവെട്ടുന്നവനും വെള്ളം കോരുന്നവനുമായ പാചകൻ നല്ല ഭക്ഷണം തയ്യാറാക്കിയാലും വിശിഷ്ടന്മാരുടെ ഭോജനം കഴിഞ്ഞു ബാക്കിയുള്ള വിഭവങ്ങൾ അതും ആറിത്തണുത്ത ശേഷമാണല്ലോ അയാൾക്കു കിട്ടുന്നത്. അന്യർക്കുവേണ്ടി അധ്വാനിക്കുന്ന പാചകനെ നമ്മൾ ബുദ്ധിഹീനൻ എന്നു കരുതി. ആദ്യം മടയൻ പാചകൻ മാത്രം ആയിരുന്നുവെങ്കിലും പിന്നെ ബുദ്ധിഹീനരെല്ലാം മടയരായി, അർഥവികാസം കാരണം. ഇന്നു ചില മടയന്മാർ മഠയൻ എന്ന് എഴുതുമ്പോൾ ഈ ശുദ്ധപദം വിസ്മൃതമാകുന്നു.

സ്വൈരം എന്ന പദം ഇന്നു ചിലർ 'സ്വര്യം'എന്നും മറ്റു ചിലർ 'സ്വൈര്യം'എന്നും എഴുതുന്നു. ഉച്ചാരണശുദ്ധിയെപ്പറ്റി പറയുമ്പോൾ മറ്റു ചില വൈകല്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. വ്യഞ്ജനങ്ങളുടെ മുമ്പിൽ ചേരുന്ന രേഫത്തെ(ര് എന്ന വ്യഞ്ജനത്തെ) 'ർ'എന്നാണല്ലോ ഇന്ന് എഴുതി കാണുന്നത്. 'റ'യുടെ സ്വരം ചേരാത്ത രൂപത്തിനും ലിപി ഇതുതന്നെ. വൈയാകരണൻെറ ഭാഷയിൽ പറഞ്ഞാൽ രേഫറകാരങ്ങളുടെ ചില്ല് ഒന്നു തന്നെ. മാറ്+ചട്ട-മാർച്ചട്ട ആകുമ്പോൾ അവിടെ റ കാരച്ചില്ലാണു വരുന്നത്. തേര്+തട്ട്-തേർത്തട്ട് ആകുമ്പോൾ അവിടെ ഉള്ളതു രേഫച്ചില്ലാണ്. പക്ഷേ മലയാളത്തിൽ ഇതു രണ്ടും ഒരേ ഉച്ചാരണത്തോടെ വായിക്കാം. എന്നാൽ സംസ്കൃതപദങ്ങളിൽ രേഫം മാത്രമേ ഉള്ളൂ എന്നോ രേഫത്തിൻെറ ഉപസ്വനം(allophone) മാത്രമാണു റ കാരം എന്നോ പറയാം. അവിടെ ര,റ ഈ രണ്ടിൻെറയും ഉച്ചാരണങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ കേൾക്കണം. അർക്കൻ,സർഗം,ദീർഘം,ഊർജം,വർണം,വർമം മുതലായവയിൽ റ കാര ധ്വനിയാണ് ഉള്ളതെങ്കിൽ സ്പർശം,ആർഷം,ശീർഷം,അർഹത ഇവയിൽ രേഫധ്വനി ആണു വേണ്ടത്. യ,ശ,ഷ,ഹ കളോടൊപ്പം എവി

ടെയും മുമ്പു നമ്മാം രേഫധ്വനിയും മറ്റിടങ്ങളിൽ റ കാരധ്വനിയും സ്വീക
ച്ചിരുന്നു. സൂർയൻ ഇന്നു സൂര്യൻ എന്നെഴുതുകയാൽ ധ്വനി തെറ്റുന്നില്ല.

വ്യഞ്ജനങ്ങളുടെ പിന്നിലും ഉണ്ട് ഈ ഉച്ചാരണഭേദം. ഗ,ജ,ദ,ബ ഇവയ്ക്കു പിന്നിൽ രേഫമാണ് ഉച്ചരിക്കുന്നത്. ഗ്രാമം,വജ്രം,മുദ്ര,ബ്രഹ്മ എന്നിങ്ങനെ. മറ്റിടങ്ങളിൽ റ കാരധ്വനിയാണ്.

ന കാരത്തിനും മലയാളത്തിൽ രണ്ടു ധ്വനി ഉണ്ട്, നനഞ്ഞു എന്നതിൽ ഈ രണ്ടു ധ്വനിയും കോക്കാം. ആദ്യധ്വനി ദന്ത്യവും(dental) മറ്റതു വർത്സ്യവും(alveolar) ആണ്. സ്വപ്നം,വിഘ്നം,പ്രശ്നം,നഗ്നം,സ്നാനം ഈ പദങ്ങളിൽ ഗ,ഘ,പ,ശ,സ ഇവയോടൊപ്പം മുമ്പു നാം നകാരമാണ്(ദന്ത്യ ധ്വനിയാണ്) ഉച്ചരിച്ചു വന്നത്. ഇന്ന് അതു വർത്സ്യധ്വനിയായി മാറിയിരിക്കുന്നു. ഉച്ചാരണത്തെപ്പറ്റിയുള്ള ഈ ചർച്ച നിർത്തിയിട്ടു ലിപിവിന്യാസ ചർച്ച തുടരാം.

| | |
|---|---|
| ചെരിപ്പ് | ചെരുപ്പ് |
| പരിക്ക് | പരുക്ക് |
| ചവിട്ട് | ചവുട്ട് |

ഇങ്ങനെ പല വാക്കും ഭിന്നരീതിയിൽ എഴുതിക്കാണുന്നു.

ഇംഗ്ലീഷ് വാക്കുകാം മലയാളത്തിൽ എഴുതുന്ന രീതിക്കും ഐകരൂപ്യമില്ല.

മീറ്റിങ് , മീറ്റിങ്ങ്, മീറ്റിംഗ്

ഇത് യോഗം,സമ്മേളനം എന്നിങ്ങനെ തരം പോലെ എഴുതി അവ്യവസ്ഥ ഒഴിവാക്കാം.

| | |
|---|---|
| ഡോക്ടർ | ഡോക്റ്റർ |
| ബജറ്റ് | ബഡ്ജറ്റ് |
| ബാങ്ക് | ബേങ്ക് |
| പോസ്റ്റുമാൻ | പോസ്റ്റ്മേൻ |

എന്നിങ്ങനെ പോകുന്നു ഇനി ഒരു വക.

ഇംഗ്ലീഷിൽ 'ട' ഇല്ലായ്കയാൽ 'റ്റ' എന്ന് എഴുതുകയാവും നന്ന്. ബാ

ങ്,ബേങ്ക് ഇതു രണ്ടും വേണ്ട. man,bank ഇവയിലെ മധ്യസ്വരം മീത്തൽ കൊടുത്ത് ബ്ാങ്ക്,മ്ാൻ എന്നിങ്ങനെ എഴുതുകയല്ലേ നന്ന് എന്ന് ആലോചിക്കണം.

കൂട്ടക്ഷരം എവിടെ വേണം, വേണമെങ്കിൽ എങ്ങനെ എന്നും ആലോചിക്കണം. അവിടെയും കാണുന്നു അവ്യവസ്ഥ.

ഝടിതി ഝടുതി എന്നു തെറ്റിച്ച് എഴുതുന്നവർ വളരെ ഉണ്ട്. എന്നാൽ 'ഝ'കൂട്ടക്ഷരം ആണെന്നു ധരിച്ച് ഇന്നു പലരും(ആ കൂട്ടത്തിൽ മലയാളത്തിൽ ഏറ്റവും അധികം പ്രചാരം ഉണ്ടെന്ന് അവകാശപ്പെടുന്ന ദിനപത്രവും വാരികയും പെടും എന്നുകൂടി പറയട്ടെ) അതു പിരിച്ച് 'ത്ധ'എന്ന് എഴുതിക്കാണുന്നു. ഇനി ബകാരത്തെ പിരിച്ച് പുള്ളിയുടെ മേൽ മീത്തൽ ഇട്ട് വകാരവും ചേർക്കുമോ എന്നു സംശയിക്കേണ്ടി ഇരിക്കുന്നു. 'ഞ' കാരത്തെ പുള്ളിയും തകാരവുമായും പിരിക്കാം!. ഈ പരിഹാസ്യതയെങ്കിലും ഒഴിവാക്കേണ്ടേ?

ത്രിമധുരത്തെ തൃമധുരമാക്കിയ ശേഷം തിരുമധുരമായും മാറ്റിക്കാണുന്നു. ഇതു സിനിമപ്പാട്ടിൽ മാത്രമല്ല. ഋ കാര രേഫങ്ങൾ പലെടത്തും പരസ്പരം മാറിപ്പോകുന്നു. 'ഹൃസ്വം'ആയി മാറിയിരിക്കുന്നു 'ഹ്രസ്വം' ഹൃദയത്തെ ഹ്റുദയവും കൃഷ്ണനെ ക്രുഷ്ണനും ആക്കാനും പലർക്കും മടിയില്ല. നെഹ്രുവിനെ 'നെഹ്റു'ആക്കുന്നതു പോകട്ടെ എന്നു വയ്ക്കാമോ, ഒരു പേരല്ലേ എന്നു ഗണിച്ച്? തൃതീയ ത്രിതീയ ആയിപ്പോകുന്നു.

'തത്ത്വം' വേണം 'തത്വം' പോരാ എന്ന് ഒരു കൂട്ടർ. സമസ്തപദത്തിലെ ഘടകങ്ങൾ വേർതിരിഞ്ഞു കാണണമത്രേ. അപ്പോൾ 'തത്ത്വം' വേണ്ടേ എന്നാണു ചോദ്യം. പക്ഷേ രണ്ടും വായിക്കുന്നത് ഒരേവിധമാകയാൽ ലിപിലാഭം അഭികാമ്യമല്ലേ എന്നു തോന്നും. ഈ ലേഖകൻ ആ പക്ഷത്താണ്.

ഏതു പദത്തിൻെറയും ഉച്ചാരണം തെറ്റിയാൽ ക്രമത്തിൽ ലിപി വിന്യാസത്തിലും തെറ്റുവരാം. 'ശ്ച' ഇന്നു 'ച്ഛ' ആയി ഉച്ചരിച്ചു കേൾക്കുന്നു. പാച്ഛാത്യർ,പച്ഛാത്തലം എന്നിങ്ങനെ എഴുതി തുടങ്ങാനും അധികം താമസം വരുകയില്ല.

ഇരട്ടിപ്പ് ഉച്ചാരണത്തിൽ ഉള്ളിടത്തും ലിപിയിൽ അതു വരുത്തായ്ക കാണുന്നു. മനസ്സിൽ,വയസ്സ് മുതലായവയിൽ സകാരം ഇരട്ടിക്കായ്ക ഒരു പ്രമുഖ ദിനപത്രം തങ്ങളുടെ മാതൃകയായി സ്വീകരിച്ചിരിക്കുന്നു. അഛൻ, പ്രതിഛായ എന്നും ആകും താമസിയാതെ. ഭാഷാശാസ്ത്രജ്ഞരായി നടിച്ചു നിയമങ്ങൾ സൃഷ്ടിക്കാനും ചിലർ മുതിർന്നു കാണുന്നു. ചില്ലിനു ശേഷം ഏതു വ്യഞ്ജനവും ഇരട്ടിച്ചു വായിക്കും എന്നൊരു മതം ചിലർ ഉന്നയിച്ചു കാണുന്നു.

കാൽനഖം,പേർപിടി,കാർമേഘം,കോൾനിലം,മൺപുര,അലർശരൻ,തൻകാര്യം,മാൺപ്,തേൾകടി ഇങ്ങനെ എണ്ണമറ്റ വാക്കുകൾ ഉണ്ട് ചില്ലിനു ശേഷം വ്യഞ്ജനത്തിന് ഇരട്ടിപ്പു വരാത്തതായി.അപ്പോൾ പാർടി, പ്രവർത്തിക്കുക,കുട്ടികൾക്,ആവർതനം എന്നൊക്കെ എഴുതാമോ? ഈ രീതി ഉച്ചാരണത്തെയും ക്രമത്തിൽ ദുഷിപ്പിക്കില്ലേ?

സംസ്കൃത വിഭക്തന്ത്യപദങ്ങൾ കഴിയുന്നത്ര ഒഴിവാക്കാനുള്ള ശ്രമം വേണ്ടതാണെങ്കിലും ആ ശ്രമം നടന്നു കാണുന്നില്ല. കിം ബഹുനാ,യേന കേന പ്രകാരേണ എന്നൊക്കെ തട്ടി വിടുന്ന പണ്ഡിതന്മാർ ഇന്നില്ലെങ്കിലും ഐകകണ്ഠ്യേന എന്ന് പറയുകയും എഴുതുകയും ചെയ്യുന്നവരുണ്ട്.അതു കേട്ട് 'ഐക്യകണ്ഠേന'എന്നൊരു പുതിയ പദം ഉണ്ടായിരിക്കുന്നു. ഒറ്റക്കെട്ടായി, ഒരു മനസ്സായി എന്നൊക്കെ പറഞ്ഞാൽ പോരേ?

മലയാളത്തിൽ 'ല'കാരം ഉച്ചരിക്കാൻ നാലു ലിപിയിൽ ഏതെങ്കിലും ഒന്നുമതി എന്നു വന്നിരിക്കുന്നു. ദ്,ത്,ല്,ൽ ഇതു നാലും എവിടെയും യഥേഷ്ടം എഴുതി തുടങ്ങിയിരിക്കുന്നു. ഉദ്ഭവം,തത്കാലം,വല്കലം, പാൽനിറം എന്നിങ്ങനെ നാലിനും ഭിന്ന സ്ഥാനങ്ങൾ ഉണ്ടായിരുന്നു മുമ്പ്. നാദി(voiced) യായ 'ദ' കാരം നാദി വ്യഞ്ജനങ്ങൾക്കു മുമ്പിലേ മുമ്പ് എഴുതുകയും ഉച്ചരിക്കയും ചെയ്തിരുന്നുള്ളൂ. അതിന്റെ ഉച്ചാരണം ലകാരഭിന്നമാണ്. ശ്വാസിയായ ത കാരം ശ്വാസിവ്യഞ്ജനങ്ങളുടെ മുമ്പിൽ മാത്രമേ വരൂ. സംസ്കൃത പദങ്ങളിൽ ചില്ല് ഇല്ല. ഏതു കൂട്ടക്ഷരവും ഇരട്ടിച്ച് ഉച്ചരിക്കും, ലിപിയിൽ ഇരട്ടിപ്പില്ലെങ്കിലും. അല്പം.വല്കലം,ഉല്ബണം ഇവയിലൊക്കെ ല കാരമാണ്, ചില്ലായ 'ൽ' അല്ല എഴുതി വന്നത്. ഇന്നു

'തദ'കാ 'ൽ' എന്ന ചില്ലുപോലെ ഉച്ചരിക്കുന്നു. 'വാല്മീകി'എന്ന പേരു വാൽമീകി എന്ന് എഴുതിത്തുടങ്ങി.ഉച്ചാരണം തെറ്റായ്കയാൽ അതു ശരി എന്നു കരുതി വരുന്നു. എന്നാൽ സംസ്കൃതഭ്രമം പിടിപെട്ടവർ ചില്ലിനു പകരം പലേടത്തും 'ത്' എന്ന് എഴുതിത്തുടങ്ങി. വാത്മീകി എന്ന് എഴുതാനും പറയാനും തുടങ്ങിയിരിക്കുന്നു ഇന്ന്. തെറ്റും ശരിയും ഏതുമാകട്ടെ ലിപിവിന്യാസത്തിൽ ഐകരൂപ്യമെങ്കിലും വേണ്ടേ?

മലയാളത്തിൽ ഗ,ജ,ഡ,ദ,ബ,യ,ര,ല,ക്ഷ ഇവ പദാദിയിൽ വരുമ്പോാ പുള്ളി(െ) ഇട്ടില്ലെങ്കിലും എകാരച്ഛായോടെ വായിക്കുന്നു. സംസ്കൃത പദങ്ങളാണ് ഇവ എല്ലാം. സംസ്കൃതത്തിൽ എകാരമില്ല താനും. അപ്പോാ എകാരച്ഛായയിലുള്ള ഉച്ചാരണം ധ്വനിവൈകല്യമായി കരുതിവരുകയാലാണു പുള്ളി ഇടാത്തത്. എന്നാൽ ഇന്ന് ഇംഗ്ലീഷ് വാക്കുകാ ഈ ലിപി കൊണ്ടു തുടങ്ങുമ്പോഴും പുള്ളി ഇടാറില്ല,എകാരോച്ചാരണം ന്യായമായി ആവശ്യമുള്ളപ്പോഴും. ഇംഗ്ലീഷിലും മറ്റു പല ഭാഷകളിലും എകാരം ഉണ്ടെന്ന കാര്യം നമ്മാ വിസ്മരിക്കരുത്. അതുകൊണ്ട്

| | |
|---|---|
| ബഞ്ച് | ബെഞ്ച് |
| ഡയറി | ഡെയറി |
| റസ്റ്റ് | റെസ്റ്റ് |

എന്നീ ഇംഗ്ലീഷ് പദങ്ങളിൽ പുള്ളി വേണ്ടിടത്തു മുകളിൽ കാണിച്ചിരിക്കുന്നതു പോലെ എഴുതുക തന്നെ വേണം. ജെർമനി,ഡെൻമാർക്ക് മുതലായ രാജ്യങ്ങളുടെ പേരിലും പുള്ളി വിട്ടു കളയുന്നതു ന്യായമല്ല. ഈ അവ്യവസ്ഥകാരണം ലണ്ടൻ,റഷ്യ മുതലായ പേരുകാ നമ്മാ ലെണ്ടൻ,റെഷ്യ എന്നിങ്ങനെ ഉച്ചരിക്കുന്നു. ഗജഡബാദികാ എകാരം ചേർന്നേ വരൂ എന്നു ധരിക്കുന്നു ഇന്ന് ആളുകാ.

സംസ്കൃതം മലയാളത്തിൽ എഴുതിയിരുന്നപ്പോാ ഒറ്റപ്പുള്ളി, എകാരചിഹ്നം, കൊടുത്തു നമ്മാ ഏകാരം ഉച്ചരിച്ചിരുന്നു. ക്ഷെമം,ദെവൻ എന്നിങ്ങനെ എഴുതി ക്ഷേമം, ദേവൻ എന്നിങ്ങനെ വായിച്ചിരുന്നു. അതിൻെറ അവശിഷ്ടമാണ് ഇന്നു 'പക്ഷെ' എന്ന് എഴുതുന്നത്. പക്ഷേ എന്നുതന്നെ

വേണം. 'മാന്യരേ' മുതലായ സംബോധനകളിൽ 'മാന്യരെ' എന്നിങ്ങ ലിപിവിന്യാസം കാണുന്നതിന് ഒരു ന്യായവുമില്ല.

## പ്രത്യയങ്ങൾ

വേണ്ടാത്തിടത്തും പ്രത്യയം ചേർക്കാൻ അടുത്തുകാലത്തു നമ്മ വാശികാണിക്കുന്നു. 'രണ്ടു വർഷം മുമ്പ്'എന്നേ നമ്മൾ മുമ്പു പറഞ്ഞിരു ള്ളൂ. ഇന്നു 'രണ്ടു വർഷങ്ങൾക്കു മുമ്പ്'എന്നാണ് എഴുതുക. ഇവി കൾ,ക്ക് ഈ രണ്ടു പ്രത്യയവും ആവശ്യമില്ല. ഇംഗ്ലീഷിൻെറ പ്രേരണകൊ ഇന്നു രണ്ടു ദിവസങ്ങൾ, നാലു മണിക്കൂറുകൾ, പത്തു പുറങ്ങൾ എന്നെ ക്കെ എഴുതുന്നു. 'പുസ്തകമെല്ലാം' എന്നത് ഇന്നു 'പുസ്തകങ്ങൾ എല്ലാ എന്നായിരിക്കുന്നു. ഈ വൃഥാ സ്ഥൂലത ഒഴിവാക്കാവുന്നതാണ്. ഇംഗ്ലീ ലെയും മലയാളത്തിലെയും ബഹുവചനപ്രത്യയങ്ങൾ ഒരേ സമയം ചേ ക്കുന്ന വിചിത്രരീതി പരിഹാസ്യമാണ്,സെപ്യർപാട്സുകൾ,ക്വാർട്ടേഴ്സ കൾ ഇങ്ങനെ.

## പദങ്ങൾ

പരകീയ പദങ്ങൾ(loan words) ആവശ്യത്തിനും അലങ്കാരത്തിന ആകാം. പെൻസിൽ,സ്വിച്ച്,റേഡിയോ മുതലായവയും സോദരൻ, നഖം, ഖം മുതലായവയും നോക്കുക. ഇംഗ്ലീഷിലും സംസ്കൃതത്തിലും നിന്നു അവശ്യപദങ്ങൾ ഒഴിവാക്കാൻ കഴികയില്ല. അവ കടംകൊണ്ട പദങ്ങ യിത്തന്നെ ഗണിക്കാനില്ല. എന്നാൽ ഹങ് പാർലമെൻറ്, കോഫേപോസ, ഡിയം,ഗ്രൗണ്ഡുവാട്ടർ എന്നൊക്കെയുള്ള ഇംഗ്ലീഷ് പദങ്ങൾ എഴുന്നെള്ള ക്കുക ഇന്നു സാധാരണമായിരിക്കുന്നു. അനുവാചകൻ, അഭിസന്ധി,പ്രാ സ്വികം,പൂർണിമ എന്നിങ്ങനെയുള്ള സംസ്കൃത പദങ്ങളും പണ്ടെങ്ങ ഉണ്ടാകാത്തവിധം മലയാളത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. രാജരാജവ മ്മ പറയുമ്പോലെ,ബിംബാധരത്തെ തൊണ്ടിപ്പഴച്ചുണ്ടാക്കണം എന്നില്ല എൻ.വി.യെപ്പോലെ 'ഉയർക്കുതിച്ചെരുപ്പ്'എന്നിങ്ങനെയുള്ള വിശ്വാമിത്രസ ഷ്ടികൾ പ്രയോഗിക്കണമെന്നും പറയുന്നില്ല.

'യൂറോ-സെൻട്രിക് ചിന്താഗതി','സിവിൽ സമൂഹം'മുതലായ സങ്കരപദങ്ങൾ വായനക്കാർക്കു ദഹിക്കുമോ എന്നു നോക്കാതെ എടുത്തു വിളമ്പുന്നു ഇന്നത്തെ എഴുത്തുകാർ. സംസ്കൃതത്തിലെ ഉപസർഗവും (prefix) പ്രത്യയവും(suffix)ഇംഗ്ലീഷ് മലയാള പദങ്ങളോടു ഘടിപ്പിച്ചു സൃഷ്ടിക്കുന്ന സങ്കരപദങ്ങളും ഇന്നു സുലഭമാണ്. ഉപഷാപ്പ് മാത്രമായിരുന്നു മുമ്പു കേട്ടിരുന്ന അത്തരം പദം. ദുർച്ചെലവ് എന്നോ ദുഷ്ചെലവ് എന്നോ കേൾക്കാൻ സുഖമുണ്ടോ? ദുർവ്യയമോ പാഴ്ച്ചെലവോ ആയാൽ ഒന്നുകൂടി ഭംഗിയില്ലേ കേൾക്കാൻ? സങ്കരമല്ല താനും ആ രണ്ടു പദവും. ഓസ്മോസനം,(osmosis) ഒക്സീകരണം(oxidation), ഇലാസ്തികത(elasticity) മുതലായ ശാസ്ത്രജ്ഞസൃഷ്ടികൾ വേറൊരുവക. എന്നാൽ ഏകാന്തരധാര(alternate current) പ്രത്യക്ഷധാര(direct current) സ്തനി(mammal)മുതലായ ശാസ്ത്രസംജ്ഞകൾ കേൾക്കാൻ സുഖമുണ്ട്,അർഥവ്യക്തതയും ഉണ്ട് അവയ്ക്ക്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി മുതലായ സംജ്ഞകൾ ഉള്ളപ്പോഴും പകരം നമ്മൾ ഇംഗ്ലീഷ് പദം തന്നെ ഉപയോഗിക്കുന്നു. സുപ്രീം കോടതി എന്നു നമ്മൾ എഴുതുമ്പോൾ അത്യുന്നതന്യായാലയം എന്ന പദം സംസ്കൃത വാർത്തയിൽ കേൾക്കാം. നമുക്കും അതു പോരേ? ഹോം മിനിസ്റ്റർ ഹിന്ദി-സംസ്കൃത ഭാഷകളിൽ ഗൃഹമന്ത്രി ആണ്. ഹോം ഗൃഹമാണല്ലോ? ആ ചെറുപദം നമുക്കു സുപരിചിതവുമാണ്. എന്നാലും ആഭ്യന്തരമന്ത്രി എന്ന വലിച്ചു നീട്ടിയ പദം തന്നെ വേണം നമുക്ക്.

നമ്മുടെ പദസൃഷ്ടിയിലെ അയുക്തികത ഇതു പറഞ്ഞപ്പോൾ ഓർമവരുന്നു. Nation രാഷ്ട്രമാണ്, പക്ഷേ National രാഷ്ട്രീയമല്ല,ദേശീയമാണ്. Tribe വർഗമാണ് പക്ഷേ Tribal അല്ല Communal ആണു വർഗീയം. ഇങ്ങനെ ഒരേ പദത്തിൻെറ ഭിന്നരൂപങ്ങൾക്കു പരസ്പര ബന്ധമില്ലാത്ത പരിഭാഷകൾ നമ്മൾ സൃഷ്ടിക്കുന്നു. അർഥമേ നോക്കാതെ Inter കാണുന്നിടത്തെല്ലാം 'അന്തർ' എഴുതുന്നു. International law,International trade ഈ രണ്ടിലും Inter സമാനാർഥത്തിലല്ല കടന്നു വരുന്നത്. ആദ്യത്തേതു സർവരാഷ്ട്ര നിയമവും രണ്ടാമത്തേതു ദേശാന്തര വാണിജ്യവുമാണ്. അന്തർദേശീയ നിയമം എന്നു കേട്ടാൽ രാജ്യത്തിനുള്ളിലെ നിയമം

എന്നു ധരിച്ചുപോകാം. ഏതു പരിഭാഷ കേട്ടാലും ഇംഗ്ലീഷിലെ സമാനപദം ഓർത്ത് അർഥം ധരിക്കേണ്ട ഗതികേടാണു നമുക്ക്. പുനഃസാമൂഹ്യവത്കരണം എന്നു കേട്ടാൽ എത്ര പേർക്ക് അർഥം മനസ്സിലാകും? ഇന്നത്തെ ഒരു ബിരുദധാരിക്കുപോലും resocialisation എന്ന ഇംഗ്ലീഷിലെ സമാനപദം ഓർമവരുകയില്ല. ഇനി അതാരെങ്കിലും പറഞ്ഞു കൊടുത്താലും പകരം ഒരു വാക്കു കേട്ടു എന്നതിൽ കവിഞ്ഞുള്ള പ്രയോജനം ഉണ്ടാകില്ല. ഇവിടെ ഒക്കെ ഒറ്റവാക്കിലുള്ള പരിഭാഷയ്ക്കുള്ള വാശിപിടിക്കേണ്ട കാര്യമില്ല.

നമ്മുടെ പരിഭാഷകർ മറ്റു പല കുഴപ്പങ്ങളും വരുത്തി വയ്ക്കുന്നു. പദാനുപദപരിഭാഷ അഭികാമ്യമല്ല. മൂല ഭാഷയിലെ പദരൂപവും വാക്യമാതൃകയും കൂടി അനുകരിക്കാൻ നമ്മൾ ശ്രമിക്കുന്നു. Villagers must be made conscious of cleanliness എന്നു കണ്ടാൽ 'ഗ്രാമീണർക്കു ശുചിത്വബോധം ഉണ്ടാക്കണം' എന്നേ മുമ്പു പരിഭാഷകർ എഴുതിയിരുന്നുള്ളൂ. അതാണല്ലോ സ്വാഭാവികമായ രീതി. 'ഗ്രാമീണർ ശുചിത്വത്തെപ്പറ്റി ബോധവാന്മാർ ആക്കപ്പെടണം' എന്നതാണ് ഇന്നത്തെ രീതി. 'ബോധവാൻ' എന്നൊരു പരിഭാഷ conscious എന്നതിനു സൃഷ്ടിക്കണോ? മൂലഭാഷയിൽ passive voice സ്വാഭാവികമാണ്. എന്നാൽ ഇവിടെ മലയാളത്തിൽ അതു 'കർമണി' ആക്കുമ്പോൾ വാക്യത്തിനു കൃത്രിമത്വം വരുന്നു. മലയാളത്തിൽ കർമണി പ്രയോഗമേ ഇല്ല എന്നു രാജരാജവർമ കേരളപാണിനീയത്തിൽ വിശദീകരിച്ചിട്ടുള്ളത് അധികമാരും ശ്രദ്ധിച്ചമട്ടില്ല. അവൻ കഷ്ടപ്പെട്ടു എന്നു പറയും പോലെ ആണ് അവൻ കൊല്ലപ്പെട്ടു എന്നു പറയുന്നതും. ആദ്യത്തേതു കർത്തരി പ്രയോഗം ആണെങ്കിൽ മറ്റതും അങ്ങനെ തന്നെ. 'കൊല്ല' കൊല്ലൽ എന്ന കൃദന്തം പോലെ നാമസദൃശമാണ്, നടുവിനയെച്ചമാണ് എന്നു കേരളപാണിനി വിശദീകരിക്കുന്നു. കേരളപാണിനി പറഞ്ഞാലുണ്ടോ നമ്മൾ അംഗീകരിക്കുന്നു?

ചിലെടത്തു passive voice പെടുക ചേർത്തു പരിഭാഷപ്പെടുത്തിയാൽ ദുരർഥ പ്രതീതി വരുമെന്ന കാര്യം നമ്മൾ വിസ്മരിക്കുന്നു. The boat was wrecked എന്നതു വള്ളം മുക്കപ്പെട്ടു എന്നു പറഞ്ഞാൽ മുക്കലിനു പിന്നിൽ ഒരാൾ ഉണ്ടെന്നതോന്നൽ വരും. ഇംഗ്ലീഷിൽ ആ സൂചന ഇല്ല.

wreck, drown മുതലായ ക്രിയകൾക്കു Intransitive രൂപം ഇല്ലാത്തപ്പോൾ ഇംഗ്ലീഷുകാരന് അവിടെ passive voice മാത്രമേ ശരണമുള്ളൂ. നമുക്കു വള്ളം മുങ്ങി എന്ന് എഴുതാം. വള്ളം സ്വേച്ഛയാ മുങ്ങി എന്നാരും ധരിക്കില്ല.

Physical work ശാരീരികാധ്വാനവും Pecuniary benefit സാമ്പത്തിക പ്രയോജനവും ആക്കി വലിച്ചു നീട്ടണോ? ശരീരാധ്വാനവും ധനലാഭവും പോരേ? ഇംഗ്ലീഷിൽ adjective കണ്ടാൽ ഉടൻ വിശേഷണരൂപം തിരയേണ്ട. സമസ്തപദത്തിലെ മുൻപദത്തിനു വിശേഷണാർഥം ഉണ്ട്. തലവേദന എന്നു പറഞ്ഞാൽ തലയിലെ വേദന എന്ന അർഥം ഉണ്ട്. ശൈർഷിക വേദന എന്നൊരു വികടപദം വേണ്ട. Industrial revolution ഒരാൾ വ്യാവസായിക വിപ്ലവമാക്കുമ്പോൾ, മറ്റൊരാൾ വൈയവസായിക വിപ്ലവം ആക്കും. വ്യവസായ വിപ്ലവമാണു മലയാളത്തിന് ഉചിതം.

ഇംഗ്ലീഷിൽ and കാണുന്നിടത്തൊക്കെ 'ഉം' ചേർക്കുന്ന ദുഃസ്വഭാവവും നമുക്ക് ഉണ്ട്. He came here,sat for a while, conversed with me for long and went back. എന്നു കണ്ടാൽ അവൻ ഇവിടെ വരുകയും വളരെ നേരം ഇരുന്ന് എന്നോടു സംസാരിക്കയും മടങ്ങിപ്പോകയും ചെയ്തു എന്നു മൂന്ന് 'ഉം' നമ്മൾ പ്രയോഗിച്ചു കളയും. നല്ല മലയാളി പറയുക അവൻ ഇവിടെ എന്നോടു വളരെ നേരം ഇരുന്നു സംസാരിച്ചിട്ടു മടങ്ങിപ്പോയി എന്നാണ്. സമുച്ചയമേ ഇവിടെ ആവശ്യമില്ല.

ബോധവാൻ എന്ന വിചിത്ര സൃഷ്ടിയെപ്പറ്റി പറഞ്ഞല്ലോ. അതുപോലെ ഭാഷാന്തരണത്തിനു മാത്രമായി സൃഷ്ടിച്ചിട്ടുള്ള വേറെയും വിചിത്രപദങ്ങൾ ഉണ്ട്. Invitee യുടെ സമാനപദമാണു ക്ഷണിതാവ്. 'ക്ഷണിതാക്കളിൽ പകുതി പോലും എത്തിച്ചേർന്നില്ല' എന്നു പറഞ്ഞാൽ മനസ്സിലാകാത്ത മലയാളികളും ഉണ്ട്. 'ക്ഷണിച്ചവരിൽ പകുതിപോലും വന്നില്ല' എന്നേ നല്ല മലയാളി പറയൂ. ക്ഷണിച്ചവർ Inviters ആണ്, Invitees അല്ല എന്നു മലയാളി, അയാൾ ഇന്നത്തെ എഴുത്തുകാരനല്ലെങ്കിൽ, ധരിക്കില്ല. കാർമികത്വം പ്രാവർത്തികം മുതലായ വിചിത്ര പദങ്ങൾ എണ്ണമറ്റു നമ്മൾ പടച്ചുവിട്ടിട്ടുണ്ട്. ആ പദ്ധതി നടപ്പായില്ല എന്നതിനു പ്രാവർത്തികമായില്ല

എന്നാണു പത്രഭാഷ. ഫാദർ വർഗീസിന്റെ കാർമികത്വത്തിൽ വിവാഹം നടന്നു. കാർമികൻ കർമം ചെയ്യുന്നവൻ, കർമി തന്നെ ആണ്, ചെയ്യിക്കുന്നവനല്ല. ഇവിടെ 'പൗരോഹിത്യത്തിൽ' എന്ന് എഴുതാമല്ലോ. വിവാഹകർമ്മം നടത്തിച്ചതു ഫാ.വർഗീസ് ആണ് എന്നു പറഞ്ഞാൽ നമ്മുടെ സംഭാഷണ ഭാഷയാണ് അത്. അതിനു പത്രഭാഷയുടെ പ്രൗഢത ഇല്ല!

## കുരുടൻ കുരുടനെ നയിക്കുന്നു.

അബദ്ധപ്രയോഗങ്ങൾ നടത്തുന്നവരെ ചിന്താശീലമില്ലാത്ത ചിലർ വഴി തെറ്റിച്ചു വിടുന്നതായി കാണുന്നു. 'വസ്തുക്കൾ ക്രമീകരിച്ചു'എന്നൊരാൾ എഴുതിയാൽ ഒരു പണ്ഡിതൻ പറയും വസ്തുക്കളെ ക്രമം ആക്കാൻ പറ്റുകയില്ല ക്രമമുള്ളതാക്കാനേ പറ്റൂ. അപ്പോൾ ക്രമവത്കരിച്ചു എന്നാണ് എഴുതേണ്ടത്. ക്രമപ്പെടുത്തി എന്ന നല്ല മലയാളപദം ചൂണ്ടിക്കാട്ടാൻ ആരുമില്ല. 'ഗാന്ധിജി വട്ടമേശ സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു' എന്നെഴുതിയാൽ Gandhiji represented India in the round table conference എന്നതിന്റെ അർഥം ലഭിക്കില്ല എന്ന് ഒരു പണ്ഡിതൻ ചൂണ്ടിക്കാട്ടും. ഗാന്ധിജി ഇന്ത്യയെ വട്ടമേശസമ്മേളനത്തിന് അയച്ചു എന്നാണ് ആ വാക്യത്തിന്റെ അർഥം എന്ന് അദ്ദേഹം വിശദീകരിക്കും. കാര്യം ശരിയാണ്. പക്ഷേ തിരുത്തൽ ശരിയല്ല. 'ഗാന്ധിജി ഇന്ത്യയ്ക്കു പ്രതിനിധീഭവിച്ചു'എന്നു വേണം പറയേണ്ടത് എന്ന തിരുത്തൽ മറ്റൊരബദ്ധം എന്നേ ഉള്ളൂ. 'represented' എന്ന പദത്തിന്റെ അർഥം ഗാന്ധിജി ഇന്ത്യയ്ക്കു വേണ്ടി ഹാജരാകുകയും സംസാരിക്കയും ചെയ്തു എന്നാണ്. ആ അർഥമൊന്നുമില്ല പ്രതിനിധീഭവിച്ചു എന്നു പറഞ്ഞാൽ. പ്രതിനിധി ആകുക എന്നു പറഞ്ഞാൽ സൃഷ്ടിപരമായ ഒരർഥവും ഇല്ല. ഗാന്ധിജി ഇന്ത്യയ്ക്കു വേണ്ടി ഹാജരായി വാദിച്ചു എന്നു തന്നെ എഴുതരുതോ? represent എന്നതിന്റെ സമാനപദമല്ല നമുക്കു വേണ്ടത്, ആശയപ്രകാശനമാണ്.

'ആണ്' എന്ന പദത്തിന്റെ മുഴുവൻ ശക്തിയും ഇന്നു നമ്മൾ ധരിക്കുന്നില്ല. Hitler was responsible for the Second World War എന്ന വാക്യത്തിനു രണ്ടു തരം തർജ്ജമകൾ ആകാം എന്നു മാരാർ പോലും മലയാളശൈലിയിൽ എഴുതി. ഹിറ്റ്ലർ ആയിരുന്നു രണ്ടാം ലോകയുദ്ധത്തിന്

ഉത്തരവാദി എന്നും ഹിറ്റ്ലർ രണ്ടാം ലോകയുദ്ധത്തിന് ഉത്തരവാദിയായി രുന്നു എന്നും ആണ് അദ്ദേഹം നൽകുന്ന പരിഭാഷകൾ. ഇതിൽ ആദ്യ ത്തേതു തെറ്റാണ്. ഇംഗ്ലീഷ് വാക്യത്തിൽ ഊന്നൽ (emphasis) ഇല്ല. അ പ്പോൾ ഹിറ്റ്ലർ ആയിരുന്നു രണ്ടാം ലോകയുദ്ധത്തിന് ഉത്തരവാദി എന്ന പരിഭാഷ ശരിയല്ല. മറ്റാരും ഉത്തര്വാദിയല്ല എന്ന അർഥം അതിനുണ്ട്. 'ആണ്' (ആയിരുന്നു) എന്ന പദം വാക്യാവസാനത്തിലല്ലാതെ എവിടെ പ്ര യോഗിച്ചാലും അത് ഏതു പദത്തോടു ചേരുന്നുവോ അതിന് ഊന്നൽ വരും. ഈ കാര്യം ഇന്നു പലരും ശ്രദ്ധിക്കുന്നില്ല. It was Hitler who was responsible for the second world war എന്ന് ഇംഗ്ലീഷിൽ എഴുതിയാലേ ഹിറ്റ്ലർ ആയി രുന്നു എന്നു പരിഭാഷ തുടങ്ങാവൂ.

'കരിക്കുക' ചേർത്ത പദങ്ങൾ പലപ്പോഴും വിവക്ഷിതാർഥ സൂ ചകമല്ല. ധ്രുവീകരിക്കുക എന്നത് ഉദാഹരണം. 'രാഷ്ട്രീയ കക്ഷികളുടെ ഇടയിൽ ധ്രുവീകരണം നടക്കാനുള്ള സാധ്യത ഇപ്പോഴുണ്ട്.'ഇതു വായി ച്ചാൽ ഒരു സാധാരണ വായനക്കാരൻ, ഇന്നത്തെ ഭാഷയിൽ ശരാശരി വാ യനക്കാരൻ, ഒന്നും മനസ്സിലാക്കുന്നില്ല.ധ്രുവീകരണം ധ്രുവം ആക്കലാണ്. ധ്രുവം അല്ലാത്തതിനെ ധ്രുവം ആക്കാൻ പറ്റുകില്ല. Polarisation എന്ന വാ ക്കു വായനക്കാരൻ, ഓർത്ത് അർഥം ധരിച്ചുകൊള്ളും എന്നാണു ലേഖക ന്റെ പ്രതീക്ഷ. മലയാളം മാത്രം അറിയുന്ന വലിയ പഠിപ്പില്ലാത്തവരെ കു ഴക്കുകയാണോ പത്രധർമ്മം? ഒരു ലായനിയിലെ ഭിന്നരാസഘടകങ്ങൾ വേർ പെട്ട് ധ്രുവത്തെ സമീപിക്കലാണു ഭൗതികത്തിലെ Polarisation. രാഷ്ട്രീ യത്തിൽ രാഷ്ട്രീയ കൂട്ടുകെട്ടുകളിൽ നിന്നു ചില കക്ഷികൾ വേർപെട്ടു മറ്റു ചില കൂട്ടുകെട്ടുകളിൽ ചേരുകയാണ് ആലങ്കാരികമായി സൂചിതമാ കുന്നത്. ചേരിതിരുവുകൾ എന്നോ പുതുചേരികൾ രൂപപ്പെടൽ എന്നോ ഒരു പദം പകരം വയ്ക്കാൻ പറ്റില്ലേ?അല്ലെങ്കിൽ, ഭാഷയിൽ വന്ന മാറ്റങ്ങളും അവയുടെ ഗുണദോഷങ്ങളും ചൂണ്ടിക്കാട്ടുക മാത്രമാണല്ലോ ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ദോഷപരിഹാര നിർദേശങ്ങൾ ഈ പ്രബന്ധത്തി ന്റെ പരിധിയിൽ പെടുകയില്ല. ചിലേടത്ത് ഈ പരിധി ഈ ലേഖകൻ ലംഘിക്കയും ചില പരിഹാര നിർദേശങ്ങൾ നിങ്ങളുടെ അംഗീകാരത്തിനു സമർപ്പിക്കുകയും ചെയ്തു പോയിരിക്കാം. ഈ അതിർത്തി ലംഘനം ക്ഷന്തവ്യമല്ലേ?

വാക്കുകളെപ്പറ്റി, അവയുടെ അപര്യാപ്തതയെപ്പറ്റി, അനാവശ്യ പദസൃഷ്ടിയെപ്പറ്റി വളരെ പറയാനുണ്ട്. തത്കാലം ഇങ്ങനെ നില്ക്കട്ടെ. ഇനി പദസന്ധിയെപ്പറ്റിക്കൂടെ രണ്ടു വാക്കു പറയട്ടെ.

## പദസന്ധികൾ

ഇന്നു പഴയതിൽ വളരെ അധികം സംസ്കൃതപദങ്ങൾ നമ്മൾ പ്രയോഗിക്കുന്നു. രണ്ടു പദം ചേർക്കുമ്പോൾ സന്ധി പലപ്പോഴും ശരിയാകുന്നില്ല. മുമ്പ് ഈ വൈകല്യം ഒരിക്കലും കണ്ടിരുന്നില്ല. പുനർ ചിന്തനം, അധോതലം മുതലായ സന്ധികൾ തെറ്റാണ്. പുനശ്ചിന്തനം,അധസ്തലം എന്നിങ്ങനെയേ വരൂ. സംസ്കൃതമലയാള പദങ്ങൾ ചേർത്തു സങ്കരപദം സൃഷ്ടിക്കുന്ന രീതിയോടൊപ്പം സന്ധിയിലേ പൊരുത്തക്കേടുകൂടി ആകുമ്പോൾ അഭംഗി ഇരട്ടി ആകുന്നു. നായരേതര, പദ്ധതിയേതര എന്നിങ്ങനെ ചില പദങ്ങൾ പത്രപംക്തികളിൽ കാണാം. ഏതര എന്നൊരു പദം ഇല്ല. ഇതര ആണു പദം. മനുഷ്യ+ഇതര-മനുഷ്യേതര ആകും. അകാര ഇകാരയോഗം ഏകാരം ആകുന്നതുകൊണ്ടാണ് ഇത്. നായർ+ഇതര-നായരിതര ആയാൽ മതി. രവി+ഇന്ദ്ര-രവീന്ദ്ര ആകുംപോലെ, പദ്ധതി+ഇതര-പദ്ധതീതര എന്നേ വരൂ. നായന്മാരല്ലത്തവർ, പദ്ധതിയുടേതല്ലാത്ത എന്നൊക്കെ പറയാമല്ലോ.

ശുദ്ധമലയാള പദങ്ങളിൽ സന്ധിഫലമായി മുമ്പു കണ്ടിട്ടില്ലാത്ത ഒരു നീട്ട് ഈയിടെ കടന്നുകൂടിയിരിക്കുന്നു, ചുമതലാബോധം, വായനാശീലം, വായ്പാനയം, വളർച്ചാ നിരക്ക് എന്നിങ്ങനെ. ചുമതലാ, വായനാ, വായ്പാ, വളർച്ചാ എന്നല്ലല്ലോ പൂർവപദം. ഇക്കണക്കിനു പോയാൽ തലാവേദന, മുലാകുടി എന്നൊക്കെ എഴുതിത്തുടങ്ങാൻ അധികകാലം വേണ്ടി വരുകയില്ല.

## വാക്യഘടനയിലെ മാറ്റങ്ങൾ

പഴയ മലയാള വാക്യഘടന ഇന്നു കുറെയൊക്കെ മാറിയിരിക്കുന്നു. വേണ്ടാത്തിടത്തും ഉം ചേർത്തു സമുച്ചയിക്കുന്ന കാര്യം മുമ്പു പറഞ്ഞു. ആദ്യം വാക്യഘടനയിൽ വന്ന ആശാസ്യമായ ഒരു മാറ്റം എടുത്തുകാട്ടാം. മലയാളത്തിലെ മിശ്രവാക്യങ്ങളിൽ (Complex Sentences) അംഗിവാക്യം ഒടുവിലാണു വന്നിരുന്നത്. 'സുഖമില്ലായ്കയാൽ ഞാൻ ഇന്നലെ വന്നില്ല'

എന്ന വാക്യത്തിൽ വരാതിരുന്നു എന്ന കാര്യമാണു പ്രധാനം. പക്ഷേ കാരണം ആദ്യം പറയുക വഴി മുഖ്യമായ കാര്യത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നു. ഇംഗ്ലീഷിൽ I did not come yesterday since I was not well എന്നു പറയുമ്പോൾ മുഖ്യകാര്യം തന്നെ മുമ്പിൽ വരുന്നു. ഇന്നു മലയാളി ഇംഗ്ലീഷ് സംസ്കൃതങ്ങളെ, ആര്യഭാഷകളെ, അനുകരിച്ച് അംഗിവാക്യം (main clause) മുന്നിലും അംഗവാക്യം (Subordinate clause) പിന്നിലും ചേർക്കുന്ന രീതി കുറച്ചൊക്കെ സ്വീകരിച്ചു കാണുന്നു. 'ഞാൻ തയ്യാറായിരിക്കാം, നിങ്ങൾ നേരത്തെ എത്തുമെങ്കിൽ' എന്നിങ്ങനെ അംഗിവാക്യത്തെ നമ്മൾ മുന്നിലാക്കി ഒരു കോമ ഇട്ട് അംഗവാക്യം പിന്നിൽ എഴുതുന്ന രീതി സ്വീകരിച്ചിരിക്കുന്നു. ഈ രീതി പ്രാധാന്യം എടുത്തു കാണിക്കൽ നന്ന്.

On one hand ... on the other എന്ന രീതിയിലുള്ള ഇംഗ്ലീഷ് വാക്യരീതിയും മലയാളി സ്വായത്തമാക്കി. ഒരിടത്തു രാഷ്ട്രീയ കക്ഷികൾ കാലുമാറ്റത്തെ എതിർക്കുമ്പോൾ മറ്റൊരിടത്ത് അവർ തന്നെ സ്വന്തം പാർട്ടിയിലേക്കു മറ്റു പാർട്ടിയിലുള്ളവർ കാലുമാറിവരുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു എന്ന മട്ടിലുള്ള വാക്യങ്ങൾ ഇന്നു സാധാരണമാണ്.

While എന്ന വ്യപേക്ഷകക്രിയാ വിശേഷണം (relative adverb) ഉപയോഗിച്ച് ഏതാണ്ട് ഇതേ മട്ടിലുള്ള ഒരു വാക്യഘടനാരീതി ഇംഗ്ലീഷിൽ കാണാം. അതും മലയാളത്തിലേക്കു സംക്രമിച്ചിട്ടുണ്ട്. ഭാഷ സമ്പന്നമായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അവ്യവസ്ഥ ഭാഷയിൽ പെരുകി വരുകയും ചെയ്യുന്നു എന്ന് ഉദാഹരണം.

ഈ മാറ്റങ്ങളെല്ലാം നേട്ടങ്ങളാണ്. എന്നാൽ മറ്റു ചില അനുകരണങ്ങൾ മലയാളത്തനിമയ്ക്ക് ഇണങ്ങുന്നതല്ല. 'അദ്ദേഹത്തിന്റെ മരണത്തോടെ ട്രേഡ്‌യൂണിയൻ രംഗത്തെ ഒരു അതികായനെ ആണു നമുക്കു നഷ്ടപ്പെട്ടിരിക്കുന്നത്'. 'അതികായനെ' എന്നല്ല 'അതികായൻ'എന്നാണു നല്ല മലയാളി പറയുന്നത്. കഷ്ടപ്പെട്ടു എന്നതുപോലെ ആണു നഷ്ടപ്പെട്ടു എന്നതും. ഞാൻ കഷ്ടപ്പെട്ടു എന്നു പറയുമ്പോൾ 'ഞാൻ' 'പെട്ടു' എന്ന ക്രിയയുടെ കർത്താവാണ്. നഷ്ടപ്പെട്ടു എന്നു പറയുമ്പോൾ നഷ്ടത്തിൽപ്പെട്ടത് ആര് എന്ന ആകാംക്ഷ ഉണ്ടാകുന്നു. അതികായൻ എന്ന

കർത്താവു വന്നാലേ മേൽ കണ്ട വാക്യത്തിൽ ആകാംക്ഷ ശമിക്കൂ. നമുക്ക് ഒരു നേതാവ് 'നഷ്ടപ്പെട്ടു' എന്നാണു മലയാളരീതി. 'നമ്മൾ ഒരു നേതാവിനെ നഷ്ടപ്പെട്ടു' എന്നല്ല. We lost a leader എന്ന് ഇംഗ്ലീഷിൽ പറയാം. leader അവിടെ object ആണ്. അതുകൊണ്ടു മലയാളത്തിൽ നേതാവ് കർമ്മം ആകണം എന്നില്ല.

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു ഇംഗ്ലീഷ് അനുകരണം ഈയിടെ ദൃഷ്ടിയിൽ പെട്ടു. ശങ്കരൻ നായരും വിശക്കുന്നുണ്ടായിരുന്നു. Sankaran Nair too was getting hungry എന്നാണു മനസ്സിൽ. 'ഞാൻ വേദനിക്കുന്നു' എന്ന് 'എനിക്കു വേദനിക്കുന്നു'എന്നതിനു പകരം എഴുതിക്കാണുന്നു. 'എനിക്കറിയാം'എന്നു പറഞ്ഞിരുന്നിടത്ത് ഇന്ന് ഞാൻ അറിയുന്നു എന്നു പറഞ്ഞു തുടങ്ങിയിരിക്കുന്നു. മലയാളത്തനിമയ്ക്കു നിരക്കാത്തതരം പ്രയോഗങ്ങൾ പെരുകി വരുകയാണ്.

## ശൈലികൾ

ശൈലികൾ മാറ്റം വരുത്താതെ പ്രയോഗിക്കുകയാണ് ഏതു ഭാഷയിലെയും രീതി. ഇന്നു മലയാളത്തിൽ ശൈലികളുടെ ഭാഗങ്ങൾ മാത്രമായി പ്രയോഗിച്ചു കാണുന്നു. മന്ത്രിസഭാ രൂപീകരണം ത്രിശങ്കുവിലായി; മുതലായവ ഉദാഹരണം. 'ത്രിശങ്കുസ്വർഗം'എന്ന ശൈലിയിൽ നിന്ന് ഒരു പദം മാത്രം മുറിച്ചു നീക്കിയാൽ ശൈലിക്ക് അർഥമില്ല. സുഗ്രീവാജ്ഞയ്ക്ക് അലംഘ്യമായ ആജ്ഞ എന്ന് അർഥമുണ്ട് എന്നാൽ 'സുഗ്രീവൻ' എന്ന് അലംഘ്യമായ ആജ്ഞ നൽകുന്നവൻ എന്ന അർഥത്തിൽ പ്രയോഗിക്കാറില്ല.

## അലങ്കാര പ്രയോഗങ്ങൾ

നൂതനാലങ്കാരങ്ങൾ നാൾതോറും നടപ്പിൽ വന്നു കൊണ്ടിരിക്കുന്നു. ''അന്തർ സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ കേരളാ പെൺകുട്ടികൾ മെഡൽ വാരിക്കൂട്ടുന്നു.'' നോക്കുക എത്ര വികലമായ ഭാഷയാണ് ഇത്. 'അന്തർ സംസ്ഥാന' എന്നതിലെ സന്ധിതന്നെ തെറ്റ് സകാരത്തിനു മുമ്പു രേഫം സകാരമാകും. വിസർഗമായിട്ടും എഴുതാം. അത്‌ലറ്റിക് മീറ്റ് വേണോ, കായികാഭ്യാസ മത്സരം പോരേ? വേണ്ടാത്തിടത്തും ഇംഗ്ലീഷ് തിരുകിക്കയറ്റണോ? ആർക്കും വേണ്ടാതെ നിലത്തു കിടക്കുകയാണോ മെഡൽ, വാരി

ക്കൂട്ടാൻ പാകത്തിൽ? നാലോഅഞ്ചോ മെഡൽ കിട്ടിയതിലെ അഭിമാനം ആഹ്ലാദം ഇവ വ്യക്തമാക്കാൻ ഈ അലങ്കാരപ്രയോഗം സമർഥമാണോ?

'കേരളത്തിലെ കായികപ്രതിഭകൾ മുന്നേറുന്നു' എന്നാകാം മറ്റൊരു പത്രത്തിലെ ശീർഷകം. കായികാഭ്യാസത്തിൽ ബുദ്ധിഹീനരും മികവു കാട്ടും.മെയ്ക്കരുത്തും മെയ്വഴക്കവും നിരന്തര പരിശീലനവും ആണു ബുദ്ധി വികാസമല്ല ആ രംഗത്തു വിജയത്തിന് ആവശ്യം എന്നിരിക്കെ 'കായികപ്രതിഭ' എന്നു പറയാമോ? 'നവനവോന്മേഷ ശാലിനിയായ മതി' (അനുക്ഷണം നൂതന കല്പനകൾ ഉയിർക്കൊള്ളുന്ന ബുദ്ധി) എന്നാണു പ്രതിഭയുടെ നിർവചനം. അപ്പോൾ 'കായികപ്രതിഭ' എന്ന സമസ്തപദത്തിന് എന്തെങ്കിലും അർഥമുണ്ടോ?

ഇങ്ങനെ പോകുന്നു ഇന്നത്തെ അലങ്കാര പ്രയോഗങ്ങൾ. തങ്ങൾ എഴുതുന്നതിന് എന്തെങ്കിലും അർഥം വേണം എന്നു പത്രലേഖകർക്കു നിർബന്ധമില്ല. പദക്കൊഴുപ്പുകൊണ്ടു വായനക്കാരെ വിരട്ടാനാണു ശ്രമം.

1947 ലെ പത്രത്തിൽ നിന്ന് ഉദ്ധരണം നൽകിയതുപോലെ 1997 സെപ്റ്റംബർ നാലാം തീയതിയിലെ പത്രത്തിൽ നിന്നു കൂടി ഒരു ഉദ്ധരണം നൽകട്ടെ. "കണ്ണീർപ്പുഴ ഒഴുകും വഴിയേ ഇനി ഒരു ദിവസം ബാക്കി" എന്നാണു തലക്കെട്ട്. അതിൻെറ അർഥം പോലും ദുർഗ്രഹം. കാവ്യാത്മകമായി വാർത്തയെന്നോ ഫീച്ചറെന്നോ വ്യക്തമല്ലാത്ത ബാക്കി ഭാഗം ഇങ്ങനെ തുടരുന്നു:

ലണ്ടൻ:ലണ്ടനിലെ തെരുവീഥികളെയൊക്കെയും കണ്ണീർപ്പുഴയാക്കി മാറ്റുന്ന ഏക നിമിഷത്തിന് ഇനി ഒരേയൊരു ദിവസം മാത്രം ബാക്കി.

സംസ്ക്കാരച്ചടങ്ങുകൾ സ്വകാര്യമെങ്കിലും ലോകത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നു രണ്ടായിരത്തിൽ പരം വിശിഷ്ട വ്യക്തികൾ ക്ഷണിതാക്കളായെത്തുമ്പോൾ ഡയാനയെ സ്നേഹിക്കുന്ന സാധാരണക്കാരുടെ എണ്ണം അവർക്കു കണക്കുക്കൂട്ടാൻ പ്രയാസം. 1981 ൽ ഡയാനയുടെ വിവാഹച്ചടങ്ങുകൾ വീക്ഷിക്കാനെത്തിയവരുടെ ഇരട്ടിയിലധികം പേർ-കൊട്ടാരത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ അനുമാനിക്കുന്നു.

ഇനി ഒരു വാരികയിലെ ചോദ്യോത്തര പംക്തിയിൽ നിന്നു കൂടി ഒരു ഭാഗം ഉദ്ധരിക്കാം.

''മനസ്സ് ഒരു അവയവമല്ല. ശരീരത്തിനുള്ള വസ്തുനിഷ്ഠതയൊന്നും മനസ്സിനില്ല. മനസ്സ് പൊതുവേ ഒരു രോഗലക്ഷണമാണ്. ആകാശത്തിന്റെയും ഭൂമിയുടെയും ഇടയിലുള്ള ആകർഷണ വികർഷണത്തിൽ വരുന്ന അന്തരീക്ഷത്തിൽപ്പെടുന്ന പല അവ്യക്തമായ ഊർജ ചാലനങ്ങളിൽ ബന്ധപ്പെട്ടു കിടക്കുന്നതാണ് മസ്തിഷ്ക പ്രവർത്തനത്തിന്റെയും ബോധക്രിയയുടെയും സ്വഭാവത്തെ സമ്മിളിതമാക്കുന്ന ബോധത്തിന്റെ വിച്ഛിദ്രത (fragmentation). അതിനെയാണു മനസ്സെന്നു ഇപ്പോൾ പറഞ്ഞുപോരാറുള്ളത്. അതു തികച്ചും പ്രാതിഭാസികമാണ്.''

ഇതിന് എന്തെങ്കിലും അർഥം ഉണ്ടോ എന്ന് ഈ പ്രബന്ധകാരന് അറിഞ്ഞു കൂടാ. ഒന്നും മനസ്സിലായില്ല. ഇത്തരം ഉത്തരം നൽകുന്നവരോട് ഇനിയും ചോദ്യം ചോദിക്കാൻ മുതിരുന്നവരും ഉണ്ടാകും. സംഭാഷണത്തിനു പരസ്പരം മനസ്സിലാക്കുക എന്ന ലക്ഷ്യം തന്നെ ഇല്ലാതെ ആയിരിക്കുന്നു.

ആദ്യത്തെ ഉദ്ധരണത്തിൽ 'ഏകനിമിഷത്തിന്' എന്നതിൽ 'ഏക' എന്തിന്? 'ഇനി ഒരു ദിവസം മാത്രം' എന്നു പറഞ്ഞാൽ പിന്നെ 'ബാക്കി' എന്നുകൂടി വേണോ? ഒരേ ഒരു എന്നല്ലേ എഴുതേണ്ടത്? ഏ,ഓ എന്നീ നിപാതങ്ങൾക്കു സന്ധി പതിവില്ല. ''എന്തിന് ഈ'' എന്നത് ''എന്തിനീ'' എന്നേ ഇപ്പോൾ എഴുതൂ. വേണ്ടാത്തിടത്തെല്ലാം സന്ധി ചേർക്കുന്നു. വിട്ടെഴുതാവുന്ന വാക്കുകൾ അങ്ങനെ തന്നെ എഴുതിയാൽ വായിക്കാൻ സൗകര്യമുണ്ട്. ''വിശിഷ്ട വ്യക്തികൾ എത്തുമ്പോൾ ഡയാനയെ സ്നേഹിക്കുന്നവരുടെ എണ്ണം'' എന്ന് എഴുതുന്നയാൾ വിശിഷ്ടന്മാർ വരുമ്പോൾ മാത്രം ഡയാനയെ സ്നേഹിക്കുന്ന ചിലർ ഉണ്ട് എന്നാണോ ധരിക്കുന്നത്! വാക്യങ്ങൾ കലർന്നു പോകുന്നു എന്നതാണു ഇവിടത്തെ കുഴപ്പം. ഇത് ഇന്നു സാധാരണമാണ്. ഒടുവിൽ വാക്യത്തിനു ഘടന തന്നെ ഇല്ലാതെ വരുന്നു.

ഇന്നത്തെ ഈ ഭാഷയും അമ്പതുകൊല്ലം മുമ്പത്തെ ഭാഷയും തമ്മിൽ ഇന്നത്തെ ശൈലിയിൽ പറഞ്ഞാൽ ധ്രുവാന്തരമുണ്ട്. വ്യത്യാസങ്ങൾ

അക്കമിട്ടുപറയാം.

1. അനാവശ്യമായ ഇംഗ്ലീഷ് പദപ്രയോഗം 'കക്ഷി' ഉള്ളപ്പോഠ 'പാർട്ടി'
2. അനാവശ്യ സംസ്കൃതപ്രതിപത്തി : 'യോജിച്ച' ഉള്ളപ്പോഠ 'അനുയോജ്യമായ'
3. വികലാലങ്കാര പ്രതിപത്തി കായികപ്രതിഭ, മെഡൽ കൊയ്തു കൂട്ടുക.
4. തെറ്റായ പദങ്ങാം : 'ജ്യേഷ്ഠപുത്രൻ' ജ്യേഷ്ഠൻെറ പുത്രൻ എന്ന അർഥത്തിൽ.
5. വികല പ്രത്യയയോഗം : ഡോക്ടറിൻെറ, സ്പെയർ പാർട്സുകാം
6. അനാവശ്യപ്രത്യയയോഗം രണ്ടു വർഷങ്ങാംക്കു മുമ്പ്, രണ്ടു ദിവസങ്ങാം
7. വാക്യമിശ്രണം : വിശിഷ്ട വ്യക്തികാം എത്തുമ്പോഠ ഡയാനയെ സ്നേഹിക്കുന്നവരുടെ എണ്ണം.
8. അനാവശ്യപദ സൃഷ്ടി ക്ഷണിതാക്കാം, കാർമികത്വം, പ്രാവർത്തികം
9. വികലസന്ധി : പദ്ധതിയേതര, അധോതലം
10. ലിപിവിന്യാസത്തിലെ അവ്യവസ്ഥ-അത്ഭുതം, അത്ഭുതം,അദ്ഭുതം,അൽഭുതം.

ഇനിയും പലതും ഉണ്ടെങ്കിലും ഈ പറഞ്ഞവയാണു പരിഹരിക്കേണ്ട കോട്ടങ്ങാം. പ്രസാധകർ ഒത്തു ചേർന്നാൽ ഇവയ്ക്ക്,ഒന്നുമില്ലെങ്കിൽ ലിപിവിന്യാസത്തിലെ അവ്യവസ്ഥക്കെങ്കിലും ഒരു പരിഹാരം സൃഷ്ടിക്കാൻ അനായാസം കഴിയും. ഇവിടെ ചൂണ്ടിക്കാട്ടിയ കാര്യങ്ങാം ഭാഷാഭിമാനികളായ പ്രസാധകരുടെ ആലോചനാവിഷയമാകയെങ്കിലും ചെയ്താൽ ഈ പ്രബന്ധകാരൻ കൃതാർഥനാണ്.



ജോസ് പനച്ചിപ്പുറം

# റിപ്പോർട്ടിംഗ്: മാറിവരുന്ന പ്രവണതകൾ

നമുക്ക് വളരെ പ്രിയപ്പെട്ട ഒരു പ്രയോഗമാണല്ലോ 'സ്വാതന്ത്ര്യാനന്തര ഭാരതം'. ചികിത്സാനന്തരം എന്നു പറഞ്ഞാൽ ചികിത്സ കഴിഞ്ഞ്. പ്രണയാനന്തരം എന്നു പറഞ്ഞാൽ പ്രണയം കഴിഞ്ഞ്. സ്വാതന്ത്ര്യാനന്തരം എന്നാൽ, സ്വാഭാവികമായും, സ്വാതന്ത്ര്യം കഴിഞ്ഞ്.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം എന്നാണ് നാം ഉദ്ദേശിക്കുന്നതെങ്കിലും ആ വാക്കിന് ആ അർത്ഥമില്ല. വിദ്യാഭ്യാസാനന്തരം പത്രപ്രവർത്തകനായി എന്നു പറയുമ്പോൾ എൽ.കെ.ജി. കഴിഞ്ഞ് എന്നർത്ഥം വരില്ല. മുഴുവൻ വിദ്യാഭ്യാസവും കഴിഞ്ഞ് എന്നുതന്നെയാണർത്ഥം.

സ്വാതന്ത്ര്യം കിട്ടുക എന്നത് ഒരു ദിവസം കൊണ്ട് കഴിയുമെങ്കിലും സ്വാതന്ത്ര്യം അങ്ങനെയല്ല. അത് ഒരു അവസ്ഥയാണ്. വിവാഹജീവിതം പോലെ, വിവാഹാനന്തരവും വിവാഹജീവിതാനന്തരവും രണ്ടാണന്നതു പോലെ, സ്വാതന്ത്ര്യാനന്തരം എന്നു നാം, പത്രക്കാർ, ആവർത്തിച്ചാവർത്തിച്ചു പറയുമ്പോൾ സ്വാതന്ത്ര്യം കഴിഞ്ഞു എന്നാണ് അർത്ഥമെന്ന് നാം ഓർക്കുന്നില്ല, ഇപ്പോൾ സ്വാതന്ത്ര്യം ഇല്ല എന്നാണു സൂചനയെന്നും.

സമകാലീന പത്രപ്രവർത്തനത്തിലെ, അതു റിപ്പോർട്ടിംഗിൽ മാത്രമല്ല, ഒരു ദു:ഖം ഇതുതന്നെയാണ്: പദങ്ങളുടെ അർത്ഥമറിഞ്ഞ് പ്രയോഗിക്കാൻ, അനർത്ഥമറിയാൻപോലും, നമുക്കു കഴിയുന്നില്ല.

എഴുപതുകളിലെ ഭാഷാശുദ്ധി നമ്മുടെ റിപ്പോർട്ടിംഗിൽ, എഡിറ്റിംഗിൽ, ഇപ്പോഴും ഉണ്ടോ എന്നു ചോദിച്ചാൽ 'തീർച്ചയായും' എന്നു മറുപടി പറയാൻ വയ്യ. ഭാഷയുടെ അലകും പിടിയും തേയാതെ സൂക്ഷിച്ച എൻ. വി. കൃഷ്ണവാരിയരെപ്പോലുള്ളവരുടെ കാലഘട്ടത്തിനുശേഷം നമ്മുടെ പത്രപ്രവർത്തനത്തിലെ ഭാഷ വളർന്നിട്ടില്ല. തളർന്നിട്ടേയുള്ളു.

ഇക്കൊല്ലം സെപ്റ്റംബർ 13-ന് മലയാള മനോരമയുടെ ഞായറാഴ്ചപതിപ്പിൽ എസ്. ഗുപ്തൻനായർ ഇങ്ങനെയെഴുതി:

''കാള പുറത്തുകയറുന്നതും കാളപ്പുറത്തുകയറുന്നതും തമ്മിൽ ഒരു വ്യത്യാസവുമില്ലേ? ഇല്ലെന്നാണ് ആധുനിക മലയാളത്തിന്റെ വക്താക്കൾ പറയുന്നത്. പക്ഷെ, എനിക്കിതു രണ്ടും രണ്ടു കാര്യമാണെന്നു തോന്നുന്നത് എന്റെ ദുശ്ശീലമായിരിക്കാം. ആദ്യത്തെ വാക്യം കേട്ടാൽ എന്റെ പേരക്കുട്ടിയുടെ, അല്ലെങ്കിൽ വഴിയാത്രക്കാരന്റെ, പുറത്തു കാള പാഞ്ഞുകയറിയെന്നും രണ്ടാമത്തെ വാക്യം കേട്ടാൽ കാളപ്പുറത്തു മറ്റാരോ കയറിയെന്നും ഒക്കെ ഞാൻ ധരിക്കും.......

പ്രശസ്തമായ ഒരു പഞ്ചാംഗം തുറന്നുനോക്കിയപ്പോൾ കണ്ടു, കാള കഴുത്തിൽ നുകം വയ്ക്കുന്നതിനെപ്പറ്റിയുള്ള സൂചന. കാള ആരുടെ കഴുത്തിലാണ് നുകം വയ്ക്കുന്നതെന്നു പറഞ്ഞിട്ടില്ല. ഉടമസ്ഥന്റെ കഴുത്തിലായിരിക്കും. കാലം മാറിപ്പോയില്ലേ?

ഭാഷാശുദ്ധിയുടെ കാര്യത്തിലുള്ള ഈ പിന്നോട്ടുപോക്കിന് ഒരു കാരണം പത്രപ്രവർത്തനത്തിലേക്കു വരുന്ന ചെറുപ്പക്കാർക്ക് നല്ല മലയാളം അറിയില്ല എന്നതുതന്നെ. അതു പക്ഷേ, അവരുടെ കുറ്റമായി പറയുന്നതല്ല. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്ന് ഭാഷയ്ക്കു പ്രസക്തിയില്ലാത്ത കോളജ് വിദ്യാഭ്യാസം താണ്ടിയെത്തുന്ന കുട്ടികൾക്ക് ശുദ്ധമലയാളത്തിന്റെ വടിവുകൾ വഴങ്ങുന്നില്ല. അതിന്റെ ക്ഷീണം പത്രത്തിൽ കാണുന്നു.

ഗുപ്തൻനായർ പറഞ്ഞത് നമ്മളൊക്കെ ഓർത്തിരിക്കേണ്ടതാണ്:

'മലയാളത്തിന്റെ സ്വത്വം സംരക്ഷിക്കാൻ പത്രക്കാർ വഴികാട്ടികളാ

വണം. ഇന്നത്തെ രീതിക്കു നാം മുന്നേറിയാൽ ഭാഷയുടെ ചൈതന്യം കെടാൻ ഏറെക്കാലം വേണ്ടിവരില്ല.'

ഭാഷയുടെ ഈ കുഴപ്പം പക്ഷേ റിപ്പോട്ടർക്കു മാത്രമുള്ളതല്ല. വാർത്ത ഡസ്കിലെത്തുമ്പോഠം ഭാഷയുടെ പണിക്കുറവു തീർക്കേണ്ട സഹപത്രാധിപന്മാരും (ഭാഷ സഭ്യമാക്കുന്ന സബ്ബുകളെ സഭ്യന്മാർ എന്നു വിളിച്ചാലും കുഴപ്പമില്ല) സ്ഥിതിയും ഒട്ടും മെച്ചമല്ല.

കമ്പ്യൂട്ടർവൽക്കരണത്തിൽ അവശ്യജീവിയല്ലാതായിത്തീർന്നിട്ടുള്ള പ്രൂഫ് വായനക്കാരൻ എന്ന തിരുത്തൽവാദിയുടെ കാര്യം ഇതിനും പുറമെയാണ്.

റിപ്പോർട്ടിംഗിൻെറ ശൈലിയിൽ വന്ന പ്രയോഗപരമായ മാറ്റംകൂടി ഇവിടെ പരാമർശിക്കേണ്ടതുണ്ട്. വെറും പച്ചയായ വാർത്തയാകുന്ന ന്യൂസ് സ്റ്റോറിയുടെ ഇൻട്രോ എന്ന തുടക്കം സാമാന്യവാക്യങ്ങളുടെ കമ്പിവേലിചാടിക്കടന്ന് വെറും കമ്പിഭാഷയായി മാറുന്നു. കമ്പി എന്നാൽ ടെലിഗ്രാഫ്.

ഇതാ ഒരു സാമ്പിഠം:

പഞ്ചായത്തിൽ തിങ്കളാഴ്ച വിധിയെഴുത്ത്. കോറം തികയാതെ മാറ്റിവച്ച അവിശ്വാസത്തിൽ യു.ഡി.എഫ്. പ്രതിക്കൂട്ടിൽ.

യു.ഡി.എഫ്. പഞ്ചായത്ത് പ്രസിഡൻറിനെതിരായ് അവിശ്വാസ പ്രമേയം തിങ്കളാഴ്ച ചർച്ച ചെയ്യുമെന്നു വായനക്കാരനു മനസ്സിലാക്കാൻ ആദിമദ്ധ്യാന്തങ്ങളില്ലാത്ത ഈ ഭാഷ മതിയോ? ഇതു പത്രഭാഷയായി നമുക്ക് അംഗീകരിക്കാമോ?

ഫീച്ചറുകഠംക്കും അന്തരീക്ഷപ്രധാനമായ വാർത്താതീത രചനകഠംക്കും ഇത്തരം വാക്യങ്ങഠം ആകാം, എന്നല്ല, അഭികാമ്യമാണെന്നു പറയാൻപോലും ഞാൻ തയ്യാറാണ്. എന്നാൽ, വാർത്തയ്ക്ക്, ശുദ്ധസുന്ദരവർത്തമാനമായ വെറും വാർത്തയ്ക്ക് ഈ കമ്പിമലയാളം മതിയോ എന്ന് ആലോചിക്കണം.

ഇതിൻെറ മറുവശവും നാം കാണാതിരുന്നുകൂടാ: ആലങ്കാരിക ഭാഷയുടെ കടന്നാക്രമണം; ശരാശരി വാർത്തയുടെ രോമാഞ്ചവൽക്കരണം; ഫീച്ചറൈസേഷൻ.

ഒരു ഹ്യൂമൻ ഇൻററസ്റ്റ് സ്റ്റോറിയിൽ, ഒരു കമൻററിയിൽ, എഴുത്തു കാരൻെറ, റിപ്പോർട്ടറുടെ, ശൈലിയും ഭാഷാസിദ്ധിയുമൊക്കെ പ്രസക്ത മാണ്. പക്ഷേ, വാർത്ത വാർത്തയല്ലാതാക്കുന്ന, വാർത്തയാണെന്നു വാ യനക്കാരൻ തിരിച്ചറിയാത്ത, കസർത്തുകൾ വേണോ എന്നതാണ് ചോദ്യം.

'നെറ്റ് തുടരെത്തുടരെ ഗർഭം ധരിച്ചു' എന്ന് ഫുട്ബോൾ റിപ്പോർട്ടിൽ എഴുതുമ്പോൾ, വായന വന്ധ്യമാകുകയാണെന്നു പറയണം. നേരത്തെ പറഞ്ഞ തുപോലെ, ഇംഗ്ലീഷ് മീഡിയത്തിൻെറ പിടിയിൽ ഫുട്ബോൾപോ ലെ കറങ്ങുന്ന മലയാളിയായ പത്തുവയസ്സുകാരന് ഈ റിപ്പോർട്ട് നൽകുന്ന മലയാളബോധം എത്രയെന്ന് ആലോചിക്കുകയേവേണ്ടൂ.

'നെറ്റ് എങ്ങനെയാണമ്മേ ഗർഭം ധരിക്കുന്നത്' എന്ന് അവൻ ചോദിച്ചാൽ മലയാളമറിയാവുന്ന അമ്മയ്ക്കുപോലും സങ്കടം തോന്നും.

കളിയെക്കുറിച്ചുള്ള ആധികാരികമായ വിലയിരുത്തലിൽ, പ്രാഥമി കമായ വാർത്താ ധർമ്മത്തിനപ്പുറം നിൽക്കുന്ന ഒരു രചനയിൽ, ഇതൊ ക്കെയാവാം. എന്നാലും, അലങ്കാരം പ്രയോഗിക്കുമ്പോൾ അതിൻെറ നിലപാ ടുതറകൂടി നോക്കണം. തുടരെത്തുടരെ ഗർഭം ധരിക്കുന്ന കേസിൽ എന്ത് അലങ്കാരം? വന്ധ്യമായ കളിയുടെ അവസാനം, കളിതീരാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കുമ്പോൾ, ധരിക്കുന്ന ഗർഭമാണ് ഗർഭം. അവിടെയാ ണ് അലങ്കാരം ഗർഭം ധരിച്ച് പ്രസവിക്കേണ്ടത്.

ഒരുപക്ഷേ, ഇനിയുള്ള കാലം മലയാള ഭാഷ പേരിനെങ്കിലും ജീവി ക്കേണ്ടത് നമ്മുടെ പത്രങ്ങളിൽക്കൂടിയാണ്. കുട്ടികൾ മലയാളം വായിക്കാ ത്ത, ടി.വി.യിലും, ടി.വി.യിലെ സിനിമയിലും മാത്രം മലയാളം പരിചയ പ്പെടുന്ന ഒരു കാലത്ത് വാർത്തയിലൂടെയെങ്കിലും (വായിക്കുമെന്ന് ഉറപ്പി ല്ലെങ്കിൽക്കൂടി) നല്ല ഭാഷ കൊടുക്കാൻ പത്രങ്ങൾക്കു കഴിയണം.

റിപ്പോർട്ടിംഗ്: മാറിവരുന്ന പ്രവണതകൾ എന്നതാണ് വിഷയമെങ്കിലും പ്രവണതകളിലേക്കു നാം ഇതുവരെ എത്തിയിട്ടില്ലെന്നു തോന്നുന്നു.

വാർത്ത വാർത്തയായി മാത്രം കാണാൻ കഴിയാത്ത ഒരവസ്ഥയിലേക്കു നമ്മുടെ റിപ്പോർട്ടർമാർ എത്തിക്കൊണ്ടിരിക്കുകയാണെന്നു സംശയിക്കണം. Fact is sacred, comment is free എന്ന് ആചാര്യന്മാർ പറഞ്ഞിട്ടുണ്ടെങ്കിലും പെട്രോളിൽ മണ്ണെണ്ണ ചേർത്തു വിൽക്കുന്നതുപോലെ, Fact-ൽ comment ചേരുന്നു. വസ്തുക്കൾക്ക് നാം കൽപ്പിച്ചു കൊടുത്തിരുന്ന വിശുദ്ധി നഷ്ടമാവുന്നു.

കൂത്തുപറമ്പിൽ പൊലീസ് വെടിവെയ്ക്കുമ്പോൾ വെടിക്കുപുറമെ പുകകൂടി ചേർത്താണ് പല പത്രങ്ങളിലും റിപ്പോർട്ടു ചെയ്യുന്നത്. തോക്കിൻെറ ഏതുവശത്താണ് റിപ്പോർട്ടർ നിൽക്കുന്നത് എന്നതിനെ ആശ്രയിച്ച് പുകയുടെ നിറം മാറുന്നു. ഇത്, ഏതു വെടിവയ്പുപോലെയും ദുഃഖകരമാണ്.

പത്രപ്രവർത്തനത്തിൻെറ ബാലപാഠങ്ങൾക്കു നാം കടപ്പെട്ടിരിക്കുന്ന പടിഞ്ഞാറൻ നാടുകളിൽ അടിസ്ഥാനപരമായി വാർത്ത ഇന്നും വാർത്ത തന്നെയാണ്; ആ വാർത്തയെ വിലയിരുത്തുമ്പോൾ അവർ പക്ഷം പിടിക്കുന്നുണ്ടാവുമെങ്കിലും.

വസ്തുതകളെ വസ്തുതകളായി മാത്രം കാണുന്ന പഴയ സിലബസ് തന്നെയല്ലേ നല്ലത് എന്നു നാം ആലോചിക്കേണ്ടതാണ്. വിശകലനത്തിനും വിലയിരുത്തലിനും ശേഷിയുള്ളവർക്ക് അവരുടെ നിഗമനങ്ങളിൽ എത്താൻ വേറെ വഴികൾ തുറന്നു കിടക്കുന്നുണ്ട്. വാർത്തയിലെ വസ്തുനിഷ്ഠത അതിനു തടസ്സമാകുന്നില്ല , തടസ്സമാകേണ്ടകാര്യമില്ല.

നമ്മുടെവാർത്താ വാരികകളിൽ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന, മീശ വരാത്തവരും വന്ന മീശയെ വുരുതിയിൽ നിർത്താത്തവരുമായ ചെറുപ്പക്കാർ മേൽപ്പടി വകുപ്പുപ്രകാരം പ്രതിസ്ഥാനത്തു നിൽക്കുകയാണെന്നു പറയാതെ വയ്യ. വസ്തുതകളിൽ എത്തും മുമ്പ് അവർ നിഗമനങ്ങളിലും

തീരുമാനങ്ങളിലും എത്തുന്നു. പത്രസ്ഥാപനങ്ങളിൽ റിപ്പോർട്ടമാരായും മറ്റും എത്തുന്ന ചെറുപ്പക്കാർ, ഈ മാതൃക പിന്തുടർന്ന് അബദ്ധത്തിൽ ചെന്നു ചാടുന്നു. മിടുക്കൻമാർ വേഗം തന്നെ അബദ്ധം തിരിച്ചറിഞ്ഞ് രക്ഷ പ്പെടുന്നു. ബാക്കിയുള്ളവർ രാജ്യം കൊണ്ടുനടക്കുന്നതു തങ്ങളാണെന്ന് ധരിച്ച് ഒരു തരം ആത്മരതിയുടെ മൂർച്ഛ അനുഭവിക്കുന്നു.

ഇവിടെനിന്ന് നമുക്ക് സെൻസേഷനലിസത്തേക്കു കടക്കാൻ എളു പ്പമാണ്.

അമേരിക്കൻ പ്രസിഡൻറ് ക്ലിൻറൻെറ മോണിക്കാ അനുഭവങ്ങൾ പ ത്രങ്ങൾ റിപ്പോർട്ട് ചെയ്ത രീതിയാണ് നമ്മുടെ മുമ്പാകെയുള്ള ഏറ്റവും പുതിയ ഉദാഹരണം. ബ്രിട്ടീഷ്-അമേരിക്കൻ പത്രങ്ങൾ, ശാരീരികാനു ഭവങ്ങളുടെ നിർവചനങ്ങൾ സഹിതം നിർവചനാതീതമായ രുചിഭേദങ്ങൾ അവതരിപ്പിച്ചെങ്കിലും അതിനെ സെൻസേഷനലിസം എന്ന് അവിടത്തെ വാ യക്കാർ വിളിച്ചിട്ടുണ്ടാവില്ല. അതിനു കാരണം ഞാൻ പറയേണ്ടതില്ല.

എന്നാൽ നമ്മുടെ സ്ഥിതി അതല്ല. നമ്മുടെ പരസ്യജീവിതത്തിൽ, പരസ്യവായനകളിൽ, നാം ഇത് അംഗീകരിക്കുന്നില്ല. തിരുവനന്തപുരത്തു നിന്ന് ഇറങ്ങുന്ന ഒരു പത്രം ക്ലിൻറൻ-മോണിക്ക കേസ് 'വദനസുരതം' പോലുള്ള പ്രയോഗങ്ങൾ സഹിതം മഞ്ഞയുടെയും നീലയുടെയും പരി വേഷം ചേർത്ത് അവതരിപ്പിച്ചിരിക്കുന്നു. കോട്ടയത്തു നിന്നുള്ള ഒരു പത്രം കെന്നത്ത് സ്റ്റാർ റിപ്പോർട്ടിൻെറ പൂർണരൂപം തങ്ങളുടെ വെബ്സൈറ്റിൽ കാണാം എന്ന് ഒന്നാം പേജിൽ രണ്ടുകോളം തലക്കെട്ടിൽ അറിയിപ്പ് കൊ ടുത്ത് കൃതാർത്ഥരായി. ഇത് നമ്മുടെ സാമൂഹിക ചട്ടക്കൂടിനുള്ളിൽ സെൻ സേഷനലിസമാകുന്നു.

മിക്ക മലയാളം പത്രങ്ങളും തികഞ്ഞ കയ്യടക്കത്തോടെ, അന്തസ്സായ പദങ്ങൾ തെരഞ്ഞെടുത്താണ് ഇക്കാര്യങ്ങൾ അവതരിപ്പിച്ചത് എന്നു കൂടി ഇവിടെപറയേണ്ടതുണ്ട്.

ഒരു വാർത്ത സെൻസേഷൻ ആകുന്നത് സമൂഹത്തിൻെറ വ്യവസ്ഥാപിത മൂല്യസങ്കൽപ്പങ്ങ൦ക്ക് അതിൻെറ ആഘാതം താങ്ങാനാവാതെ വരുമ്പോഴാണ്.

ലോകത്തൊട്ടാകെ ഇലക്ട്രോണിക് മാധ്യമങ്ങളിൽ നിന്ന് പ്രസരിക്കുന്ന ലൈംഗികതയുടെ തരംഗങ്ങ൦കൂടി കണക്കിലെടുത്തു വേണം അച്ചടിമാധ്യമത്തിലെ അവതരണ വ്യതിയാനങ്ങളെ കാണാൻ.

അതേസമയം, നാം കുറെക്കാലമായി കൊട്ടിഘോഷിക്കുന്ന അന്വേഷണാത്മക റിപ്പോർട്ടിംഗും സെൻസേഷനലിസവും തമ്മിൽ വേർതിരിക്കുന്ന അതിർത്തിരേഖ എവിടെയാണ് എന്നൊരു അന്വേഷണവും നല്ലതാണ്.

എഴുപതുകളിൽ ബോബ് വുഡ്വാഡ്, കാ൦ ബേൺസ്റ്റീൻ എന്നീ പത്രലേഖകർ അമേരിക്കയിൽ അന്വേഷണാത്മക പത്രപ്രവർത്തനത്തിൻെറ വാട്ടർഗേറ്റ് തുറന്നു വച്ചപ്പോ൦ ഒരു വിക്കറ്റ് ഗേറ്റുപോലും തുറക്കാൻ കഴിയാതെ നിന്ന, മടിച്ചുനിന്ന, ഇന്ത്യൻ പത്രപ്രവർത്തനം അടിയന്തരാവസ്ഥയ്ക്കു ശേഷമാണ് വയസ്സറിയിച്ചതെന്നു പറയാം.

1975 ജൂണിൽ അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യത്തിൻമേൽ ഇടിത്തീപോലെ വീണപ്പോ൦ പത്രലോകം കരയുകയും പ്രതിഷേധിക്കുകയും ചെയ്തെങ്കിലും ആ ഇടിത്തീയിൽ ഒരു നന്മയുണ്ടായിരുന്നു എന്ന് നാമിപ്പോ൦ കണ്ടെത്തുന്നു.

രാഷ്ട്രീയത്തിനപ്പുറം വാർത്തയുണ്ടെന്ന് പത്രങ്ങ൦ കണ്ടെത്തിയ കാലമായിരുന്നു അടിയന്തരാവസ്ഥ. ഡൽഹിയിലെ തലമൂത്ത പത്രപ്രവർത്തകർ ജോലിചെയ്തു തുടങ്ങിയതും അക്കാലത്തായിരുന്നു.

അടിയന്തരാവസ്ഥ കഴിഞ്ഞയുടൻ അവരിൽ പലരും അടിയന്തരാവസ്ഥയുടെഎഴുതാപ്പുറങ്ങ൦ തേടിപ്പോയി; റിപ്പോർട്ടുകളും പുസ്തകങ്ങളും എഴുതി.

ഇന്ത്യയിൽ അന്വേഷണാത്മക പത്രപ്രവർത്തനം വേരുപിടിച്ച കാലമായിരുന്നു അത്.

(ഏകാധിപത്യത്തിനും ഭരണഘടനാതീത ശക്തികൾക്കുമെതിരേ അന്ന് ആഞ്ഞടിച്ചവരിൽ ചിലരെങ്കിലും പിന്നീട് രാഷ്ട്രീയ കക്ഷികളുടെ കക്ഷത്തിൽ സുഖം കണ്ടെത്തി എന്നത് നമുക്ക് വേണമെങ്കിൽ ഇടവേളയിൽ ഓർത്തു ചിരിക്കാം)

അടിയന്തരാവസ്ഥയ്ക്കുശേഷമുണ്ടായ ഈ ഉണർവിൽ നിന്ന് ഇന്ത്യൻ പത്രപ്രവർത്തനം പിൽക്കാലത്ത് ബോഫോഴ്സിലേക്കും അന്തർ വാഹിനിയിലേക്കും സ്വിസ് ബാങ്കിലേക്കും ക്വോത്തറോക്കിയിലേക്കും പടരാനുള്ള കരുത്തു നേടി. ഈ അർത്ഥത്തിൽ അടിന്തരാവസ്ഥയെ നമുക്കു വേണമെങ്കിൽ സ്വാഗതം ചെയ്യാം. അടിയന്തരാവസ്ഥ എന്ന ഷോക്ക് ഉണ്ടായിരുന്നില്ലെങ്കിൽ ഇന്ത്യൻ പത്രങ്ങൾ ഇപ്പോളും ഡൽഹിയിനിന്നുള്ള പത്രക്കുറിപ്പുകളുടെആരാധകരായി തുടർന്നേനെ.

അടിയന്തരാവസ്ഥയെക്കുറിച്ചുള്ള ഗവേഷണ കഥകളിൽ സെൻസേഷനലിസം ഉണ്ടായിരുന്നോ? രുക്സാനാ സുൽത്താനേയും മകൾ അമൃതാസിംഗിനെയും പറ്റി എഴുതപ്പെട്ടതൊക്കെ നാം ഏതുവിഭാഗത്തിൽപ്പെടുത്തും? അതു പക്ഷേ, ഏറെയും ഇംഗ്ലീഷ് പത്രങ്ങളിലും പുസ്തകങ്ങളിലുമായിരുന്നതിനാൽ മലയാള മാധ്യമ പഠിതാക്കളുടെ പരിഗണനാതിർത്തികൾക്കപ്പുറത്തായിരുന്നു എന്നു വേണമെങ്കിൽ വാദിക്കാം.

അങ്ങനെയെങ്കിൽ നമുക്ക്, നമ്മുടെ സ്വന്തം ചാരക്കേസിലേക്കു വരാം (ഭാഷാപരമായി ചാരക്കേസ് എന്ന പ്രയോഗം ശരിയാണോ എന്ന സംശയം തൽക്കാലം വിടാം)

തിരുവനന്തപുരത്തെ ഒരു ചെറിയ പത്രവും സാമാന്യം വലിയ ഒരു പത്രവുമാണ് ഐ.എസ്. ആർ. ഒ. കേസ് ആദ്യം റിപ്പോർട്ടു ചെയ്തത്. വൻ പത്രങ്ങളൊക്കെയുണ്ടായിട്ടും ഈ ചെറുകിടക്കാർ ഇത്ര വലിയ ഒരു അപവാദം കണ്ടെത്തിയതിലെ മഹത്വം ഉദ്ഘോഷിച്ച് ചില വാരികകൾ അക്കാലത്ത് ഫീച്ചറുകൾപോലും പ്രസിദ്ധീകരിച്ചു.

കഥയുടെ വിശ്വസനീയതയിൽ സംശയം തോന്നിയിട്ടാവാം, മുഖ്യധാ

രാ പത്രങ്ങറം ആദ്യം ഈകേസിൽ അത്ര ഉത്സാഹം കാണിച്ചില്ല. എന്നാൽ അപവാദം വലിയ സാധ്യതകളുള്ള ചാരവൃത്തികേസായി വളരുന്നു എന്നു തോന്നിയപ്പോറം അവരും ചാടിവീണു. മലയാള മനോരമ സ്വന്തം ലേഖക നെ മാലദ്വീപിലേക്കയച്ചു.

അവിടെയാണ് മനോരമയ്ക്ക് മേൽക്കോയ്മ കൈവരുന്നത്. ഈ പ്രബന്ധത്തിനുവേണ്ടി ഒരിക്കൽകൂടി ഞാൻ മാലദ്വീപ് റിപ്പോർട്ടുകറം വാ യിച്ചു. അതിൽ ആകെക്കൂടിയുള്ളത് മറിയം റഷീദയുടെ മാലിദ്വീപ് ജീവി തത്തെക്കുറിച്ച് മറ്റുള്ളവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളും ചിത്രങ്ങളും മാത്രമാണ്. എങ്ങിലും മറിയം റഷീദ വായനക്കാരുടെ ഭാവനയിൽ കൂടു കൂട്ടിയത് അവിടം മുതലാണ്.

ഐ.എസ്. ആർ. ഒ. കേസ് തെളിവില്ലാതെ കോടതി തള്ളിയപ്പോറം ഈ കേസ് മനോരമയുടെ സൃഷ്ടിയാണെന്ന് എഴുതിപ്പിടിപ്പിച്ചവരെ വഴി തെറ്റിച്ചതും മറ്റൊന്നാവില്ല. ആദ്യം ഈ അപവാദം റിപ്പോർട്ടു ചെയ്തതിൻെറ പേരിൽ അതുവരെ ഊറ്റം കൊണ്ടിരുന്നവരും ഈ സമൂഹഗാനത്തിൽ ചേർന്നു. പഴയ പത്രങ്ങറം തപ്പിയെടുത്ത് വായിക്കാൻ വായനക്കാർ മെന ക്കെടാറില്ലെന്ന് അവർക്കുമറിയാം.

ഞങ്ങറം എഴുതുമ്പോറം അത് അന്വേഷണാത്മക പത്രപ്രവർത്തനം, നിങ്ങറം എഴുതുമ്പോറം സെൻസേഷനലിസം എന്ന തരംതിരിവ് അഥവാ ന്യായവാദം ഒരുതരം മാപ്പുസാക്ഷി ചമയലാണ്. നമ്മുടെ പത്ര പ്രവർത്തനത്തിൽ ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

കൊച്ചിയിൽ സൂപ്പർ ടാങ്കർ ബർത്തിനുവേണ്ടി ഒരു പത്രം കാമ്പെയ്ൻ ചെയ്തു തുടങ്ങിയാൽ അതിൻെറ ആവശ്യമില്ല എന്നു മറ്റൊരു പത്രം എഴുതുന്നു. ബൈപാസിൽ വൺവേ ഏർപ്പെടുത്തുന്നതു നന്നായിരിക്കും എന്നതിന് ഒരു പത്രം കാര്യകാരണങ്ങറം നിരത്തുമ്പോറം വൺവേ ഏർ പ്പെടുത്തിക്കൂടാ എന്നു മറ്റൊരു പത്രം പ്രചാരണം നടത്തുന്നു.

ഇതു പത്രപ്രവർത്തനമല്ല, പ്രതിപ്രവർത്തനമാണ്. ആശയ

ദാരിദ്ര്യത്തിൽനിന്നുണ്ടാകുന്ന ഒരുതരം കോംപ്ലക്സ്.

ലോകത്ത് മറ്റൊരിടത്തും ഇത്തരം പ്രതിപ്രവർത്തനം നടക്കുന്നില്ല.

ഈ പ്രതിപ്രവർത്തനം നമ്മുടെ നാട്ടിൽ നേരത്തെ തുടങ്ങിയിരുന്നെങ്കിൽ ഇടുക്കി ജലവൈദ്യുത പദ്ധതി ഒരു പക്ഷേ, ഇന്നുണ്ടാകുമായിരുന്നില്ല.

ഇടുക്കി പദ്ധതിയുടെ ചരിത്രം 1919-ലേക്ക് നീണ്ടുപോകുന്നു. മലങ്കര എസ്റ്റേറ്റ് സൂപ്രണ്ടായിരുന്ന ഡബ്ല്യു. ജെ. ജോൺ ഇടുക്കിയിൽ അണകെട്ടുന്നതിനുള്ള സാദ്ധ്യതകളെപ്പറ്റി തയ്യാറാക്കിയ റിപ്പോർട്ട് 1932-ൽ സമർപ്പിച്ച കാര്യം നമ്മുടെ ഇലക്ട്രിസിറ്റിബോർഡിൻെറ രേഖയിലുണ്ടെങ്കിലും ആ അന്വേഷണത്തിനു പ്രേരകശക്തിയായി നിന്ന മലയാള മനോരമ പത്രത്തെപ്പറ്റി പരാമർശിക്കാത്തതു സ്വാഭാവികം. സർക്കാർ രേഖകാ 1932-ലെ റിപ്പോർട്ടിൽ നിന്നേ തുടങ്ങുന്നുള്ളൂ.

ഡബ്ല്യു. ജെ. ജോണിൻെറ സങ്കൽപ്പത്തിലുണ്ടായിരുന്ന ഇടുക്കി അണക്കെട്ടിനെക്കുറിച്ച് അദ്ദേഹം ആദ്യം എഴുതിയത് മനോരമയിലാണ്. 1948 നവംബർ ആറിന് മലയാള മനോരമയുടെ ഒന്നാം പേജിൻെറ മൂന്നിൽ രണ്ടു ഭാഗം അതിനായി നീക്കി വച്ചിരുന്നു എന്ന വസ്തുത നമ്മുടെ അന്വേഷണാത്മക-വികസനോന്മുഖ പത്രപ്രവർത്തന ചരിത്രകാരന്മാർ ഓർക്കുന്നുണ്ടാവില്ല. എന്നു തന്നെയല്ല, ഇടുക്കിയിലെ കുറവൻ പാറയും കുറത്തിപ്പാറയും ചേർന്നു സൃഷ്ടിക്കുന്ന മലയിടുക്കിൻെറ ചിത്രവും അന്ന് ഒന്നാം പേജിലുണ്ടായിരുന്നു-കൃത്യം 50 വർഷങ്ങാക്കു മുമ്പ്.

പിന്നീട്, 1948 നവംബർ 13-ന് വീണ്ടും ഈ പദ്ധതിയുടെ വിശദാംശങ്ങാ മനോരമ ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു. അണക്കെട്ടിനു അനുയോജ്യമെന്നു തോന്നിയ സ്ഥലവും മഴപ്രദേശവും കാണിക്കുന്ന മാപ്പും ഒപ്പം ഉണ്ടായിരുന്നു. ഒന്നാം പേജിൻെറ ഏറിയ പങ്കും അപഹരിച്ചു ആ വാർത്താ ഫീച്ചർ. അന്നു തന്നെ 'ലോകോത്തരമായ ഇടുക്കി പദ്ധതി'

എന്ന തലക്കെട്ടിൽ മുഖപ്രസംഗവും എഴുതി. പിന്നെയും എത്രയെത്ര മുഖ പ്രസംഗങ്ങൾ, ഫീച്ചറുകൾ.

തിരുവിതാംകൂർ ഗവൺമെൻറ് ഇടുക്കിയെപ്പറ്റി ഔദ്യോഗികമായി പ്രാരംഭപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയത് 1947-ൽ മാത്രമാണെന്നു കൂടി ഓർക്കുക.

ഇന്നാണെങ്കിൽ, മനോരമ മുൻകൈയെടുത്ത പദ്ധതിയെന്ന ഒറ്റക്കാരണത്താൽ മറ്റു പത്രങ്ങളെല്ലാംകൂടി ചേർന്ന് അതിനെ എതിർത്തു തോൽപ്പിക്കുമായിരുന്നു എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. നമ്മുടെ മാധ്യമബോധം അത്രയേറെ തീവ്രവും വികാരപരവുമാണ്.

മറ്റു രാജ്യങ്ങളിലോ?

ബക്കിംഗാം കൊട്ടാരം അപകടത്തിലാണെന്ന് ലണ്ടനിലെ ടൈംസ് പത്രം റിപ്പോർട്ടു ചെയ്താൽ 'ഗാർഡിയൻ' ഒരു പടികൂടി കടന്ന് സ്വന്തം ചെലവിൽ ആർക്കിടെക്ടിനെ നിയോഗിച്ച് കൊട്ടാരം പുതുക്കിപ്പണിയാനുള്ള രൂപരേഖയുമായി രംഗത്തുവരും. ലോകത്തെ മികച്ച നാലു ശിൽപ്പികളുടെ രൂപകൽപ്പനകൾ താരതമ്യം ചെയ്ത് ഗ്രാഫിക്സ് സഹിതമാവും 'ടെലിഗ്രാഫ്' പത്രം പിറ്റേന്ന് പുറത്തിറങ്ങുക.

ഇതാണ് ലോകമൊട്ടാകെ പത്ര പ്രവർത്തനത്തിന്റെ പുതിയ മുഖം. മറ്റുള്ളവരേക്കാൾ ഒരു പടികൂടി മുന്നിലാവാൻ, അന്യോന്യത്തിന്റെ ഭാഷയിൽ പറഞ്ഞാൽ കടന്നിരിക്കാൻ, ഓരോ പത്രവും ശ്രമിക്കുന്നു. ഇതിനാണ് നാം വാല്യു അഡീഷൻ എന്നും ന്യൂസ് പ്ലസ് എന്നുമൊക്കെ പറയുന്നത്. ഇതിനു കഴിയാത്തവർ മികവിനു വേണ്ടിയുള്ള മത്സരയോട്ടത്തിൽ പിൻതള്ളപ്പെട്ടുപോകും. ബൈബിളിന്റെ ഭാഷയിൽ പറഞ്ഞാൽ, അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും.

വാല്യു അഡീഷൻ പത്രക്കാർക്കുമാത്രം ബാധകമായ ഒരു കാര്യമല്ല, ലോകത്തൊട്ടാകെ ഉപഭോക്താക്കൾക്കു മുൻപിൽ മികവും മിടുക്കും കാട്ടാൻ ബാധ്യസ്ഥമായ എല്ലാ മേഖലകളിലും ഈ സമീപനം പ്രസക്തമാണ്.

വിപണിയിൽ ഇന്നലെവരെ ഹോർലിക്സിനും ബോൺവിറ്റയ്ക്കും 500ഗ്രാം ടിന്നിനു വില 100 രൂപയായിരുന്നുവെന്നു കരുതുക. എന്നാൽ ഇന്നു മുതൽ ഇതേ വിലയ്ക്ക് ഹോർലിക്സിൻെറ ടിന്നിൽ 100ഗ്രാം കൂടുതലുണ്ടാവും എന്നൊരു വിപണനതന്ത്രം വന്നാൽ അത് വാല്യു അഡീഷനാണ്, മൂല്യവർധനയാണ്. ഉപഭോക്താവിനു കിട്ടുന്ന മൂല്യത്തിൽ വർധനയുണ്ടാകുന്നു എന്നർത്ഥം.

ന്യൂഡൽഹിയിൽ ബി.ജെ.പി. നേതാക്കളുമായുള്ള ചർച്ചയ്ക്കുശേഷം ജയലളിത അജ്ഞാത കേന്ദ്രത്തിലേക്കുപോയി എന്നു 99 പത്രങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോൾ, അവർ പോയത് പ്രിയങ്കയുടെ ഭർത്താവ് റോബർട്ട് വധേരയുടെ വീട്ടിലേക്കാണെന്നു റിപ്പോർട്ടു ചെയ്യാൻ ഒരു പത്രത്തിനു കഴിഞ്ഞാൽ, ഒരു ലേഖകനു കഴിഞ്ഞാൽ, അതാണ് മികവ്, അതാണ് വാല്യു അഡീഷൻ.


വാർത്തയുടെ കാര്യത്തിൽ കാട്ടുന്ന ഇത്തരം മികവുകൊണ്ടു മാത്രമാണ് ഏതു രാജ്യത്തും പത്രങ്ങൾ വളരുകയും ചരിത്രം സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നമ്മുടെ പത്രങ്ങളിൽ ചിലതെങ്കിലും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു.

സിംഗപ്പൂരിൽ കപ്പൽ മുങ്ങുമ്പോൾ അതിലെ മലയാളികളെ തേടിപ്പോകുന്നതും ഇതേ കപ്പലിന് മുൻപ് കപ്പിത്താനായിരുന്ന കുന്ദംകുളംകാരനെ തേടിപ്പിടിക്കുന്നതും ഈ കപ്പലും മുങ്ങിപ്പോയ നമ്മുടെ കൈരളിയും ഒരേ ദിവസം കടലിലിറങ്ങിയതാണെന്നു കണ്ടെത്തുന്നതും കൈരളിയിൽ ലോഡ് കയറ്റിയ തുറമുഖത്തുതന്നെയാണ് ഈ കപ്പലിലും ലോഡ് കയറ്റിയതെന്നു അന്വേഷിച്ചുപിടിക്കുന്നതും ഇതേ കപ്പൽ കഴിഞ്ഞ വർഷം കൊച്ചി കപ്പൽശാലയിൽ അറ്റകുറ്റപ്പണിക്കു വന്നിരുന്നെന്നും കൊച്ചി കപ്പൽശാലയുടെ പഴയൊരു ചെയർമാൻ ഈ കപ്പലിലാണ് ആദ്യം ജോലി ചെയ്തിരുന്നതെന്നും കപ്പലിലെ ഫസ്റ്റ് എൻജിനിയറായ ചൈനക്കാരൻെറ ഭാര്യ പാലക്കാട്ടുകാരി സുന്ദരിക്കുട്ടിയാണെന്നും കഴിഞ്ഞ സന്ദർശനത്തിൽ ആ ദമ്പതികൾ കേരളത്തിൽ നിന്നു വാങ്ങിക്കൊണ്ടുപോയ ആറന്മുളക്കണ്ണാടി

കടലിൽ ഒഴുകി നടന്ന ബാഗിൽ നിന്നു കണ്ടുകിട്ടിയെന്നും ഏറ്റവുമൊടു വിൽ കപ്പൽ കൊച്ചിയിൽ വന്നപ്പോ൦ പ്രബുദ്ധരായ നമ്മുടെതൊഴിലാളി ക൦ അതിൽ അതിക്രമിച്ചു കയറിയെന്നും കപ്പൽ തടഞ്ഞു വച്ചുവെന്നും ഹൈക്കോടതി ഇടപെട്ടതുകൊണ്ടാണ് കപ്പലിനു യാത്രതുടരാൻ കഴിഞ്ഞ തെന്നുമൊക്കെ വാർത്തയാകുന്നത് സൗന്ദര്യപ്പിണക്കത്തിനും അസൂ യയ്ക്കും സങ്കുചിതത്വത്തിനും അതീതമായൊരു പത്രപ്രവർത്തനമു ണ്ടെന്നു തിരിച്ചറിയുന്നവർ നമ്മുടെ പല പത്രങ്ങളിലും ഉള്ളതു കൊണ്ടാണ്.

ഇതു റിപ്പോർട്ടിംഗിൻെറ മാത്രം വിജയമല്ല, കൂട്ടായ ആലോചനയു ടെയും സൂക്ഷ്മമായ ആസൂത്രണത്തിൻെറയും സമർത്ഥമായ ഏകോ പനത്തിൻെറയും നേട്ടമാണ്. ഇതെല്ലാം കൂടി ചേരുന്ന കലയെ നമുക്ക് വാർത്താവിചാരം എന്നു വിളിക്കാം.

ആരോഗ്യകരമായ വാർത്താവിചാരത്തിൽ മാത്രമാണ് പത്രങ്ങളുടെ ഭാവി, മലയാള പത്രപ്രവർത്തനത്തിൻെറയും.



തെരുവത്ത് രാമൻ

# ചെറുകിട പത്രങ്ങളുടെ പ്രസക്തി

## സ്വാതന്ത്ര്യലബ്ധിക്ക് ശേഷം പത്രങ്ങൾക്ക് വന്ന മാറ്റം

ജനാധിപത്യ ഭരണ സമ്പ്രദായത്തിൽ ജനങ്ങൾക്ക് അടിസ്ഥാനപരമായ ചില അവകാശങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് അറിയാനും അറിയിക്കാനുമുള്ള അവകാശം. പത്രങ്ങളും, റേഡിയോ, വീഡിയോ ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളും അറിവ് ശേഖരിച്ച് ജനങ്ങൾക്ക് നൽകുന്നു. അറിയാനുള്ള പൗരൻെറ അവകാശം അനിഷേധ്യമാണ്. പാവനവുമാണ്. അതിപ്രധാനമായ ഈ പൗരാവകാശം സാധിച്ചുകൊടുക്കുന്ന സ്ഥാപനങ്ങൾ എന്ന നിലക്കാണ്, വാർത്താ മാധ്യമങ്ങളെ ജനാധിപത്യത്തിൻെറ നെടുംതൂണുകളായി വിശേഷിപ്പിക്കുന്നത്.

ചരിത്രത്തിലെ അതിപ്രധാനമായ ഒരു നാഴികക്കല്ലാണ് 1947. അടിമത്തത്തിൻെറ ചങ്ങല പൊട്ടിച്ചെറിഞ്ഞ് ഇന്ത്യ ഉണർന്നെഴുന്നേറ്റകാലം. പാർലമെൻറ് മന്ദിരത്തിൽ ബ്രിട്ടീഷ് പതാക താണു. ഇന്ത്യൻ സ്വതന്ത്ര പതാക ഉയർന്നു. പുതിയൊരു ചരിത്രത്തിൻെറ തുടക്കം. ഭരണഘടന സമ്മാനിച്ച ജനാധിപത്യബോധം ജനങ്ങളുടെ മനസ്സിൽ പുതിയ പൂക്കൾ വിരിയിച്ചു. ആ പൂക്കളുടെ സൗരഭ്യവും സൗന്ദര്യവും രാജ്യത്തിൻെറ ഓരോ മുക്കിലും മൂലയിലുമെത്തിക്കാൻ ഒട്ടേറെ പുതിയ പത്രങ്ങൾ രംഗത്ത്വന്നു. അതിൽ ബഹുഭൂരിപക്ഷം ചെറുകിട പത്രങ്ങളാണ്. പിന്നീട് ഏതാണ്ട് ഒരു

ദശാബ്ദത്തിനുശേഷമാണ്, ഒരു കുളിർകാറ്റുപോലെ സായാഹ്നപത്രങ്ങളുടെ വരവുണ്ടായത്. ആ കുളിർകാറ്റ് ജനങ്ങൾക്ക് സുഗന്ധം മാത്രമല്ല, ചിലപ്പോൾ ദുർഗന്ധവും സമ്മാനിച്ചു.

ജനാധിപത്യ സമ്പ്രദായം പത്രപ്രവർത്തനത്തിന് പുതിയ മാനം നൽകി. ജനങ്ങളുടെ പരാതികൾ വെളിച്ചത്ത് കൊണ്ടുവരിക. പൊതുജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് രൂപം കൊടുക്കുക. നാട്ടിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് ജനപിന്തുണ നേടുക. സർക്കാർ യന്ത്രത്തെ ചലിപ്പിക്കുക. സമൂഹത്തിന്റെ പൊതുവിലുള്ള സാംസ്കാരിക നിലവാരമുയർത്തുക-തുടങ്ങിയവയും പത്രപ്രവർത്തനത്തിന്റെ ഭാഗമായിമാറി.

പത്രപ്രവർത്തനം വിശാലമായ ഒരു ചക്രവാളത്തിലേക്ക് ഉയർന്നതുപോലെ തന്നെ, റേഡിയോ, വീഡിയോ, ഫിലിം, ടി.വി തുടങ്ങിയ ഇലക്ട്രോണിക് മാധ്യമരംഗത്ത് വലിയൊരു വിസ്ഫോടനമാണ് അനുഭവപ്പെട്ടത്. പത്രങ്ങളുടെ പ്രവർത്തനമേഖലകൾ വെട്ടിപ്പിടിച്ചുകൊണ്ട് ഇലക്ട്രോണിക് മാധ്യമങ്ങൾ മുന്നേറുകയാണ്. മാത്രമല്ല, കുറച്ചുകാലം കൊണ്ട് വാർത്താവിതരണരംഗത്ത് അവ ഏതാണ്ട് ഒരാധിപത്യംതന്നെ ഉറപ്പിച്ചമട്ടാണ്. പത്രവായനക്ക് ചുരുങ്ങിയത് അക്ഷരജ്ഞാനമെങ്കിലും വേണം. എന്നാൽ ഇലക്ട്രോണിക് മാധ്യമങ്ങളെ സംബന്ധിച്ചേടത്തോളം അതത്യാവശ്യമല്ല. കേൾക്കുവാനുള്ള കാതും കാണാനുള്ള കണ്ണുമുണ്ടായാൽ മതി. ജീവൻ തുടിക്കുന്ന വർണ്ണചിത്രങ്ങളുടെ അകമ്പടികൂടിയായപ്പോൾ വാർത്തകൾക്ക് കൂടുതൽ തിളക്കം കൈവരികയും ചെയ്തു.

റിപ്പോർട്ടിങ്ങിലും കമ്പോസിങ്ങിലും പേജ്മേക്കപ്പിലും അച്ചടിയിലും മറ്റും ഇലക്ട്രോണിക്സിന്റെ അത്ഭുതസിദ്ധികൾ പത്രങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. പേനയുടെ കഴിവ്, കമ്പ്യൂട്ടറും ക്യാമറയും വൻതോതിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും മേൽപറഞ്ഞ ഇലക്ട്രോണിക് മാധ്യമങ്ങളോട് മത്സരിക്കാൻ പത്രങ്ങൾക്ക് കഴിയുന്നില്ല. പത്രങ്ങൾ ദിവസത്തിൽ ഒരുതവണമാത്രമാണ് വായനക്കാർക്ക് വാർത്തനൽകുന്നത്. എന്നാൽ ടി.വി യിലാകട്ടെ മണിക്കൂറുകൾ തോറും വാർത്തകളുടെ വെള്ളച്ചാട്ടമാണ്! അതും വർണ്ണചിത്രങ്ങളോടുകൂടി. മാത്രമല്ല ടി.വി. ചാനലുകൾ തമ്മിൽ കടുത്ത മത്സരംനടക്കുന്നതുകൊണ്ട്,

വാർത്തകളുടെയും ചിത്രങ്ങളുടെയും ക്വാളിറ്റിയും വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ, വാർത്താവിതരണരംഗത്ത് ഇലക്ട്രോണിക് മാധ്യമങ്ങൾ പത്രങ്ങളെക്കാൾ എത്രയോ മുന്നിലാണ്.

ഈ പ്രതിസന്ധിയെ നേരിടാൻ പത്രങ്ങൾ പുതിയ മേച്ചിൽപുറം തേടി പരക്കം പായുകയാണ്. പുതിയ വാർത്താ സങ്കേതങ്ങൾ കണ്ടെത്താനും, വായനക്കാർക്ക് വിളമ്പുന്ന വിഭവങ്ങൾ രുചികരമാക്കാനുമുള്ള കൊണ്ടുപിടിച്ചശ്രമത്തിലാണ് പത്രങ്ങൾ. വാർത്തകൾക്കകമ്പടിയായി വർണ്ണചിത്രങ്ങൾ. പൊട്ടിച്ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കാർട്ടൂണുകൾ. ശൂന്യതയിൽ നിന്ന് കൂണുകൾ പോലെ പൊട്ടിമുളക്കുന്ന സ്കൂപ്പുകൾ. ഹോട്ടലിൽ കാലത്ത് ബാക്കിവരുന്ന വട ഉച്ചക്കുശേഷം തൈരുവടയാക്കുന്നതുപോലെ, തലേദിവസം ടി.വിയിൽ വന്ന് ചീഞ്ഞവാർത്തയിൽ ഉപ്പും മസാലയും അജിനാമോട്ടോവും ചേർത്തുണ്ടാക്കുന്ന ന്യൂസ് സ്റ്റോറികൾ- ഇതെല്ലാം പത്രങ്ങളിലെ പതിവ് വിഭവങ്ങളാണ്.

## വാർത്തകളിൽ മയക്ക്മരുന്ന്

എരിവും പുളിയും ചേർക്കുമ്പോൾ വാർത്തകളുടെ ആത്മാവാണ് പലപ്പോഴും നഷ്ടപ്പെടുന്നത്. നിസ്സാരസംഭവങ്ങളെ ഊതിവീർപ്പിക്കുകയും എഴുതി പെരുപ്പിക്കുകയും ചെയ്യുക. അന്വേഷണറിപ്പോർട്ടുകൾക്ക് പൈങ്കിളി കഥകളുടെ മാധുര്യം നൽകുക. സംഭവങ്ങൾ വളച്ചൊടിച്ച് പൊതുതാൽപര്യമുള്ള വാർത്തകളാക്കി മാറ്റുക. സെക്സിൻെറയും ക്രൈമിൻെറയും ലഹരി ചേർത്ത റിപ്പോർട്ടുകൾക്ക് പ്രാധാന്യം നൽകുക-ഇതെല്ലാമാണ് പത്രപ്രവർത്തനത്തിൻെറ ചില അണിയറ രഹസ്യങ്ങൾ.

ഇതിൻെറ ഫലമായി ഏതോമയക്കുമരുന്നു കഴിച്ച അനുഭവമാണ് സാധാരണക്കാരായ വായനക്കാർക്ക് ഉണ്ടാവുന്നത്. അതുകൊണ്ട് കാലത്ത് ചുടുചായ കിട്ടിയില്ലെങ്കിലും, പത്രം കിട്ടാൻ വൈകിയാൽ വായനക്കാർ അസ്വസ്ഥരാകുന്നു. പുലർച്ചക്ക് കിട്ടുന്ന 'ലഹരി' കിട്ടാതെ വരുമ്പോഴുള്ള ഒരുതരം പരിഭ്രാന്തി! വൻകിട പത്രങ്ങളുടെ ഭൂരിപക്ഷം വായനക്കാരും ഈ ലഹരിയുടെ അടിമകളാണ്. ഇതിലും വലിയ മയക്കുമരുന്നാണ് ടി.വിയും റേഡിയോയും മറ്റും പ്രേക്ഷകർക്ക് നൽകുന്നത്. കുറഞ്ഞകാലംകൊണ്ട്

പ്രേക്ഷകർ ടി.വിയുടെ അടിമകളായി തീരുന്നു.

ചില ബ്രാൻഡ് ഐസ്ക്രീമിൽ കുറഞ്ഞതോതിൽ മയക്കുമരുന്നു ചേർക്കുന്നതായി നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു. ഐസ്ക്രീം നുണയുന്നവരുടെ വലിയൊരു മാർക്കറ്റ് ഉറപ്പുവരുത്തുകയായിരുന്നു അതിന്റെ ഉന്നം. അതേ സാങ്കേതികവിദ്യയുടെ ചുവട്പിടിച്ചാണ് വാർത്തയിൽ ലഹരി ചേർക്കുന്നതും. വ്യവസായത്തിന്റെ നിലനിൽപിനും വളർച്ചക്കും സുനിശ്ചിതമായ ഒരു കമ്പോളം അത്യാവശ്യമാണല്ലോ?

പത്രനടത്തിപ്പ് ഇപ്പോൾ വമ്പിച്ച മുതൽ മുടക്കാവശ്യമായ ഒരു വൻ വ്യവസായമായി മാറിയിട്ടുണ്ട്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് പലപത്രങ്ങളും സ്വാതന്ത്ര്യസമരത്തിന്റെ പടവാളായിരുന്നു. അധികാരത്തിന്റെ മുമ്പിൽ മുട്ടുമടക്കി കുമ്പിടാൻ അവ കൂട്ടാക്കിയില്ല. വേദനയും യാതനയുമായിരുന്നു അന്നത്തെ പത്രങ്ങളുടെ നേട്ടം. സംഭവങ്ങളുടെ സത്യം കണ്ടെത്തുകയും ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. പ്രസ് കണ്ടുകെട്ടുക, വമ്പിച്ച ജാമ്യത്തുക ചുമത്തുക, പത്രപ്രവർത്തകരെ തുറുങ്കിലടക്കുക-തുടങ്ങിയ പത്രമാരണനിയമങ്ങൾക്കൊന്നും പത്രങ്ങളെ കീഴ്പ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. മഹത്തായ ആദർശ ധീരതയായിരുന്നു അന്ന് പത്രങ്ങളെ മുന്നോട്ട്നയിച്ചത്. കാരണം അന്ന് പണം വാരാനുള്ള ഒരു വ്യവസായമായിരുന്നില്ല. അത് ഒരു സാഹസികമായ തപസ്സായിരുന്നു. ഒരു ജനതയുടെ, ഒരു രാഷ്ട്രത്തിന്റെ ഉയർത്തെഴുന്നേൽപിന് ഊർജ്ജവും ഉണർവും നൽകുവാൻ ആ തപശ്ശക്തിക്ക് സാധിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽനിന്നു പട വെട്ടിയ പല പത്രങ്ങളും അന്ന് രക്തസാക്ഷികളായി. കാര്യമായ പരിക്കൊന്നും ഏൽക്കാതെ രക്ഷപ്പെട്ട പത്രങ്ങൾ ചുരുക്കമാണ്. വിദേശ ഉടമയിലുണ്ടായിരുന്ന ചില ഇംഗ്ലീഷ് പത്രങ്ങളാണ് അന്ന് എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്നത്.

പൂജയും വഴിപാടും വിറ്റ് പണം വാരുന്ന ഒരു വ്യാപാര സ്ഥാപനമായി മാറിയതോടെയാണ് ക്ഷേത്രങ്ങളിൽനിന്ന് ഈശ്വരൻ ഇറങ്ങിപ്പോയതെന്ന് പറയാറുണ്ട്. അതുപോലെ വൻവ്യവസായമായി വളർന്നതോടെ, പത്രങ്ങൾക്ക് ഊർജ്ജം നൽകിപ്പോന്ന ആദർശങ്ങളും ചോർന്നുപോയി. സ്വാ

തന്ത്ര്യലബ്ധിയോടെ പത്രങ്ങൾക്ക് ലക്ഷ്യം നഷ്ടപ്പെട്ടു. രാഷ്ട്ര പുനർനിർമ്മാണമെന്ന ലക്ഷ്യത്തിൽ ആവേശമുൾക്കൊള്ളാൻ കഴിഞ്ഞതുമില്ല. അതോടെ എല്ലാ രംഗത്തുമുണ്ടായ മൂല്യച്യുതി പത്രങ്ങളെയും പിടികൂടി.

വ്യവസായങ്ങൾക്കെല്ലാം ഒരു ലക്ഷ്യം മാത്രമേയുള്ളൂ. ലാഭം ലാഭം. ലാഭത്തിന് വേണ്ടി പത്രധർമ്മത്തിൽ അല്പം വെള്ളം ചേർക്കുന്നത് വലിയ പാപമൊന്നുമല്ലെന്ന നിലവന്നു. കാലത്തിനും കോലത്തിനുമനുസരിച്ച് പുതിയ ഉൽപന്നങ്ങൾ മാർക്കറ്റിലിറക്കുക. മനം മയക്കുന്ന പരസ്യങ്ങളിലൂടെ ഉപഭോക്താക്കളെ ആകർഷിക്കുക. ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിലല്ല ലാഭത്തിലായി കണ്ണ്. വൻകിട പത്രങ്ങളും ചെയ്യുന്നത് അതുതന്നെ. വിറ്റഴിക്കുന്ന ഉൽപന്നം ന്യൂസും ന്യൂസ് സ്റ്റോറിയുമാണെന്ന വ്യത്യാസമേയുള്ളു. മറ്റ് വ്യാവസായിക‌ോൽപന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പു നൽകുന്ന ഐ.എസ്.ഐ മാർക്കെങ്കിലുമുണ്ട്. എന്നാൽ പത്രങ്ങൾ ചൂടപ്പം പോലെ പടച്ചുവിടുന്ന ക്രൈം, സെക്സ്, സ്കാൻഡൽ, സെൻസേഷൻ വാർത്തകൾക്ക് അതുപോലുമില്ല. ആ ലഹരിവാങ്ങി വിഴുങ്ങുന്നവരുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ലാഭമെന്ന ഗംഗയിൽ എല്ലാ പാപവും ഒഴുകിപോകുന്നു.

മാർക്കറ്റ് എക്കോണമിയിൽ അധിഷ്ടിതമായ ഒരു മുതലാളിത്ത സമ്പദ് വ്യവസ്ഥയാണ് നമ്മുടേത്. മത്സരിച്ച് മുന്നേറുക. എതിരാളിയെ ഏതു ഹീനമാർഗ്ഗവുമുപയോഗിച്ചു നശിപ്പിക്കുക. ചതിയും വഞ്ചനയും മറ്റും മത്സരത്തിൻെറ ഭാഗമാണ്. വിജയം അവയെ സാധൂകരിക്കുന്നു. മത്സരിച്ച് മത്സരിച്ച് മാർക്കറ്റിലെ കുത്തകസ്ഥാനം പിടിച്ചെടുക്കുക. നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നുപോന്ന സംസ്കാരവും ജീവിത വിശുദ്ധിയുമാണ് ഇതിൻെറ ഫലമായി മലിനീകരിക്കപ്പെടുന്നത്.

## ബാധ്യതയുടെ ഊരാക്കുടുക്കുകൾ

ഒട്ടേറെ പതിപ്പുകൾ അച്ചടിച്ചിറക്കുന്ന വൻകിട പത്രങ്ങളെ സംബന്ധിച്ചേടത്തോളം, വായനക്കാർ നൽകുന്ന വരിസംഖ്യ കേവലം തുച്ഛമായ ഒരു വരുമാനമേ ആകുന്നുള്ളൂ. പ്രധാന വരുമാനം ലഭിക്കുന്നത് വമ്പിച്ച വ്യവസായ ഗ്രൂപ്പുകളുടെ പരസ്യങ്ങൾ വഴിയാണ്. അതുകൊണ്ട് പത്രങ്ങൾ ആ വ്യ

വസായ ഗ്രൂപ്പുകളുടെ താൽപര്യങ്ങാം സംരക്ഷിക്കാനുള്ള ബാധ്യതയുടെ ഊരാക്കുടുക്കിൽ ചെന്നുവീഴുന്നു. ഇതിനുപുറമെ ധാരാളമായി പരസ്യം ലഭി ക്കുന്നത് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളിൽ നിന്നും വൻകിട പൊതു മേഖലാ സ്ഥാപനങ്ങളിൽനിന്നുമാണ്. ആ പരസ്യങ്ങളുടെ വിഹിതവും നി രക്കും വർദ്ധിപ്പിച്ചുകിട്ടാൻ സ്വാഭാവികമായും സർക്കാരിനെ തൃപ്തിപ്പെടു ത്തേണ്ടിവരും. ഫലമോ പത്രം എസ്റ്റാബ്ലിഷ്മെൻറിൻെറ ഒരു ഭാഗമായിതീ രുന്നു. അതോടെ എല്ലാ സത്യവും ഉച്ചത്തിൽ വിളിച്ചുപറയാനുള്ള ചങ്കൂറ്റം നഷ്ടപ്പെടും. പല നിക്ഷിപ്ത താൽപര്യങ്ങളുടേയും കെട്ടുപാടുകളിൽ കുടു ങ്ങി നിവർന്നുനിൽക്കാൻ കഴിയാതെ, വിപ്ലവവായാടിത്തം പ്രകടിപ്പിക്കാനേ അത്തരം പത്രങ്ങാംക്ക് പിന്നീട് കഴിയൂ.

വൻകിട പത്രങ്ങളുടെ പ്രവർത്തനമേഖല വളരെ വിശാലമാണ്. അതുകൊണ്ട് ഒരു ചെറിയ പ്രദേശത്തിൻെറ മനസ്സറിയാനോ അതിന് പ്രാ ധാന്യം കൊടുക്കാനോ കഴിഞ്ഞെന്ന് വരില്ല. എല്ലാ പ്രദേശങ്ങളേയും ഒരേ അളവുകോൽകൊണ്ട് അളക്കുന്നു. ഓരോ പ്രദേശത്തിനും വേണ്ടതെന്താ ണെന്ന് സ്വയം തീരുമാനിക്കുന്നു. അതനുസരിച്ച് വാർത്തകാംക്ക് നിറവും രൂപവും കൊടുക്കുന്നു. ഇതിൻെറ ഫലമായി, പ്രാദേശികമായ പ്രതീക്ഷക ളോ ആവശ്യങ്ങളോ വൻപത്രങ്ങളിൽ പ്രതിഫലിക്കുന്നില്ല. സ്വന്തം ഭാവനാ വിലാസത്തിനനുസരിച്ച് പത്രപ്രവർത്തകൻ പടച്ചുണ്ടാക്കുന്ന വാർത്തകളും വാർത്താ വിമർശനങ്ങളുമാണ് വായനക്കാരിൽ അടിച്ചേൽപ്പിക്കപ്പെടുന്നത്. അതെല്ലാം വായനക്കാർ ആസ്വദിച്ച് തൃപ്തിയടയുന്നുവെന്ന ഒരു മിഥ്യാധാ രണ വൻ പത്രങ്ങാം വെച്ചുപുലർത്തുകയും ചെയ്യുന്നു! യഥാർത്ഥത്തിൽ സാധാരണക്കാരുടെ ജിഹ്വയാവാൻ വൻപത്രങ്ങാംക്ക് കഴിയുന്നില്ല.

ഇവിടെയാണ് സായാഹ്നപത്രങ്ങളടക്കമുള്ള ചെറുകിട പത്രങ്ങളുടെ പ്രസക്തി. ജനങ്ങളുടെ ജിഹ്വ എന്നബഹുമതി നേടി എടുക്കാനുള്ള എല്ലാ സാധ്യതയും ചെറുകിടപത്രങ്ങാംക്കുണ്ട്. ജനകീയ പ്രശ്നങ്ങളെ വിലയി രുത്താനും വിമർശിക്കാനും ആരുടെയും മുഖം നോക്കേണ്ടകാര്യമില്ല. മടി യിൽ കനമുണ്ടെങ്കിലല്ലേ ഭയപ്പെടേണ്ടതുള്ളൂ. നഷ്ടപ്പെടാൻ വൻ വ്യവസാ യ ഗ്രൂപ്പുകളുടെ പരസ്യങ്ങളില്ല, വലിയ ബാങ്ക് ബാലൻസില്ല, വലിയ മുതൽ മുടക്കുമില്ല.

## പ്രാദേശിക പ്രശ്നങ്ങൾക്ക് മുൻഗണന

രാഷ്ട്രാന്തരീയ പ്രശ്നങ്ങളും ദേശീയപ്രശ്നങ്ങളും, ദശലക്ഷ ക്കണക്കിന് വായനക്കാരുള്ള വൻകിട പത്രങ്ങൾ കൈകാര്യം ചെയ്യട്ടെ. വൻ പത്രങ്ങളുടെ കണ്ണിൽ പെടാത്ത നൂറുകൂട്ടം ജനകീയപ്രശ്നങ്ങൾ ഓരോ പ്ര ദേശത്തുമുണ്ട്. അത്തരം പ്രശ്നങ്ങൾക്കാണ് ചെറുകിട പത്രങ്ങൾ ഊന്നൽ നൽകേണ്ടത്. നാട്ടുകാരുടെ ഹൃദയതുടിപ്പുകളുടെ സത്യസന്ധമായ ആവി ഷ്കാരം, നിർഭയമായ വിമർശനം, ജനകീയ പ്രശ്നങ്ങളെക്കുറിച്ചുള്ള തിരി ച്ചറിവ്, വാർത്തകളുടെ മായം ചേർക്കാത്ത അവതരണം, സാധാരണക്കാരു മായുള്ള നിരന്തരമായ സമ്പർക്കം, വളച്ചുകെട്ടില്ലാത്ത ലളിതമായ ഭാഷ, സമൂഹത്തോടുള്ള പ്രതിബദ്ധത, സംഭവങ്ങളുടെ സത്യംകാണാനുള്ള ഉൾക്കണ്ണ്. സർവോപരി തുറന്ന മനസ്സ്. - ഇതെല്ലാമാണ് ഒരു ചെറുകിട പ ത്രത്തിനാവശ്യം. സാധാരണക്കാരുടെ മനസ്സറിഞ്ഞ് പ്രവർത്തിക്കാനും, പ്രാ ദേശിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകി അവയ്ക്ക് ജനപിന്തുണ നേടി ക്കൊടുക്കാനും ചെറുകിട പത്രങ്ങൾക്കേ കഴിയൂ.

കാരണം, ചെറുകിട പത്രങ്ങളുടെ പ്രവർത്തന മേഖല ചെറുതാണ്. ജില്ലാ തലസ്ഥാനമോ, ഒരു നഗരമോ, ഒരു മേഖലയോ ആവാം. അങ്ങനെ ഒരു പ്രദേശം മാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഒരു പ്രാദേശിക പ ത്രത്തിന് അവിടുത്തെ ജനങ്ങളുടെ മനസ്സറിയാം. പ്രദേശത്തിൻെറ ആവശ്യ ങ്ങളേയും പരാതികളെയും കുറിച്ച് വ്യക്തമായ ധാരണയുമുണ്ടാകും. അവ പത്രത്തിൻെറ താളുകളിൽ പ്രതിഫലിക്കുകകൂടി ചെയ്താൽ, ആ പത്രം ആ പ്രദേശത്തിൻെറ ഒരവിഭാജ്യഘടകമായിത്തീരും. നാട്ടിൻെറ സമഗ്രമായ പു രോഗതിയിൽ നിർണ്ണായകമായ സേവനം അർപ്പിക്കാൻ കഴിയുന്നത് അത്തരം പത്രങ്ങൾക്കാണ്.

ഒരു ഉദാഹരണം ഇവിടെ ഉദ്ധരിക്കട്ടെ. തീരദേശ റോഡിൽ, ചാവക്കാ ട്ട് നിന്ന് മണപ്പുറത്തേക്ക് ചേറ്റുവാപുഴക്ക് പാലമില്ലാത്ത കാലം. വാ ഹനങ്ങളും യാത്രക്കാരും പുഴകടക്കുന്നത് ചങ്ങാടത്തിലാണ്. ചങ്ങാടം കി ട്ടാതെ പലപ്പോഴും വാഹനങ്ങൾ മണിക്കൂറുകളോളം കാത്തുകെട്ടി കിട ക്കേണ്ടിവന്നു. നാട്ടുകാർ പാലത്തിന് വേണ്ടി മുറവിളി കൂട്ടി. അധികൃതർ

ക്ക് കൂട്ടനിവേദനം നൽകി. ഇത് കേവലമൊരു പ്രാദേശികപ്രശ്നമായി കണ്ട വൻകിട പത്രങ്ങൾ അതിനുവേണ്ടി കാര്യമായി ശബ്ദമുയർത്തിയതുമില്ല.

പ്രസിദ്ധ സാംസ്കാരിക നായകനും ഗ്രന്ഥകാരനും സാമൂഹ്യപരിഷ്കർത്താവും പത്രപ്രവർത്തകനുമായ വി.എസ്.കേരളീയൻ ഏങ്ങണ്ടിയൂർ കേന്ദ്രമാക്കി ഒരു പത്രം നടത്തിയിരുന്നു 'മണപ്പുറം ടൈംസ്' ചേറ്റുവാപുഴയ്ക്ക് പാലമില്ലാത്തതിന്റെ കഷ്ടപ്പാടും, പാലം നിർമ്മിച്ചാലുള്ള നേട്ടങ്ങളും, തീരദേശ റോഡിന്റെ പ്രാധാന്യവും മറ്റും വിവരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളും മുഖപ്രസംഗങ്ങളും മറ്റും "മണപ്പുറം ടൈം"സിന്റെ കോളങ്ങളെ സജീവമാക്കി. കേരളീയനും ടൈംസും അന്നാട്ടുകാരുടെ ഹരമായി മാറുവാൻ അധികകാലം വേണ്ടിവന്നില്ല. ചേറ്റുവാപ്പുഴക്ക് പാലമെന്ന പ്രാദേശിക പ്രശ്നം, ഒരു സംസ്ഥാന പ്രശ്നമാക്കി വളർത്തിവലുതാക്കാനും അത് ഗവൺമെണ്ടിനെകൊണ്ട് അംഗീകരിപ്പിക്കാനും ടൈംസിന് സാധിച്ചു. തുടർന്ന് സർക്കാർ പാലം നിർമ്മിക്കുകയും, ചേറ്റുവാപുഴയെ താലികെട്ടിച്ച് സുമംഗലയാക്കുകയും ചെയ്തു.

'മണപ്പുറം ടൈംസും' അതിന്റെ മഹാനായ പത്രാധിപരും ഇന്നില്ല. എന്നാൽ ടൈംസിനെപോലുള്ള ഒട്ടേറെ ചെറുകിട പത്രങ്ങൾ നമുക്കുണ്ട്. പക്ഷേ അവ അതത് പ്രദേശത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാനും, ജനശ്രദ്ധയിൽ കൊണ്ടുവരാനും എത്രത്തോളം ശ്രമിക്കുന്നുണ്ട്? അവർ സ്വയം ഒരാത്മപരിശോധന നടത്തട്ടെ. പത്രത്തിന്റെ ഉടമ ആരുമാകട്ടെ, പത്രം ഒരു സ്വകാര്യസ്വത്തല്ലെന്നും, ആശയപരമായി നാട്ടുകാർക്കെല്ലാം പങ്കാളിത്തമുള്ള ഒരു പൊതുസ്ഥാപനമാണെന്നുമുള്ള പുതിയ ഒരു തിരിച്ചറിവ് ചെറുകിടപത്രങ്ങൾക്കെങ്കിലുമുണ്ടാവണം.

## മതേതരത്വത്തിന് പ്രാധാന്യം

പത്രങ്ങൾ ശ്രദ്ധിക്കേണ്ട സ്ഥായിയായ ചില പ്രശ്നങ്ങളുണ്ട്. വൻതോതിലുള്ള വനനശീകരണം ഇന്ന് സർവസാധാരണമാണ്. കാടുകയ്യേറി, തേക്കും വീട്ടിയും ചന്ദനവും മുറിച്ച്, ഒളിച്ചുകടത്തിവിറ്റ് പണം വാരുന്ന സാമൂഹ്യദ്രോഹം വർദ്ധിച്ചിരിക്കുന്നു. സർക്കാർ ഖജനാവ് കൊള്ളയടിക്കുന്നതിന് തുല്യമാണിത്. വൻ വ്യവസായികളുടെയോ ചില സർക്കാർ ഉദ്യോ

ഗസ്ഥന്മാരുടേയോ ഒത്താശയോടെയാണ് ഇതെല്ലാം നടക്കുന്നത്. വൻതോതിലുള്ള ഈ വനംകൊള്ളക്കെതിരെ പത്രങ്ങളാണ് പടവാളെടുക്കേണ്ടത്.

യാതൊരു തത്വദീക്ഷയുമില്ലാതെ, വൻകിട വ്യവസായശാലകൾ വായുമണ്ഡലത്തിലേക്ക് കാർക്കിച്ച് തുപ്പുന്ന കറുത്ത പുകയും, വിഷവാതകങ്ങളും അന്തരീക്ഷത്തെ മലീമസമാക്കുന്നു. ഫാക്ടറികളിൽനിന്നൊഴുകുന്ന മാരകമായ രാസപദാർത്ഥങ്ങളടങ്ങിയ മാലിന്യം നമ്മുടെ നാട്ടിലെ പുഴകളെ വിഷമയമാക്കുന്നു. വർദ്ധിച്ച വിളവിന്നും ലാഭത്തിനും വേണ്ടി കൃഷിയിടങ്ങളിൽ അനിയന്ത്രിതമായി ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും പരിസ്ഥിതിക്കേൽപിക്കുന്ന പരിക്ക് ഗുരുതരമാണ്.

ഇതിൻെറ ഫലമായി പുഴകൾ മരിക്കുന്നു. പുഴയുടെ സ്ഥാനത്ത് ഇപ്പോൾ ഒഴുകുന്നത് രൂക്ഷമായ ദുർഗന്ധം വമിക്കുന്ന അഴുക്കുചാലാണ്! ഓരോ കൊല്ലം കഴിയുംതോറും ശുദ്ധജലത്തിൻെറയും ശുദ്ധവായുവിൻെറയും ലഭ്യത കുറഞ്ഞുവരികയാണ്. മനുഷ്യൻെറ നിലനിൽപിനെ തന്നെ താളം തെറ്റിക്കുന്ന ഇത്തരം പ്രശ്നങ്ങൾ വെളിച്ചത്ത് കൊണ്ടുവരാൻപോലും പലവൻകിടപത്രങ്ങൾക്കും മടിയാണ്. അവരുടെ കണ്ണിൽ ഇതെല്ലാം നിസ്സാരം. ഇതിനെക്കാൾ വലിയപ്രശ്നം സിനിമാനടികളുടെ ഉറക്കറ രഹസ്യങ്ങളും നിറം പിടിപ്പിച്ച പെൺവാണിഭക്കഥകളുമാണ്! കാട്ടുകള്ളന്മാരായ വീരപ്പന്മാർ ചന്ദനം മുറിച്ചും കാട്ടാനകളെകൊന്ന് കൊമ്പെടുത്തും നടത്തുന്ന വനംകൊള്ളയെക്കാൾ, ആ വീരപ്പന്മാരുടെ വീരസാഹസിക കഥകൾ പൊടിപ്പും തൊങ്ങലും വെച്ച് ഫോട്ടോസഹിതം പ്രസിദ്ധീകരിച്ച് വായനക്കാരെ അത്ഭുതപ്പെടുത്തുന്നതിലാണ് വൻകിടപത്രങ്ങൾക്ക് താൽപര്യം.

വൻതോതിലുള്ള പരിസ്ഥിതിനാശവും വനംകൊള്ളയും മറ്റുംരാജ്യത്ത് പടർന്നുപന്തലിച്ച വൻ വ്യവസായ-വാണിജ്യ ശൃംഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതുകൊണ്ട് വൻകിട പത്രങ്ങൾക്ക് ആ പ്രശ്നങ്ങൾക്കെതിരെ ശബ്ദമുയർത്താനും, ജനങ്ങളെ അണിനിരത്താനും ചില പരിമിതികളുണ്ട്. എങ്കിലും അവ തങ്ങളുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണമല്ലോ. അതിന് ഇടക്കിടെ അവർ ആ പ്രശ്നങ്ങളെ 'തൊട്ടുതലോടാ'റുണ്ട്.

തേന്മാവിലെ ഇത്തിക്കണ്ണിപോലെ, പ്രാദേശികതലം മുതൽ ദേശീയതലം വരെ ഭരണരംഗത്ത് അഴിമതിയും കൈക്കൂലിയും പടർന്നുപിടിച്ചിട്ടുണ്ട്. സർക്കാറാഫീസുകളുടെ തൂണുകൾ പോലും കൈക്കൂലിക്കുവേണ്ടി കൈനീട്ടുന്നുവെന്ന് പറഞ്ഞാൽ അത് ഒട്ടും അതിശയോക്തിയാവില്ല. കൈക്കൂലി കൊടുക്കാൻ കഴിവില്ലാത്ത സാധാരണക്കാരന്റെ അവകാശങ്ങളാണ് പരസ്യമായി ചവിട്ടി മെതിക്കപ്പെടുന്നത്. സർക്കാറിൽ നിന്ന് ലഭിക്കേണ്ട നീതിപോലും കോഴകൊടുക്കാത്തവർക്ക് നിഷേധിക്കപ്പെടുന്നു. കൈക്കൂലിക്കാരേയും, അവിഹിതമാർഗ്ഗങ്ങളിൽ കൂടി പണം വാരിക്കൂട്ടുന്നവരെയും വെളിച്ചത്ത് കൊണ്ടുവരാൻ ചെറുകിട പത്രങ്ങൾ മുൻകയ്യെടുക്കേണ്ടതാണ്.

നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറ മതേതരത്വമാണ്.എങ്കിലും ജാതിയുടേയും മതത്തിന്റേയും പേരിൽ ഇവിടെ സംഘർഷവും ചിലപ്പോൾ സംഘട്ടനവുമുണ്ടാകാറുണ്ട്. അവയുടെ റിപ്പോർട്ടുകളും ചിത്രങ്ങളും അതേപടി പത്രങ്ങളിൽ വന്നാൽ സംഗതി കൂടുതൽ വഷളാകും. അതുകൊണ്ട്, അത്തരം സംഭവങ്ങൾ റിപ്പോർട്ടുചെയ്യുമ്പോൾ അങ്ങേയറ്റം സംയമനവും നിയന്ത്രണവും പാലിക്കേണ്ടതുണ്ട്. പത്രങ്ങൾക്ക് സത്യം തുറന്നുപറയാൻ കടമയില്ലേ എന്ന് ചോദിച്ചേക്കും. ഉണ്ട്. സത്യമേ പറയാവൂ. വർഗ്ഗീയ സംഘട്ടനങ്ങളിലെ യഥാർത്ഥസത്യം മനുഷ്യനും സമൂഹവുമാണ്. വർഗ്ഗീയത സത്യമല്ല. കല്ലുവെച്ച നുണയാണ്. അതുകൊണ്ട് മനുഷ്യനെന്ന പരമസത്യത്തെയാണ് പത്രങ്ങൾ ഉയർത്തിപ്പിടിക്കേണ്ടത്.

## പത്രങ്ങളുടെ ധർമ്മം

വിവിധ മതവിശ്വാസികളേയും, സന്ദേശങ്ങളെയും, ആചാരാനുഷ്ഠാനങ്ങളെയും ആദരിക്കാനുള്ള സഹിഷ്ണുതയും ഹൃദയവിശാലതയും പുതിയ തലമുറയിൽ വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്. ദേശീയൈക്യവും മതസൗഹാർദ്ദവും അപകടത്തിലാവുന്ന സ്ഫോടനാത്മകമായ ചില സന്ദർഭങ്ങളുണ്ടാവും. അപ്പോഴെല്ലാം മലപോലെ വരുന്ന വിപത്തിനെ മഞ്ഞുപോലെ ഉരുക്കിക്കളയുകയാണ് പത്രധർമ്മം.

ശാസ്ത്രവും സാങ്കേതികവിദ്യയും വളരെയേറെ പുരോഗമിച്ചിട്ടു

ണ്ടെങ്കിലും, ഇന്നും സമൂഹമനസ്സിനെ കാർന്നുതിന്നുന്ന മാരകമായ അർബുദമാണ് അന്ധവിശ്വാസവും അനാചാരങ്ങളും. ഓപ്പറേഷൻ നടത്തി രോഗിയെ രക്ഷിക്കുന്ന ഡോക്ടറുടെ കത്തിയെപോലെയാണ് പത്രാധിപരുടെ തൂലികയും. ആ അർബുദം മുറിച്ചുനീക്കി സമൂഹത്തിൻെറ ആരോഗ്യം വീണ്ടെടുക്കേണ്ടത് പത്രങ്ങളുടെ കടമയാണ്. എന്നാൽ പല പത്രങ്ങളുടെയും തൂലികക്ക് അതിനുള്ള മൂർച്ചയില്ല. ഇറച്ചി വെട്ടാനും ക്ഷൗരംചെയ്യാനും മറ്റും ഉപയോഗിച്ചതിൻെറ ഫലമായി വായ്ത്തല അടർന്നുപോയിരിക്കുന്നു. എങ്കിലും വായ്ത്തലപോയ കത്തികാട്ടി അന്യരെ ഭീഷണിപ്പെടുത്തി പല വിരുതന്മാരും സ്വന്തം കീശനിറക്കുന്നുണ്ട്. അത്തരക്കാരാണ് പല ചെറുകിട പത്രങ്ങൾക്കും മഞ്ഞപ്പത്രമെന്ന അപൂർവ്വ ബഹുമതി നേടി കൊടുത്തത്!

ഒരു പ്രദേശത്തിൻേറയും അതുൾക്കൊള്ളുന്ന സമൂഹത്തിൻേറയും മുഖം പ്രതിബിംബിക്കുന്ന കണ്ണാടിയാണ് പത്രമെന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ഇന്ന് കണ്ണാടിയിൽ കാണുന്നത് യഥാർത്ഥ മുഖങ്ങളല്ല. മുഖം മൂടികളാണ്. ഭരണത്തിൻെറ മർമ്മ സ്ഥാനങ്ങളിലും, കർമ്മസ്ഥാനങ്ങളിലും, സാമൂഹ്യക്ഷേമ രംഗത്തും മറ്റും സേവനം നടത്തുന്ന പലരും മുഖംമൂടി ധരിച്ചവരാണ്. അതുകൊണ്ട് മുഖംമൂടിക്കപ്പുറത്ത് ഒളിച്ചുവച്ച സത്യം കണ്ടെത്താനാണ് ചെറുകിട പത്രങ്ങൾ ശ്രമിക്കേണ്ടത്. അതത്ര എളുപ്പമുള്ള കാര്യമല്ല.

### ഭാഷയെ ഒരു പ്രവാഹമാക്കി

പത്രപ്രവർത്തകർ ഭാഷയെ വികലമാക്കുന്നു, മലിനീകരിക്കുന്നു, വ്യാകരണനിയമങ്ങളെ തകർക്കുന്നു എന്നെല്ലാമുള്ള പരാതികൾ പലപ്പോഴും ഉയർന്നുകേൾക്കാറുണ്ട്. അതിനോട് യോജിക്കാൻവയ്യ. ഭാഷ എന്നും അപൂർണ്ണമാണ്. വ്യാകരണനിയമങ്ങളുടെ മതിൽക്കെട്ടിനകത്ത് തളച്ചിട്ടാൽ ഭാഷ ഒരിക്കലും വളരില്ല. മുരടിക്കും. വ്യാകരണനിയമങ്ങൾ വേണ്ടെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ഭാഷയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കണം. അതനുസരിച്ച് വ്യാകരണ നിയമങ്ങളിൽ മാറ്റം വരുത്തണം. ''മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ'' എന്ന കുമാരമഹാകവിയുടെ താക്കീത് ഇവിടെ പ്രസക്തമാണ്.

ഭാഷയെ ഒരു മഹാപ്രവാഹമാക്കിമാറ്റിയത് പത്രങ്ങളാണ്. ആ പ്രവാഹം, വ്യാകരണനിയമങ്ങളേയും ഭാഷകളേയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിവരമ്പുകളേയും ഇടിച്ചുതകർക്കുകയാണ്. കൂട്ടത്തിൽ ധാരാളം ചെളിയും ചണ്ടിയും അതിൽ ഒഴുകിച്ചേരുന്നത് സ്വാഭാവികം. അതോടൊപ്പം അനേകം അന്യഭാഷാപദങ്ങൾ മലയാളത്തിലേക്ക് ഒഴുകി എത്തി. പല വാക്കുകൾക്കും പുതിയ അർത്ഥവും തേജസ്സും ലഭിച്ചു. ചില വാക്കുകളുടെ അർത്ഥം മാറി. പുതിയ പല പദങ്ങളും പിറന്നു. വെള്ളച്ചാട്ടത്തിൽ ഒഴുകിയെത്തുന്ന കല്ലുകൾക്കെന്നപോലെ, ചില ലിപികൾക്കുപോലും രൂപഭംഗി കൈവന്നു. ചുരുക്കത്തിൽ ഭാഷയുടെ ആഴവും പരപ്പും ഓജസ്സും മാത്രമല്ല, ലാളിത്യവും വർദ്ധിച്ചത് പത്രലേഖകർ അതിന്റെ കെട്ടഴിച്ചുവിട്ടപ്പോഴാണ്! ചുരുക്കിപ്പറഞ്ഞാൽ പത്രങ്ങൾ ഭാഷക്ക് നൽകിയ സംഭാവനകൾ വളരെ വലുതാണ്.

## കടമനിർവഹിക്കാനുള്ള തടസ്സങ്ങൾ

ജനങ്ങളുടെ അറിയാനുള്ള അവകാശം പൂർണ്ണമായി സാധിച്ചുകൊടുക്കാൻ പത്രങ്ങൾക്ക് കഴിയുന്നില്ല. പൗരന്മാരിൽനിന്നുമാത്രമല്ല, മാധ്യമങ്ങളിൽ നിന്നുപോലും പ്രധാനപ്പെട്ട പല വിവരങ്ങളും ഭരണാധികാരികൾ മറച്ചുപിടിക്കുന്നു. ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ പോലും രഹസ്യമാക്കി വെക്കാനാണ് ബ്യൂറോക്രസിക്ക് താൽപര്യം. ഇപ്പോൾ പരിമിതമായെങ്കിലും ലഭിക്കുന്ന അറിവുകൾ കരുത്തുറ്റ പത്രപ്രവർത്തകരുടെ അന്വേഷണത്വരയുടെ ഫലമാണ്.

സമഗ്രമായ ഒരു സാക്ഷരതാപരിപാടി ഇവിടെ നടപ്പാക്കിയത്, വിവരങ്ങളറിയാനും പ്രതികരിക്കാനുമുള്ള സാധാരണക്കാരുടെ കഴിവ് വർദ്ധിപ്പിക്കാനാണ്. പാർലമെൻറിലും നിയമസഭകളിലുമുളള നടപടികൾ മാത്രമല്ല, അധികാരത്തിന്റെ അകത്തളങ്ങളിൽ നടക്കുന്ന സംഭവങ്ങളും നാട്ടുകാർ അറിഞ്ഞിരിക്കേണ്ടതാണ്. രാജ്യരക്ഷ, ആഭ്യന്തര സുരക്ഷിതത്വം, ബജറ്റ് നിർദ്ദേശങ്ങൾ തുടങ്ങിയ അപൂർവം വിഭാഗങ്ങളിൽ ചില രഹസ്യങ്ങൾ സൂക്ഷിക്കേണ്ടിവരും. എന്നാൽ മറ്റുമണ്ഡലങ്ങളിൽ രഹസ്യങ്ങൾ ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കേണ്ടതുമാണ്. രാജ്യരക്ഷയിൽപോലും കൂടു

തൽ രഹസ്യങ്ങൾ വെച്ചുപുലർത്തുന്നത് അപകടകരമാണ്. കുപ്രസിദ്ധമായ ബോഫോഴ്സ് തോക്കിടപാടിലെ അഴിമതി ആരോപണംതന്നെ അതിനൊരു തെളിവാണല്ലോ?

അധികാര കേന്ദ്രങ്ങളിൽ നടക്കുന്ന എല്ലാ നടപടികളുടെയും വിവരങ്ങൾ അപ്പപ്പോൾ ജനങ്ങളെ അറിയിക്കാൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറും, ജില്ലതോറും ഇൻഫർമേഷൻ ഓഫീസുകളുമുണ്ട്. അതിന്നുപുറമേ ചെറുതും വലുതുമായ പത്രങ്ങളും, റേഡിയോ, ടി.വി തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങളുമുണ്ട്. എന്നിട്ടും ഭരണതലത്തിലുള്ള വിലപ്പെട്ട പലവിവരങ്ങളും ജനങ്ങൾക്ക് കൈമാറുവാൻ അധികാരകേന്ദ്രങ്ങൾ മടിക്കുന്നു. എല്ലാം ജനങ്ങൾ അറിഞ്ഞിരിക്കണമെന്ന ജനാധിപത്യത്തിൻെറ അടിസ്ഥാന പ്രമാണമാണ് ഇവിടെ പരാജയപ്പെടുന്നത്.

## പത്രസ്വാതന്ത്ര്യം

പല തലത്തിലും ചർച്ചചെയ്യപ്പെട്ട ഒരു വിഷയമാണ് പത്രസ്വാതന്ത്ര്യം. ഭരിക്കുന്ന മന്ത്രിമാരും പ്രതിപക്ഷനേതാക്കന്മാരുമെല്ലാം പത്രസ്വാതന്ത്ര്യം അത്യാവശ്യമാണെന്ന് വീറോടെ വാദിക്കാറുണ്ട്. എന്നാൽ ഭരണ കേന്ദ്രങ്ങളിൽ കടന്നുചെന്ന് വിവരങ്ങളറിയാനുള്ള സ്വാതന്ത്ര്യം നിയമപ്രകാരം പത്രങ്ങൾക്ക് ഇനിയും നൽകിയിട്ടില്ല. ജനാധിപത്യരാജ്യങ്ങളിലുള്ളതുപോലെ, ഫലപ്രദമായ ഒരു ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട് ഇവിടെയില്ല. സ്വീഡൻ, കാനഡ, യു.എസ്.എ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ സ്വാതന്ത്രസമൂഹം അത്തരമൊരു നിയമത്തിൻെറ കൂടി ഫലമാണ്. ഈ നിയമം നടപ്പാക്കാൻ വേണ്ടി കൊല്ലത്തിൽ 60 ബില്ല്യൻ ഡോളറാണ് യു.എസ്.എ ചെലവഴിക്കുന്നത്. പത്രസ്വാതന്ത്ര്യം ഉറപ്പുവരുത്താനും, ജനാധിപത്യ വ്യവസ്ഥ ജീർണ്ണിച്ചുപോകാതിരിക്കാനും അത്തരമൊരു നിയമം ഇവിടെയും അത്യാവശ്യമാണ്. ഇതിനുള്ള ഒരു ബില്ല് അടുത്ത പാർലമെൻറ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് റിപ്പോർട്ടുണ്ട്.

മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒപ്പുവച്ച ഒരു രാജ്യമാണ് ഇന്ത്യ. അതുകൊണ്ട് വിശേഷിച്ചും പത്രപ്രവർത്തകർക്ക് അറിയാനുള്ള അവകാശം നിയമപ്രകാരം ഉറപ്പുവരുത്തേണ്ടതാണ്. നിയമത്തിൻെറ പിൻബലമു

ണ്ടെങ്കിൽ മാത്രമേ അധികാരസ്ഥാപനങ്ങളിൽ ചെന്ന് വിവരംതിരക്കാനും, ഭരണപരമായ നടപടികളുടെ എല്ലാ ഫയലുകളും പരിശോധിക്കാനും, ആവശ്യമായ രേഖകളുടെ പകർപ്പ് എടുക്കാനും പത്രപ്രവർത്തകർക്ക് അധികാരമുണ്ടാവൂ. എന്നാൽ പത്രപ്രവർത്തകർക്ക് ഇന്ന് നേർവഴിക്ക് വിവരങ്ങൾ കിട്ടാനുള്ള മാർഗ്ഗമില്ല. ചോദിച്ചുവാങ്ങാൻ നിയമത്തിൻെറ പിൻബലവുമില്ല. അതുകൊണ്ട് പത്രങ്ങൾ വിവരങ്ങൾ രഹസ്യമായി ചോർത്തിയെടുത്തും, ചിലപ്പോൾ മോഷ്ടിച്ചുമാണ് വായനക്കാരോടുള്ള ബാധ്യത നിറവേറ്റുന്നത്. ഈ ചോർത്തലിൻേറയും മോഷണത്തിൻേറയും ഇടയിൽ സത്യത്തിൻെറ നല്ലൊരംശം ചോർന്നുപോകുന്നതും സ്വാഭാവികമാണ്.

പല സർക്കാറാഫീസുകളും രഹസ്യങ്ങളുടെ കൂടാരമാണ്. രഹസ്യം, അതിരഹസ്യം എന്നെല്ലാം കൊടികുത്തിയ ഫയലുകൾ അലമാരകളിൽ കുന്നുകൂടി കിടക്കുന്നു. ഈ രഹസ്യങ്ങളിൽ പലതും അങ്ങാടിപ്പാട്ടാണെന്നു കൂടി ഓർക്കുക. എത്രയെത്ര അന്വേഷണകമ്മീഷൻ റിപ്പോർട്ടുകളാണ് വെളിച്ചം കാണാതെ, ഗതികിട്ടാത്ത പ്രേതങ്ങളെപ്പോലെ സർക്കാർ സെക്രട്ടേറിയേറ്റിൽ കെട്ടിക്കിടക്കുന്നത്? താക്കർ നടരാജൻ കമ്മീഷൻ റിപ്പോർട്ട് യഥാസമയം വെളിച്ചം കണ്ടിരുന്നെങ്കിൽ, ഇന്ദിരാഗാന്ധിയുടെ കൊലയാളിയെന്നാരോപിക്കപ്പെട്ട കെഹാർ സിങ്ങിൻെറ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നുവെന്ന് പല നിയമ വിദഗ്ദ്ധന്മാരും ചൂണ്ടിക്കാണിച്ചത് ഈ അവസരത്തിൽ ഓർമ്മവരുന്നു.

പത്രസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഒന്നാണ് നമ്മുടെ നാട്ടിലെ ഒഫീഷ്യൽ സീക്രട്ട് ആക്ട്. സ്വാതന്ത്ര്യ പ്രസ്ഥാനത്തെ അടിച്ചമർത്താൻ ബ്രിട്ടീഷ് ഗവൺമെൻറ് നടപ്പാക്കിയ ആ പ്രാകൃതനിയമം സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഇവിടെ ശക്തിയായി നിലനിൽക്കുന്നു. പാർലമെൻറിൽ സമർപ്പിക്കുന്നതിനുമുമ്പ്, ജയിൻ കമ്മീഷൻ റിപ്പോർട്ട് ചോർത്തിയെടുത്തവരുടെ പേരിൽ ഈ നിയമമനുസരിച്ച് കേസ്സെടുക്കാനാണ് കേന്ദ്രഗവൺമെൻറ് തിടുക്കം കാണിച്ചത്.

ജനാധിപത്യത്തിൻെറ പൂന്തോട്ടമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ബ്രിട്ടനിലും ഈ നിയമമുണ്ട്. പക്ഷേ ആ പുലി അവിടെ ആരേയും കടിക്കാറില്ല.

പല ഭേദഗതികളും കൊണ്ടുവന്ന് ആ നിയമത്തെ അവിടെ നിർജ്ജീവമാക്കുകയാണ് ചെയ്തത്. ആ നിയമത്തിൻെറ പേരിൽ ആരെയും അവിടെ പ്രോസിക്യൂട്ട് ചെയ്യാറുമില്ല. എന്നാൽ നമ്മുടെ നാട്ടിലെ ഒഫീഷ്യൽ സീക്രട്ട് ആക്ട്, പത്രങ്ങളുടെനേരേ കുരച്ചുചാടുകയും ചിലപ്പോാ കടിച്ചുകീറുകയും ചെയ്യുന്നു!

ഭരണത്തിൻെറ വിവിധ തലങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റും, ജനങ്ങാ അവശ്യം അറിഞ്ഞിരിക്കേണ്ടതും, എന്നാൽ രഹസ്യമാക്കി വച്ചതുമായ വിവരങ്ങാ മണത്തറിഞ്ഞ് ചെല്ലുന്ന പത്രപ്രവർത്തകരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാനും വിരട്ടാനും ചിലപ്പോാ തടവിലിടാനുമാണ് നമ്മുടെ ഒഫീഷ്യൽ സീക്രട്ട് ആക്ട് ഉപയോഗിക്കുന്നത്. ഈ ആക്ടിൻെറ മറവിൽ പ്രധാനപ്പെട്ട പല വിവരങ്ങളും പൂഴ്ത്തിവെയ്ക്കുന്ന അധികൃതർതന്നെ കൈക്കൂലി വാങ്ങി വേണ്ടപ്പെട്ടവർക്ക് അതുചോർത്തിക്കൊടുക്കുകയും ചെയ്യുന്നു! സർക്കാറുദ്യോഗസ്ഥരുടെ കൈക്കൂലിയും അഴിമതിയും ഒളിച്ചുവെക്കാനും ഈ നിയമം ഉപയോഗപ്പെടുന്നു.

പത്രപ്രവർത്തകരുടെ ശിരസ്സിന് മുകളിൽ തൂക്കിയിട്ട മൂർച്ചയേറിയ മറ്റൊരു ഡെമോക്ലസ്സിൻെറ വാളാണ് ഡിഫമേഷൻ ആക്ട്. ഇത് കാരണം പല സത്യങ്ങളും വെളിച്ചത്തുകൊണ്ടുവരാൻ പത്രങ്ങാക്ക് കഴിയാതെ വരുന്നു. പത്രപ്രവർത്തകരുടെ കൃത്യനിർവഹണത്തിന് വിലങ്ങുതടിയായി നിൽക്കുന്ന ഡിഫമേഷൻ ആക്ടിൻെറ വിഷപ്പല്ല് പറിച്ചുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിനുള്ള ഒരു ശ്രമം ഒരിക്കൽ നടന്നെങ്കിലും നിർഭാഗ്യമെന്ന് പറയട്ടെ അത് ഫലപ്രദമായില്ല.

അറിവ് ശക്തിയാണ്. അറിവ് ശേഖരിക്കുകയും, അത് ജനങ്ങളിലെത്തിച്ച് അവരെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ട കടമയാണ് പത്രങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളത്. അതുകൊണ്ട്, അറിയാനും അറിയിക്കാനുമുള്ള എല്ലാ തടസ്സവും നീക്കണം. എന്നാൽ മാത്രമേ സ്വതന്ത്രമായ ഒരു സമൂഹവും, ഭരണഘടനാശില്പികാ വിഭാവനം ചെയ്ത ഒരു ജനാധിപത്യ സംസ്കാരവും ഇവിടെ പൂക്കുകയും കായ്ക്കുകയുമുള്ളൂ.

വാസുദേവ ഭട്ടതിരി

# എഡിറ്റിംഗ് :പിന്നിട്ട അര നൂറ്റാണ്ട്

ഇല്ലിക്കുന്നിലെ കല്ലച്ചുകളിൽ ജനിച്ച് ഇൻറർനെറ്റിലെ വെബ്സൈറ്റു വരെ വളർന്നു കഴിഞ്ഞപ്പോാ മലയാള പത്രങ്ങാ പിന്നിട്ടത് ഒന്നര നൂറ്റാണ്ട്. അതിലെ ആദ്യ നൂറു വർഷം കിഴിച്ചുള്ള അര നൂറ്റാണ്ടിലെ വളർച്ചയും തളർച്ചയുമാണല്ലോ ഇവിടത്തെ ചർച്ചാവിഷയം.

അര നൂറ്റാണ്ടിനുള്ളിൽ പത്രങ്ങളുടെ പണിപ്പുരയിൽ എത്രയെത്ര പൊളിച്ചെഴുത്തു നടന്നിരിക്കുന്നു. അനുദിനമെന്നോണമല്ലേ പണിയായുധങ്ങളുടെ അലകും പിടിയും മാറേണ്ടി വന്നത്? പണിയായുധങ്ങാ മാത്രമല്ല പണി തന്നെ പല മട്ടിലായി, പല തട്ടിലായി. എന്തിന്, അര നൂറ്റാണ്ടു മുമ്പു മരിച്ചുപോയ ഏതെങ്കിലും വായനക്കാരൻ ഇന്ന് ഉയിർത്തെഴുന്നേറ്റു വന്നാൽ ലിപിയിലെ മാറ്റം കൊണ്ടു തന്നെ അന്ധാളിച്ചു പോകുമല്ലോ.

പ്രശസ്തരും പ്രതിഭാധനരുമായിരുന്ന അന്നത്തെ പത്രാധിപൻമാരെ അപവദിക്കുക എന്ന വിദൂര ലക്ഷ്യം പോലും ആരും ആരോപിക്കില്ലെന്ന വിശ്വാസത്തോടെ പറയട്ടെ, ആദ്യത്തെ നൂറു വർഷം പിന്നിടുമ്പോഴും നമ്മുടെ പത്രങ്ങളിൽ 'എഡിറ്റിംഗ്' എന്ന സങ്കേതത്തിൻെറ പ്രയോഗം എടുത്തു കാട്ടാവുന്ന നിലയിലേക്ക് എത്തിയിരുന്നോ എന്നു സംശയം.

സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ 'വൃത്താന്ത പത്ര പ്രവർത്തനം എന്ന പ്രാമാണിക ഗ്രന്ഥം പത്രപ്രവർത്തകർക്കിടയിൽ പ്രചാരം നേടിക്കഴിഞ്ഞിരുന്നുവെങ്കിലും അതിലെ സിദ്ധാന്തങ്ങാ പ്രാവർത്തികമാ

ക്കുന്നതിൽ നമ്മുടെ മുൻഗാമികൾ എന്തുകൊണ്ടോ ഉത്സാഹം കാട്ടിയില്ല. മലയാളത്തിൽ എഴുതിക്കിട്ടിയ വൃത്താന്തങ്ങളും ലേഖനങ്ങളും കവിതകളു മൊക്കെ ചെറിയയൊരു ആമുഖക്കുറിപ്പോടെയോ തലവാചകം കൊണ്ടു ള്ള പരിചയപ്പെടുത്തലോടെയോ പ്രസിദ്ധീകരിക്കുന്നതിൽ ഒതുങ്ങുന്നതാ യിരുന്നു 'എഡിറ്റിംഗ്'. പല വൃത്താന്തങ്ങളും തലവാചകം പോലുമില്ലാത്ത കബന്ധങ്ങളായി പത്രത്താളുകളിൽ ചിതറിക്കിടന്നിരുന്നു. നാട്ടിൻ പുറങ്ങളിൽ നിന്നു വന്നിരുന്ന വർത്തമാനക്കത്തുകളും ലേഖനങ്ങളും മറ്റും ഉടച്ചു വാർത്തു മാത്രമേ പ്രസിദ്ധീകരിക്കൂ എന്നു നിഷ്കർഷിച്ചിരുന്ന പ ത്രാധിപൻമാരാകട്ടെ ഭാഷ ലളിതമാക്കുന്നതിൽ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളൂ. ഇംഗ്ലീഷിൽ ലഭിച്ച കമ്പി വാർത്തകളും മറ്റുമാകട്ടെ പദാനുപദം തർജമ ചെയ്ത് അവതരിപ്പിക്കുന്നതിലായിരുന്നു പൊതുവേ താത്പര്യം.

അര നൂറ്റാണ്ടു മുമ്പത്തെ 'എഡിറ്റിംഗ്' ഏതു നിലയിലായിരുന്നു എന്നു മനസ്സിലാക്കാൻ അക്കാലത്തെ പത്രത്താളുകളിൽ നിന്ന് ഏതാനും മാതൃകകൾ ഉദ്ധരിക്കട്ടെ:

- വർഗീയാസ്വാസ്ഥ്യങ്ങളെ സംബന്ധിക്കുന്ന എല്ലാ വാർത്തകളും വിമർശനങ്ങളും ഫോട്ടോകളും പ്രസിദ്ധീകരിക്കപ്പെടുന്നതിനു മുമ്പ് അധി കൃതൻമാരുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നു ഡെൽഹി ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഡെൽഹിയിലെ പത്രങ്ങൾക്ക് അയച്ചിട്ടുള്ള ഒരു കൽപനയിൽ നിശ്ചയിച്ചിരിക്കുന്നു.

- ഇപ്പോഴത്തെ വെളിച്ചെണ്ണ വിലക്കുറവിനുള്ള കാരണം പലരും സം ശയിക്കുന്ന പോലെ പുറത്തു നിന്നുള്ള തേങ്ങായുടെ ഇറക്കുമതി അ ല്ലെന്നും, സോപ്പു വ്യവസായികൾക്കു കോസ്റ്റിക് സോഡാ ആവശ്യത്തി നു മാത്രം കിട്ടാത്തതുകൊണ്ടു സോപ്പു വ്യവസായത്തിൽ വന്നിട്ടുള്ള മാന്ദ്യം മൂലം അവർ വെളിച്ചെണ്ണ വാങ്ങിക്കാത്തതു കൊണ്ടാണെന്നും സെൻട്രൽ കോക്കനട്ട് ബോർഡ് മീറ്റിംഗിൽ സംബന്ധിച്ച ശേഷം മടങ്ങിയെത്തിയ ഗവർ മ്മെൻറ് സെക്രട്ടറി മി.കുമാരദാസ് ഒരു അഭിമുഖ സംഭാഷണ മധ്യേ പ്രസ്താ വിക്കുകയുണ്ടായി.

- ഝ്ഥലത്തെ രാധാ സിനിമയ്ക്കു നൽകിയിരുന്ന ലൈസൻസ് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് റദ്ദു ചെയ്തിരിക്കുന്നു. 29-ാം നു ശനിയാഴ്ച മുതൽക്കാണ് ഈ കൽപന ബലത്തിൽ വരിക. സിനിമാ നിയമങ്ങൾക്കനുസരിച്ച് പ്രസ്തുത ഹാളിൽ വേണ്ടപ്പെട്ട പരിഷ്ക്കാരങ്ങൾ വരുത്താത്ത സംഗതികളിൻ മേലാണ് ലൈസൻസ് റദ്ദു ചെയ്തിട്ടുള്ളത്. വേണ്ട പരിഷ്ക്കാരങ്ങൾ ചെയ്യുന്നതിന് അധികൃതൻമാർ സിനിമാ ഭാരവാഹികൾക്ക് ഒന്നിലധികം അവധി നൽകിയിട്ടുണ്ടായിരുന്നു.

- സുപ്രസിദ്ധ പമ്പാ നദിക്കരയിൽവച്ച് ഏതാനും അയ്യപ്പൻമാർ കൂടി നടത്തിയ ആഴി പ്രദക്ഷിണ മധ്യേ അതിലൊരാൾ ഭക്തിപൂർവ്വം അഗ്നികുണ്ഡത്തിലേക്ക് സാവധാനം പ്രവേശിക്കുകയും അതിൻെറ മധ്യഭാഗത്തായി യോഗാസനത്തിലിരുന്നുകൊണ്ട് സ്വന്തം ശരീരം അഗ്നിക്കിരയാക്കുകയും ചെയ്തുവെന്നു പറയപ്പെടുന്നു. ഈ ആളിനു ബുദ്ധിഭ്രമമൊന്നും ഇല്ലായിരുന്നുവെന്നാണറിയുന്നത്.

ഈ രീതിയിലുള്ള വൃത്താന്തങ്ങളെ ഇന്നത്തെ രീതിയിലുള്ള വൃത്താന്തങ്ങളുമായി താരതമ്യപ്പെടുത്തിയാൽ 'എഡിറ്റിംഗ്' എന്ന സങ്കേതത്തിനുണ്ടായ പരിണാമത്തെപ്പറ്റി ഏകദേശ ധാരണ ലഭിക്കും.

പത്രഭാഷയുടെ അന്നത്തെ സുഗ്രഹത ശ്രദ്ധേയമായിരുന്നു. എന്നാൽ വാരിവലിച്ചുള്ള വിവരണശൈലി, വൃഥാസ്ഥൂലത, ഉള്ളടക്കത്തിലെ പൊരുത്തക്കേടുകൾ, വിവരങ്ങളുടെ അപൂർണത, പശ്ചാത്തല വിവരങ്ങളുടെയും വിശേഷണങ്ങളുടെയും പെരുപ്പം, ഗ്രാമ്യപദങ്ങളുടെ പ്രയോഗം തുടങ്ങിയവയെ ദോഷങ്ങളായിത്തന്നെ കാണണമല്ലോ.

വൃത്താന്ത രചനയ്ക്കു യോജിച്ച ശൈലിയേക്കാൾ കഥാരചനയ്ക്ക് ഇണങ്ങുന്ന ശൈലിയായിരുന്നു അന്നത്തെ പത്രാധിപൻമാരുടേത്. വൃത്താന്തങ്ങളുടെ ഘടനയും ഏറെക്കുറെ കഥയുടെ ഘടനയായിരുന്നു.

തർജമ പദാനുപദം ആയിരിക്കണമെന്ന നിഷ്കർഷ ആശയവിനിമയത്തിനു പലപ്പോഴും വിഘാതമായിരുന്നു. ഒന്നുകിൽ കോമാളിയുടെ കുപ്പായം പോലെ വികൃതം, അല്ലെങ്കിൽ ആധാരമെഴുത്തുകാരൻെറ

അക്ഷരച്ചങ്ങലപോലെ വിരസം-ഇതായിരുന്നു തർജമയുടെ പ്രധാന ദോഷം.

തലക്കെട്ടുകൾ പൊതുവേ നിർജീവമായിരുന്നു. ഒതുക്കം കുറവ്, ഒഴുക്കും കുറവ്. പല തലക്കെട്ടുകളും പൂർണവാചകങ്ങളായി അനന്തശയനം പോലെ കിടന്നപ്പോൾ കരുത്തു കഷ്ടിയായി. വാർത്തയുടെ മർമം ചൂണ്ടിക്കാട്ടാനോ വായനയ്ക്കു പ്രലോഭിപ്പിക്കാനോ അസമർഥമായിരുന്നു തലക്കെട്ടുകളിൽ നല്ല പങ്കും. മൂന്നും നാലും അഞ്ചും നിലകളുള്ള തലക്കെട്ടുകൾക്കിടയിൽ വാർത്തയുടെ കാതൽ ഒറ്റനോട്ടത്തിൽ പിടികിട്ടുക പ്രയാസമായിരുന്നു. മൗനികളായ ലേബൽ തലക്കെട്ടുകളായിരുന്നു മറ്റൊരിനം. 'ആലപ്പുഴ' എന്നോ 'കൊല്ലം' എന്നോ ഉള്ള ഒറ്റക്കോളം തലക്കെട്ടിനു താഴെ അവിടത്തെ ലേഖകൻ അയച്ച എല്ലാ വൃത്താന്തങ്ങളും മാലമാലയായി കോർത്തിണക്കി പ്രസിദ്ധീകരിക്കുന്നതിൽ അന്നത്തെ പത്രാധിപൻമാർ അനൗചിത്യമോ അഭംഗിയോ കണ്ടിട്ടില്ല. തലക്കെട്ടില്ലാത്ത വാർത്തകൾക്കും കണക്കില്ലായിരുന്നു.

വാർത്തകളുടെ പ്രാധാന്യത്തിന് അനുസൃതമായിരുന്നില്ല പലപ്പോഴും പത്രത്തിൻെറ രൂപകൽപന. വാർത്തകളുടെ വിന്യാസത്തിലും ഈ അപാകത പ്രകടമായിരുന്നു. ഏത്തവാഴക്കുഴിയിൽ നിന്നു കുറേ നാണയങ്ങൾ കണ്ടു കിട്ടിയതുപോലും ഒന്നാം പേജിലെ ഒന്നാം നമ്പർ വാർത്തയായിരുന്നിട്ടുണ്ട്. അപ്രധാന വാർത്തകളെ കണ്ണായ സ്ഥാനത്ത് എഴുന്നുള്ളിച്ച ദിവസങ്ങൾ കുറെച്ചൊന്നുമല്ല. പ്രധാനപ്പെട്ട പല വൃത്താന്തങ്ങൾക്കും ഏതെങ്കിലും താളിൽ ഏതെങ്കിലും കോണിൽ ഇരിപ്പിടം നൽകിയതിനും ഉദാഹരണങ്ങൾ ഏറെയുണ്ട്.

കൗതുക വാർത്തകളോ അസാധാരണത്വത്തിൻെറ പരിവേഷമുള്ള വാർത്തകളോ വിന്യസിക്കുമ്പോൾ വരകൾകൊണ്ടുള്ള വേലിക്കെട്ടോ വ്യത്യസ്തമായ അച്ചുകളോ ഉപയോഗിച്ചിരുന്ന അവസരങ്ങൾ വളരെ വളരെ വിരളം. തലക്കെട്ടിലെ ആശ്ചര്യ ചിഹ്നമായിരുന്നു പലപ്പോഴും അത്തരം വാർത്തകളുടെ കൊടിയടയാളം.

അച്ചുകളുടെ വൈവിധ്യം പരിമിതമായിരുന്നെങ്കിലും ലഭ്യമായ വൈവിധ്യം ആശയ വിനിമയത്തിനും ദൃശ്യഭംഗിക്കും സമർഥമായി ഉപയോഗിക്കാൻ അന്നു ശ്രമം നടന്നില്ല. ഒരേ കുടുംബത്തിൽപ്പെട്ട അച്ചുകൾക്കിടയിലേക്ക് അന്യകുടുംബത്തിലെ അച്ചിൻെറ കടന്നുകയറ്റം സാധാരണമായിരുന്നു. അച്ചുകൊഴിഞ്ഞതുകൊണ്ടുള്ള അനർഥങ്ങളും അരോചകത്വവും വേറെ.

വാർത്താചിത്രങ്ങൾ വിരളമായിരുന്നു. 'പിക്ചർ എഡിറ്റിംഗ്' എന്ന സങ്കേതം തന്നെ അജ്ഞാതമായിരുന്നതു കൊണ്ടാവാം ചിത്രങ്ങൾക്കു മികവോ മിഴിവോ സമ്മാനിക്കാൻ പത്രാധിപൻമാരുടെ കരങ്ങൾക്കു കഴിഞ്ഞില്ല. അടിക്കുറിപ്പുകൾക്കും ചൂടോ ചൊടിയോ ഉണ്ടായിരുന്നില്ല.

ഇതെല്ലാം ഇങ്ങനെ എണ്ണിയെണ്ണിപ്പറഞ്ഞതു ദോഷങ്ങളുടെ കണക്കെടുപ്പിനു വേണ്ടിയല്ല, അര നൂറ്റാണ്ടു മുമ്പു പോലും 'എഡിറ്റിംഗ്' എന്ന സാങ്കേതിക വിദ്യ മലയാള പത്രങ്ങൾക്ക് എത്രമാത്രം അന്യമായിരുന്നു എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ്.

അമ്പതുകളുടെ തുടക്കത്തിൽപ്പോലും ഈ നില മെച്ചപ്പെടുകയുണ്ടായില്ല. 1951 ലെ ഒരു ഒന്നാം പേജ് വൃത്താന്തത്തിൻെറ ശൈലിയും ഘടനയും നോക്കുക:

- കരുനാഗപ്പള്ളി ടൗൺ ക്ലബ്ബിൻെറ കിഴക്കുവശത്തു കമനീയമായി കെട്ടി അലങ്കരിച്ചിരുന്ന പന്തലിൽ വച്ചു കരുനാഗപ്പള്ളി താലൂക്കു സഹകരണ ബാങ്കിൻെറ രജതജൂബിലി സമ്മേളനം മന്ത്രി ശ്രീ. കുഞ്ഞുരാമൻ ഉദ്ഘാടനം ചെയ്തു. ഇന്നലെ രാവിലെ വാളൻറിയർമാരുടെ റാലിക്കു ശേഷം മി. വി. അച്യുതമേനോൻ സഹകരണ പതാക ഉയർത്തി. രാവിലെ പത്തു മണിക്കു സഹകരണസംഘം റജിസ്ത്രാർ മി. കെ.നാരായണമേനോൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മി.തയ്യിൽ കൃഷ്ണപിള്ളയുടെ സ്വാഗതപ്രസംഗാനന്തരം മന്ത്രി ശ്രീ. കുഞ്ഞുരാമൻ ചെയ്ത അദ്ധ്യക്ഷ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:പാശ്ചാത്യ രാജ്യങ്ങളിൽ ഏതാണ്ട് എഴുപത്തഞ്ചു ശതമാനം ജനങ്ങൾ സഹകരണ പ്രസ്ഥാനങ്ങൾ വഴി പ്രവർത്തനങ്ങൾ നയിക്കുമ്പോൾ ഭാരതത്തിൽ 25 ശതമാനം ജനങ്ങൾ മാ

ത്രമേ സഹകരണപ്രസ്ഥാനങ്ങളിൽക്കൂടി പ്രവർത്തിക്കുന്നുള്ളൂ. എന്നാൽ നമ്മുടെ രാജ്യത്തിലെ നില ഇതിലും ശോചനീയമാണ്. ഈ നില തുടർന്നു പോകുകയാണെങ്കിൽ നമുക്ക് ഒരു കാലത്തും പുരോഗതി ഉണ്ടാകയില്ല. ... ... ... ... ... ... ... ... ... ... അദ്ധ്യക്ഷനെ കൂടാതെ മി.കുഞ്ഞയ്യപ്പൻ എം.എൽ.എ. യും ഒരു പ്രസംഗം ചെയ്തു. മി.എച്ച്.മുഹമ്മദുകുഞ്ഞിൻെറ കൃതജ്ഞതാ പ്രകടത്തിനുശേഷം രാവിലത്തെ പരിപാടികൾ അവസാനിച്ചു.

ഏറ്റവും പ്രധാനപ്പെട്ട കാര്യം ഏറ്റവും അവസാനം മാത്രം വെളിപ്പെടുത്തുന്ന ഏർപ്പാട് അന്നും അവസാനിച്ചിരുന്നില്ല. പറയേണ്ടതു പലതും പറയാൻ കഴിഞ്ഞുമില്ല. അക്കാലത്തെ മറ്റൊരു വൃത്താന്തം:

കാർത്തികപ്പള്ളി മെയ് 13. കരുവാറ്റാ കന്നുകാലി പാലത്തിനു കിഴക്കുവശം വച്ചു കഴിഞ്ഞ ദിവസം രാത്രിയിൽ ആലപ്പുഴ നിന്നും വന്ന ഒരു പ്ളഷർ കാർ കൊല്ലം സ്വദേശിയായ ഗോവിന്ദൻ എന്ന ഒരു വൃദ്ധൻെറ ദേഹത്ത് ഇടിക്കുകയാൽ അപായകരമായ വിധം ക്ഷതമേറ്റു ബോധരഹിതനായി നിലം പതിച്ചു. പ്രസ്തുത വൃദ്ധനു യാതൊരു പരിചരണവും ചെയ്യാതെ കാറുകാർ കടന്നു കളഞ്ഞു. വിവരം അറിഞ്ഞു രാത്രിതന്നെ ഹരിപ്പാടു പോലീസ് ഇൻസ്പെക്ടരും പാർട്ടിയും സ്ഥലത്തെത്തി നടപടികൾ നടത്തിയശേഷം വൃദ്ധനെ ഹരിപ്പാട് ആസ്പത്രിക്ക് അയയ്ക്കുകയും അവിടെ വച്ചു മൃതിയടയുകയും ചെയ്തിരിക്കുന്നു.

'തിരു-കൊച്ചി രാജപ്രമുഖൻ തിരുമേനിയും അമ്മ മഹാറാണിയും ട്രിപ്ളിക്കെന്നിൽ നാഷനൽ ഗേൾസ് ഹൈസ്ക്കൂളിൽ പ്രസിദ്ധ ടി.കെ.എസ്. ബ്രദേഴ്സ് അഭിനയിച്ച അവയാർ എന്ന നാടകം തൃക്കൺ പാർത്തിരിക്കുന്നു.' എന്നമട്ടിലുള്ള വൃത്താന്തങ്ങളും അമ്പതുകളിൽ അപൂർവമായിരുന്നില്ല.

അൻപതുകളുടെ രണ്ടാം പകുതിയിൽ മാത്രമാണു പത്രവ്യവസായത്തിൽ പ്രസരിപ്പു കണ്ടു തുടങ്ങിയത്. മത്സരത്തിൻെറ നാളുകളാണ് ഇനി എന്നു ബോധ്യമായപ്പോൾ കൂടുതൽ നിക്ഷേപവും പുത്തൻ സാങ്കേതിക വിദ്യകളും ആവശ്യമാണെന്നു പത്ര ഉടമകൾക്കു തോന്നി. അവർ ആ വഴി

ക്കു നീങ്ങാനും തുടങ്ങി.

മൂലധന നിക്ഷേപം വർദ്ധിക്കുകയും പുതിയ അച്ചടി സമ്പ്രദായങ്ങാം നിലവിൽ വരികയും ചെയ്തപ്പോാം പത്രപ്രവർത്തകർ പ്രഫഷനലുകളാകേണ്ടതിന്റെ ആവശ്യം പത്ര മാനേജ്മെന്റുകാംക്കു ബോധ്യപ്പെട്ടു. പത്രപ്രവർത്തകരെ പരിശീലനത്തിന് അയയ്ക്കാനും വിദഗ്ധരെ വിദേശത്തു നിന്നുപോലും വിളിച്ചുവരുത്തി ശിൽപശാലകാം നടത്താനും പത്രമാനേജ്മെന്റുകാം തയ്യാറായി.

ലേഖകൻമാർക്കും പത്രാധിപൻമാർക്കും വിദഗ്ധ പരിശീലനം ലഭിച്ചതോടെ വാർത്താശേഖരണത്തിലും പ്രഫഷനലിസം പ്രകടമായിത്തുടങ്ങി. ആശയവിനിമയത്തിനുള്ള സങ്കേതങ്ങാം എങ്ങനെ സമർഥമായി ഉപയോഗിക്കാം എന്നു മത്സരബുദ്ധിയോടെ പരീക്ഷിക്കപ്പെട്ടു. വൃത്താന്തങ്ങാംക്ക് അടുക്കും ചിട്ടയും കൈ വന്നു. വൃത്താന്തത്തിന്റെ ആമുഖത്തിൽതന്നെ വാർത്തയുടെ കാതൽ വെളിപ്പെടുത്തണമെന്ന തത്വത്തിന് അംഗീകാരമായി. കഥാരചനയുടെ ശൈലിയല്ല വാർത്തകാംക്ക് ഇണങ്ങുന്നത് എന്നു പത്രാധിപൻമാർക്കു ബോധ്യമായി. പരമ പ്രധാനമായ കാര്യത്തിൽ തുടങ്ങി താരതമ്യേന അപ്രധാനമായ വസ്തുതകളിൽ അവസാനിക്കുന്ന മട്ടിലാവണം വൃത്താന്ത രചന എന്നു പൊതുവേ അംഗീകരിക്കപ്പെട്ടു.

വൃത്താന്തങ്ങാം ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ടപ്പോാം അവയ്ക്കു വ്യക്തത കൈ വന്നു. കൂടുതൽ വ്യക്തതയ്ക്കുവേണ്ടി രേഖാ ചിത്രങ്ങളും മറ്റും ഉപയോഗിച്ചു തുടങ്ങി. വാർത്തകാം സമ്പൂർണമാക്കുന്നതിനു വേണ്ടി പശ്ചാത്തല വിവരങ്ങാം കൂട്ടിച്ചേർക്കുന്നതും സാധാരണമായി.

വ്യത്യസ്ത സന്ദർഭങ്ങാംക്കു വ്യത്യസ്ത അവതരണശൈലി, വാർത്തയുടെ പ്രാധാന്യത്തിന് ആനുപാതികമായ ദൈർഘ്യം, വസ്തുനിഷ്ഠത,ഒതുക്കമുള്ള ഭാഷ, സ്ഥിതി വിവരക്കണക്കുകളുടെ പിന്തുണ തുടങ്ങിയവ എഡിറ്റിംഗിനു മികവും മിഴിവും നൽകി. സ്റ്റൈൽ ബുക്ക്, വിവധതരം നിഘണ്ടുക്കാം, പ്രാമാണിക റഫറൻസ് ഗ്രന്ഥങ്ങാം തുടങ്ങിയവയുടെ പ്രയോജനം എഡിറ്റിംഗിൽ പ്രതിഫലിക്കാനും തുടങ്ങി.

തലക്കെട്ടുകൾക്കും അടിക്കുറിപ്പുകൾക്കും ഒതുക്കം കൈ വന്നപ്പോൾ ഓജസ്സുണ്ടായി. അച്ചുകളുടെ വൈവിധ്യം ആശയവിനിമയത്തിലെ അപ്രധാന ഘടകമല്ലെന്നു വന്നു. എഡിറ്റിംഗിലൂടെ ചിത്രങ്ങൾക്കു പോലും പുതുജീവൻ പകർന്നു.

ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾകൂടി മത്സരിക്കാൻ എത്തിയതോടെ എഡിറ്റിംഗ് പുതിയ വെല്ലുവിളികൾ നേരിടുകയാണ്. കംപ്യൂട്ടർ, ഫോട്ടോഷോപ്പ് തുടങ്ങിയ യന്ത്രസംവിധാനങ്ങളും ഇൻഫോഗ്രാഫിക്സ് പോലുള്ള ആശയ വിനിമയ സങ്കേതങ്ങളും തുണയ്ക്കുണ്ടെങ്കിൽക്കൂടി 'എഡിറ്റിംഗ്' എന്ന പ്രക്രിയ പുത്തൻ ശൈലികൾ തേടേണ്ടിയിരിക്കുന്നു.



ഡോ. പി.ബി. ലൽകാർ

# മലയാളത്തിലെ സ്ത്രീമാസികകളുടെ ഉള്ളടക്കം-അന്നും ഇന്നും ഒരു വിശകലനം

സ്ത്രീകളുടെ പദവിയെ സംബന്ധിച്ച ഏതു വിലയിരുത്തലും സാമൂഹിക ഘടനയിൽ നിന്നുവേണം ആരംഭിക്കാൻ. സമൂഹത്തിൽ നിലനില്ക്കുന്ന സാംസ്കാരിക ചട്ടക്കൂടുകൾ മൂല്യബോധം തുടങ്ങിയവ ആണിന്റെയും പെണ്ണിന്റെയും സാമൂഹിക പദവിയെ ഒരളവുവരെ നിയന്ത്രിക്കും. കുടുംബം, വിവാഹം തുടങ്ങി ഏത് സ്ഥാപനവും ഇക്കാര്യത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നില്ല. ഇവ സൃഷ്ടിക്കുന്ന പ്രത്യയശാസ്ത്ര, ധാർമിക പരിസരങ്ങളിലാണ് വ്യക്തിയുടെ അവകാശങ്ങളും ധാർമിക ബാധ്യതകളും രൂപപ്പെടുന്നത്. ഇന്ത്യൻ വനിതയുടെ സാമൂഹിക പദവിയെക്കുറിച്ചുള്ള അന്വേഷണം ഇന്ത്യയുടെ രാഷ്ട്രീയവും ചരിത്രപരവുമായ ഭൂതകാലവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യയിൽ നിലനിന്നുപോരുന്ന മതപാരമ്പര്യങ്ങൾ സ്ത്രീയുടെ സാമൂഹിക പദവിനിർണയിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചു. ഹിന്ദുമതത്തിന്റെ സവിശേഷതയായിരുന്ന ചാതുർവർണ്യം ഒരുദാഹരണം. ശൂദ്രസ്ത്രീകൾ വേദം പഠിക്കരുതെന്നാണ് നിയമം. ചെറുപ്പത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ ആൺമക്കളും സ്ത്രീയെ സംരക്ഷിക്കുമെന്നും

അവരംക്ക് സ്വാതന്ത്ര്യത്തിനർഹതയില്ലെന്നുമാണ് മനുസ്മൃതി പറയുന്നത്. മറ്റുമതങ്ങളും പ്രയോഗത്തിലെങ്കിലും സ്ത്രീയെ വീട്ടിനകത്തു തളച്ചിടുന്നതിൽ വിജയിച്ചിരിക്കുന്നു.

സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഇന്ത്യൻ വനിതയുടെ മോചനം യാഥാർത്ഥ്യമായില്ല. അവരം കുടുംബവുമായുള്ള കെട്ടുപാടുകളിൽ തന്നെകുരുങ്ങിക്കിടന്നു. കേരളത്തിലാവട്ടെ ഫ്യൂഡൽ കാലഘട്ടം തൊട്ടേ ജാതിക്കോമരങ്ങളുടെ അഴിഞ്ഞാട്ടം രൂഢമൂലമായിരുന്നു. ഒട്ടേറെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങരം ഉണ്ടായിരുന്നിട്ടുപോലും സ്ത്രീയുടെ അവസ്ഥ ഇന്ത്യൻ ശരാശരിക്കടുത്തുതന്നെ നിലനിന്നു. ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം, സ്ത്രീവിദ്യാഭ്യാസത്തിൻെറ അഭാവം, വസ്ത്രധാരണത്തിൽപ്പോലും നിലനിന്ന വിവേചനം, തുടങ്ങിയവയെല്ലാം പെണ്ണിനെ അടിച്ചമർത്താനുള്ള ആയുധങ്ങളായിരുന്നു.

ഇന്ന് ഇന്ത്യയിലെ ഇതരഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയുടെ അവസ്ഥ കേരളത്തിൽ വളരെ ഭേദപ്പെട്ടതാണ്. കൂടുതൽ സ്വതന്ത്രരും വിദ്യാഭ്യാസമുള്ളവരും സാമ്പത്തിക അധികാരങ്ങളുള്ളവരുമായി സ്ത്രീകരം മാറി. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ കേരളത്തിലുണ്ടായ വിപ്ലവകരമായ മാറ്റങ്ങളുടെ സംഭാവനയായി ഇതിനെക്കാണാം. കേരളീയ സ്ത്രീകളിലെ വായനാശീലം ഇവിടത്തെ സാഹിത്യത്തിൻെറ വളർച്ചക്ക് വഴിയൊരുക്കിയതായി 'ഇന്ദുലേഖാ'യിൽ കാണാം. സ്ത്രീകളുടെ പദവിയിൽ വന്ന ഉയർച്ചക്ക് കേരളത്തിലെ പത്രപ്രവർത്തനവും, വിശിഷ്യാ വനിതാ ആനുകാലികങ്ങരം, ചെറുതല്ലാത്ത പങ്ക് വഹിച്ചതായി കാണാം. വനിതകളുടെ സാമൂഹികാസ്തിത്വത്തിൽ 'വനിതാ ആനുകാലികങ്ങരം' വഹിച്ച പങ്ക് എന്തെന്ന് പരിശോധിക്കാം. വനിതാമാസികകളുടെ വളർച്ചയുടെ അടിസ്ഥാനത്തിൽ അവയെ 1970 നുമുമ്പുള്ളവയെന്നും 70 നു ശേഷമുള്ളവയെന്നും വിഭജിച്ചാണ് പഠിക്കാൻ തുനിഞ്ഞിട്ടുള്ളത്.

## വനിതാമാസികകരം കേരളത്തിൽ : ആദ്യഘട്ടം

ഇന്ത്യയിലെ ആദ്യ വർത്തമാനപത്രം പുറത്തിറങ്ങി (ബംഗാരം ഗസറ്റ്, 1780 ജനുവരി 29) 67 കൊല്ലത്തിനുശേഷമാണ് ആദ്യത്തെ മലയാളപത്രമാ

യ 'രാജ്യസമാചാരം' (1847 ജൂൺ) പിറവിയെടുക്കുന്നത്. പശ്ചിമോദയം (1847), ജ്ഞാന നിക്ഷേപം (1848), വിദ്യാസംഗ്രഹം (1864), പശ്ചിമ താരക (1865), കേരളം (1866) തുടങ്ങി ഡസൻകണക്കിന് വർത്തമാനപത്രങ്ങൾ 19-ാം നൂറ്റാണ്ടിൽ തന്നെ പുറത്തുവന്നു.

വഴിനടക്കാനും മാറുമറയ്ക്കാനും ക്ഷേത്രത്തിൽ പ്രവേശിക്കാനും വിദ്യാഭ്യാസം ലഭിക്കാനുമൊക്കെയുള്ള അടിച്ചമർത്തപ്പെട്ടവരുടെ പ്രക്ഷോഭങ്ങൾക്ക് ചൂടുപകരാൻ പത്രങ്ങൾക്ക് കഴിഞ്ഞു. കേരളത്തിലെ സാമൂഹിക രാഷ്ട്രീയ സമരങ്ങളുടെ ജിഹ്വയായി പ്രവർത്തിക്കാൻ അന്നത്തെ വർത്തമാനപത്രങ്ങൾക്ക് സാധിച്ചിരുന്നു.

സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്നും എന്നും മുന്നിലായിരുന്ന കേരളത്തിൽ പക്ഷേ സ്ത്രീകൾക്ക് വേണ്ടി ഒരു പ്രസിദ്ധീകരണം ആദ്യമായി തുടങ്ങിയത് പുരുഷന്മാരാണ്. തിരുവനന്തപുരത്തുനിന്ന് കൊല്ലവർഷം 1062 ൽ തുടങ്ങിയ 'കേരളീയ സുഗുണ ബോധിനി' ആയിരുന്നു അത്. ആറുമാസക്കാലമായപ്പോഴേക്കും അതിന്റെ പ്രസിദ്ധീകരണം നിലച്ചു. പിന്നീട് 1069 ൽ (1892 ജൂലായ്) വീണ്ടും അതിന് ജീവനിട്ടു. 'സ്ത്രീജനങ്ങളുടെ ജ്ഞാനവർദ്ധന' യായിരുന്നു അതിന്റെ മുഖ്യലക്ഷ്യം. തത്വശാസ്ത്രം, ശരീരശാസ്ത്രം, വിനോദ കഥകൾ, ഉത്തമ സ്ത്രീകളുടെ ചരിത്രം, ഗ്രന്ഥനിരൂപണം തുടങ്ങിയവ ഗദ്യത്തിലും ചിലപ്പോൾ പദ്യത്തിലും സുഗുണബോധിനിയിൽ പ്രത്യക്ഷപ്പെട്ടു. എങ്കിലും ഈ മാസികയിൽ സ്ത്രീ എഴുത്തുകാരായി ആദ്യകാലത്ത് ആരുമുണ്ടായിരുന്നില്ല. 1904 ൽ ഉയിർക്കൊണ്ട 'ശാരദ'യാണ് രണ്ടാമത്തെ മലയാള വനിതാ മാസിക. കെ. നാരായണമേനോനാണ് തുടങ്ങിയതെങ്കിലും പത്രാധിപ സമിതിയിൽ മറ്റെല്ലാവരും സ്ത്രീകളായിരുന്നു. ബി. കല്യാണിയമ്മ, ടി.സി. കല്യാണിയമ്മ തുടങ്ങിയവരാണ് അതിന് ചുക്കാൻ പിടിച്ചത്. 'സ്വദേശാഭിമാനി' യോടൊപ്പം 'ശാരദ' യും 1910 ൽ അന്ത്യം കണ്ടു.

'ഭാഷാശാരദ' (1090) മഹിളാരത്നം(1091), മഹിള (1921), സുമംഗല, വനിതാമിത്രം, സ്ത്രീസഹോദരി, മുസ്ലീം വനിത, വനിതാകുസുമം എന്നിങ്ങനെ ഒട്ടേറെ വനിതാമാസികകൾ പിന്നീടിറങ്ങി. സ്ത്രീ സ്വാതന്ത്ര്യത്തി

നായി ആദ്യം വാദിച്ചത് 'വനിതാ കുസുമ'മായിരുന്നു. സ്ത്രീകളുടെ രാഷ്ട്രീയ സ്വാതന്ത്ര്യമായിരുന്നു പത്രാധിപരായിരുന്ന വി.സി. ജോണിന്റെ മുഖ്യലക്ഷ്യം.

കേരളീയ വനിതയുടെ മോചനത്തിന് സ്ത്രീമാസികകൾ എന്തു ചെയ്തു എന്നന്വേഷിക്കുന്നത് ഗുണപ്രദമായിരിക്കും. വനിതാമാസികകൾ തന്നെ ഇന്നത്തെ സാമൂഹിക പരിപ്രേക്ഷ്യം വച്ചുനോക്കുമ്പോൾ 'സ്ത്രീവിരുദ്ധ'മായി മാറിയ അവസരങ്ങളുമുണ്ടായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ മുൻനിർത്തി വനിതാമാസികകളുടെ ഉള്ളടക്കത്തിലൂടെ ഒന്നു കണ്ണോടിക്കാം.

വനിതാമാസികകളുടെ ചരിത്രം അത് വായിച്ചിരുന്ന സ്ത്രീകളുടെ ചരിത്രം കൂടിയാണ്. അവരുടെ മാറുന്ന അഭിരുചിയും രുചിയും പദവിയും ജീവിതശൈലിയും അതിൽ പ്രതിഫലിക്കും. വനിതാ മാസികകളുടെ ഉള്ളടക്കപരിശോധന (content analysis) പ്രസക്തമാകുന്നതവിടെയാണ്. ഒരു കച്ചവടമെന്ന നിലക്കല്ല വനിതാമാസികകളും തുടങ്ങിയത്. സതി, സ്ത്രീധനം, അയിത്തം, ശൈശവവിവാഹം, സ്ത്രീപീഡനം തുടങ്ങിയ സാമൂഹിക ദുരാചാരങ്ങൾക്കെതിരായ കലാപമായിരുന്നു അവ. ഗാന്ധിയൻ പ്രസ്ഥാനം പിന്നീടവയ്ക്ക് ഊർജ്ജം പകർന്നു. 19-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ അലയൊലികൾ മാസികകളുടെ കോളങ്ങളിലും പ്രതിധ്വനിച്ചിരുന്നു.

തന്റെ മുത്തച്ഛന്റെ പ്രായം വരുന്ന വൃദ്ധനെ വിവാഹം കഴിച്ച്, ചെറുപ്പത്തിലേ വിധവയായി എരിഞ്ഞുതീരാൻ വിധിക്കപ്പെടുന്ന പെൺകുട്ടിയുടെ ദുരിതം 'ലക്ഷ്മീഭായി' (1905) മാസികയിൽ ദേവകിയമ്മ എഴുതിയിരുന്നു. ശൈശവ വിവാഹത്തിന്റെ ശാരീരിക ആരോഗ്യവശങ്ങൾ പോലും അതിൽ ചൂണ്ടിക്കാട്ടിയിരുന്നു. 'ശാരദ'യിൽ പ്രത്യക്ഷപ്പെട്ട ചില ലേഖനങ്ങളിൽ കുടുംബാസൂത്രണ സന്ദേശങ്ങൾ പോലുമുണ്ടായിരുന്നു. സ്ത്രീ വിവേചനത്തിന്റെ ഏറ്റവും നികൃഷ്ടമായ വശം വിധവകളോടുള്ള അന്നത്തെ സമൂഹത്തിന്റെ നിലപാടിൽ കാണാനാവും. തന്റേതല്ലാത്ത കുറ്റത്തിന് 'ചതുർത്ഥി'യായി കഴിയേണ്ടിവരുന്ന പാവം പെൺകുട്ടികൾ. വി

ധുരന് ഈ വക പ്രശ്നങ്ങളുണ്ടായിരുന്നില്ല. 'ലക്ഷ്മീ ഭായി' യും 'ശാരദ'യും ഇവയ്ക്കെതിരെ ശബ്ദമുയർത്തി. നായർ സമുദായത്തിലെ പരിഷ്കാരങ്ങളെപ്പറ്റിയും മിശ്രവിവാഹത്തെപ്പറ്റിയും മിശ്രഭോജനത്തെപ്പറ്റിയും 'ശാരദ' പലകുറിയെഴുതി.

അക്ഷരം നിഷേധിക്കപ്പെട്ട പെൺകുട്ടികൾക്ക് വേണ്ടി 'ലക്ഷ്മീഭായി' ആദ്യലക്കത്തിൽത്തന്നെ എഴുതി. 'സുമംഗല' (1916) യിലും സ്ത്രീ വിദ്യാഭ്യാസത്തെപ്പറ്റി ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. സ്ത്രീകളുടെ സർവ്വതോമുഖമായ പുരോഗതിയായിരുന്നു 'സഹോദരി' (1925) യുടെ ലക്ഷ്യം. സ്വന്തം ജാതിയിൽ അഭിമാനം കൊള്ളാനും സഹജീവികളെ സ്നേഹിക്കാനും 'സഹോദരി' ഉദ്ബോധിപ്പിച്ചു. വനിതാ വിമോചനവും അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യവുമായിരുന്നു 'വനിതാ കുസുമത്തിൻെറ' ലക്ഷ്യം. കേരളത്തിലെ ആദ്യവനിതാ അഭിഭാഷകയായ അന്നാചാണ്ടിയെപ്പറ്റി 'വനിതാ കുസുമം' എഴുതി. ലണ്ടനിൽ നിന്ന് എം.ബി.ബി.എസ് നേടിയ മേരി പുന്നനെപ്പറ്റി 'സുമംഗല'യിൽ ലേഖനം വന്നു. ബി. കല്യാണിയമ്മ എഫ്.എ. പരീക്ഷ ജയിച്ചത് 'ശാരദ'യിൽ ലേഖനം വരാൻ കാരണമായി.

അതേസമയം സ്ത്രീകളുടെ സതി-സാവിത്രി-ശീലാവതി പ്രതിച്ഛായ ഊട്ടിയുറപ്പിക്കാനും മാസികകൾ ശ്രമിച്ചു. മനുവചനം ഇവരും അംഗീകരിച്ചതുപോലെ തോന്നുന്നു. 'എങ്ങനെ ഭർത്താവിനെ ശുശ്രൂഷിക്കാം' എന്നതായിരുന്നു 'ലക്ഷ്മീഭായി' യിലെ ഒരുലേഖനത്തിൻെറ വിഷയം. ഭർതൃപൂജ ഈശ്വരപൂജയാണെന്ന് പ്രസ്തുതലേഖനം സമർത്ഥിക്കുന്നു. 'ശാരദ'യിൽ നാഗർകോവിൽ അമ്മച്ചിയുടെ 'പാതിവ്രത്യപഞ്ചക'മെന്ന കവിത പ്രത്യക്ഷപ്പെട്ടു. സ്ത്രീകളുടെ കർത്തവ്യങ്ങൾ, അമ്മയുടെ കടമകൾ, മാതൃത്വത്തിൻെറ പവിത്രത, ഭർത്താവിനെ ശുശ്രൂഷിക്കേണ്ട വിധം തുടങ്ങിയവയായിരുന്നു ആദ്യകാല വനിതാ മാസികകളിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടിരുന്ന വിഷയങ്ങൾ. കുടുംബം നോക്കേണ്ടതെങ്ങനെയെന്നതിനെപ്പറ്റി 'സുമംഗല'യും എഴുതിയിരുന്നു. സ്ത്രീയുടെ കുടുംബിനിയെന്ന വേഷം ഭംഗിയാക്കേണ്ടതിനെപ്പറ്റി ആദ്യകാല വനിതാ പ്രസിദ്ധീകരണങ്ങൾ ധാരാളമെഴുതി. 'മഹിളാരത്നം' (1091) പോലുള്ള മാസികകൾപോലും 'സ്ത്രീമനസ്സിൽനിന്ന് തമസ്സകറ്റി ഉത്തമകുടുംബിനിയാക്കുന്ന'തിൽ ശ്രദ്ധവെച്ചു.

'ശാരദ'യിൽ ടി.സി.കല്യാണിക്കുട്ടിയമ്മ എഴുതിയ ഒരു ലേഖനം 'കുടുംബം നോക്കുന്ന സ്ത്രീയെ'പ്പറ്റിയായിരുന്നു. ഒരു സ്ത്രീയുടെ വിജയകഥയെഴുതുമ്പോഴൊക്കെപ്പോലും കുടുംബിനിയെന്ന വേഷത്തിന് ഊന്നൽ നൽകിപ്പോന്നു. പക്ഷേ ഇതിനെ പിന്തിരിപ്പനെന്ന് മുദ്രകുത്തേണ്ടതില്ല. വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം മറ്റ് മേഖലകളിൽ വിജയിച്ച സ്ത്രീകൾ അന്നധികമുണ്ടായിരുന്നില്ല. മഹദ് വ്യക്തികളുടെയോ രാഷ്ട്രീയ നേതാക്കളുടേയോ ജീവിതചരിത്രം അല്ലാതെ സാധാരണ കേരളീയ സ്ത്രീയെപ്പറ്റി 'പേഴ്സനാലിറ്റി ഫീച്ചറു'കളൊന്നും അവ പ്രസിദ്ധീകരിച്ചിരുന്നില്ല. അതേസമയം സ്ത്രീകൾ ജോലിസംബന്ധമായ രംഗങ്ങളിൽ വിജയിച്ചതിനെപ്പറ്റിയുള്ള സമഗ്രവിവരണങ്ങൾ ഈ മാസികകൾ നൽകുകയും ചെയ്തിരുന്നു.

സർക്കാർ സർവീസിൽ സ്ത്രീകളെത്തേണ്ടതിനെപ്പറ്റി ഇവ പലപ്പോഴും എഴുതി. അന്ന് സർക്കാർ ജോലിയിൽ സ്ത്രീയെത്തുകയെന്നത് അപൂർവ്വമായിരുന്നു. കൊളോണിയൽ ഭരണത്തിൻകീഴിൽ നാട്ടുകാർക്ക് സർക്കാർ ജോലി കിട്ടുന്നതുതന്നെ വലിയൊരു കാര്യമായി മാസികകൾ നോക്കിക്കണ്ടു.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും ജാതിക്കും മതത്തിനുമുണ്ടായിരുന്ന സ്വാധീനം അന്നുപ്രബലമായിരുന്നു. ഇത് മാസികകളടക്കമുള്ള മാധ്യമങ്ങളിലും പ്രതിഫലിച്ചു. അന്ന് ക്രിസ്ത്യൻ, മുസ്ലീം, നായർ സമുദായങ്ങൾക്ക് വ്യത്യസ്ത വനിതാമാസികകളുള്ളകാര്യം 'സഹോദരി'യുടെ ആദ്യലക്കത്തിലെ ആമുഖത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. 'സംഘമിത്ര'യെന്ന മാസിക ഈഴവ സ്ത്രീകൾക്കായുള്ളതായിരുന്നു. സ്വജാതിയിൽ അഭിമാനം വളർത്തലായിരുന്നു 'സഹോദരി' (1925) യുടെ പ്രഖ്യാപിതലക്ഷ്യങ്ങളിലൊന്ന്. അന്നത്തെ ഏറ്റവും പുരോഗമനാത്മകമായ മാസികയായിരുന്ന 'വനിതാ കുസുമം' പോലും തങ്ങളുടെ വരിക്കാരെ ജാതിതിരിച്ച് കണക്കുകൂട്ടിയിരുന്നു. 'ശാരദ' നായർ സമുദായ സ്ത്രീകൾക്കുള്ളതായിരുന്നു. നായർ സമുദായാചാരങ്ങൾ, നായർ വിവാഹം, നായന്മാരും മറ്റ് ജാതിക്കാരും, നായർ സമുദായക്കാരുടെ വിജയകഥകൾ തുടങ്ങിയവയെപ്പറ്റി നിരവധി ലേഖനങ്ങൾ ശാരദയിൽ പ്രത്യക്ഷപ്പെട്ടു.

ഇതിൽ നിന്നെല്ലാം ഭിന്നമായി ആദ്യകാല വനിതാമാസികകളുടെ മുഖ്യസ്വഭാവം സാഹിത്യ പക്ഷപാതമായിരുന്നു. അന്നത്തെ മറ്റ് പ്രസിദ്ധീകരണങ്ങളുടെ സ്ഥിതിയും ഇതുതന്നെ. സാഹിത്യമായിരുന്നു മുഖ്യലക്ഷ്യം. പുസ്തകനിരൂപണം വനിതാമാസികകളിലെ സ്ഥിരം കോളമായിരുന്നു. ആദ്യവനിതാമാസിക 'കേരളീയ സുഗുണബോധിനി' ആദ്യലക്കത്തിൽ ഗുണ്ടർട്ട് നിഘണ്ടുവിനെയാണ് പരിചയപ്പെടുത്തിയത്. അന്നത്തെ ഒരു വനിതാമാസികപോലും ഒരു കവിതയെങ്കിലുമില്ലാതെ ഇറങ്ങിയിരുന്നില്ല. ഇതിന് രണ്ടുകാരണങ്ങളുണ്ട്. ഒന്ന് വായനക്കാരിൽ ബഹുഭൂരിപക്ഷവും സാഹിത്യതൽപരരായ വിദ്യാസമ്പന്നരായിരുന്നു. പലർക്കും സാഹിത്യ ഭാഷാ പശ്ചാത്തലവുമുണ്ടായിരുന്നു. രണ്ട് അക്കാലത്ത് പത്രപ്രവർത്തനമെന്നത് ഏറെക്കുറെ സാഹിത്യം തന്നെയായിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഉള്ളൂർ, മൂലൂർ, പന്തളം, കേരളവർമ, സി.എസ്.സുബ്രഹ്മണ്യൻ പോറ്റി, കല്യാണിയമ്മ തുടങ്ങി സാഹിത്യരംഗത്തെ പ്രമുഖരായിരുന്നു ഈ മാസികകളിലും എഴുതിയിരുന്നത്. 'ഭാഷാ ശാരദ' യെന്ന മാസിക, പേരു സൂചിപ്പിക്കുന്നതുപോലെ മലയാള ഭാഷയുടെ വളർച്ചക്ക് ഗണ്യമായ സംഭാവനകൾ നൽകി. ടാഗൂറിന്റെ 'ചിത്ര' എന്ന നാടകം പുത്തേഴത്ത് രാമൻ മേനോൻ തർജമചെയ്ത് 'ഭാഷാ ശാരദ'യിൽ പ്രസിദ്ധം ചെയ്തു.

അന്നത്തെ സാമൂഹിക ആചാരാനുഷ്ഠാനങ്ങളിൽ നിന്ന് മാധ്യമങ്ങളും വിട്ടുനിന്നിരുന്നില്ല. ഒരു യോഗനടപടി പ്രാർത്ഥനകൊണ്ടു തുടങ്ങുന്നതുപോലെ മാസികകൾ മംഗള പദ്യത്തോടെയാണ് തുടങ്ങിയിരുന്നത്.

ജീവചരിത്രം ആദ്യകാല വനിതാമാസികകളുടെ മുഖ്യചേരുവകളിലൊന്നായിരുന്നു. 'സുഗുണബോധിനി'യുടെ ആദ്യലക്കത്തിൽ തന്നെ വി.രാമ അയ്യങ്കാരുടെ ജീവചരിത്രക്കുറിപ്പുമുണ്ടായിരുന്നു. 'ശാരദ'യിൽ ഇതൊരു സ്ഥിരം പംക്തിയായിരുന്നു. 'മഹാന്മാരുടെ നല്ലപ്രവർത്തികൾ വായനക്കാർ അനുകരിക്കട്ടെ'യെന്ന ഉദ്ദേശ്യശുദ്ധി ഇതിനുപുറകിലുണ്ട്. ഫ്ളോറൻസ് നൈറ്റിൻഗേൽ, ആനന്ദിഭായി ജോഷി, ലേഡി റേച്ചൽ റസ്സൽ, സരോജിനി നായിഡു, റാണി ലക്ഷ്മിഭായ് തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ 'സുമംഗല'യിൽ വന്നിരുന്നു.

വനിതകൾക്ക് നേരം കൊല്ലാനുള്ള ഉപാധിയായി വനിതാമാസികകൾ മാറിയിരുന്നില്ല. ഗൗരവമുള്ള വിഷയങ്ങളും അവയിൽ സ്ഥാനം പിടിച്ചിരുന്നു. ദേശീയഭാഷ, വധശിക്ഷ, ഇന്ത്യയുടെ ഭൗതിക പിന്നോക്കാവസ്ഥ (ലക്ഷ്മീഭായി) ഇന്ത്യയുടെ പുരോഗതിയിൽ സ്ത്രീകളുടെ പങ്ക് (മഹിളാരത്നം), സ്ത്രീകൾ മറ്റു രാജ്യങ്ങളിൽ, മരുമക്കത്തായം (ശാരദ), തത്വശാസ്ത്രം സംബന്ധിച്ച ലേഖനങ്ങൾ (വനിതാ കുസുമം) തുടങ്ങിയവ ഉദാഹരണങ്ങളാണ്. 'സുമംഗല'യിൽ ഇന്ത്യാചരിത്രം ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നു. സാരോപദേശകഥകൾ മറ്റൊരു സവിശേഷതയായി എണ്ണാം.

ആദ്യകാല വനിതാമാസികകളുടെ മറ്റൊരു സ്വഭാവം അതിലെഴുതുന്നവരിലധികവും പുരുഷന്മാരാണ് എന്നതാണ്. ആദ്യ വനിതാ മാസികയിൽ 'പെണ്ണെഴുത്തുകാരേ'യുണ്ടായിരുന്നില്ല. വനിതകൾക്കിടയിലെ കുറഞ്ഞ സാക്ഷരതാനിരക്കും വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥയുമാവാം കാരണം. ഈ നില പിന്നീട്മാറി. ഒട്ടേറെ വനിതാ എഴുത്തുകാർ വനിതാ മാസികകളിൽ എഴുതിത്തുടങ്ങി. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഭാര്യ ബി. കല്യാണിഅമ്മ, കെ.ചിന്നമ്മ, തൈക്കുന്നത്ത് കല്യാണിക്കുട്ടിയമ്മ, കെ.എം.കുഞ്ഞുലക്ഷ്മി കെട്ടിലമ്മ, തോട്ടക്കാട്ടു മാധവി അമ്മ, ശ്രീമതി പൽപ്പു, മുതുകുളം പാർവ്വതി അമ്മ, മേരിജോൺ കൂത്താട്ടുകുളം, കെ.ജാനമ്മ, വി.കല്യാണി, ടി.സി.കല്യാണി അമ്മ, ശ്രീമതി ഐ.സി. ചാക്കോ, ശ്രീമതി പുന്നൻ ലൂക്കോസ്, റോസ് സേവ്യർ, കടത്തനാട്ടു മാധവി അമ്മ, അമ്പാടി തമ്പുരാട്ടി, ഐ.ദേവകി അമ്മ, ബി.ലക്ഷ്മി അമ്മ, പാച്ചല്ലൂർ പാർവതി അമ്മ തുടങ്ങിയവർ പിന്നീടുവന്ന എഴുത്തുകാരികളിൽ പ്രമുഖരാണ്. അപ്പോഴും പുരുഷ എഴുത്തുകാരുടെ മേൽക്കോയ്മ അവസാനിച്ചിരുന്നില്ല. താരതമ്യേന 'വനിതാ കുസുമ'മാണ് കൂടുതൽ എഴുത്തുകാരികളെ രംഗത്തെത്തിച്ചത്-11 പേരെ. തൊട്ടുപിന്നിൽ 'സഹോദരി'യാണ്.

ഗൗരവമുള്ള വിഷയങ്ങൾ കൂടുതൽ കൈകാര്യം ചെയ്തിരുന്നത് 'വനിതാകുസുമം' തന്നെ. ഗാന്ധിജിയും സരോജിനി നായിഡുവും വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി എഴുതിയ പല ലേഖനങ്ങളും 'കുസുമം' തർജമചെയ്ത് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥിനികൾ, ഇന്ത്യൻ ശിശുക്കളിലെ

പെരുകുന്ന മരണനിരക്ക്, ഭാരതമാതാവ്, ഇന്ത്യൻ സ്ത്രീ തുടങ്ങിയ വിഷയങ്ങളിൽ 'വനിതാകുസുമം' ലേഖനങ്ങളെഴുതി.

ആദ്യമായി ഫോട്ടോ ജേർണലിസം മാസികളിൽ കൊണ്ടുവന്നതും 'വനിതാകുസുമ'മാണ്. പ്രമുഖരുടെ ഛായാചിത്രങ്ങൾ ഇവർ പ്രസിദ്ധീകരിച്ചു. മറ്റ് വനിതാമാസികളെക്കാൾ പ്രചാരവും ഇതിനു തന്നെയായിരുന്നു- 3000 പ്രതികൾ. അന്നതൊരു വലിയ സംഖ്യയാണ്.

ലേ ഔട്ട്, ഡിസൈൻ തുടങ്ങിയ കാര്യങ്ങൾ ആദ്യകാല വനിതാമാസികൾക്ക് അന്യമായിരുന്നു. പുസ്തകങ്ങളെപ്പോലെ മാറ്ററുകൾ പേജിൽ നിന്ന് പേജിലേക്ക് നീങ്ങും. വായനക്കാരന്റെ(വായനക്കാരിയുടെ) കണ്ണിന് സുഖം പകരുന്ന ഡിസൈനിങ് അന്ന് പ്രചാരത്തിലില്ലായിരുന്നു. 'സുമംഗല'യാണ് ഇക്കാര്യത്തിൽ അല്പം മുന്നിൽ. വ്യത്യസ്ത 'ബോഡി ടൈപ്പു'കൾ, ബോർഡറുകൾ, രേഖാചിത്രങ്ങൾ തുടങ്ങിയവ ഇവർ പരീക്ഷിച്ചു.

അന്നത്തെ മാസികകളിൽ താരിഫ് പരസ്യങ്ങളല്ലാതെ മറ്റ് പരസ്യങ്ങളില്ലായിരുന്നു. ഉപഭോക്തൃസംസ്കാരം വളർത്തുക അവരുടെ ലക്ഷ്യമല്ലായിരുന്നു എന്നതുതന്നെയാവാം ഇതിനു കാരണം.

### വനിതാമാസികകൾ: 1970 നുശേഷം

ആദ്യകാല വനിതാമാസികകളിൽ നിന്ന് തികച്ചും ഭിന്നമാണ് 1970 നു ശേഷം രൂപമെടുത്തതും പ്രചാരത്തിലിരിക്കുന്നതുമായ മാസികകളുടെ രൂപവും ഭാവവുമെല്ലാം. സ്ത്രീകളുടെ ഇടയിൽ വന്ന സാമൂഹിക പരിഷ്ക്കാരങ്ങളുടെ പ്രതിഫലനമായി ഇതിനെക്കാണാം. സാമൂഹിക വ്യവസ്ഥയിൽ വന്നമാറ്റം, സ്ത്രീവിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റം... കാരണങ്ങളിനിയുമേറെയുണ്ട്. അതേസമയം സ്ത്രീ സമൂഹത്തിൽ വന്ന ഗുണപരമായ മാറ്റത്തിനനുസൃതമായി 'ഉയർന്നുപ്രവർത്തിക്കാ'ൻ മാസികകൾക്കു കഴിയുന്നുണ്ടോ? 1970 നു ശേഷമുള്ള രണ്ടു ദശാബ്ദക്കാലത്തെ അനുഭവങ്ങളിലൂടെ, വനിതാമാസികളുടെ ഉള്ളടക്കത്തിൽ വന്ന മാറ്റത്തിലൂടെ സഞ്ചരിച്ചു നോക്കാം.

രൂപകല, വനിത,പെണ്മണി, ഗൃഹലക്ഷ്മി, പ്രേയസി,മഹിളാരത്നം,കന്യക,കലാകൗമുദി വനിതാമാസിക എന്നിവ 1970 നു ശേഷമാണ് പുറത്തുവന്നത്. പ്രസിദ്ധ സാഹിത്യകാരൻ എസ്.കെ.യുടെ ഭാര്യ ജയാ പൊറ്റെക്കാട്ടിൻെറ പത്രാധിപത്യത്തിൽ 1970 ൽ കോഴിക്കോട്ടു നിന്നാരംഭിച്ച 'രൂപകല'യെ ആധുനിക വനിതാ മാസികളുടെ മുൻഗാമിയായി കാണാം. സിനിമയെപ്പറ്റി നാലു ലേഖനം,കഥ,കവിത,നോവൽ എന്നിങ്ങനെ മൂന്ന്,മനശ്ശാസ്ത്രം,സൗന്ദര്യം,ഫാഷൻ,ആരോഗ്യം,ശിശുപാലനം എന്നിവയിൽ രണ്ടു വീതം, ജ്യോതിഷം, പുസ്തകനിരൂപണം, സാമൂഹിക സേവനം,പാചകം, ഹോബി, തൊഴിൽ എന്നിങ്ങനെ 25 ഇനങ്ങൾ 'രൂപകല'യിലുണ്ടായിരുന്നു.

ആധുനിക വനിതാമാസികകളായ വനിത 55.57 ശതമാനം, ഗൃഹലക്ഷ്മി 67.35 ശതമാനം, മഹിളാരത്നം 92.24, കന്യക 91.13, കലാകൗമുദി വനിതാമാസിക 84.51 ശതമാനം എന്നിങ്ങനെ വാർത്തയ്ക്കും എഡിറ്റോറിയൽ മാറ്ററിനും വേണ്ടി സ്ഥലം നീക്കിവെക്കുന്നു. പരസ്യത്തിനു കൈവന്ന വളർച്ച ഇതിൽ നിന്ന് വ്യക്തമാകും. ശരാശരി വിദ്യാഭ്യാസം മാത്രം ലഭിച്ച സ്ത്രീകൾക്ക് ഫിക്ഷനിലും ലളിതവായന(Light reading) യിലുമാണ് താൽപര്യമെന്ന് കാണാം. വിദ്യാഭ്യാസ നിലവാരമുയരുന്നതിനനുസരിച്ച് ഫിക്ഷനും കാർട്ടൂണിനും ഹാസ്യപംക്തികൾക്കുമുള്ള സ്ഥാനം പിറകോട്ടു പോകുന്നു. വിദ്യാഭ്യാസം കൂടിയവർക്ക് ഗൗരവമുള്ള വിഷയങ്ങൾ വേണം. അതേ സമയം മലയാള വനിതാമാസികളുടെ വായനക്കാരിൽ ബിരുദ/ബിരുദാനന്തരബിരുദധാരികൾ വളരെക്കുറവാണ്. ഇവർ ഇംഗ്ലീഷ് മാസികകൾ തേടിപ്പോകുന്നു. വായനക്കാരുടെ വിദ്യാഭ്യാസ യോഗ്യത പരിശോധിച്ചാൽ എസ്.എസ്.എൽ.സി. ഗ്രൂപ്പിൽ 10.31., ഡിഗ്രി ഗ്രൂപ്പിൽ 56.82,പി.ജി/പ്രൊഫഷണൽ യോഗ്യതാ ഗ്രൂപ്പിൽ 32.87 ശതമാനം എന്നിങ്ങനെയാണുള്ളത്. (സർവേഫലം) ഉന്നതവിദ്യാഭ്യാസം നേടിയവർ മലയാള വനിതാ മാസികകളുടെ ഉള്ളടക്കക്കാര്യത്തിൽ പൊതുവേ അതൃപ്തരുമാണ്.

1970 നു ശേഷമുള്ള വനിതാമാസികകൾ സ്ത്രീകളുടെ നീറുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ലേഖനങ്ങളോ ഗൗരവമുള്ള ചർച്ചകളോ ഒന്നും കൂടുതലായി പ്രസിദ്ധീകരിച്ചില്ല. ഗൃഹലക്ഷ്മിയിലും കലാകൗമുദി

വനിതാ മാസികയിലും ഗൗരവമുള്ള സ്ത്രീപ്രശ്നങ്ങൾക്ക് ഒൻപതാം സ്ഥാനമാണുള്ളതെങ്കിൽ വനിതയിൽ ഇവയ്ക്ക് 17-ാം സ്ഥാനം മാത്രമാണ്. വനിത മൊത്തം സ്ഥലത്തിന്റെ 1.96 ശതമാനമേ ഇവയ്ക്കായി നീക്കിവെക്കുന്നുള്ളൂ. സ്ത്രീ പുരുഷ വിവേചനത്തിന് 'കലാകൗമുദി വനിത'യിൽ ആറാം സ്ഥാനമാണെങ്കിൽ ഗൃഹലക്ഷ്മിയിൽ ഏഴും വനിതയിലും മഹിളാരത്നത്തിലും 11 ഉം ആണ് സ്ഥാനം.

പ്രായം കൂടിയ സ്ത്രീകളാണ് വനിതാമാസികളുടെ ഉള്ളടക്കത്തിന്റെ കൂടുതൽ സംതൃപ്തർ. 50 കഴിഞ്ഞവർക്കാണ് യുവതികളെക്കാൾ വായനയിൽ താൽപര്യം. ഈ പ്രതിഭാസത്തിന് ഗ്രാമ നഗരങ്ങളിൽ വ്യത്യസ്ത സ്വഭാവമാണുള്ളത്. ഫാഷൻ, സൗന്ദര്യം എന്നീ വിഭാഗങ്ങളിൽ അവിവാഹിതകൾക്കാണ് കൂടുതൽ താൽപര്യം, കൗമാരക്കാർക്കും. ചെറുപ്പക്കാരികളിൽ ഇഷ്ടം കൊണ്ട് ഒന്നാം സ്ഥാനം ഫാഷനുതന്നെ. പ്രായം കൂടിയവരിൽ ഇവയ്ക്ക് രണ്ടാം സ്ഥാനമുണ്ട്. ഗ്രാമങ്ങളിലാവട്ടെ ഫാഷന് അവിവാഹിതകളിൽ നാലാം സ്ഥാനമേയുള്ളൂ.

വിവാഹിതകൾക്ക് പാചകക്കാര്യത്തിൽ ഭ്രമം കൂടും. ഗ്രാമീണരിൽ 75.76 ശതമാനം പേർക്കും നഗരങ്ങളിൽ 68.09 ശതമാനത്തിനും പാചക അടുക്കളക്കാര്യത്തിൽ താൽപര്യമുണ്ട്. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പൊതുവേ ലളിതവായനക്കുള്ള ചേരുവകളോടാണ് താൽപര്യം കാണുന്നത്. ഇവരിൽ 67 ശതമാനം ഫിക്ഷനിൽ അഭിരമിക്കുമ്പോൾ 72.41 ശതമാനത്തിന് നർമം/കാർട്ടൂൺ തുടങ്ങിയവയോടാണ് ഭ്രമം. ലൈംഗിക ദാമ്പത്യപരമായ പ്രശ്നങ്ങളിലെ മനശ്ശാസ്ത്രപംക്തികളോട് കൗമാരക്കാർക്കും യുവതികൾക്കുമാണ് താൽപര്യം. ആരോഗ്യ പ്രശ്നങ്ങൾക്കും മറ്റും ഗ്രാമങ്ങളിൽ ആദ്യപരിഗണന കിട്ടുമ്പോൾ നഗരത്തിലിതിന് രണ്ടാം സ്ഥാനമേയുള്ളൂ. ഗൗരവ വായനക്കും ചർച്ചകൾക്കും തൊഴിൽ സംബന്ധമായ പംക്തികൾക്കും നഗരയുവതികളിൽ അഞ്ചാം സ്ഥാനവും ഗ്രാമയുവതികളിൽ ഏഴാം സ്ഥാനമാണ്.

സാമൂഹ്യപ്രശ്നങ്ങൾ 70നുശേഷമുള്ള വനിതാമാസികകളെ വളരെക്കുറച്ചു മാത്രമേ അലോസരപ്പെടുത്തുന്നുള്ളൂ. ഫാഷന് ഗൃഹലക്ഷ്മി

യിൽ 2.42 ശതമാനവും കലാകൗമുദിവനിതാ മാസികയിൽ 3.7 ശതമാനവും കന്യകയിൽ 2.19 ശതമാനവും മഹിളാരത്നത്തിൽ 5.23 ശതമാനവും വനിതയിൽ 6.47 ശതമാനവും സ്ഥലം ലഭിക്കുമ്പോൾ സ്ത്രീകളുടെ നീറുന്ന പ്രശ്നങ്ങൾക്ക് യഥാക്രമം 4.25,4.63,2,1.37,1.96 ശതമാനം സ്ഥലമേ ലഭിക്കുന്നുള്ളൂ.

ആരോഗ്യ കുടുംബക്ഷേമ പ്രശ്നങ്ങൾക്കും മനശ്ശാസ്ത്ര ദാമ്പത്യ പംക്തികൾക്കും നവവനിതാമാസികകൾ കൂടുതൽ ശ്രദ്ധ നൽകുന്നതായി കാണാം. ആരോഗ്യം, ശിശുപരിചരണം എന്നിവയ്ക്ക് എല്ലാ മാസികയും രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ നൽകുന്നുണ്ട്. ഭൂരിപക്ഷം(70%) വായനക്കാരികൾക്കും ഇത്തരം പംക്തികളിൽ താൽപര്യമുണ്ട്.

ഫിക്ഷന് കിട്ടിയ പ്രാമുഖ്യം ശ്രദ്ധേയമാണ്. ആധുനിക വനിതാ മാസികളിൽ ഒന്നാം സ്ഥാനം ഇതിനു തന്നെ. വനിത 12.83 ശതമാനവും ഗൃഹലക്ഷ്മി 14.19 ശതമാനവും മഹിളാരത്നം28.27 ശതമാനവും കന്യക 21.93 ശതമാനവും സ്ഥലം ഫിക്ഷനുവേണ്ടി നീക്കി വെക്കുന്നു. 64 ശതമാനം സ്ത്രീകളും ഇഷ്ടവിഷയമായി കണക്കാക്കുന്നത് ഫിക്ഷനാണ്. നർമ്മത്തിന് ആധുനിക വനിതാമാസികകൾ അല്പം പ്രാധാന്യം നൽകുന്നുണ്ട്. വനിതയിൽ നാലാം സ്ഥാനവും ഗൃഹലക്ഷ്മിയിൽ അഞ്ചാം സ്ഥാനവും കന്യകയിൽ മൂന്നാം സ്ഥാനവും നർമത്തിനുണ്ട്.

70നു മുമ്പുള്ള മാസികകളെ അപേക്ഷിച്ച് ആധുനിക മാസികകൾ ഫിക്ഷനും ലളിതവായനാ ചേരുവകൾക്കും കൂടുതൽ സ്ഥലം നീക്കി വെക്കുന്നുണ്ട്.70നു മുമ്പുള്ള വനിതാമാസികകളിൽ ആറെണ്ണത്തിലേ നർമപംക്തികൾ വന്നിരുന്നുള്ളു. 12 എണ്ണത്തിലും ഇവയ്ക്ക് സ്ഥാനമുണ്ടായിരുന്നില്ല.

ആദ്യകാല മാസികകൾ, അവ സ്ത്രീകൾക്കു മാത്രമായുള്ളതാണെങ്കിൽപ്പോലും ലോകമഹായുദ്ധത്തെപ്പറ്റിയും അതിൻെറ പ്രത്യാഘാതത്തെപ്പറ്റിയും എഴുതിയിരുന്നു.(ഉദാ. വനിതാരാമം) സഹോദരിയിലും നാസിസത്തെയും ഫാസിസത്തെയും സാമ്രാജ്യത്വത്തെപ്പറ്റിയും രാഷ്ട്രീയ ലേഖനം വന്നു. മറ്റ് രാഷ്ട്രീയ പ്രശ്നങ്ങൾക്കും ഇവയിൽ ഇടമുണ്ടായിരു

ന്നു. 70ന് ശേഷമാകട്ടെ രാഷ്ട്രീയത്തിലെ ചില വ്യക്തികളെപ്പറ്റി എഴുതാറുണ്ടെങ്കിലും ഗൗരവമുള്ള ദേശീയ,അന്തർദേശീയ പ്രശ്നങ്ങൾ വനിതാമാസികകൾ കൈകാര്യം ചെയ്യുന്നില്ല. ഇവയ്ക്കുവേണ്ടി ഒട്ടും സ്ഥലമനുവദിക്കുന്നില്ല എന്നു കാണാം. പ്രശ്നാധിഷ്ഠിതമല്ല, വ്യക്ത്യധിഷ്ഠിതമാണ് ഇവയിലെ ലേഖനങ്ങൾ/ഫീച്ചറുകൾ എന്നു കാണാം. കന്യകയിൽ പഠനകാലയളവിൽ 85 വ്യക്തികളെപ്പറ്റി എഴുതിയതിൽ 37 പേരും സിനിമാക്കാരായിരുന്നു. 8 പേർ മാത്രമാണ് രാഷ്ട്രീയക്കാർ. മറ്റെല്ലാ മാസികകളുടെ കാര്യവും ഏറെക്കുറെ ഇതുതന്നെ. സ്ത്രീകളിൽ ലളിതവായനയോട് അഭിനിവേശം വർദ്ധിക്കുന്നു എന്നതിന്റെ തെളിവായി ഇതിനെക്കാണാം.

1970 നു ശേഷം തന്നെ സ്ത്രീമാസികകളുടെ ഉള്ളടക്കത്തിൽ പ്രകടമായ മാറ്റം വന്നു. ആധുനിക വനിതാമാസികളുടെ ശ്രദ്ധ പൊതുവിൽ അഞ്ച് ഇനങ്ങളിൽ കേന്ദ്രീകരിച്ചു നിൽക്കുകയാണ്. ഒന്ന് ഫിക്ഷൻ,രണ്ട് ആരോഗ്യം, ശിശുപരിപാലനം,മൂന്ന് വ്യക്തിചിത്രണം, നാല് നർമ്മം, അഞ്ച് ഫാഷൻ. വനിതാമാസികകളുടെ പകുതി സ്ഥലവും ഇത്തരം ഇനങ്ങൾക്കായി ചെലവാക്കപ്പെടുന്നു.

ഭരണഘടനാ വാഗ്ദാനങ്ങളും സാമൂഹ്യപരിഷ്ക്കാരങ്ങളും എന്തായാലും ശരി ഇന്നും സ്ത്രീ എല്ലാമേഖലകളിലും പുരുഷനെക്കാൾ വളരെ പിറകിലാണ്. കുറഞ്ഞ വിദ്യാഭ്യാസ നിരക്ക്, കുറഞ്ഞ സെക്സ്റേഷ്യോ, ആരോഗ്യക്കുറവ്, വേതനക്കാര്യത്തിലെ വിവേചനം തുടങ്ങിയവ ഉദാഹരണങ്ങളാണ്. പുരുഷനെക്കാൾ എണ്ണത്തിൽ കുറവാണ് സ്ത്രീകൾ (ദേശീയതലം) ആയുർദൈർഘ്യവും അവൾക്കു തന്നെ കുറവ്. ശിശുമരണനിരക്കിലും പെണ്ണാണുമുന്നിൽ. പ്രസവസമയത്തെ മരണം കൂടുന്നു. ജോലി ചെയ്യുന്ന സ്ത്രീകൾ കുറയുന്നു. സ്ത്രീ നിരക്ഷരതാ നിരക്ക് ഉയരുന്നു. ഭ്രൂണഹത്യയാവട്ടെ പെൺകുഞ്ഞിനെ ഉദ്ദേശിച്ചാണ് പലപ്പോഴും നടക്കുന്നത്. സ്ത്രീധനം പോലുള്ള ദുരാചാരങ്ങളും പെണ്ണിനെയാണ് പീഡിപ്പിക്കുന്നത്. സ്വത്തവകാശനിയമങ്ങളിലും വിവേചനമുണ്ട്. പട്ടിക ഇനിയും നീട്ടാം. ദേശീയതലത്തിൽ സ്ത്രീയുടെ പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടിട്ടില്ലെന്നു സാരം.

കേരളത്തിലാവട്ടെ സാമൂഹിക വിപ്ലവപ്രസ്ഥാനങ്ങളുടെ ശ്രമഫലമായി സ്ത്രീയുടെ അവസ്ഥകുറയൊക്കെ മെച്ചപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സെക്സ്റേഷ്യോ ഇതിലെല്ലാം കേരള വനിതകൾ മുന്നിലാണ്. വിവാഹപ്രായത്തിലെ അഖിലേന്ത്യാ ശരാശരി 18.7 വയസ്സാണെങ്കിൽ കേരളത്തിലേത് 21.9 ആണ്. ശിശുമരണ നിരക്കും ഇവിടെ വളരെക്കുറവാണ്. എന്നിരുന്നാലും പലമേഖലയിലും കേരളത്തിലും സ്ത്രീകൾ അവഗണിക്കപ്പെടുന്നു. ഇത്തരം പ്രശ്നങ്ങളോട് സ്ത്രീമാസികകൾ പുലർത്തുന്ന സമീപനം അത്ര ആശാസ്യമല്ലെന്ന് നേരത്തേ ഉള്ളടക്കം പരിശോധിച്ചപ്പോൾ വ്യക്തമായല്ലോ. പൊന്നിനും പണത്തിനും വേണ്ടി നവവധുവിന്റെ ചുട്ടെരിക്കൽ, സതി, ബാലവേല,ചൂഷണം,പെൺകുഞ്ഞിനോടുള്ള അവഗണന, വേശ്യാവൃത്തി,ശൈശവ വിവാഹം, പീഡനങ്ങൾതുടങ്ങി സ്ത്രീകളുടെ നീറുന്ന പ്രശ്നങ്ങൾ ഒരുപാടുണ്ട്. ഇത്തരം കാര്യങ്ങൾക്ക് സ്ത്രീമാസികകൾ നീക്കിവെക്കുന്ന സ്ഥലം നാമമാത്രമാണ്. എന്തായിരിക്കാം കാരണം? പടിഞ്ഞാറൻ രാജ്യങ്ങളിൽ വനിതാമാസികകൾ സ്ത്രീകളെ സ്വാധീനിക്കുന്നത്ര ഇന്ത്യയിൽ സ്വാധീനം ചെലുത്തുന്നില്ല. വനിതാവിദ്യാഭ്യാസ നിരക്ക് ഇന്ത്യയിൽ വളരെ കുറവാണ്. മാസികകളുടെ വലിയ വിലയാണ് മറ്റൊന്ന്. അവശ്യവസ്തുക്കൾ വാങ്ങാൻപോലും പണമില്ലാത്ത ഭൂരിപക്ഷത്തിന് വനിതാമാസിക ഒരു ആഡംബരം തന്നെയാണ്.

വനിതാമാസികകൾ മിക്കതും നയിക്കപ്പെടുന്നത് പുരുഷന്മാരാലാണ്. അഥവാ സ്ത്രീയുണ്ടെങ്കിൽ തന്നെ ഭൂരിപക്ഷം ജോലികളും ചെയ്യുന്നത് പുരുഷന്മാരാണ്.

സ്ത്രീമാസികകളുടെ വായനക്കാരുടെ താൽപര്യത്തിനനുസരിച്ച് വിഭവങ്ങൾ നിരത്താൻ പത്രാധിപർ നിർബന്ധിക്കപ്പെടുന്നു. വായനാ സമൂഹത്തിൽ ഭൂരിപക്ഷവും ഫാഷനും ഫിക്ഷനും ലളിതവായനക്കുള്ള ചേരുവകളും പാചകവും ആവശ്യപ്പെടുമ്പോൾ മാസികകൾ കാറ്റിനനുസരിച്ച് നീങ്ങാൻ ശ്രമിക്കും. മുഖ്യവരുമാനമായ പരസ്യങ്ങളുടെ തള്ളിച്ച മറ്റൊരു കാരണമാണ്.

പാചകം, ഫാഷൻ,ബ്യൂട്ടി ടിപ്സ്, തുടങ്ങിയ കാര്യങ്ങൾ മധ്യവർഗ്ഗത്തിലെ ഉന്നതരുടെയും ഉയർന്ന വർഗ്ഗത്തിൻെറയും ലളിത വായനക്കുള്ളതാണ്. സ്ത്രീകളുടെ കാതലായ പ്രശ്നങ്ങളുടെ നാലയലക്കത്തുപോലുമില്ല ഇവയൊന്നും. പക്ഷേ പണം മുടക്കി മാസിക വാങ്ങുന്നത് ഈ വിഭാഗമാകയാൽ അവരെ തൃപ്തിപ്പെടുത്തലാവുന്നു മാസികളുടെ മുഖ്യലക്ഷ്യം. സാമൂഹ്യപ്രശ്നങ്ങളിൽ നിന്ന് മാസികകളെ മുഖം തിരിഞ്ഞു നിൽക്കാൻ പ്രേരിപ്പിക്കുന്നത് ഈയൊരു ഘടകമാണ്.

എന്നിരുന്നാലും വനിതകളെ സ്വാധീനിക്കാൻ മാസികകൾക്ക് കുറെയൊക്കെ കഴിഞ്ഞു വരുന്നുണ്ട്. ഒരു പുരുഷനെ പഠിപ്പിക്കുമ്പോൾ ഒരു വ്യക്തിയെയാണ് നേരെയാക്കുന്നത്. എന്നാൽ ഒരു സ്ത്രീയെ പഠിപ്പിക്കുമ്പോൾ ഒരു കുടുംബം നേർവഴിക്കാവുന്നു എന്ന വാൾട്ട് വിറ്റ്മാൻെറ വാക്കുകൾ ഇവിടെ പ്രസക്തമാണ്.

ആദ്യഘട്ടത്തിൽ നല്ല 'കുടുംബിനി'യാവുകയെന്ന ലക്ഷ്യമാണ് വനിതാമാസികകൾ കാഴ്ചവച്ചിരുന്നത്. ഇന്ന് കുടുംബത്തിൽ പുരുഷനൊപ്പം തുല്യപദവിയാണ് സ്ത്രീപ്രതീക്ഷിക്കുന്നത്. ഇരുവർക്കും തുല്യഅവകാശവും ഉത്തരവാദിത്തവുമുണ്ട്. പത്രാധിപന്മാരും എഴുത്തുകാരും പുരുഷന്മാരായിരുന്ന ആദ്യകാലത്ത് ഈ ലക്ഷ്യം അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും ഇന്ന് ആ അവസ്ഥ മാറി. സ്ത്രീ വിദ്യാഭ്യാസം ലക്ഷ്യമിടുന്നവയല്ലാതെ 'ഗോസിപ്പു'കളുടെ സ്വഭാവമുള്ള ഇനങ്ങൾ ആദ്യകാല മാസികകൾ പ്രോത്സാഹിപ്പിച്ചിരുന്നില്ല. ശാസ്ത്രം,സാങ്കേതിക വിദ്യാചരിത്രം തുടങ്ങിയ ആദ്യകാല ഇനങ്ങൾ പിന്നീട് അപ്രത്യക്ഷമായി വനിതകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വായനക്കാരെഴുതുന്നതിനു പകരം സമൂഹത്തിലെ ഒരു വിഭാഗത്തെ ഇൻറർവ്യൂ ചെയ്ത് ജേർണലിസ്റ്റുകൾ തയ്യാറാക്കുന്ന ഫീച്ചറുകൾക്ക് മുൻഗണന ലഭിച്ചു. രാഷ്ട്രീയപ്രശ്നങ്ങൾ വനിതാ മാസികൾക്ക് ഇന്നൊരു വിഷയമേ അല്ല.

ലേഔട്ട്,ഡിസൈൻ, നിറപ്പകിട്ട് തുടങ്ങിയവയിൽ വന്ന വന്മാറ്റത്തെ മറ്റെല്ലാ രംഗത്തുമുള്ള വളർച്ചയുമായി ചേർത്തുവായിക്കാം. സമൂഹത്തിൽ സ്ത്രീയുടെ പദവിയിൽ വന്നമാറ്റം മാസികകളുടെ താളുകളിൽ നിന്ന് വ്യക്തമാകും.

വനിതാമാസികകഠം ഒരു നൂറ്റാണ്ടിനിടെ വൻതോതിൽ മുന്നോട്ടു പോയെങ്കിലും ഇന്ന് നമ്മഠം കാണുന്ന പല 'കോള' ങ്ങളും ആദ്യകാല മാസികകളിലും ഉണ്ടായിരുന്നു. ആരോഗ്യപ്രശ്നങ്ങഠം എന്ന പംക്തി ഒരുദാഹരണമാണ്. ആദ്യവനിതാമാസികയായ 'കേരളീയ സുഗുണബോധിനി'യുടെ ആദ്യലക്കത്തിൽ പല്ലുസംരക്ഷണത്തെപ്പറ്റി ഒരു ലേഖനമുണ്ടായിരുന്നു. ശിശുപരിചരണം,ഗൃഹവൈദ്യം, ഈച്ചകളും രോഗങ്ങളും, വിദ്യാർത്ഥികഠംക്കുള്ള ഭക്ഷണക്രമം, മോർഫീൻെറ ഉപയോഗം, ഗർഭിണികഠം അറിഞ്ഞിരിക്കേണ്ടകാര്യങ്ങഠം തുടങ്ങിയ ലേഖനങ്ങഠം ആദ്യകാല മാസികകളിലുണ്ടായിരുന്നു.


മറ്റൊരു പഴയ സ്ഥിരം പംക്തി പാചകക്കുറിപ്പായിരുന്നു. 'സുഗുണബോധിനി' തൊട്ട് ഇതു തുടർന്നുപോരുന്നു. പക്ഷേ ഭാഷാശാരദ,മഹിളാരത്നം, സുമംഗല, വനിതാകുസുമം എന്നിവയിൽ ഇത് സ്ഥിരം പംക്തിയായിരുന്നില്ല. ഫിക്ഷനും നർമ്മവും 'സുഗുണബോധിനി'തൊട്ട് ഏറ്റവും പുതിയ മാസികകളിലൊന്നായ 'ആരാമം'വരെയുള്ളവയുടെ മുഖ്യചേരുവയാണ്. കുടുംബപരിപാലനം/വീട് പരിപാലനം അന്നു തൊട്ട് ഇന്നുവരെ ഇഷ്ടവിഷയം തന്നെ.

സ്ത്രീകളുടെ മാസികകളെ എല്ലായ്പോഴും പുച്ഛത്തോടെയോ സംശയത്തോടെയോ ആണ് പലരും സമീപിച്ചിരുന്നത്. ഒരു ഗ്രാമീണ പാതിരിയുടെ മകനായ ജോൺ ഡൻറൻ 'ദി ലേഡീസ് മെർക്കുറി' എന്ന പേരിൽ സ്ത്രീകഠംക്കായുള്ള ആദ്യമാസിക തയ്യാറാക്കിയപ്പോഠം സമകാലികർ അദ്ദേഹത്തെ കിറുക്കനെന്നും ബുദ്ധിയില്ലാത്തവനെന്നും പുസ്തകക്കച്ചവടക്കാരനെന്നും വിളിച്ച് ആക്ഷേപിച്ചിരുന്നു. സ്ത്രീകളുടെ മാസികകഠം വിപണനത്തിനായി മാത്രം തുടങ്ങിയവയല്ല. സ്ത്രീകളുടെ പുരോഗതിക്ക് ആക്കം കൂട്ടാനുള്ള സേവന മനോഭാവമാണ് പ്രധാനമായും അവയുടെ ആവിർഭാവത്തിനു പിന്നിൽ. സ്ത്രീകളുടെയെന്നു മാത്രമല്ല; സമൂഹത്തിൻെറയാകെ നന്മക്കുതകുന്ന മാറ്റങ്ങളോട് വികസ്വര രാജ്യങ്ങളിൽ ഭരണാധികാരികഠം വിമുഖത പ്രദർശിപ്പിക്കുമ്പോഠം മാധ്യമങ്ങഠം വേണം ആ കടമയേറ്റെടുക്കാൻ. ബഹുജന സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യമായ വി

നോദത്തിന് രണ്ടാം സ്ഥാനം നൽകി സാമൂഹ്യോദ്ധാരണത്തിനും ബൗദ്ധിക പുരോഗതിക്കും പ്രാധാന്യം നൽകിയായിരുന്നു ആദ്യകാല മഹിളാപ്രസിദ്ധീകരണങ്ങളുടെ നീക്കം.

സ്ത്രീകൾ ഇനിയും മുന്നോട്ടുപോവേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിറുത്തി, അവരുടെ കാതലായ പ്രശ്നങ്ങളേറ്റെടുക്കുന്ന തിരുത്തൽ ശക്തിയായി മാറലാവണം വനിതാപ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യം. വായിക്കാനിഷ്ടപ്പെടുന്നത് നൽകുകയെന്നത് കച്ചവടതന്ത്രമാണ്. അവർക്കുവേണ്ടത് കണ്ടറിഞ്ഞ് നൽകലും നമ്മൾ കണ്ടെത്തുന്ന പ്രശ്നങ്ങളിലേക്ക് വായനക്കാരെ കൊണ്ടുവരികയുമാണ് വേണ്ടത്.

ആദ്യകാല വനിതാപ്രസിദ്ധീകരണങ്ങൾ അന്നത്തെ സമൂഹത്തിനു നേരെ പിടിച്ച കണ്ണാടിയും കണ്ണടയുമായിരുന്നെങ്കിൽ ഇന്ന് ആ അവസ്ഥയിൽ മാറ്റം വന്നു. ഉപരിവർഗ്ഗത്തിൻെറ 'സമയംകൊല്ലി' വിഷയങ്ങളിൽ മാത്രം അഭിരമിക്കുകയെന്ന വിപണന തന്ത്രം അവയെ കീഴ്പ്പെടുത്തി. സമൂഹത്തിലെ യഥാർത്ഥ സ്ത്രീയുടെ ചിത്രം ആധുനിക വനിതാമാസികകളിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന ചിന്ത പ്രസക്തമാണ്.



എ. സഹദേവൻ

# മാഗസിൻ പത്രപ്രവർത്തനം സ്വാതന്ത്ര്യാനന്തരം

കേരള സാഹിത്യ അക്കാദമിയുടെ റിസർച്ച് സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി ശ്രീ പുതുപ്പള്ളി രാഘവൻ തയ്യാറാക്കി അക്കാദമി പ്രസിദ്ധീകരിച്ച 'കേരള പത്രപ്രവർത്തന ചരിത്രം' ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്ക് മുൻപ് വരെയുള്ള മലയാള പത്രപ്രവർത്തന ചരിത്രം വിസ്തരിച്ച് വെളിപ്പെടുത്തുന്ന വിലപ്പെട്ട റഫറൻസ് ഗ്രന്ഥമാണ്.

സ്വാതന്ത്ര്യാനന്തരകാല മലയാള പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ഈ പുസ്തകത്തിൽ വിപുലമായൊന്നും പ്രതിപാദിക്കുന്നില്ല എന്ന് ഗ്രന്ഥത്തിന്റെ അവസാനം ശ്രീ രാഘവൻ വ്യക്തമാക്കുന്നുണ്ട്. പ്രസിദ്ധീകരണം തുടങ്ങിയ വർഷം, ആരംഭചരിത്രം, ഉള്ളടക്കത്തിന്റെ സ്വഭാവം, രൂപപ്പെടുത്തിയ പത്രാധിപർ, എഴുത്തുകാർ, മറ്റുസവിശേഷതകൾ എന്നിങ്ങനെ പ്രധാനപ്പെട്ട പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ആവശ്യമായിടത്തോളം വിവരണം നൽകുന്ന കേരള പത്രപ്രവർത്തന ചരിത്രത്തിലെ ഒമ്പത് അദ്ധ്യായങ്ങളിലൂടെ അവലംബിക്കുന്ന ഡോക്യുമെന്റേഷൻ രീതിയിൽ മതബോധനം, സാമുദായിക പരിഷ്കരണം, പൗരാവകാശം, സ്വാതന്ത്ര്യസമരം എന്നിങ്ങനെയുള്ള മേഖലകളിൽ മലയാള പ്രസിദ്ധീകരണങ്ങൾ വഹിച്ച പങ്ക് വിശകലനം ചെയ്യപ്പെടുന്നുണ്ട്.

'മലയാള സാഹിത്യവും മലയാള പത്രങ്ങളും' എന്ന അദ്ധ്യായത്തിലാണ് മുഖ്യമായും നാമിന്ന് ആനുകാലികങ്ങളെന്ന് കരുതുന്നവയുടെ സ്വഭാവമുള്ള പ്രസിദ്ധീകരണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്. സാഹിത്യവിഭാഗമായെടുത്ത് അത്തരം പ്രസിദ്ധീകരണങ്ങൾ കൈകാര്യം ചെയ്യുന്ന ഉള്ളടക്കം പരിശോധിക്കുന്നു ഈ അദ്ധ്യായത്തിലെങ്കിലും പൊതുവേ വേർതിരിവില്ലാതെ ആവകകാര്യങ്ങൾ മറ്റദ്ധ്യായങ്ങളിലും ചർച്ചചെയ്യപ്പെടുന്നുണ്ട്. ഇതിനൊരു പ്രധാനകാരണം ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണം എന്നിങ്ങനെ ഇന്ന് നാം ഏത് തരത്തിൽ സങ്കൽപ്പിക്കുന്നുവോ ആ വിധത്തിലുള്ള വ്യത്യാസവും സ്വഭാവവും വളരെ കഴിഞ്ഞേ മലയാള പത്രപ്രവർത്തനത്തിൽ ഉരുത്തിരിയുന്നുള്ളൂ എന്നതാവാം. ഉള്ളടക്കം ദിനപത്രങ്ങളിൽ ഉടനറിയാനുള്ള വാർത്തയായും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചിന്തിക്കാനും, രസിച്ച് ആസ്വദിക്കാനും ഉള്ള വർത്തമാനങ്ങളായും വേർതിരിയുന്നത് പിന്നീടാണ്. വാർത്തകൾ, അവയുടെ വിശകലനങ്ങൾ, പര്യവേക്ഷണങ്ങൾ എന്നിങ്ങനെ പൂർണ്ണമായും ദിനപത്രത്തിന്റെ സ്വഭാവം നിശ്ചയിക്കുന്നവയും, മാനസിക-വൈജ്ഞാനിക മേഖലകളിൽ ലേഖനങ്ങൾ, വിലയിരുത്തലുകൾ, കണ്ടെത്തലുകൾ, കഥ, കവിത, നോവൽ,നാടകം എന്നിങ്ങനെ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് ചേരുന്നവയും ആയി സൂക്ഷ്മമായി വേർതിരിയുന്ന ഘട്ടം നിരീക്ഷിച്ച് കണ്ടെത്തേണ്ടതുണ്ട്. മലയാളത്തിലെ ആദ്യപ്രസിദ്ധീകരണമായ രാജ്യസമാചാരമായാലും മലയാളത്തിലെ ആദ്യത്തെ വർത്തമാനപത്രമായ ജ്ഞാനനിക്ഷേപമായാലും ഇന്നത്തെ രീതിയിലുള്ള വാർത്താപത്രമോ പ്രസിദ്ധീകരണമോ ആയിരുന്നില്ല അവ. 'ജ്ഞാനനിക്ഷേപ'ത്തിൽ 'സ്വദേശ പരദേശവാർത്തകൾ' മാത്രല്ല നോവൽ കൂടി ഖണ്ഡശരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നുവെന്നോർക്കുക. [-പുല്ലേലിക്കുഞ്ചുവാണ് ജ്ഞാനനിക്ഷേപത്തിൽ പ്രസിദ്ധീകൃതമായ നോവൽ-]

ഇന്നത്തെ രീതിയിലുള്ള ഉള്ളടക്കസ്വരൂപം മാത്രമല്ല ദിനപ്പത്രവും ആനുകാലികപ്രസിദ്ധീകരണവും തമ്മിലുള്ള വ്യത്യാസം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം. ഇനിയുള്ള പ്രധാനമായ ഘടകം പത്രാധിപരുടെ ഇൻഡിവിജ്വാലിറ്റി തന്നെ. ദിനപത്രങ്ങളേക്കാൾ, മാഗസിനുകൾക്ക് പ്രത്യേക

വ്യക്തിത്വമുണ്ട്. അത് രൂപപ്പെടുന്നത് പത്രാധിപരുടെ ഇൻഡിവിജ്വാലിറ്റി കൊണ്ടാണ്താനും. ധൈഷണികവും സർഗാത്മകവുമായ പരമാധികാരത്തോടെ സാംസ്കാരികമായ ചുമതല നിർവഹിക്കാൻ ദിനപത്രത്തിന്റെ പത്രാധിപരെക്കാളേറെ ആനുകാലിക പ്രസിദ്ധീകരണത്തിന്റെ പത്രാധിപർക്ക് കഴിയുന്നു. ആദ്യത്തേത് ഒരുകൂട്ടായ്മയിലൂന്നിയുള്ളതാണ്. അതൊരു പോരായ്മയായല്ല ഇവിടെ വിവക്ഷിക്കുന്നത്. കൊണ്ടുനടത്തിപ്പിലുള്ള പ്രൊഫഷണൽ ശേഷിയുടേയും അവതരണത്തിൽ നൂതനമായേർപ്പെടുത്തുന്ന സവിശേഷതകളുടേയും ഏറ്റക്കുറച്ചിൽ ഒഴിച്ചുനിർത്തിയാൽ ആധുനിക ദിനപത്രങ്ങളെല്ലാംതന്നെ ഒരേ സ്വഭാവം പ്രകടമാക്കുന്നു. എന്നാൽ ആനുകാലിക പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ അവയുടെ വ്യക്തിത്വവും വൈവിധ്യവും അതിനൊത്ത സ്ഥാനവും പ്രാധാന്യവും പ്രകടമാക്കുന്നതാണ്. ക്വാളിറ്റിയിലുള്ള ഏറ്റക്കുറച്ചിൽ മാത്രമാണ് അവയെ വേർതിരിച്ച് നിർത്തുന്നത്. ഏതു ഭാഷയായാലും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ഈ സ്വഭാവത്തിന് മാറ്റം വരുന്നില്ല. എൻകൗണ്ടർ മാസികയുടെ വ്യക്തിത്വവും സ്ഥാനവും സൃഷ്ടിച്ചത് പത്രാധിപരായ കവി സ്റ്റീഫൻ സ്പെൻഡർ ആണ്. വിശ്വരൂപത്തിന്റെ ശിൽപ്പി സഞ്ജയൻ (എം.ആർ.നായർ) ആവുമ്പോഴും സംഭവിക്കുന്നത് മറ്റൊന്നല്ല. മലയാളത്തിൽ എം. ഗോവിന്ദന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയ 'നവസാഹിതി'ക്കും 'സമീക്ഷ'ക്കും പകരം നിൽക്കാൻ വേറെ പ്രസിദ്ധീകരണങ്ങളുണ്ടായിട്ടില്ല. പത്രാധിപർ മാറുമ്പോൾ അതിനനുസരിച്ച് പ്രസിദ്ധീകരണങ്ങളുടെ സ്വഭാവവും ഒരളവുവരെ മാറുമെന്നുമോർക്കണം. ഖുഷ്വന്ത് സിംഹും കാമത്തും പ്രതീഷ്നന്ദിയും പുറത്തിറക്കിയ ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യയുടെ മൂന്നു കാലഘട്ടം നമ്മൾ കണ്ടതാണ്. പാരമ്പര്യത്തെ ആധുനികതകൊണ്ട് ആദേശം ചെയ്യാൻ മുതിർന്നപ്പോൾ ഉണ്ടായ വിപര്യയംകൂടി അതിൽ ഒടുവിൽ പ്രകടമായി.

ഈ ലേഖനത്തിലൂടെ സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള മലയാള മാഗസിൻ പത്രപ്രവർത്തനത്തിന്റെ ചരിത്രം സമഗ്രമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ആ രംഗത്തുണ്ടായ ചില സമീപനങ്ങളും ഗതികളും പരാമർശിക്കുവാനേ പ്രായോഗികമായി സാധ്യമാകൂ. അങ്ങനെ പരാമർശിക്കു

മ്പോ൦ പ്രസിദ്ധീകരണങ്ങ൦ മുഴുവനായി പരിധിയിൽ വരികയുമില്ല. അച്ചടി മാധ്യമത്തിൻെറ വളർച്ച സമഗ്രമായി പ്രതിഫലിപ്പിക്കുന്നതും ധൈഷണികമായി സാഹിത്യ സാമൂഹിക സാംസ്കാരിക മേഖലകളിൽ കേരളജനതയെ മുന്നോട്ട് നയിച്ചുവെന്ന് കരുതാവുന്നതുമായ മാഗസിൻ പത്രപ്രവർത്തനത്തെ ഉ൦പ്പെടുത്തുവാനേ സാധ്യമാകൂ.

അങ്ങനെ നോക്കുമ്പോ൦ 1938-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരണമാരംഭിക്കുന്നത് പ്രഖ്യാപിച്ചുകൊണ്ട് അന്നു മാതൃഭൂമിയുടെ പ്രവർത്തകർ പ്രസ്താവിച്ചത് ഒരു പൊതുപ്രമാണമായി സ്വീകരിക്കുകയാണ്.

''രാഷ്ട്രീയ പദവികൊണ്ട് മാത്രം ഒരു രാജ്യക്കാർക്ക് തങ്ങളുടെ ബാധ്യത മുഴുവൻ നിറവേറ്റാൻ സാധിക്കയില്ലെന്ന് 'മാതൃഭൂമി'ക്ക് അറിയാമായിരുന്നു. സംഗീതവും സാഹിത്യവും കായികാഭ്യാസവും കലാവിദ്യയും എല്ലാം ഒരുപോലെ വളർന്നുവരുന്ന രാജ്യത്തുമാത്രമേ ശരിയായ പരിഷ്കാരം ഉണ്ടാകുവാനിടയുള്ളു. വൈദേശികമായ അടിമത്തത്തോടൊപ്പം മാനസികമായ അടിമത്തവും നിഷ്കാസനം ചെയ്യപ്പെടേണ്ടതുണ്ട്. സ്വാതന്ത്ര്യം ജീവിതത്തിൻെറ ഉപരിതലത്തോടൊപ്പം അധഃതലത്തേയും പ്രശോഭിപ്പിക്കുന്ന ഒരാശയമായിത്തീരണം. അതിനുകഴിയാത്ത പക്ഷം സ്വാതന്ത്ര്യത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങ൦ സങ്കുചിതങ്ങളായിത്തീരാൻ ഇടയുണ്ട്. ഭൗതികമായ പരിവർത്തനത്തെ അപേക്ഷിച്ച് പലപ്പോഴും മന്ദഗതിയിലാവും മാനസികപരിവർത്തനത്തിൻെറ രംഗപ്രവേശം. നമ്മിൽ തന്നെയുള്ള ജാഡ്യത്തേയും അന്ധതയേയും ദൂരീകരിക്കുന്ന ശക്തമായ സംഘർഷങ്ങ൦ അനിവാര്യമാണ്. ജനസേവനത്തിൻെറ സാംസ്കാരികവിഭാഗത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് ആഴ്ചപതിപ്പിൻെറ ആവിർഭാവം......'' ആ കാലഘട്ടത്തിലെ ഒരു സാംസ്കാരികനയരേഖയായി ഇതിനെ കണക്കാക്കാമെന്ന് തോന്നുന്നു. ഇതിൻെറ പ്രസക്തി ഇതാണ്. വിദ്യാവിലാസിനി, വിദ്യാവിനോദിനി, രസികരഞ്ജിനി, ഭാഷാപോഷിണി, മംഗളോദയം തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെ പ്രാരംഭ-നവോത്ഥാന കാലഘട്ടത്തിന് ശേഷം കേരളത്തിൻെറ തെക്കും വടക്കും മധ്യത്തിലുമായി രൂപംപ്രാപിച്ചുവന്ന സാഹിത്യപത്രപ്രവർത്തനം മേലുദ്ധരിച്ച പൊതുപ്രമാണത്തിൻെറ ആശയഗതി

ക്കനുസൃതമായിത്തന്നെയാണ് മുന്നോട്ട് പോന്നത്.

ആധുനികകാലഘട്ടത്തിൽ സവിശേഷമായ ഭാവുകത്വത്തിൻേറയും തീക്ഷ്ണമായ ചിന്തയുടേയും തലങ്ങളിലേക്ക് വായനക്കാരെ നയിക്കാൻ നമ്മുടെ പ്രമുഖ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇന്ത്യൻ സമൂഹത്തിൻെറ പ്രത്യേകസാഹചര്യങ്ങൾ മനസിലാക്കിക്കൊണ്ടാണ് ഇത് നിർവ്വഹിക്കപ്പെട്ടതും. എന്നാൽ പൊതുവേ സാധാരണ വിഭാഗങ്ങളുടെ ധാരണാശക്തിക്കനുസൃതമായി ലളിതവൽക്കരിക്കപ്പെട്ട ഒരു ധാരയും, സാഹിത്യ സാംസ്കാരികചിന്തകൾ സവിശേഷമായ സംവേദനതലത്തിലേക്ക് കർക്കശമായിത്തന്നെ ഒട്ടും വിട്ടുവീഴ്ചക്ക് തയ്യാറാവാതെ പ്രവ്വഹിപ്പിച്ച ഒരു ധാരയും മലയാള സാഹിത്യപത്രപ്രവർത്തന രംഗത്ത് അമ്പതുകൾക്ക് ശേഷം രൂപം പ്രാപിച്ചു. ഒരുപക്ഷേ മാതൃഭൂമി ആഴ്ചപ്പതിപ്പ് തുടങ്ങിവെച്ച സാസ്കാരികധാര ഒന്നുകൂടെ ബലപ്പെടുത്തുകയാണ് രണ്ടാമത് പറഞ്ഞതരം പ്രസിദ്ധീകരണങ്ങൾ ഏറ്റെടുത്ത കർത്തവ്യമെന്ന് തോന്നുന്നു.

ആദ്യത്തെ ധാരയിൽ കാണാൻ കഴിയുന്ന പ്രസിദ്ധീകരണങ്ങളിൽ പ്രധാനമായത് ജയകേരളമാണ്. പി.ഭാസ്കരൻ പത്രാധിപരായി 1948 ൽ മദ്രാസിൽനിന്ന് പ്രസിദ്ധീകരിച്ചുതുടങ്ങിയ 'ജയകേരളം' മറുനാടൻ മലയാളി സമൂഹത്തിൻെറ വിരഹമാധുര്യത്തിൽ നിന്നും ഗൃഹാതുരത്വത്തിൽ നിന്നും ജന്യമായ പ്രസിദ്ധീകരണമാണ്. ഇടതുപക്ഷ ചിന്താഗതിയുടെ പ്രസരിപ്പ് ആ പ്രസിദ്ധീകരണത്തിനുണ്ടായിരുന്നു. ഐക്യകേരളം അതിൻെറ പ്രവർത്തകർക്ക് ആവേശമായിരുന്നു. പി. പത്മനാഭൻ നായർ, പി. ഭാസ്കരൻ, പവനൻ തുടങ്ങിയ സാംസ്കാരിക പ്രവർത്തകരുടെ ശ്രമഫലമാണ് ജയകേരളം. പഴയകാല വായനക്കാർ ഇന്നുമോർക്കുന്ന ഒരു പംക്തിയാണ് ജയകേരളത്തിൽ 'നാടൻ' എന്ന പേരിൽ എം.ആർ.നായർ എഴുതിവന്നിരുന്ന 'നാട്ടിൻപുറം' സാമൂഹ്യവർത്തമാനങ്ങളും രാഷ്ട്രീയ വർത്തമാനങ്ങളും ആയി ആ കോളം സാധാരണ വായനക്കാരെ ഒരേ സമയം ചിന്തിപ്പിക്കുകയും രസിപ്പിക്കുകയും ചെയ്തുവന്നിരുന്നതായി എം.ടി.വാസുദേവൻ നായരും ഡോ. എം.ഗംഗാധരനും ഓർക്കുന്നു. കേരളത്തെപ്പറ്റിയുള്ള ഒരു സമത്വസുന്ദരമായ കാല്പനിക ചിത്രമാണ് ജയകേരളം പ്രദാനം ചെയ്തത്

എന്ന് പറയാം. അന്ന് മദ്രാസിൽ ആകെയുണ്ടായിരുന്ന മലയാളം അച്ചടിശാലയായ ജനതാപ്രസിൽനിന്ന് ഡോ. സി.ആർ. കൃഷ്ണപിള്ള പാട്രൺ ആയി ധനം മുടക്കി ജയകേരളം പുറത്തുവരുമ്പോൾത്തന്നെ പൂരകമായി കെ.എ. കൊടുങ്ങല്ലൂരും, ടി. പത്മനാഭനും, പി.ഭാസ്കരനും, പവനനും, നാടനും ഒക്കെ പങ്കെടുക്കുമായിരുന്ന സാഹിതീസഖ്യം പരിപാടിയും കേരളസമാജത്തിൻെറ പിന്തുണയോടെ സജീവമായി നടന്നിരുന്നു. പാറപ്പുറത്ത്, എം.ഗോവിന്ദൻ തുടങ്ങിയ എഴുത്തുകാരെ മലയാളത്തിലേക്ക് ആനയിക്കുന്നത് ജയകേരളമാണ്. കെ.എൻ.എഴുത്തച്ഛൻ, കോവിലൻ, ആർ.എം.മനയ്ക്കലാത്ത്, എസ്.കെ.പൊറ്റക്കാട് തുടങ്ങിയ എഴുത്തുകാർ, കെ.സി.എസ് പണിക്കരുടെ ചിത്രങ്ങൾ എന്നിങ്ങനെ സമ്പന്നമായിരുന്നു ജയകേരളം. മാതൃഭൂമി ആഴ്ചപ്പതിപ്പ് ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരുടെ രചനകളുമായി വന്നപ്പോൾ ജയകേരളം പുതിയ എഴുത്തുകാരുടെ കൂടി സങ്കേതമായിരുന്നു. പുരോഗമന സാഹിത്യത്തിൻെറ മുഖമുദ്രയാണ് ജയകേരളത്തിൽ പതിഞ്ഞിരുന്നത്. രാംസ്കി എന്നറിയപ്പെട്ട രാമൻ മേനോൻ എഡിറ്ററായ കാലം ജയകേരളത്തിൻെറ സുവർണകാലമാണ്. ചങ്ങമ്പുഴയുടെ നല്ലൊരു ശതമാനം കവിതകളും പ്രസിദ്ധീകൃതമാകുന്നത് ജയകേരളത്തിലാണ്. 'മനസ്വിനി'യും മറ്റും വെളിച്ചം കാണുന്നതും. ദേവൻ വരച്ച ചിത്രങ്ങൾ, വൈക്കം മുഹമ്മദ് ബഷീറിൻെറ ഇരുട്ടും വെളിച്ചവും എന്ന കോളം, സ്പോർട്ട്സ് പംക്തി, കഥ,നോവൽ, എന്നിങ്ങനെ വൈവിധ്യം പ്രകടമാക്കിയിരുന്ന ജയകേരളം അക്കാലത്ത് നാടകങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. ഐക്യകേരളം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതോടെ-അതാണ് കാരണമെന്ന് പറയുകയല്ല-ജയകേരളം ക്ഷീണിച്ച് തുടങ്ങിയത് സാമ്പത്തികമായ കാരണങ്ങളാലാണ്.

ഇതേ കാലഘട്ടത്തിലാണ് മഹാകവി ജി.ശങ്കരക്കുറുപ്പിൻെറ 'തിലകം' എന്ന സാഹിത്യമാസികയും സാഹിത്യപരിഷത്തിൻെറ പരിഷദ് മാസികയും മുണ്ടശ്ശേരി മാസ്റ്റർ ഏറ്റെടുത്തുനടത്താൻ തുടങ്ങിയ മംഗളോദയവും മലയാള സാഹിത്യപത്രപ്രവർത്തന രംഗത്ത് സാന്നിദ്ധ്യമറിയിക്കുന്നത്. കവിതാ ചർച്ചകളും വിവാദങ്ങളും മംഗളോദയത്തിൻെറ ഒരു ശൈലിയായിരുന്നു. മാസങ്ങളോളം നീണ്ടുനിന്ന കവിതാവിവാദചർച്ചകൾ ചിലരെങ്കിലും ഓർക്കുന്നു.

നോവൽ താരതമ്യേന കുറഞ്ഞ് കഥകൾക്ക് വസന്തകാലമുണ്ടായ 50കളിൽ മലയാള പത്രപ്രവർത്തനം പുതിയൊരു വഴിക്ക് തിരിയുകയുണ്ടായി. '53-'54 കാലത്ത് ഉറൂബിൻെറ 'കുഞ്ഞമ്മയും കൂട്ടുകാരും' മാതൃഭൂമി ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിക്കുന്നതോടെ കഥയുടെ കാലമായി. തുടർക്കഥകൾ മലയാളപ്രസിദ്ധീകരണങ്ങളിൽ ശക്തമായൊരു സാന്നിദ്ധ്യമാവുന്നത് അക്കാലത്താണ്. ഉറൂബിൻെറതന്നെ 'ഉമ്മാച്ചു' കേരളം മുഴുവൻ ആവേശമായി മാറിയ ഒരു 'തുടർക്കഥ' യായിരുന്നു. കഥകൾക്ക് ചിത്രരചന ഒഴിച്ചുകൂടാനാവാത്ത ഘടകമായി മാറുന്നതും ഇല്ലസ്ട്രേഷൻ കഥയുടെ ആസ്വാദ്യത വർദ്ധിപ്പിക്കുന്നതും അതേകാലത്താണ്. എം.വി.ദേവൻ ജയകേരളത്തിൽനിന്ന് മാതൃഭൂമി ആഴ്ചപ്പതിപ്പിലെത്തുമ്പോഴാണ് 'ഇല്ലസ്ട്രേഷൻ' എന്ന വിഭാഗം ശരിയായി രൂപമെടുക്കുന്നത്. ലോകചെറുകഥാമത്സരത്തിൽ (മാതൃഭൂമിയുടെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കപ്പെട്ടത്) എം.ടി.വാസുദേവൻ നായരും, കെ.ടി.മുഹമ്മദും സമ്മാനാർഹരാവുന്നതുമിക്കാലത്താണ്.

സർഗാത്മക പത്രപ്രവർത്തനത്തിൻെറ വളരെ സാർത്ഥകമായ മാതൃക 50 കളിൽത്തന്നെ ഒരു സമാന്തരധാരയായി മലയാളത്തിൽ ആരംഭിച്ചിരുന്നു. '50-'51ൽ നവസാഹിതി എന്ന പ്രസിദ്ധീകരണം ഇതിന് തുടക്കമിടുന്നു. എം. ഗോവിന്ദനായിരുന്നു നേതൃത്വം. സാർത്ഥകമായ സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങൾക്ക് സ്റ്റേറ്റിൻേറയോ സംഘടനകളുടേയോ വലിയ പ്രസാധകസ്ഥാപനങ്ങളുടേയോ താങ്ങും തണലും വേണമെന്നുള്ള ധാരണക്കെതിരെ നീങ്ങുകയായിരുന്നു എം.ഗോവിന്ദൻ ചെയ്തത്. അത് ചെറുത്താലല്ലാതെ കലയും സാഹിത്യവും പാരമ്പര്യത്തിൻെറ വഴികൾ വിട്ട് കരുത്താർജിക്കുകയില്ലെന്ന ഉറച്ച ധാരണയായിരുന്നു ഗോവിന്ദനുണ്ടായിരുന്നത്. 'മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള പ്രസിദ്ധീകരണമാവുകയല്ല ശക്തിയും വീര്യവുമുള്ള പ്രസിദ്ധീകരണമാകുകയാണ് അഭികാമ്യം' എന്ന് വിശ്വസിച്ച എം.ഗോവിന്ദൻ അത് തെളിയിക്കുകയും ചെയ്തു.

നവസാഹിതി ആദ്യം പുറത്തിറങ്ങിയപ്പോൾ സി.ജെ.തോമസും, എൻ.വി.കൃഷ്ണവാര്യരും, ഇടശ്ശേരിയും, കെ.എ.കൊടുങ്ങല്ലൂരും പത്രാധിപസമിതിയിലുണ്ടായിരുന്നു. എം.വി.ദേവനായിരുന്നു ആദ്യപത്രാധിപർ. എം.

ഗോവിന്ദൻ പത്രാധിപരാവുന്ന 'ഗോപുരം' നവസാഹിതിയേക്കാൾ സർഗാത്മകസാഹിത്യത്തിൽ കരുത്ത് കാട്ടിയതായിരുന്നു-ആകെ ആറു ലക്കങ്ങളാണ് ഇറങ്ങിയതെങ്കിലും. '63-'66 കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച 'സമീക്ഷാ' ലക്കങ്ങൾ മലയാളത്തിലെ സർഗാത്മക പത്രപ്രവർത്തനത്തിന്റെ തികച്ചും അനുപമമായ മാതൃകകൾ നമുക്ക് പ്രദാനം ചെയ്യുന്നു. ആധുനിക ചിന്താധാരകളോട് മലയാളി ഭാവുകത്വത്തെ അടുപ്പിക്കുകയാണ് ഈ പ്രസിദ്ധീകരണങ്ങൾ നിർവ്വഹിച്ച കർത്തവ്യം. മലയാളത്തിലെ ചില മികച്ച മൗലിക രചനകൾ പ്രത്യക്ഷപ്പെടുകയും പുതിയൊരു സംവേദനരീതിക്ക് വഴിയൊരുക്കുകയും ചെയ്തു ഈ പ്രസിദ്ധീകരണങ്ങൾ. ചിത്രകല,സിനിമ,നിരൂപണം,തത്വചിന്ത,നാടകം,നോവൽ,രാഷ്ട്രീയം എന്നിങ്ങനെ മിക്കവിഷയങ്ങളിലും ഗൗരവമായ ഉൾക്കാഴ്ചയോടെ സമീക്ഷയുടെ മലയാളലക്കങ്ങളിലൂടെ എഴുത്തുകാർ കടന്നുചെന്ന് പുതിയ അർത്ഥതലങ്ങൾ തേടുകയായിരുന്നു. മലയാളം സമീക്ഷകൾ പന്ത്രണ്ട് ലക്കംകൊണ്ട് മലയാളത്തിൽ പുതിയ ഭാവുകത്വം സൃഷ്ടിക്കാൻ പര്യാപ്തമായതോടെ സ്വയം അനുകരിക്കുക എന്ന കൃത്യത്തിൽ നിന്ന് അത് പിന്മാറിയെന്ന് വേണം പറയാൻ. തുടർന്ന് ഇംഗ്ലീഷ് സമീക്ഷകളാണ് പുറത്ത് വന്നത്. ലോകസാഹിത്യവും, ഇന്ത്യൻ ഭാഷാസാഹിത്യവും, ഇന്ത്യൻ നവോത്ഥാന സാഹിത്യവും എല്ലാം ഇംഗ്ലീഷ് 'സമീക്ഷ'കളിലൂടെ വായനക്കാരിൽ എത്തിച്ചേർന്നു.

സമീക്ഷയുടെ ഉള്ളടക്കത്തിന്റെ കരുത്ത് അതിന്റെ നൂതനമായ അവതരണശൈലിയുമായി ചേർന്നപ്പോൾ മലയാള മാഗസിൻജേർണലിസത്തിന് നവീനമായ ഒരു രൂപമാണ് കൈവന്നത്. പേജ് ലേഔട്ടിൽ കാണിച്ച ദൃശ്യാത്മകശക്തി മലയാളത്തിന് പുതുമയായിരുന്നു. മലയാളത്തിൽ 70 കളിൽ തുടങ്ങിയ ലിറ്റിൽ മാഗസിനുകൾക്ക് ലേഔട്ട് മാതൃക സമീക്ഷയായിരുന്നുവെന്ന് പറയാം.

മദിരാശി കേന്ദ്രമാക്കി പുറത്തുവന്ന പ്രസിദ്ധീകരണങ്ങളെല്ലാംതന്നെ മലയാളസാഹിത്യപത്രപ്രവർത്തന രംഗത്ത് 'ചൊടി'യോടെ സാംസ്കാരിക പ്രവർത്തനം നടത്തിയവയാണ്. 'അന്വേഷണം', 'സമീക്ഷ' എന്നിവ പ്രത്യേ ക പരാമർശമർഹിക്കുന്നവയത്രേ. സമീക്ഷയുടെ കാലഘട്ടം കഴിയുമ്പോഴാണ് കേരളകവിതയുടെ പിറവി. അത് തിരുവനന്തപുരത്തുനിന്നായി

രുന്നു. എന്നാൽ സമീക്ഷയുടെ ധാരയിൽപ്പെടുന്നതാണ് 'കേരള കവിത'. കവിതകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഈ പ്രസിദ്ധീകരണം, മലയാള കവിതയെ ചടുലമാക്കിനിർത്തി. കവിതാ നാടക പഠനങ്ങളും, ചിത്രകലാ പഠനങ്ങളും ആയി കഥയെ ഒഴിച്ച് നിർത്തിക്കൊണ്ട് മാനസിക വിഷയങ്ങൾ ഒട്ടുമുക്കാലും ആശ്ലേഷിച്ചായിരുന്നു കേരളകവിതയുടെ പ്രയാണം.

'സമീക്ഷ'യും 'കേരളകവിത'യും മറ്റും 'ഹൈസ്പെഷലൈസേഷ' ൻെറ മേഖലയാണ് തെരഞ്ഞെടുത്തതെങ്കിൽ അക്കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പ് ഒരു മലയാളികുടുംബത്തിൻെറ ശരാശരി വായനയെ തൃപ്തിപ്പെടുത്തിക്കൊണ്ട് സാമൂഹ്യസാംസ്കാരിക, സാഹിത്യവ്യാപാരങ്ങളിൽ പ്രതിബദ്ധതയോടെ നിലനിൽക്കുകയാണ് ചെയ്തത്. ലോക നവസിനിമയിലെ മാറ്റങ്ങൾ, വിവിധ ശാസ്ത്ര ശാഖകളിൽ അന്നന്നുണ്ടാകുന്ന കണ്ടെത്തലുകൾ ഗവേഷണഗ്രന്ഥങ്ങൾ എന്നിവയെല്ലാം പരിചയപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി പ്രശ്നങ്ങളും മാനവികത നേരിടുന്ന മറ്റു പ്രശ്നങ്ങളും മറക്കാത്ത അവബോധം സൃഷ്ടിക്കുന്നതിലായിരുന്നു താൽപര്യം കാണിച്ചത്. ''കേരളസമൂഹത്തിന് ഒരു 'സയൻറിഫിക് ടെമ്പർ' ഉണ്ടാകേണ്ടത് ആവശ്യമായിരുന്നു. അത് നിർവഹിക്കാൻ കഴിഞ്ഞിട്ടുമുണ്ട്'' എം.ടി. വാസുദേവൻ നായർ അഭിപ്രായപ്പെടുന്നു. പരിസ്ഥിതിബോധം സൈലൻറ്വാലി സംരക്ഷണ കാലഘട്ടത്തിൽ കേരളത്തിൽ ആക്ടിവിസമായി രൂപപ്പെട്ടതും എം.ടി. ഓർമ്മിക്കുന്നു. ആ കാലഘട്ടത്തിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ സാംസ്കാരിക മുദ്രകളായി എം.ടി.കാണുന്നകാര്യങ്ങളിൽ ചിലത് മാത്രമാണിത്. കഥകളിക്ക് അർഹമായ സ്ഥാനം കിട്ടിയിരുന്നില്ല. കെ.ടി. രാമവർമ്മ ലേഖനങ്ങളിലൂടെ ക്ലാസിക്കൽ കലകളുടെ സത്തയുമായി മലയാളിയുടെ മനസ്സ് ഒത്തുകൊണ്ട്പോകാൻ കഴിഞ്ഞിരുന്നു. പിന്നീട് ചിത്രകല, ശില്പകല എന്നിവയിൽ ഇതേ തരത്തിൽ താൽപര്യം സജീവമായി നിലനിർത്താൻ ആഴ്ചപ്പതിപ്പിന് കഴിഞ്ഞിരുന്നു. ദേവൻെറ വരവോടെ ആരംഭിച്ച ചിത്രീകരണ സംസ്കാരം മാതൃഭൂമി പരിപോഷിപ്പിച്ചു. ബാലപംക്തി പേജുകൾ മറ്റൊരു സവിശേഷതയാണ്. തിക്കൊടിയനും, കടവനാട് കുട്ടികൃഷ്ണനും, കുഞ്ഞുണ്ണി മാസ്റ്ററും നേരിട്ടുകൊണ്ടു നടത്തിയ പേജുകളായിരുന്നു അവ. വിഷയങ്ങൾക്കും വിഭാഗങ്ങൾക്കുമനുസരിച്ച് ഇന്ന് സ്പെഷ

ലൈസ്ഡ് മാസികകൾ ആവിർഭവിക്കുന്നതിന് മുൻപ് മിക്ക പ്രസിദ്ധീകരണങ്ങളിലും വനിതാരംഗവും, കാർഷിക രംഗവും, സിനിമയും എല്ലാം കൈകാര്യം ചെയ്തുവന്നകാലമാണ് മലയാളത്തിൽ സമ്പൂർണ്ണ കുടുംബ പ്രസിദ്ധീകരണങ്ങളുടെ പുഷ്കലകാലം.

സാഹിത്യ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ ചൊടിപകരുന്ന വിധത്തിൽ ഒരുശൈലി സ്വീകരിച്ചിരുന്ന മറ്റൊരു പ്രസിദ്ധീകരണമുണ്ടായിരുന്നത് പരാമർശിക്കേണ്ടതാണ്. കെ.ബാലകൃഷ്ണന്റെ കൗമുദി(1947). മികച്ചരചനകൾ ആരെഴുതിയാലും വായനക്കാരുടെ ശ്രദ്ധയിൽകൊണ്ടുവന്ന പ്രസിദ്ധീകരണമായിരുന്നു കൗമുദി. ബഷീറും, പൊൻകുന്നം വർക്കിയും, വയലാറും, ജി. വിവേകാനന്ദനും എല്ലാം അണിനിരന്ന കൗമുദി എല്ലാ അർത്ഥത്തിലും ഒരു ജനകീയഎഡിറ്ററുടെ പ്രസിദ്ധീകരണമായിരുന്നു. കൗമുദി ബാലകൃഷ്ണന്റെ ചോദ്യോത്തരപംക്തിയിലെ മറുപടികൾ, നിശിതമായ വിമർശനങ്ങൾ, വിമർശനങ്ങൾക്കുള്ള മറുപടികൾ, മറുപടിക്കുള്ള മറുപടികൾ എന്നിങ്ങനെ ചൊടിപകരാൻശ്രമിച്ച കൗമുദി ചടുലമായ ഭാഷകൊണ്ടും സംഭവ ബഹുലതകൊണ്ടും കാമ്പുള്ള രചനകൾകൊണ്ടും സാംസ്കാരിക കേരളത്തിൽ തലയുയർത്തി നിൽക്കുകയുണ്ടായി.

എസ്.കെ.നായരുടെ മലയാളനാട്(1968) ഭാഷാസാഹിത്യപത്രപ്രവർത്തന രംഗത്ത് പുതുമകൾ കൊണ്ടുവന്ന വാരികയാണ്. ഇത്രയധികം പണം മുടക്കി പരസ്യം വഴി മാർക്കറ്റിലേക്ക് പൊടുന്നനെ കയറിവന്ന മറ്റൊരു പ്രസിദ്ധീകരണം ആ കാലത്തുണ്ടായില്ല. സാഹിത്യവാരഫലം മലയാളനാട്ടിലെ ഒരു ഇൻസ്റ്റൻറ് സക്സസ് കോളമായിമാറി. ഇന്നും അത് പ്രസിദ്ധീകരണങ്ങൾ മാറിമാറി നിലനിൽക്കുന്നു.

ജനയുഗം(1956) കാമ്പിശ്ശേരി കരുണാകരൻ എന്ന പത്രാധിപരുടെ ധിഷണാശക്തിയിലും പ്രവർത്തന സാമർത്ഥ്യത്തിലും, സ്ഥാനം പിടിച്ചുപറ്റുന്നു.

മലയാള മാഗസിൻ ജേർണലിസത്തിൽ ഇൻവെസ്റ്റിഗേറ്റീവ് രീതി കൊണ്ടുവന്നത് കലാകൗമുദിയാണ്(1975). എൻ.ആർ.എസ്.ബാബു, എസ്.ജയചന്ദ്രൻ നായർ എന്നിവർ തയ്യാറാക്കിയ, അക്കാലത്തെ ഒരു ഇൻ

വെസ്റ്റിഗേറ്റീവ് റിപ്പോർട്ട്-വനസ്വത്തപഹരണ കേസ്- പുറത്തുവരുന്നതും കലാകൗമുദിയുടെ ആവിർഭാവവും ഒന്നിച്ചാണ്. ആ പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യവും ശൈലിയും അതായിമാറിയതോടെ മലയാളത്തിൽ അന്വേഷണ റിപ്പോർട്ടുകളും, ഫീച്ചറുകളും മടക്കമില്ലാത്ത ഒരു പ്രയാണമാരംഭിച്ചു. പൂർണ്ണമായും ഒരുവാർത്താന്വേഷണ, വിശകലന വാരികയായി തുടരാനല്ല സാഹിത്യത്തിനും പ്രാധാന്യം കൊടുത്തുകൊണ്ടാണ് കലാകൗമുദി നിലനിന്നത്.

ആധുനിക യന്ത്രസംവിധാനങ്ങളും കമ്യൂണിക്കേഷൻ സംവിധാനങ്ങളും ഇംഗ്ലീഷ് മാഗസിൻ ജേർണലിസത്തെ മോടിയുടേയും അവതരണത്തിന്റേയും കൂടി പ്രാധാന്യം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് രംഗപ്രവേശം ചെയ്തപ്പോൾ അത് മലയാളത്തിലും പ്രതിഫലിക്കാതിരുന്നില്ല. ഇന്ത്യാ ടുഡേ തികഞ്ഞ ഒരു വാർത്താ മാസികയായി (അടുത്തകാലത്ത് വാർത്താവാരികയായും) മലയാള പത്രപ്രവർത്തന രംഗത്തെത്തി. ഏറ്റവും ഒടുവിൽ ഇന്ത്യൻ എക്സ്പ്രസിന്റെ പ്രസിദ്ധീകരണമായ 'മലയാളം' വാരികയും, 'മാധ്യമം' വാരികയും ഫീച്ചറുകളും,വാർത്തയും, വിശകലനവും, സാഹിത്യവും എല്ലാം ചേർത്തുകൊണ്ട് വായനക്കാർക്ക് മുന്നിൽ എത്തിയിട്ടുണ്ട്. മലയാളി വായനക്കാരുടെ പാരമ്പര്യരുചികളിലും ശീലങ്ങളിലും പോറലേല്പിക്കാതെ, കഥയും, കവിതയും, സാഹിത്യവിഷയങ്ങളും ഉപേക്ഷിക്കാതെയാണ് മിക്ക ആധുനിക പ്രസിദ്ധീകരണങ്ങളും അവയുടെ സ്ഥാനം കണ്ടെത്തിയിരിക്കുന്നത്. ഈ പറഞ്ഞവയും ചന്ദ്രിക, ദേശാഭിമാനി, കുങ്കുമം, കേരളശബ്ദം തുടങ്ങിയ പ്രസിദ്ധീകരണങ്ങളും ഇതുപോലെ ജനറൽ മാഗസിനുകളായി തുടരുന്നു.

ഇന്ന് പൊതുവേ റീഡർഷിപ്പ് സ്വഭാവങ്ങൾ മാറിയത് സർഗാത്മക പത്രപ്രവർത്തനത്തിന്റെ ഗതിയേയും സ്വഭാവത്തേയും സ്വാധീനിച്ചിട്ടുണ്ട്. ശരാശരി വായനക്കാരന്റെ താൽപര്യങ്ങൾ രാഷ്ട്രീയ സംഭവവികാസങ്ങളുടെ വിശദാംശങ്ങളിലേക്ക് മാറി.

ദിനപത്രങ്ങളുടെ എക്സ്റ്റൻഷൻ സർവീസ് ആയി ആനുകാലിക പ്രസിദ്ധീകരണങ്ങൾ മാറിയ കാലഘട്ടമായി ഇന്നിനെ കാണണം. വാ

യനക്കാരും വിഭാഗങ്ങളായി മാറിക്കഴിഞ്ഞിട്ടുണ്ട്. വനിതാ പ്രസിദ്ധീകരണങ്ങൾ (വനിത, ഗൃഹലക്ഷ്മി, മഹിളാരത്നം . . . .), ചലച്ചിത്രപ്രസിദ്ധീകരണങ്ങൾ (ചിത്രഭൂമി, നാന, വെള്ളിനക്ഷത്രം, രാഷ്ട്രദീപിക സിനിമ), ആരോഗ്യ പ്രസിദ്ധീകരണങ്ങൾ (മാതൃഭൂമി ആരോഗ്യമാസിക), സ്പോർട്സ് മാഗസിനുകൾ (മാതൃഭൂമി സ്പോർട്സ്), കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ (ബാലഭൂമി, ബാലരമ, ബാലമംഗളം, പൂമ്പാറ്റ, കളിക്കുടുക്ക) എന്നിങ്ങനെ സ്പെഷ്യലൈസ്ഡ് മാഗസിനുകൾക്ക് മുൻകാലത്തെ ഹോമോജിനസ് സമ്പൂർണ്ണ കുടുംബവാരികകൾ വഴിമാറിക്കൊടുത്തിരിക്കുന്നു.

കൺസ്യൂമർ ഉപകരണങ്ങളുടെ നിലനിൽപ്പും ഈ വക പ്രസിദ്ധീകരണങ്ങളുടെ സ്വീകാര്യതയും എല്ലാം പരസ്പര പൂരകമാക്കി നിർത്തിയിരിക്കുന്ന ഒരു മാർക്കറ്റിലേക്ക് 'പാംപ്പ്' വരുന്നതും പ്രസിദ്ധീകരണം വരുന്നതും വ്യതാസമില്ല എന്ന അഭിപ്രായം മൂല്യസങ്കൽപ്പമുള്ള വായനക്കാരൻ വെച്ചുപുലർത്തുന്നുണ്ട് എന്നാണ് ഇപ്പോഴത്തെ ഭരതവാക്യം.



കെ.സി. നാരായണൻ

# പ്രാദേശികകേരളം

ഇന്ത്യയിലെ ഏറ്റവും സജീവമായ അച്ചടിമാധ്യമ ശൃംഖലയുള്ള പ്രവിശ്യയാണ് കേരളം. ഇന്ത്യയിലേറ്റവും പ്രചാരമുള്ള ദിനപത്രങ്ങളും വാരികകളും മലയാള ഭാഷയിലാണ് പ്രസിദ്ധീകരിക്കുന്നത്. കേരളത്തിലെ വായിക്കുന്ന സമൂഹവും പത്രങ്ങളും തമ്മിലുള്ള വിശേഷബന്ധം മനസ്സിലാക്കാൻ ഇവിടുത്തെ ജനസംഖ്യയും പത്രങ്ങളുടെ പ്രചാരസംഖ്യയും തമ്മിലുള്ള അനുപാതത്തിൻെറ കണക്കിലൂടെ കടന്നുപോകുകയേ വേണ്ടൂ.

എന്താണ് ആ അനുപാതക്കണക്ക്?

മലയാളത്തിൽ പ്രചരിക്കുന്നവയായി <u>143</u> പത്രങ്ങൾ ഉണ്ടെന്നാണ് പ്രസ് രജിസ്ട്രാറുടെ റിപ്പോർട്ടിൽ പറയുന്നത്. ഇതൊരു സാങ്കേതികക്കണക്കാണ്. ഫലത്തിൽ, കേരളത്തിൽ ഏറെ പ്രചാരമുള്ള പ്രഭാതപത്രങ്ങളുടെ പ്രചാരം താഴെ പറയും വിധത്തിലാണെന്ന്കാണുന്നു.

| | | |
|---|---|---|
| 1. | മലയാള മനോരമ | 9,57,778 |
| 2. | മാതൃഭൂമി | 6,79,947 |
| 3. | കേരള കൗമുദി | 1,41,623 |
| 4. | ദേശാഭിമാനി | 1,40,948 |

(കണക്കുകൾ - എ.ബി.സി. 1997)

ഈ പത്രങ്ങളോരോന്നും എത്രപേർ വായിക്കുന്നുണ്ട്? നാഷണൽ റീഡർഷിപ്പ് സർവേയുടെ കണക്ക് ഇങ്ങനെയാണ്.

| | | |
|---|---|---|
| 1. | മലയാള മനോരമ | 83,66,000 |
| 2. | മാതൃഭൂമി | 66,07,000 |
| 3. | കേരള കൗമുദി | 16,28,000 |
| 4. | ദേശാഭിമാനി | 20,84,000 |
| | ആകെ | 1,86,85,000 |

(കണക്കുകൾ എൻ.ആർ.എസ് 1997)

മലയാളത്തിലെ 4 പത്രങ്ങൾ അങ്ങനെ ഏറെക്കുറെ 1,86,85,000 പേർ വായിക്കുന്നു എന്ന് കരുതാം. അപ്പോൾ ദിനംപ്രതി ഒന്നേമുക്കാൽ കോടി മലയാളികൾ മലയാളപത്രങ്ങൾ വായിക്കുന്നവരായുണ്ട്.

ഇത് കേരളത്തിലെ ജനസംഖ്യയുമായി എങ്ങനെ ബന്ധപ്പെടുന്നു?

കഴിഞ്ഞ കാനേഷുമാരി പ്രകാരം കേരളത്തിലെ ജനസംഖ്യ രണ്ടുകോടി തൊണ്ണൂറുലക്ഷമാണ്. ഇതിൽ അമ്പത് ലക്ഷംപേർ കേരളത്തിന് വെളിയിലാണ്-പ്രവാസിമലയാളികൾ. ഇവരിൽ കുറച്ചുപേർ മലയാളപത്രങ്ങൾ വാങ്ങുന്നവരായുണ്ടെങ്കിലും തൽക്കാലം അവരെ ഒഴിച്ചുനിർത്തുകയാണെങ്കിൽ, ബാക്കി കേരളത്തിലുള്ള വായനക്കാരാവാൻ സാധ്യതയുള്ള ജനങ്ങൾ രണ്ടുകോടി നാൽപത്‌ലക്ഷം ആണ്. ഇവരിൽ പതിനാലു വയസ്സിൽ താഴെയുള്ള കുട്ടികളെയും 75 വയസ്സുകഴിഞ്ഞ വൃദ്ധരെയും നീക്കിനിർത്തുകയാണെങ്കിൽ ഏതാണ്ട് അരകോടി ആളുകൾ അങ്ങനെ ഒഴിവാകും. ബാക്കിയുള്ള, ശരിക്കും വായനാസജ്ജരായ, ഒന്നേമുക്കാൽക്കോടിയോളം മലയാളികൾ കേരളത്തിലുണ്ട്. ഇവരെല്ലാവരും വായിക്കാൻ കഴിയുംവിധം സാക്ഷരരാണ് എന്ന ശുഭാപ്തിവിശ്വാസത്തോടെ വിചാരിച്ചാൽ അവരിൽ മിക്കവാറും എല്ലാവരും പത്രം വായിക്കുന്നു, ഏറിയോ കുറഞ്ഞോ.

മറ്റുവിധത്തിൽ പറയുമ്പോൾ, കേരളത്തിൽ വായനക്ക് സജ്ജീകൃതരായവരിൽ 90 ശതമാനത്തിലധികം പത്രം വായിക്കുന്നവരാണ്.

മറ്റു സംസ്ഥാനങ്ങളിലെ കണക്കുകൾ നോക്കാതെതന്നെ പറയാം: വൃത്താന്തദാഹിയായ ഇങ്ങനെയൊരു വായനാസമൂഹം കേരളത്തിലൊഴിച്ചുള്ള പ്രവിശ്യകളിൽ പ്രതീക്ഷിക്കാവുന്നതല്ല. എന്താണ് കേരളത്തിൽ ഈ പ്രത്യേകതക്ക് കാരണം?

ഏറ്റവും പ്രത്യക്ഷമായ കാരണം സാക്ഷരതതന്നെ. കേരളത്തിലെ നൂറുശതമാനം സാക്ഷരത ഈ പത്രവായനാശീലത്തിൻെറ കാരണവും ഒരു ചെറിയ അളവുവരെ ഫലവും ആകുന്നു.

എന്നാൽ അതുമാത്രമല്ല, വേറെയും കാരണങ്ങൾ ഉണ്ട്.

പത്രങ്ങൾ നാടിൻെറ ഏത് കോണിലും എത്തിച്ചേരും വിധത്തിൽ, ഗതാഗതസൗകര്യങ്ങളുടെ ഒരു സൗകര്യഘടന കേരളത്തിലുണ്ട്. നാടിൻെറ ഏത് മൂലയിലും പുലർച്ചേതന്നെ എത്തിച്ചേരുവാൻ കഴിയും. ബംഗാളിലേയോ ഉത്തർപ്രദേശിലേയോ തമിഴ്നാട്ടിലേയോ അവസ്ഥ ഇതല്ല. കൽകത്തയിൽ ഒരുരാത്രി അച്ചടിക്കുന്ന പത്രം പുലർച്ചേ വടക്കൻ ബംഗാളിലെ ഫറാക്കക്കടുത്തുള്ള ഒരു ചെറുഗ്രാമത്തിൽ എത്തിച്ചേരുന്നത് എളുപ്പമല്ല. അതിനുള്ള ഗതാഗത സൗകര്യം ഇല്ല എന്നത് ഒരു കാരണം. മറ്റൊരുകാരണം പത്രത്തിൻെറ അച്ചടിയും, അച്ചടിച്ച പത്രത്തിൻെറ ഭൂരിഭാഗം കോപ്പികളും വിതരണവും കൽക്കത്തപോലുള്ള വൻനഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. സമ്പത്തുപോലെ വൃത്താന്തവും നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യയിലെ മിക്ക പ്രവിശ്യകളിലും ഇതാണ് നില.

ഈ നില കേരളത്തിൽ മുമ്പേയില്ല. മഹാനഗരങ്ങൾ ഒന്നുമില്ലാത്ത കേരളം കൊച്ചുപട്ടണങ്ങളുടെയും ഗ്രാമങ്ങളുടെയും വരമ്പുകളില്ലാത്ത ഒരു തുടർച്ചയാണ്. നാടും നഗരവും തമ്മിലെ അന്തരം പരമാവധി കുറവ്. ഇന്ത്യയിലെ പൊതുവായ അധിവാസരീതിയിൽനിന്നുതന്നെ ഭിന്നമാണ് ഇവിടത്തെ ജനജീവിതരീതി. വീടുകളും അങ്ങാടിയും ചേർന്ന ഒരു ജനപദം, അതിനു ശേഷം വിളനിലങ്ങളുടെയോ പാഴ്നിലങ്ങളുടെയോ തുറസ്സ്, വീണ്ടും വീടുകളും അങ്ങാടികളും ചേർന്ന ഒരു ജനപദം, പൊടുന്നനെ വരുന്ന ഒരു വൻനഗരവും-ഇങ്ങനെയൊരു ക്രമമാണ് ഇന്ത്യയിലെങ്ങും കാണുക. കേരളത്തിൻെറ രീതി ഇതല്ല. ഒരു വീട്, ചുറ്റും ഒരു തൊടി - ഇങ്ങനെ തൊ

ട്ടുതൊട്ടു കിടക്കുന്ന പുരയിടങ്ങളുടെ ഒരു തുടർച്ചയാണ് കേരളം - ഗ്രാമവും നഗരവും ഒരൊറ്റത്തുടരാണിവിടെ. അവ തമ്മിൽ വലുതായ വ്യത്യാസവും ഇല്ല. കാസർകോഡു മുതൽ പാറശ്ശാല വരെ പരന്നുകിടക്കുന്നത് ഒരൊറ്റ കോളനിയാണ്, കേരളം എന്ന ഹൗസിംഗ് കോളനി, കേരളാ നഗർ. ഇത് പത്രങ്ങളുടെ വിതരണത്തെ സുഗമമാക്കുന്നു. ഏതു മൂലയിലും പത്രങ്ങൾക്ക് വെളുപ്പിനേ എത്തിച്ചേരാം എന്ന അവസ്ഥ ഉണ്ടാകുന്നു. സ്വാഭാവികമായും പത്രങ്ങളുടെ അച്ചടി സ്ഥലങ്ങളും വളരെയേറെ വികേന്ദ്രീകൃതങ്ങൾ ആണ്. കേരളത്തിലെ മിക്കവാറും ജില്ലാതലസ്ഥാനങ്ങൾ എല്ലാം ഏതെങ്കിലും പ്രമുഖ പത്രങ്ങളുടെ അച്ചടികേന്ദ്രങ്ങൾ ആണ്. വയനാടും, ഇടുക്കിയും, പത്തനംതിട്ടയും മാത്രമേ ഇതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നുള്ളു. കണ്ണൂരിൽ നിന്ന് മാതൃഭൂമിയും മനോരമയും ദീപികയും ദേശാഭിമാനിയും പ്രസിദ്ധീകരിക്കുന്നു. ഒരു രണ്ടുമണിക്കൂർ തെക്കോട്ട് യാത്രചെയ്ത് കോഴിക്കോട്ടെത്തിയാൽ മിക്കവാറും ഇവയുടെയെല്ലാം അച്ചടിശാലകൾ അവിടെയും കാണുകയായി. മൂന്നു മണിക്കൂറിൻെറ യാത്രാസമയം ഇടവിട്ടിടവിട്ട് കേരളത്തിലെ പ്രമുഖ പത്രങ്ങൾക്കെല്ലാം ഉൽപാദനശാലകൾ ഉണ്ട്. കേരളത്തിലൊഴിച്ച് ഇന്ത്യയിൽ എങ്ങും കാണാത്തതാണ് വികേന്ദ്രീകരണത്തിൻെറ ഈ ക്രമം.

ഈ വികേന്ദ്രീകൃതാവസ്ഥ പത്രങ്ങളുടെ വാർത്താ സ്വഭാവത്തിൽ ഏറിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഓരോ പ്രമുഖ പത്രത്തിനും രണ്ടോ ഒന്നോ ജില്ലക്കായി ഒരു യൂണിറ്റുണ്ടെന്നുമാത്രമല്ല, ഒരു ജില്ലയിൽ തന്നെ അതിന് ഒന്നിലധികം പതിപ്പുകൾ പോലും ഉണ്ട്. ഏറ്റവും ഉള്ളോട്ടുകിടക്കുന്ന നാട്ടുമൂലകളിലെ അശ്രദ്ധേയമായ ലഘുസംഭവങ്ങൾ പോലും പത്രങ്ങളുടെ ജില്ലാ ഉപപ്പതിപ്പുകളിലേക്ക് വാർത്തയായി സ്വീകരിക്കപ്പെടുന്നു. പത്രത്തിൻെറ എല്ലാം കാണുന്ന കണ്ണിൽ പെടാത്തവയായി ഒരൊറ്റ നാട്ടുമൂലയും കേരളത്തിലില്ല. ഇതുമൂലം, മലയാള പത്രങ്ങൾ ഒന്നാമത്തെ പേജിൽ എത്രതന്നെ സാർവദേശീയ പ്രാധാന്യമുള്ള വാർത്തകൾ പ്രസിദ്ധീകരിച്ചാലും അകത്ത് അത്യന്തം പ്രാദേശികസ്വഭാവമുള്ള ലഘുവൃത്താന്തങ്ങളുടെ സമൃദ്ധി അവക്ക് സംരക്ഷിച്ചേ പറ്റു. മലയാള പത്രങ്ങളിൽ, ഒരഖിലേന്ത്യാ വാർത്തപ്രസിദ്ധീകരിക്കുന്ന ഒന്നാം പേജിൽത

ന്നെ ജില്ലാ പ്രാധാന്യം മാത്രമുള്ള ഒരു പ്രാദേശിക വാർത്തയും അച്ചടിക്കുന്നതുകാണാം. മലയാള പത്രം ഒരു സമ്മിശ്രതയാണ്- സാർവദേശീയതയുടേയും ഗ്രാമപഞ്ചായത്തിൻേറതും.

ഈ വലുതായ പ്രാദേശികവൽക്കരണത്തിൻെറ സ്വഭാവം മനസ്സിലാക്കാൻ മലയാളപത്രങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന രണ്ടു വൃത്താന്തപംക്തികറം നോക്കിയാൽ മതി. ചരമവും വിവാഹവും ആണത്. ഈ രണ്ടു പംക്തികളുമില്ലാതെ മലയാള പത്രങ്ങറം പുറത്തിറങ്ങാറില്ല. ഇംഗ്ലീഷ് പത്രങ്ങളിലെന്നല്ല മറ്റുഭാഷാ പത്രങ്ങളിലും ഇല്ലാത്തതാണ് ഈ രണ്ട് പംക്തികറം. അവിടെയെല്ലാം ഏതെങ്കിലും പ്രധാനി, ഏതെങ്കിലും രംഗത്ത് സ്വന്തം മുദ്രപതിപ്പിച്ച ആറം, മരിക്കുമ്പോഴേ ആ വേർപാട് ഒരു വൃത്താന്തമായി അച്ചടിച്ചുവരുന്നുള്ളൂ. കേരളത്തിലെ പത്രങ്ങറക്ക് മരണവാർത്തയെ സംബന്ധിച്ചിടത്തോളം പ്രധാനി, അപ്രധാനി എന്ന വിവേചനമില്ല. ആരുടെ മരണവാർത്തയും അതിൽവരും. മരണം എല്ലാവരെയും സമന്മാരാക്കുന്നു എന്ന ചൊല്ലിന് മലയാള പത്രത്തിലെ ചരമപേജിനോളം സാധൂകരണം നൽകിയ ഒരിടവും ഇല്ല. പല പത്രങ്ങളും ഒരു മുഴുവൻ പേജുതന്നെ മരണങ്ങറക്കായി നീക്കി വെച്ചിട്ടുണ്ട്. ചരമപേജ് ആദ്യം വായിക്കുന്ന വായനക്കാരും ധാരാളം ഉണ്ട്. ഈ രീതി ആളുകളുടെ സാമൂഹ്യവൃത്തികളെയും സ്വാധീനിച്ചിട്ടുണ്ട്. വീട്ടിൽ ഒരാറം മരിച്ചാൽ ശവമെടുക്കുന്നതിനു മുമ്പ് ബന്ധുക്കറം ഓടുന്നത് പത്രലേഖകൻെറ ഓഫീസിലേക്കാണ്. കമ്പിയോ കാർഡോ എസ്.ടി.ഡി യോ വേണ്ട, പിറ്റേന്ന് പുലരുമ്പോഴേക്ക് തികച്ചും വ്യക്തിപരം മാത്രമായ ഈ മരണവാർത്ത ബന്ധുക്കളും മിത്രങ്ങളും എല്ലാം അറിഞ്ഞിരിക്കും. പത്രം വായിച്ചാവും പലരും കണ്ണോക്കിനും, ശവസംസ്കാരത്തിനും പോകുന്നത്. വൃത്താന്തങ്ങറം അറിയിക്കുക എന്നതിലപ്പുറം ഒരു സമാന്തര തപാലാപ്പീസായും പത്രം ഇവിടെ പ്രവർത്തിക്കുകയാണ്. പൊതുവായ വാർത്തകറം അറിയാൻ മാത്രമല്ല അന്യോന്യമുള്ള വിശേഷങ്ങറം വ്യക്തികറം കൈമാറുന്നതിൻെറ ഒരു തപാൽ മാധ്യമം കൂടിയായും മലയാള പത്രങ്ങറം പ്രവർത്തിക്കുന്നതുകാണാം.

പത്രത്തിൻെറ പ്രചാരവർദ്ധനവും ഈ വിധത്തിൽ പ്രാദേശികമായ, വ്യക്തിപരമായ, വാർത്തകറം കൊടുക്കുന്നതിൻെറ അളവുംതമ്മിൽ

ബന്ധമുണ്ടെന്ന് ഇന്ന് ഏതു ഭാഷാപത്രത്തിൻെറ ഉൽപാദനച്ചുമതല വഹിക്കുന്നവർക്കും അറിയാം. ഒരു പത്രമോഫീസിൽ ഏറ്റവുമധികം പേർ കൈകാര്യം ചെയ്യുന്നത്, ഏറ്റവുമധികം കോളം കംപോസുചെയ്യപ്പെടുന്നത് ജില്ലാ പേജുകളിലേക്കുള്ള പ്രാദേശിക വാർത്തകഠം ആണ്. ഉദാഹരണത്തിന് പത്രത്തിൻെറ ഒരു യൂണിറ്റിൽ പൊതുവാർത്തകഠം പത്തുകോളമാണ് കംപോസുചെയ്യുന്നതെങ്കിൽ ഇത്തരം പ്രാദേശിക വർത്തമാനങ്ങഠം അമ്പത് കോളമാണ് - ഏറ്റവും കുറഞ്ഞത് അഞ്ചിരട്ടി. ഇതുതന്നെയാവും മറ്റുപത്രങ്ങളുടെയും നില. പത്രങ്ങഠം തമ്മിലുള്ള മത്സരം എന്നാൽ ശരിക്കും വാർത്തയായ വാർത്തകഠം കൊടുക്കൽ മാത്രമല്ല. മിക്കവാറും അവാർത്തകളായ പ്രാദേശിക സംഭവങ്ങഠം എത്ര കൂടുതൽ കൊടുക്കാൻ കഴിയും എന്നതിലാണ്. ഇതുമൂലം ഏതും വാർത്തയാണ് എന്ന ഒരവസ്ഥയും വന്നിട്ടുണ്ട് എസ്.ഐ.ചാർജെടുത്തു എന്നത് തൃശൂരിൽനിന്നുള്ള പല പത്രങ്ങളിലും കാണാം. മറ്റിടങ്ങളിൽ അതുവാർത്തയായികാണുന്നില്ല. വായനക്കാർക്കും ഇത് എതിർപ്പുള്ളതല്ല. തങ്ങളുടെ നാടിൻെറ പേര്, നാട്ടിലെ സംഭവം ഇത് അച്ചടിമഷി പുരണ്ടുവരുന്നതിൻെറ സന്തോഷമാണവർക്ക്. കൂടുതൽ കൂടുതൽ പ്രാദേശിക വാർത്തകഠം കൊടുക്കുന്നതിനായി ഓരോ ജില്ലക്കും കൂടുതൽ ഉപപതിപ്പുകഠം തന്നെ ഉണ്ടാവുന്നു. ഒരു ജില്ലയുടെ മൂന്നു താലൂക്കുകഠംക്ക് ഒരു പതിപ്പ്, വേറെ മൂന്ന് താലൂക്കുകഠംക്ക് മറ്റൊരു പതിപ്പ്, ജില്ലാ തലസ്ഥാനമായ പട്ടണത്തിന് മറ്റൊരു പതിപ്പ് - ഇങ്ങനെ കൂടുതൽ കൂടുതലായി വാർത്തകളെ പ്രാദേശികവൽക്കരിക്കുന്ന മത്സരത്തിലാണ് ഓരോ പത്രവും. ഓരോ പ്രദേശത്തെയും പ്രാദേശിക സംഭവങ്ങഠംക്ക് പ്രാധാന്യം പെരുപ്പിച്ചുകാട്ടാനായി, ആ സംഭവത്തിൻെറ ആ വാർത്ത, ആ പ്രദേശത്തേക്കുമാത്രമായി, ഒന്നാം പേജിലേക്കുകൊണ്ടുവരുന്ന സംപ്രദായവും കാണാം. കളർചിത്രങ്ങഠം അച്ചടിക്കാനുള്ള സാധ്യത കൂടിയായതോടെ നാടിൻെറ ഏതു മൂലയും പത്രത്തിൻെറ ആദ്യപേജിൽ വർണശബളമായി പ്രത്യക്ഷപ്പെടും എന്ന അവസ്ഥ വന്നിട്ടുണ്ട്.

പ്രാദേശികവൽക്കരണം വാർത്തയിൽ മാത്രമല്ല സംഭവിക്കുന്നത്, പരസ്യങ്ങളിലും കൂടിയാണ്. ദേശീയ സ്വഭാവമുള്ള പരസ്യങ്ങളെപ്പോലെത

ന്നെ പ്രാധാന്യം ഉള്ളതാണ് പ്രാദേശിക പരസ്യങ്ങൾ എന്ന നില വന്നിട്ടുണ്ട്. പുതുതായി ഇറങ്ങുന്ന ഒരു കാറിൻെറ പരസ്യം പോലെ തന്നെ പ്രധാനവും സാധാരണവുമായിട്ടുണ്ട്, ഇന്ന് വിവാഹിതരാകുന്ന വധൂവരന്മാരുടെ കളർ ചിത്രപരസ്യവും. വാർത്തകൾ ഓരോ പതിപ്പിലേക്കും പ്രാദേശികവൽക്കരിക്കുന്ന പ്രവണത പരസ്യരംഗത്തേക്കും വ്യാപിക്കാൻ തുടങ്ങിയിട്ടുണ്ട് - ഓരോ പതിപ്പിനുംമാത്രമായി അവിടുത്തെ അമ്പലത്തിൻെറയോ പള്ളിയുടെയോ കടയുടെയോ സഹകരണ ബാങ്കിൻെറയോ പരസ്യം വരുന്നരീതിക്ക് പ്രചാരം കിട്ടിവരികയാണ്. ഈ രീതി കൂടുതൽ പ്രബലമാവാനാണ് പോകുന്നത് അതാതിടത്തുമാത്രം പ്രസക്തമായ വാർത്തയും പരസ്യവും അതാതിടത്തുമാത്രം പ്രസിദ്ധീകരിച്ചുവരിക. ഇങ്ങനെയൊരു വൻ പ്രാദേശികവൽക്കരണത്തിലേക്ക് പത്രങ്ങൾ കൂടുതലായി നീങ്ങിക്കൊണ്ടിരിക്കുന്നു. പ്രാദേശികവൽക്കരിക്കുക അല്ലെങ്കിൽ പിൻവാങ്ങുക എന്നതായിരിക്കുന്നു ഇന്ന് മലയാള പത്രലോകത്തിലെ പൊതുവായ അവസ്ഥ. ഇത് മലയാള പത്രങ്ങൾക്ക് മാത്രമല്ല, കേരളത്തിൽനിന്നു പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പത്രങ്ങൾക്കും ബാധകമാണെന്ന് ആ പത്രങ്ങളുടെ കേരള പതിപ്പുകളും മറ്റിടങ്ങളിലെ പതിപ്പുകളും താരതമ്യപ്പെടുത്തിയാൽ മനസ്സിലാകും.

മലയാള പത്രങ്ങളുടെ ഈ രീതികൊണ്ട് ഗുണങ്ങളും ദോഷങ്ങളും ഉണ്ടായിട്ടുണ്ട്. ഗുണങ്ങൾ ആദ്യം പറയാം. ഏറ്റവും പ്രാദേശികമായത്, ഏറ്റവും അരികിൽ കിടക്കുന്നത്, ഏറ്റവും നിശ്ശബ്ദമായിരുന്നത്, മാധ്യമ ദൃഷ്ടിയിലേക്ക് കടന്നുവന്നു എന്നുള്ളതാണ് പ്രധാനഗുണം. ഓരോ പ്രദേശത്തിൻെറയും സ്വന്തം പ്രശ്നങ്ങളും വികസന സാദ്ധ്യതകളും മുമ്പില്ലാത്തവിധം ജനശ്രദ്ധയിലും പൊതുശ്രദ്ധയിലും പെട്ടു എന്നതാണത്. പ്രാദേശികപേജുകളിൽ വരുന്ന വാർത്തകൾ നല്ലൊരു വിഭാഗം നാടിൻെറ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതാണ്. പാലമില്ല പാലംവേണം, റോഡില്ല റോഡുവേണം, വെള്ളമില്ല വെള്ളംവേണം എന്നിങ്ങനെ. ഇത്തരം ആവശ്യങ്ങളുടെ ഉയർത്തിപ്പറയൽ നാടിൻെറ വികസനത്തെ പൊതുവിൽ സഹായിക്കുന്നുണ്ട്. ജനകീയാസൂത്രണപദ്ധതി, ഗ്രാമപഞ്ചായത്ത് സമ്പ്രദായം എന്നിങ്ങനെ കേരളത്തിൻെറ പ്രാദേശിക പ്ലാനിങ്ങും പ്രാദേശിക വികസനവും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട പൊതുപദ്ധതിയെ സഹായിക്കാനും

ശക്തിപ്പെടുത്താനും ഒരു ചെറിയ അളവുവരെ ഈ പ്രാദേശിക വൃത്താന്തവൽക്കരണം സഹായകമായിട്ടുണ്ട്.

എന്നാൽ ഇതോടൊപ്പം ദോഷവും ഉണ്ടായിട്ടുണ്ട്. വാർത്തയുടെ ഈ കഷണമാക്കൽ രീതികൊണ്ട് കേരളം എന്ന മുഴുദേശത്തിന്റെ ചിത്രം വേണ്ട പോലെ ലഭിക്കുന്നില്ല എന്നതാണ് അത്. തെക്കോട്ട് പോയ ആഠക്ക് ചാലക്കുടിപ്പുഴക്കപ്പുറം എന്തുസംഭവിച്ചു എന്നറിയണമെങ്കിൽ തൃശൂർ പത്രം താഴെവെച്ച് എറണാകുളം പത്രം കയ്യിലെടുക്കണമെന്ന് വി.കെ.എൻ പറഞ്ഞത് ഓർമ്മവരുന്നു. തൃശൂരിലിരിക്കുന്നവർക്ക് എറണാകുളം ജില്ലയിൽ എന്തുസംഭവിക്കുന്നു എന്ന് ഏറ്റവും സാമാന്യമായി അറിയാൻ, അങ്ങനെ പൊതുവിൽ കേരളത്തിലങ്ങോളമിങ്ങോളം എന്തുസംഭവിക്കുന്നു എന്നറിയാൻ ഈ പ്രാദേശികവൽക്കരണം ഒരു തടസ്സമാകുന്നു എന്നാണ് ഇതിന്റെ അർത്ഥം. ഇതൊരു പരിമിതിതന്നെയാണ്. ഐക്യകേരളം രാഷ്ട്രീയമായി നിലവിൽ വരാൻ പത്രങ്ങൾ ഏറെ പങ്കുവഹിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ പത്രങ്ങളിൽ ഇന്ന് കാണുന്നത് പ്രാദേശിക കേരളമാണ്. കേരളത്തിലെ പത്രപ്രവർത്തന വളർച്ചയുടെ വലുപ്പത്തിന് നൽകേണ്ടിവന്നിട്ടുള്ള വലിയ വിലയാണ് ഇത് എന്നും ചൂണ്ടിക്കാണിക്കട്ടെ.

സജിത്ത് എസ്.
പ്രോജക്ട് കോ-ഓർഡിനേറ്റർ, സി-ഡിറ്റ്

# വാർത്താമാധ്യമരംഗത്ത് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഉപയോഗം

സഹജീവികളുമായുള്ള ആശയവിനിമയം മനുഷ്യരുടെ ഒരു അടിസ്ഥാനസ്വഭാവമാണ്. ഭാഷ, ആംഗ്യങ്ങൾ, ഭാവങ്ങൾ എന്നിവയൊക്കെ ഉപയോഗിച്ചാണ് മനുഷ്യർ ആശയവിനിമയം ചെയ്യുന്നത്. മാസ് കമ്മ്യൂണിക്കേഷൻ എന്ന സങ്കല്പനം ഇത്തരം ആശയവിനിമയത്തിൽ നിന്ന് തുലോം വ്യത്യസ്തമാണ്. ആശയം സ്വീകരിക്കുന്നത് അസംഖ്യം പേരാണെന്നതുതന്നെയാണ് മുഖ്യവ്യത്യാസം. കൂടാതെ ആശയവിനിമയത്തിൻെറ സ്വഭാവം, സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവയും പ്രത്യേകതകളാണ്. ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആശയ സംവേദനത്തെയാണ് 'ടെലി കമ്മ്യൂണിക്കേഷൻ' എന്നു പറയുന്നത്. ടെലിഫോൺ മുതൽ ടെലിവിഷൻ വരെ നിരവധി മാധ്യമങ്ങൾ അതിനായി ഉപയോഗിക്കുന്നുണ്ട്.

ടെലികമ്മ്യൂണിക്കേഷൻെറ ചരിത്രം അത്യന്തം രസകരമാണ്. ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദ്ധർ, ഗണിതശാസ്ത്രജ്ഞർ, വ്യവസായ സംരംഭകർ എന്നിവരെല്ലാം ചേർന്ന സമൂഹമാണ് ടെലികമ്മ്യൂണിക്കേഷനെ

വളർത്തിയെടുത്ത്. തങ്ങളുടെ കാലത്ത് ലഭ്യമായ അറിവുകളെ വാണിജ്യ കാര്യങ്ങൾക്കും ഭരണകാര്യങ്ങൾക്കും സൈനികാവശ്യങ്ങൾക്കുമെല്ലാം ഉപകരിക്കുന്ന സാങ്കേതിക വിദ്യകളായി വളർത്തിയെടുക്കുന്നതിൽ അവരെല്ലാം തന്നെ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ടെലി കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യകളിൽ ബഹുജനമാധ്യമങ്ങൾ (Mass media) എന്നു പറയാവുന്നവയെ മാത്രമാണ് ഈ ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബഹുജനമാധ്യമങ്ങളെ പ്രധാനമായും മൂന്നായി തരംതിരിക്കാം.

1. ശ്രവ്യ സംവേദനത്തിനുള്ളവ.

2. ദൃശ്യ സംവേദനത്തിനുള്ളവ.

3. ഡേറ്റ അഥവാ വിവര സംവേദനത്തിനുള്ളവ.

**ആശയ സംവേദനം - മാതൃക**

ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതുതന്നെയായാലും ആശയ സംവേദന സംവിധാനത്തിന് ഒരു അടിസ്ഥാനമാതൃകയുണ്ടെന്നുകാണാം. ഈ മാതൃകയുടെപ്രധാന ഘടകങ്ങൾ നാലെണ്ണമാണ്.സംവേദനം ചെയ്യപ്പെടുന്ന വിവരം അഥവാ സന്ദേശം (Message), പ്രക്ഷേപിണി (Transmitter) മാധ്യമം (ചാനൽ) സ്വീകരണി (Receiver) എന്നിവയാണവ.

സന്ദേശം പ്രക്ഷേപണം ചെയ്യുന്നതിനാവശ്യമായ റേഡിയോതരംഗം ഉത്പാദിപ്പിക്കുക,അതിലേക്ക് സന്ദേശത്തെ കടത്തിവിടുക, പ്രസ്തുത തരംഗത്തിന് ദൂരങ്ങൾ താണ്ടുന്നതിനാവശ്യമായ ശക്തി നൽകുക , തരംഗത്തെ പ്രസരിപ്പിക്കുക എന്നിവയാണ് പ്രക്ഷേപിണയുടെ ധർമ്മങ്ങൾ. തരംഗ പ്രസരണത്തിന് ആൻറിന ഉപയോഗിക്കുന്നു. ഏതൊരു പ്രക്ഷേപിണിക്കും അടിസ്ഥാനപരമായി മൂന്ന് ഘട്ടങ്ങളുണ്ട്. റേഡിയോ തരംഗം ഉത്പാദിപ്പിക്കുന്ന ജനറേറ്റർ, മോഡുലേറ്റർ, പവർ ആംപ്ലിഫിയർ എന്നിവ.

അയയ്ക്കേണ്ട സന്ദേശത്തെ റേഡിയോ വാഹക തരംഗവുമായി സംയോജിപ്പിക്കുന്ന പ്രർത്തനമാണ് മോഡുലേഷൻ അഥവാ മോഡുലനം. ഇത്

രണ്ടു തരത്തിലുണ്ട്. ആവൃത്തി മോഡുലനവും (Freequency modulation-Fm) ആയാമ മോഡുലനവും (Amplitude Modulation). പേരുകൾ സൂചിപ്പിക്കുന്നതുപോലെ തന്നെ, സന്ദേശം റേഡിയോ വാഹക തരംഗങ്ങളുമായി സംയോജിപ്പിക്കുമ്പോൾ വാഹകതരംഗത്തിൻെറ ആവൃത്തിയിലാണ് മാറ്റമുണ്ടാകുന്നെതെങ്കിൽ അതിനെ ആവൃത്തിമോഡുലനമെന്നു പറയുന്നു. മറിച്ച് മാറ്റം ആയാമത്തിലാണെങ്കിൽ അതിനെ ആയാമമോഡുലനമെന്നു പറയുന്നു.

ഏതെങ്കിലും ഒരു പ്രക്ഷേപണത്തിന് അനുവദിച്ചു നൽകിയിട്ടുള്ള റേഡിയോ തരംഗങ്ങളുടെ റേഞ്ചിനാണ് (Range) ചാനൽ എന്നു പറയുന്നത്. റേഡിയോ തരംഗത്തിൻെറ സാന്നിദ്ധ്യം തിരിച്ചറിയുക, അതിൽ നിന്ന് ഉപയോഗയോഗ്യമായവയെ തെരഞ്ഞെടുക്കുക, തരംഗത്തിൻെറ ശക്തി ആവശ്യാനുസരണം വർദ്ധിപ്പിക്കുക, വാഹകതരംഗത്തിൽ നിന്ന് സന്ദേശത്തെ വേർതിരിച്ചെടുത്ത് നമുക്ക് മനസ്സിലാക്കാവുന്ന തരത്തിലുള്ള ശബ്ദമോ ചിത്രമോ ഒക്കെയാക്കി പരിവർത്തനം ചെയ്യുക എന്നിവ സ്വീകരിണിയുടെ ധർമ്മങ്ങളാണ്. ആശയ സംവേദനത്തിൻെറ മാതൃകയിൽ ഒരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. ശബ്ദം (noise) എന്നറിയപ്പെടുന്ന കാര്യമാണത്. ആശയസംവേദനത്തിലെ വില്ലനാണ് ശബ്ദം. ഫലപ്രദമായ ആശയസംവേദനത്തെ തടസ്സപ്പെടുത്തുന്നതെന്തും ശബ്ദ വിഭാഗത്തിൽപ്പെടുന്നു. അത് ശബ്ദമോ തരംഗമോ ഒക്കെയാവാം.

**വിദ്യുത് കാന്തിക ഊർജ്ജം**

Electromagnetic energy അഥവാ വിദ്യുത് കാന്തിക ഊർജ്ജമാണ് ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ അടിസ്ഥാനം. ക്രമമായി ദിശമാറി ക്കൊണ്ടിരിക്കുന്ന തരം വൈദ്യുതിയുടെ (പ്രത്യാവർത്തി ധാര-Alternating Current AC) ഒരു സ്വഭാവമാണ് വിദ്യുത് കാന്തിക ഊർജ്ജത്തിൻെറ അടിസ്ഥാനം. എറ്റവും ലളിതമായിപ്പറഞ്ഞാൽ ഒരു ചാലകത്തിലൂടെ(conductor) വൈദ്യുതി കടന്നുപോകുമ്പോഴുണ്ടാകുന്ന വികിരണമാണ് വിദ്യുത് കാന്തിക തരംഗങ്ങൾ.

റേഡിയോ - യഥാർത്ഥ ബഹുജനമാധ്യമം

ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യവർഷങ്ങളിലാണ് റേഡിയോയുടെ വികസനം നടന്നത്. ചെറുകിടസംരംഭങ്ങളിൽ നിന്നും ബൃഹത്തായ ഒരു മാധ്യമമായി റേഡിയോ അതിവേഗം വളർന്നു. ഒന്നാം ലോക മഹായുദ്ധത്തിനുശേഷമാണ് റേഡിയോ വ്യവസായം തഴച്ചുവളർന്നത്. 1920 കളിൽ സൗകര്യപ്രദമായ റിസീവറുകൾ വിപണിയിലെത്തിയതോടെ റേഡിയോ അഭൂതപൂർവ്വമായ പ്രചാരം നേടാൻ തുടങ്ങി. പ്രക്ഷേപിണിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളായിരുന്നു റേഡിയോ രംഗത്തെ ആദ്യകാല ഗവേഷണങ്ങളിലധികവും. ഇപ്പോൾ റേഡിയോ മാധ്യമ രംഗത്തു നടക്കുന്ന ഗവേഷണങ്ങൾ പ്രധാനവും മൂന്നു മേഖലകളിലാണ്.

1. കൂടുതൽ കാര്യക്ഷമവും വിശ്വസനീയവും ഉപയോഗിക്കാനെളുപ്പമുള്ളതും ചെറുതുമായ പ്രക്ഷേപിണികൾ വികസിപ്പിക്കൽ
2. മെച്ചപ്പെട്ട ഡിസൈനുകളിൽ കൂടുതൽ ഫലപ്രദവും ചെറുതുമായ ആൻറിനകൾ വികസിപ്പിക്കൽ
3. മെച്ചപ്പെട്ട സർക്കീറ്റുകളുള്ള , എവിടെയും ഉപയോഗിക്കാവുന്നതരം ചെറിയ സ്വീകരണികൾ രൂപപ്പെടുത്തൽ

ലോകത്ത് ഏറ്റവുമധികം ജനങ്ങൾ ഉപയോഗിക്കുന്ന ബഹുജനമാധ്യമമാണ് റേഡിയോ എന്ന് നിസ്സംശയം പറയാം. അതുകൊണ്ട് യഥാർത്ഥ ജനകീയ മാധ്യമം റേഡിയോ ആണെന്നു പറയുന്നതിൽ തെറ്റില്ല. 1950 ൽ റേഡിയോ പ്രക്ഷേപണ സംവിധാനങ്ങളില്ലാത്ത അമ്പത് രാജ്യങ്ങളുണ്ടായിരുന്നു. 1960 ആയപ്പോഴേക്കും അത്തരം രാജ്യങ്ങളുടെ എണ്ണം പന്ത്രണ്ടായി കുറഞ്ഞു. 1973 ൽ ലോകത്ത് റേഡിയോ പ്രക്ഷേപണ സംവിധാനങ്ങളില്ലാത്ത മൂന്നു രാജ്യങ്ങളേ ഉണ്ടായിരുന്നുള്ളു. ഭൂട്ടാൻ, ലീഷ്ടെൻസ്റ്റീൻ, സാൻമാറിനോ എന്നിവ. ലോകത്താകമാനം നൂറുകോടിയിലധികം റേഡിയോ സ്വീകരണികളുണ്ടെന്നാണു കണക്ക്. എന്നുവച്ചാൽ ലോകത്ത് ഏതാണ്ട് നാലുപേരിൽ ഒരാൾക്കുവീതം റേഡിയോ ഉണ്ടെന്നു കരുതാം. വികസ്വര, അവികസിത രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ബഹുജനമാധ്യമമെന്ന് ഉറപ്പിച്ചു പറയാവുന്നത് ഇപ്പോഴും റേഡിയോ തന്നെയാണ്.

റേഡിയോ മാധ്യമത്തിലെ ശ്രദ്ധേയമായ ഒരു പ്രവണത FM,AM റേഡിയോകൾ തമ്മിലുള്ള മത്സരമാണ്.

**ദൃശ്യമാധ്യമം, ടെലിവിഷൻ**

ടെലിവിഷൻ യുഗം തുടങ്ങിയത് 1936 - ൽ ആണെന്നു പറയാം. ആ വർഷം ഫ്രാൻസും ഇംഗ്ലണ്ടും സ്ഥിരമായ പ്രക്ഷേപണം ആരംഭിച്ചു. എന്നാൽ ടെലിവിഷൻ എന്ന സങ്കല്പനത്തിന് പത്തൊമ്പതാം നൂറ്റാണ്ടോളം പഴക്കമുണ്ട് പറക്കുന്ന ചിത്രങ്ങൾ ( flying pictures ) എന്ന സങ്കല്പനം 1800- കളിൽതന്നെ ചർച്ച ചെയ്യപ്പെട്ടിരുന്നു. മെക്കാനിക്കൽ സിസ്റ്റം ഉപയോഗിച്ചുള്ള ടെലിവിഷൻ പ്രക്ഷേപണം 1928 ൽ തന്നെ തുടങ്ങിയിരുന്നു. പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനം ഉപയോഗിക്കുന്ന ഒരു പ്രായോഗിക മാതൃക 1930 ആയപ്പോഴേക്കും രൂപപ്പെട്ടിരുന്നു.

1936- ൽ ബി ബി സി (British Broadcasting Corporation) ആദ്യത്തെ ടെലിവിഷൻ പ്രക്ഷേപണം ആരംഭിച്ചു. അമേരിക്കയിലെ ജനങ്ങൾക്ക് ആദ്യമായി ടെലിവിഷൻ പരിപാടികൾ കാണാൻ കഴിഞ്ഞത് 1939 ൽ ആണ്. ന്യൂയോർക്ക് നഗരത്തിൽ നടന്ന വേൾഡ് ഫെയറിൽ വെച്ച്. കാഥോഡ് റേ ട്യൂബ് (Cathode Ray Tube) ഉപയോഗിച്ചുള്ള സ്കാനിംഗ് അപ്പോഴേക്കും പഴയ മെക്കാനിക്കൽ രീതികളെ പുറന്തള്ളിയിരുന്നു. ഒരു വസ്തുവിനെ അനേകം ചെറുഭാഗങ്ങളായി ഒന്നിനു പുറകെ ഒന്നായി നോക്കിക്കാണുന്നതാണ് സ്കാനിംഗ്. ടെലിവിഷൻ പ്രക്ഷേപണത്തിൽ ചിത്രങ്ങൾ ലഭിക്കുന്നത് ഈ വിധമാണ്.

യുനെസ്കോയുടെ ഒരു പൈലറ്റ് പ്രോജക്ടിന്റെ രൂപത്തിൽ 1959 സെപ്റ്റംബർ 15 നാണ് ഇന്ത്യയിൽ പരീക്ഷണാടിസ്ഥാനത്തിൽ ടെലിവിഷൻ പ്രക്ഷേപണം ആരംഭിക്കുന്നത്. വിദ്യാഭ്യാസം, ഗ്രാമവികസനം, സാമൂഹ്യവികസനം എന്നീ രംഗങ്ങളിൽ ടെലിവിഷന്റെ ഉപയോഗം പഠിക്കുകയായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യം. സ്കൂൾ ടെലിവിഷന്റെ മറ്റൊരു പ്രോജക് 1961ൽ ഏറ്റെടുക്കപ്പെട്ടു. 1965 ലെ സ്വാതന്ത്ര്യദിനം മുതൽ ഒരു മണിക്കൂർ ദൈർഘ്യമുള്ള ടെലിവിഷൻ പ്രക്ഷേപണം ഇന്ത്യയിൽ ആരംഭിച്ചു. എഴുപതുകളുടെ ഉത്തരാർദ്ധത്തിലാണ് ഇന്ത്യയിൽ ടെലിവിഷൻ വ്യാ

പകമായത്. ബോംബേ നഗരത്തിൽ 1972 ഒക്ടോബറിൽ ഇന്ത്യയിലെ രണ്ടാമത്തെ ടെലിവിഷൻ കേന്ദ്രം ആരംഭിച്ചു. ഒരു വർഷത്തിനു ശേഷം ശ്രീനഗറിലും തുടർന്ന് അമൃത്സറിലും ടെലിവിഷൻ കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങി. 1975 ൽ കൽക്കട്ട, മദ്രാസ്, ലക്നൗ എന്നിവിടങ്ങളിൽ ടെലിവിഷൻ കേന്ദ്രങ്ങൾ ആരംഭിച്ചു.

വ്യത്യസ്ത സ്വഭാവമുള്ള രണ്ടുതരം പ്രക്ഷേപിണികളാണ് ടെലിവിഷന് ആവശ്യമുള്ളത്. ശബ്ദത്തിനൊരെണ്ണം. ദൃശ്യത്തിനു മറ്റൊരെണ്ണം. ശബ്ദത്തിനുള്ളത് ഒരു FM പ്രക്ഷേപിണിയും ദൃശ്യത്തിനുള്ളത് AM പ്രക്ഷേപണിയുമാണ്. രണ്ടു തരം തരംഗങ്ങൾ പരസ്പരം ഉപദ്രവമുണ്ടാക്കാതിരിക്കാൻ ഡൈപ്ലക്സർ എന്നൊരു ഉപകരണം ഉപയോഗിക്കുന്നു.

ടെലിവിഷൻെറ റിസീവറും യഥാർത്ഥത്തിൽ രണ്ടു സ്വീകരണികളടങ്ങിയതാണ്- ശബ്ദത്തിനും ദൃശ്യത്തിനുമുള്ളവ. പ്രകൃതിയിലുള്ള വർണ്ണങ്ങളെ അതേപടി പകർത്തുന്നതിനുള്ള ഇലക്ട്രോണിക് സംവിധാനങ്ങൾ ഇന്നു ലഭ്യമല്ല. അതിനു പകരം ചെയ്യുന്നത് എല്ലാ നിറങ്ങളേയും ചുവപ്പ്, നീല, പച്ച എന്നീ അടിസ്ഥാന നിറങ്ങളായി വിഘടിച്ച ശേഷം പ്രക്ഷേപണം ചെയ്യുകയാണ്. ഈ നിറങ്ങളെ പുനഃസംയോജനം ചെയ്ത് യഥാർത്ഥ നിറങ്ങൾ ലഭ്യമാക്കുന്നു.

ടെലിവിഷൻ പരിപാടികൾ പ്രക്ഷേപണ കേന്ദ്രത്തിൽ നിന്ന് എത്ര ദൂരംവരെ ലഭിക്കുമെന്നത് പ്രധാനമായും മൂന്നു ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. പ്രക്ഷേപണം ചെയ്യുന്ന സിഗ്നലിൻെറ ശക്തി, ആൻറിനയുടെ ഉയരം, സിഗ്നലിൻെറ ആവൃത്തി എന്നിവയാണവ. സിഗ്നലിൻെറ ശക്തി (power of the signal)യും ആൻറിനയുടെ ഉയരവും കൂടുന്നതനുസരിച്ച് സിഗ്നൽ എത്തുന്ന ദൂരവും കൂടും. എന്നാൽ ആവൃത്തി കൂടുന്തോറും എത്തുന്ന ദൂരം കുറയുകയാണു ചെയ്യുക.

**കേബിൾ ടെലിവിഷൻ**

ടെലിവിഷൻ ബ്രോഡ്കാസ്റ്റിനു ബദലായി വളർന്നു വന്ന സാങ്കേതികവിദ്യയാണ് കേബിൾ ടി.വി. പരമ്പരാഗത ടെലിവിഷൻ പ്രക്ഷേപിണികൾ പൊതുവേ സർക്കാർ ഉടമസ്ഥതയിലാണെന്നതാണ് കേബിൾ ടി.വി. എന്ന

മാധ്യമത്തെ ആകർഷകമാക്കിയത്. ടെലിവിഷൻ സിഗ്നൽ എത്താത്ത പ്രദേശങ്ങൾക്കുവേണ്ടിയാണ് ആദ്യം തുടങ്ങിയതെങ്കിലും ഇന്ന് ഒരു സമാന്തര സംവിധാനമായി കേബിൾ ടി.വി. വളർന്നിരിക്കുന്നു.

മൂന്ന് ഘടകങ്ങളാണ് കേബിൾ ടി.വി.യുടെ സാങ്കേതിക വിദ്യയിലുള്ളത്. ഇതിൽ ആദ്യഘടകം (Headend), മറ്റു സ്രോതസ്സുകളിൽ നിന്ന് സിഗ്നൽ സ്വീകരിച്ച് അവയെ കേബിളുകളിലൂടെഅയയ്ക്കാവുന്ന അവസ്ഥയിലേക്കു മാറ്റിയശേഷം കേബിളുകളിലേക്ക് കടത്തിവിടുന്നു. വീടുകളിലേക്കും, സ്ഥാപനങ്ങളിലേക്കുമെല്ലാം ഈ സിഗ്നൽ എത്തിക്കുന്ന കേബിൾ ശൃംഖലയാണ് രണ്ടാമത്തെ ഘടകം. കേബിളിലൂടെയെത്തുന്ന സിഗ്നലിനെ ചിത്രങ്ങളായും ശബ്ദമായും മാറ്റുന്നതിനുള്ളതാണ് മൂന്നാമത്തെ ഘടകം. കേബിളിലൂടെ കടന്നുപോകുന്ന സിഗ്നലിനു ശക്തിപകരാൻ ഇടയ്ക്കിടെ പ്രവർധകങ്ങൾ (Amplities) ഘടിപ്പിച്ചിരിക്കും.

**മൈക്രോവേവ് മാധ്യമം**

അടിസ്ഥാനപരമായി മൈക്രോവേവ് പ്രക്ഷേപണ മാധ്യമം സാധാരണ ടെലിവിഷനെപ്പോലെ തന്നെയാണു പ്രവർത്തിക്കുന്നത്. ഉപയോഗിക്കുന്ന വാഹതരംഗങ്ങൾ വളരെ ഉയർന്ന ആവൃത്തിയിവുള്ളതാണെന്നതാണ് വ്യത്യാസം. ഉയർന്ന ആവൃത്തിയുടെ ഉപയോഗംകൊണ്ടും ആവശ്യമായ ശക്തി കുറവാണെന്നതുകൊണ്ടും മൈക്രോവേവിനാവശ്യമായ ഉപകരണങ്ങൾ താരതമ്യേന ചെലവു കുറഞ്ഞതും ചെറുതുമാണ്.

**ഉപഗ്രഹ മാധ്യമം**

പ്രധാനമായും ഭൂസ്ഥിര ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള വാർത്താവിനിമയമാണിത്. ഭൂമിയിൽ നിന്നു നോക്കുമ്പോൾ ആപേക്ഷികചലനം അനുഭവപ്പെടാത്ത ഉപഗ്രഹങ്ങളാണ് ഭൂസ്ഥിര ഉപഗ്രഹങ്ങൾ. ഭൂമധ്യരേഖയ്ക്കു മുകളിൽ ഏതാണ്ട് 36,000 കിലോമീറ്റർ ഉയരത്തിലാണ് അവയുടെ സ്ഥാനം. ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്ന അതേ വേഗതയിലാണ് അവ ഭൂമിയെ വലംവയ്ക്കുക. തന്മൂലം ഭൂമിയെ അപേക്ഷിച്ച് അവ സ്ഥിരമായി ഒരേ സ്ഥാനത്തുനിൽക്കുന്നതായി തോന്നുന്നു. 1963 ലാണ് ഇത്തരം ഭൂസ്ഥിര ഉപഗ്രഹങ്ങൾ (Geostationary or Geo

sychronous Satellites) പരീക്ഷിക്കപ്പെട്ടത്. സാർവദേശീയ തലത്തിൽ ഉപ ഗ്രഹ വാർത്താ വിനിമയം നടത്തുന്നതിനായി ഏതാനും രാജ്യങ്ങൾ ചേർന്ന് 1964 ൽ ഇൻറൽസാറ്റ് (Intelsat) സ്ഥാപിച്ചു.

വാർത്താവിനിമയത്തിനുള്ള ഉപഗ്രഹങ്ങളെ മൂന്നായി തരംതിരിക്കാം. നിരവധി രാജ്യങ്ങൾക്ക് ഒരേസമയം ഉപയോഗിക്കാൻ കഴിയുന്നവയെ സാർ വദേശീയ ഉപഗ്രഹങ്ങൾ (International groups of Satellities)എന്നു വിളിക്കുന്നു. ഇൻറൽസാറ്റ് സീരീസ് ഇത്തരം ഉപഗ്രഹങ്ങൾക്ക് ഉദാ ഹരണമാണ്. 135 രാജ്യങ്ങൾക്ക് ഈ ഉപഗ്രഹങ്ങൾ പ്രയോജനം ചെയ്യുന്നു. ഇരുപത് യൂറോപ്യൻ രാജ്യങ്ങളുടേതായ എൻറൽസാറ്റ് (Entelsat) , അറബ് രാജ്യങ്ങളുടെ അരബ്സാറ്റ്(Arabsat) മുതലായവ പ്രാദേശിക ഉപഗ്രഹങ്ങളാ ണ്.(Regional Satellities) മൂന്നാമത്തെ ഇനം ഓരോ രാജ്യത്തിനു മാത്രം സേവനം നൽകുന്ന (Domestic Satelites) ആണ്. ഇന്ത്യയുടെ (Insat) ഫ്രാൻസിൻെറ ടെൽകോം ഇന്തോന്യേഷ്യയുടെ പലാപ എന്നിവ ഇത്തരം ഉപഗ്രഹത്തിനുദാഹരണമാണ്.

ഉപഗ്രഹചാനൽ രംഗത്ത് അടുത്തകാലത്തുണ്ടായ ഒരു പുതിയ സാ ങ്കേതിക വിദ്യ ഡയറക്ട് ബ്രോഡ്കാസ്റ്റ് സാറ്റലൈറ്റുകളാണ്. (Direct Broadcast Satellites) പ്രക്ഷേപത്തിനുള്ള സിഗ്നലുകൾഒരു കേന്ദ്രത്തിൽ നിന്ന് ഉത്പാദിപ്പിച്ച്, ഒരു ഉപഗ്രഹത്തിൻെറ മേഖലയിലുള്ള പ്രദേശത്താ കെ പ്രക്ഷേപണം ചെയ്യുന്നതിനുള്ളതാണ് ഈ സാങ്കേതിക വിദ്യ. ഭൂസ്ഥി ര ഉപഗ്രഹങ്ങൾക്കു പുറമേ ധ്രുവീയ ഉപഗ്രഹങ്ങളും (polar satellities) ഇന്ന് ഏറെ പ്രാധാന്യം നേടിവരുന്നു. ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന തരത്തിലുള്ള ഇത്തരം ഉപഗ്രഹങ്ങൾ ചെലവു ചുരു ങ്ങിയവയാണ്. ചെറിയ ആൻറിനകൾ മതി എന്ന സൗകര്യവുമുണ്ട്.

### ഇലക്ട്രോണിക് മാധ്യമരംഗത്തെ പുത്തൻ പ്രവണതകൾ

ഇലക്ട്രോണിക് മാധ്യമരംഗത്തെ പുതിയ പ്രവണതകളിൽ പ്രധാനം ഇന്നേവരെ പരസ്പരബന്ധമില്ലാതിരുന്ന സാങ്കേതികവിദ്യകളുടെ വേഗത്തിലുള്ള സംയോജനമാണ്. ഉപഗ്രഹ, കേബിൾ സാങ്കേതിക വിദ്യ കളുടെ സംയോജനം ഒരുത്തമ ഉദാഹരണമാണ്. ഏഷ്യാനെറ്റ് പോലെയു

ള്ള കമ്പനികൾ ഈ സംയോജനത്തെ അടിസ്ഥാനമാക്കിയാണു പ്രവർത്തിക്കുന്നത്.

വ്യക്തിഗത ഉപഗ്രഹങ്ങൾ എന്ന സങ്കല്പനത്തിന് അടുത്തകാലത്തു ലഭിച്ചിട്ടുള്ള സ്വീകാര്യത ധ്രുവീയ ഉരപഗ്രഹങ്ങൾ എന്ന പഴയ സോവിയറ്റ് സാങ്കേതിക വിദ്യയ്ക്ക് അഭൂതപൂർവ്വമായ പ്രാധാന്യം നേടിക്കൊടുത്തിരിക്കുന്നു. ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കാൾ കുറഞ്ഞ ഉയരത്തിൽ സ്ഥിതിചെയ്യുന്നുവെന്നതാണ് ഇവയുടെ ഏറ്റവും വലിയ ഗുണം. അതുകൊണ്ട് വാർത്താവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്നു.

അനലോഗ് സാങ്കേതിക വിദ്യയിൽ നിന്ന് ഡിജിറ്റൽ സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റമാണ് മറ്റൊരു പ്രധാന പ്രവണത. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന രാശികളായി വിവരത്തെ സൂചിപ്പിക്കുന്ന രീതിയിൽ നിന്ന് സംഖ്യകൾപോലെ വിഖണ്ഡിതമായി സൂചിപ്പിക്കുന്ന രീതിയിലേക്കാണ് ഈ മാറ്റം. ചുരുങ്ങിയ ചെലവിൽ കൂടുതൽ ഫലപ്രദമായ വാർത്താവിനിമയം സാധ്യമാക്കുന്നുവെന്നതാണ് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രത്യേകത. വ്യത്യസ്ത സാങ്കേതിക വിദ്യകളുടെ സങ്കലനം സ്വഭാവികമായും മൂലധനത്തിൻെറ സംയോജനത്തിലേക്കു വഴിതെളിക്കുന്നു. ദേശീയ, സാർവദേശീയ തലങ്ങളിൽ വിവരം, സംസ്കാരം എന്നിവയുടെ വ്യാപനത്തെയും സംവേദനത്തേയും നിയന്ത്രിക്കുന്ന ഒരുപിടി പുത്തൻ കുത്തകകൾ ഉയർന്നുവരുന്നതാണ അതിൻെറ ഫലം. റൂപർട്ട് മർദോക്ക്, സോണി കോർപ്പറേഷൻ എന്നിവ അത്തരം കുത്തകകൾക്കുദാഹരണമാണ്.

ടെലികമ്മ്യൂണിക്കേഷൻ രംഗം കഴിഞ്ഞ കാലത്ത് മിക്കവാറും പൊതു ഉടമസ്ഥതയിലായിരുന്നു. ടെലിഫോൺ മുതൽ ടെലിവിഷൻ വരെ എല്ലാം സർക്കാർ ഏജൻസികൾ നേരിട്ടു നടത്തുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ഇന്നത്തെ ഒരു പ്രധാന പ്രവണത ഈ രംഗത്ത് സർക്കാരിൻെറ പിന്മാറ്റവും വേഗത്തിലുള്ള കമ്പോളവൽക്കരണവുമാണ്.

ആഗോളവൽക്കരണമാണ് ഇലക്ട്രോണിക് മാധ്യമരംഗത്തെ മറ്റൊരു പ്രവണത. അനലോഗിൽ നിന്നു ഡിജിറ്റലിലേക്കുള്ള മാറ്റവും കമ്പോളവൽക്കരണവും ചേർന്ന് മാധ്യമരംഗത്തെ ആഗോളവൽക്കരണത്തെ

ത്വരിതപ്പെടുത്തുന്നു.

**കംപ്യൂട്ടറും അനുബന്ധ സാങ്കേതിക വിദ്യകളും**

നേരത്തേ സൂചിപ്പിച്ചതുപോലെ വ്യത്യസ്ത സാങ്കേതിക വിദ്യകളുടെ സംയോജനമാണ് മാധ്യമരംഗത്തെ ഒരു പ്രധാന പ്രവണത. കംപ്യൂട്ടർ, ടെലികമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യകളുടെ സംയോജനം വാർത്താവിനിമയത്തിൻെറ സ്വഭാവത്തെത്തന്നെ മാറ്റി മറിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംയോജനമാണ് ഇൻഫർമേഷൻ സൂപ്പർ ഹൈവേ'' എന്ന സങ്കല്പനത്തിൻെറ അടിസ്ഥാനം.

കഴിഞ്ഞ ദശാബ്ദങ്ങളിൽ അന്യാദൃശമായ വളർച്ചയുണ്ടായ ഒന്നാണ് കംപ്യൂട്ടർ മേഖല. പേഴ്സണൽ കംപ്യൂട്ടറുകൾ കഴിവിലും വേഗതയിലും അതിവേഗം മെച്ചപ്പെടുകയാണ്. കംപ്യൂട്ടറുകളുടെ വലുപ്പം കുറയുകയും കഴിവുകൾ വർദ്ധിക്കുകയും ചെയ്യുമ്പോൾ കംപ്യൂട്ടർ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ അതീവവേഗതയിലാകുന്നു. കംപ്യൂട്ടർ മേഖലയിലെ വളർച്ചയും വാർത്താവിനിമയ രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകളും ചേർന്ന് ഇൻഫർമേഷൻ സൂപ്പർ ഹൈവേ എന്ന സങ്കല്പനത്തെ യഥാർത്ഥ്യമാക്കി കൊണ്ടിരിക്കുകയാണ്.

**എന്താണ് ഇൻഫർമേഷൻ സൂപ്പർഹൈവേ?**

വിവര, ശബ്ദ, ദൃശ്യ സംവേദനങ്ങൾക്കുപയോഗിക്കാവുന്ന ഒരു വലിയ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയാണ് ഇൻഫർമേഷൻ സൂപ്പർഹൈവേ. കംപ്യൂട്ടറുകൾ, കോപ്പർ കമ്പികൾ, ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ, ടെലിഫോണുകൾ, റിസീവറുകൾ തുടങ്ങി ധാരാളം ഉപകരണങ്ങൾ ചേർന്ന ഒരു ശൃംഖലയാണത്. 1994 മാർച്ച് 21ന് ബ്യൂണസ് അയേഴ്സിൽ നടന്ന ലോക ടെലികോം വികസന സമ്മേളനം എല്ലാ രാജ്യങ്ങളോടും ഒരു ലോക വിവര അന്തർഘടന (Global Information Infrastructure) വികസിപ്പിച്ചെടുക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഇത് യഥാർത്ഥ്യമാക്കുന്നതിന് ഓരോ രാജ്യവും അതിൻേറതായ ദേശീയ വിവര അന്തർഘടന (National Information Infrastructure) വികസിപ്പിച്ചെടുക്കുകയും സാർവദേശീയ തലത്തിൽ അവയെ പരസ്പരം ബന്ധിപ്പിക്കുകയും വേണം. ഇൻഫർമേഷൻ സൂപ്പർ

ഹൈവേ എന്നത് ആ ലോക വിവര അന്തർഘടനയല്ലാതെ മറ്റൊന്നുമല്ല.

ഇൻഫർമേഷൻ സൂപ്പർഹൈവേ എന്നതിനു പര്യായം എന്ന നിലയിൽ ''ഇൻറർനെറ്റ്'' എന്ന പദം ഉപയോഗിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. അത് ശരിയല്ല. ഇൻറർനെറ്റ് ലോകം മുഴുവനായി ഏതാണ്ട് മുപ്പത് ദശലക്ഷം ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ലോക വിവര അന്തർഘടന എന്ന സങ്കല്പനത്തിൽ വിഭാവനം ചെയ്തിട്ടുള്ള നിരവധി ഗുണങ്ങളിൽ ഒന്നു മാത്രമാണത്. ലോകത്ത് ബഹുഭൂരിപക്ഷം ജനങ്ങൾക്കും പ്രാപ്യമായ തരത്തിൽ ചെലവുകുറഞ്ഞ ഒരു വിവരവിനിമയ സംവിധാനം ഇനിയും വികസിച്ചു വരേണ്ടതായാണിരിക്കുന്നത്. ഇൻറർനെറ്റ് എന്നത് ഇൻഫർമേഷൻ സൂപ്പർഹൈവേയുടെ ഒരു മാതൃകയേയല്ല എന്നു വാദിക്കുന്നവരും ധാരാളമാണ്. ഇൻറർനെറ്റിൻെറ ഉപഭോക്താക്കളിൽ 97 ശതമാനവും ലോകജനസംഖ്യയുടെ 15 ശതമാനം മാത്രം അധിവസിക്കുന്ന വികസിത രാജ്യങ്ങളിലുള്ളവരാണ് എന്നതോർക്കുക.

ഇന്നു നിലവിലുള്ള ടെലികമ്മ്യൂണിക്കേഷൻ സൗകര്യങ്ങളുടെകാര്യത്തിൽ രാജ്യങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. ലോകജനസംഖ്യയുടെ പകുതിയിലധികം പേർ അധിവസിക്കുന്ന അമ്പതു രാജ്യങ്ങളിലെ ശരാശരി ടെലിഫോൺ ലഭ്യത നൂറുപേർക്ക് അഞ്ച് എണ്ണത്തിൽ കുറവാണ്. ഇത്തരത്തിലുള്ള പരിമിതികൾ തന്നെയാണ് ഇൻഫർമേഷൻ സൂപ്പർ ഹൈവേ എന്ന സങ്കല്പനത്തെ യഥാർഥ്യമാക്കുന്നതിനുള്ള മുഖ്യതടസ്സം.

സെമിനാറിനോടനുബന്ധിച്ച് നടന്ന
ചർച്ചകളിൽ പങ്കെടുത്ത പ്രഗല്ഭ
പത്രപ്രവർത്തകരുടെ പ്രസംഗങ്ങളുടെ സംഗ്രഹം

## പി.ഗോവിന്ദപ്പിള്ള

കമ്മ്യൂണിക്കേഷൻ അഥവാ സംവേദനവും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം തുടക്കം മുതൽക്കേ ഉള്ളതാണ്. അക്ഷരം കണ്ടുപിടിച്ച പ്പോൾ തന്നെ സാങ്കേതികവിദ്യ കമ്മ്യൂണിക്കേഷൻെറ സഹായത്തിനെത്തി. അതുവരെ വാമൊഴിയായിരുന്നു. നാലായിരത്തഞ്ഞൂറോളം കൊല്ലങ്ങൾക്കു മുമ്പ് ഇന്നത്തെ തുർക്കിയുടെ ഭാഗമായ ഫിനീഷ്യയിലാണ് അക്ഷരം കണ്ടു പിടിച്ചതെന്നു പറയുന്നു. അക്ഷരം എന്നാൽ വാമൊഴിയായി പറയാനുള്ള കാര്യത്തിന് ഒരു ഭൗതിക രൂപം നല്കുകയാണ്. തോലിൽ, ഓലയിൽ, അസ്ഥിയിൽ ഒക്കെയാണ് അക്ഷരങ്ങൾ ആദ്യം എഴുതിയത്. അങ്ങനെ ആശയങ്ങൾ പ്രകടിപ്പിച്ചു. ഇത് ഒരു വമ്പിച്ച വിപ്ലവമായിരുന്നു. പിന്നീട് കടലാസു കണ്ടുപിടിച്ചു. കടലാസിൽ അക്ഷരമെഴുതാമെന്ന് കണ്ടു. അതു കഴിഞ്ഞ് 1452-53ൽ ഗുട്ടൻബർഗ് അച്ചടി കണ്ടുപിടിച്ചു. 1844ൽ മോഴ്സ് വാഷിങ്ടണിൽ നിന്നു ന്യൂയോർക്കിലേക്ക് അക്ഷരങ്ങളെ കമ്പിസന്ദേശമാ യി അയച്ചു. പിന്നെ ടെലികമ്യൂണിക്കേഷൻെറ യുഗമായി. ടെലികമ്യൂണി ക്കേഷൻെറ ഉയർന്ന രൂപമായി ടെലിവിഷനും പിന്നീടിപ്പോൾ ഇൻറർനെറ്റും വന്നു. സാങ്കേതിക വിദ്യയിലെ ഈ പുരോഗതിയാണ് അറിവിനെ ജനങ്ങ ളുടെ വകയാക്കാൻ, സാർവത്രികമാക്കാൻ സഹായിക്കുന്നത്. മൂന്നു കാര്യ ങ്ങളാണ് വാസ്തവത്തിൽ സമൂഹത്തെ നിലനിർത്തുന്നത്. അറിവ്, സം സ്കാരം, അധികാരം എന്നിവ. ഇവ തമ്മിൽ അങ്ങേയറ്റം ബന്ധപ്പെട്ടിരി ക്കുന്നു. ഇവ തമ്മിലുള്ള ഘടനയിലാണ് സമൂഹം നിലനില്ക്കുന്നത്.

ആദ്യം അധികാരം ഒരു ചെറുവിഭാഗത്തിൻെറ മാത്രമായിരുന്ന ഒലി ഗാർക്കിയുടെകാലത്താണ് വാമൊഴിവരമൊഴിയാകുന്നത്. അതോടെതന്നെ അറിവ് ഒരു കുത്തകയുടെ അധികാരഘടനയുടെ ഭാഗമായി. എങ്കിലും വര മൊഴിയായി കഴിഞ്ഞപ്പോൾ ആളുകൾക്ക് ഒക്കെ അതു മനസ്സിലാകും എന്നാ യി. അല്ലെങ്കിൽ ഗുരുമുഖത്തു നിന്നേ മനസ്സിലാകു. ഗുരു സഹായിക്കയും സഹകരിക്കുകയും ചെയ്യുന്നവർക്കേ അറിവു കിട്ടിയിരുന്നുള്ളൂ. അക്ഷരം വന്നതോടെ ഒരാശയം, അറിവ് കിട്ടുവാൻ ഗുരുവിൻെറ സഹായം കൂടാതെ തന്നെ സാധിക്കും എന്നുവന്നു. എന്നാൽ ഈ അക്ഷരം ദിവ്യമായി കണ

ക്കാക്കി അതിനെ രഹസ്യമാക്കിവെച്ചിരുന്നു. ശൂദ്രൻ അക്ഷരം പഠിച്ചുകൂടാ. കാരണം അക്ഷരം പഠിക്കുന്നത് അധികാരം പങ്കിടാനുള്ള ഒരു ഉപാധിയാകും. പക്ഷേ അച്ചടി വന്നതോടെ ഇതു തകർന്നു. ഏതൊരാൾക്കും അക്ഷരം പഠിക്കാം. ഏതൊരാൾക്കും പുസ്തകം കിട്ടും. അങ്ങനെ വിജ്ഞാനം വീണ്ടും വ്യാപകമായി.

എന്നാൽ ഇപ്പോൾ പുതിയ ഇമേജിങ്ങ് ടെക്നോളജി വന്നതോടെ അച്ചടി കൂടുതൽ വിപുലമായി. അക്ഷരം വായിക്കുക എന്നത് അദ്ധ്വാനമാണ്. അതിനു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് നൂറുശതമാനം സാക്ഷരതയുള്ള കേരളത്തിൽ പോലും അച്ചടി മാധ്യമത്തിന്റെ പ്രചാരണ ശക്തി ഇരുപത് ശതമാനത്തിൽ കൂടുതലാകാത്തത്. പക്ഷേ, ഇമേജിങ് ടെക്നോളജി വന്നതോടെ കമ്യൂണിക്കേഷന്റെ റീച്ച് - എത്തുക എന്നത് - എൺപതു ശതമാനമായി. കാരണം പത്രം വായിക്കുന്നത് ഒരു വീട്ടിൽ രണ്ടുപേരാണെങ്കിൽ ടി.വി. കാണുന്നത് മൂന്നു മുതൽ തൊണ്ണൂറുവരെ വയസ്സുവരെയുള്ള ആ വീട്ടിലെ മിക്കവാറും എല്ലാ അംഗങ്ങളുമാണ്.

അങ്ങനെ അറിവ് ജനകീയമാവുകയും അറിവിന്റെ കുത്തക പൊളിയുകയും സമൂഹത്തിന്റെ അധികാരഘടനതന്നെ ജനാധിപത്യവൽക്കരിക്കാൻ കമ്യൂണിക്കേഷന്റെ ഈ വ്യാപ്തി സഹായിക്കുകയും ചെയ്യുന്നു എന്നാണ് ഒരു പക്ഷം. ഇതിന് ഒരു മറുവശമുണ്ട്. സാങ്കേതികവിദ്യ വേണമെങ്കിൽ വലിയ മൂലധനശേഷി വേണമെന്നതാണത്. ഒരു ആധുനിക അച്ചടിശാലയോ ടി.വി. കേന്ദ്രമോ നടത്താൻ ഒരുപാടു പണം വേണം. മൂലധനശേഷിയുള്ളവർക്കേ അതു സാധിക്കൂ. സർക്കാരിനു പോലും ടി.വി. നടത്തണമെങ്കിൽ മൂലധനശേഷിയുള്ള പരസ്യദാതാക്കളെ ആശ്രയിക്കണം. ചൈനയിൽ പോലും ഇതാണ് സ്ഥിതി. അപ്പോൾ ഒരു വൈരുദ്ധ്യം വരികയാണ്. അതായത് സാങ്കേതികവിദ്യ പടിപടിയായി വികസിച്ച് കൂടുതൽ ജനങ്ങളിലേക്ക് സംവേദനം ചെന്നെത്തുകയും അറിവിന്റെ വ്യാപനം കൂടുതൽ പേരിലേക്കെത്തുകയും അറിവിനെ അടിസ്ഥാനമാക്കിയുള്ള അധികാരശക്തി വികേന്ദ്രീകരിക്കുകയും ചെയ്യുമ്പോൾ തന്നെ ആ സാങ്കേതികവിദ്യ അറിവുകളുടെ ഉറവിടത്തെ അറിവുകളുടെ ഉടമസ്ഥതയുടെ നിയന്ത്രണത്തിലാക്കുന്നു. അങ്ങനെ ഇന്നത്തെ പോസ്റ്റ് മോഡേൺ ലോ

കത്തിൽ അറിവിനെപ്പറ്റിയുള്ള സകല സങ്കൽപ്പങ്ങളും മാറിയിരിക്കയാണ്.

അറിവ് അധികാരത്തെ നിയന്ത്രിക്കുക മാത്രമല്ല, അധികാരഘടന യാണ് അറിവിനെ ഉൽപ്പാദിപ്പിക്കുന്നത്. അറിവിൻെറ വി തരണത്തിന് നേതൃ ത്വം നല്കുന്നതും അധികാരഘടനയാണ്. അറിവ് വ്യാപിക്കുന്നതോടെ അധികാരഘടന ശിഥിലമാകുന്നു എന്നത് ഒരു വശം. അതു പോലെ അധി കാരഘടനയാണ് അറിവിനെ ഉൽപ്പാദിപ്പിക്കുന്നതും സംവേദനം ചെയ്യുന്നതും. അപ്പോൾ അറിവും അധികാരവും കെട്ടുപിണഞ്ഞു കി ടക്കുന്നതായി കാണാം.

ദെരിദ, ഫുക്കൊ മുതലായ പോസ്റ്റ് മോഡേണിസ്റ്റുകളുടെ പ്രധാ ന ചിന്ത തന്നെ അറിവ് എന്നത് നിഷ്പക്ഷമായ, സർവർക്കും തുല്യമായ, എല്ലാവർക്കും സ്വീകാര്യമായ ഒന്നാണെന്ന സങ്കൽപത്തെ ചോദ്യം ചെയ്യുന്നതാണ്.

അറിവിൻെറ ഉറവിടം, അറിവിന് ജന്മം നൽകുന്ന അധികാരഘടന എന്നിവയ്ക്കനുസരിച്ച് അറിവ് മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ തന്നെ പ്രമുഖരായ പല ചിന്തകരും ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടുണ്ട്. നമു ക്ക് ഇന്നുള്ള അറിവ്, അതായത് പാശ്ചാത്യ ശാസ്ത്രത്തെകുറിച്ചുള്ള അറി വ്, ജ്ഞാനോദ്ദീപനം (എൻലൈറ്റൻമെൻറ്), ജനാധിപത്യം എന്നിവ മു ന്നോട്ടു കൊണ്ടുവന്ന അറിവ് യഥാർത്ഥത്തിൽ പാശ്ചാത്യരുടെ അധീ ശശക്തി നിലനിറുത്താനുള്ള അറിവാണ് എന്നാണ് ക്ലോഡ് അൽവാരീസ്, അശീഷ് നന്ദി, മലയാളിയായ സാറ ജോസഫ് (കഥാകാരിയല്ല) തുടങ്ങി യവർ അഭിപ്രായപ്പെടുന്നത്.

സാങ്കേതികവിദ്യക്ക് നന്മയുടേയും തിന്മയുടേയും വശങ്ങളുണ്ട്. ഗാന്ധിജിയുൾപ്പെടെ പലരും സാങ്കേതികവിദ്യയെ എതിർത്തിരുന്നു. ആധു നിക ശാസ്ത്രവും സാങ്കേതികവിദ്യയും ഇന്ത്യൻ സമൂഹത്തിനും വ്യക്തി ത്വത്തിനും വരുത്തിവെച്ച വിന ബോധ്യമായതുകൊണ്ടാണ് ഗാന്ധിജി ആധു നിക സാങ്കേതികവിദ്യയിൽ നിന്ന് നാം പുറകോട്ടുപോകണമെന്ന് പറഞ്ഞത്. പക്ഷേ, അതു സാധിച്ചുവോ? ഇല്ല. കാരണം സാങ്കേതികവിദ്യ ഒരിക്കലും പുറകോട്ടു മടങ്ങാനാകാത്ത ഒരു പ്രക്രിയയാണ്. ഉദാഹരണത്തിന് ആദ്യ

ത്തെ സാങ്കേതികവിദ്യയായ അക്ഷരവിദ്യ. എഴുതുക എന്നതിന് മഹാനായ പ്ലേറ്റോ പോലും എതിരായിരുന്നു. അദ്ദേഹം പറഞ്ഞു: "എഴുതുക എന്നത് പാതകമാണ്, ദൈവവിരോധമാണ്." എന്തുകൊണ്ട്? " ആശയങ്ങൾ ആത്മാവിന്റെ ഉൽപ്പന്നമാണ്. ആത്മാവാകട്ടെ ദൈവദത്തമാണ്. ആത്മാവിന്റെ ഉൽപ്പന്നമായ ആശയങ്ങൾ, ഏറ്റവും ഉന്നതമായ മനുഷ്യസിദ്ധിയുടെ ഭാഗങ്ങൾ, മനുഷ്യൻ ദേവാംശ സംഭവനാണ് എന്നു തെളിയിക്കുന്ന ഈ ആശയങ്ങൾ കല്ലും മണ്ണുമാക്കി മാറ്റുകയാണ് നിങ്ങൾ. അത് പാതകമാണ്. എഴുതുക എന്നത് ആശയങ്ങളോട് ചെയ്യുന്ന അപരാധമാണ് ". പക്ഷേ, പ്ലേറ്റോ തന്നെ തെറ്റു ചെയ്തു. അദ്ദേഹം അതൊക്കെ എഴുതിവെച്ചതുകൊണ്ടാണ് നമുക്കിന്നത് കിട്ടുന്നത്. അവിടെയാണു കുഴപ്പം. സാങ്കേതിക വിദ്യയുടെ ആപത്തുകൾ പറയുന്നതോടൊപ്പം തന്നെ സാങ്കേതിക വിദ്യയിൽ നിന്നു പിന്നോട്ടുമാറുവാൻ മനുഷ്യന് ഒരു മാർഗവുമില്ല. അത് ഒരു വൺവേ വാൽവു പോലെയാണ്. അങ്ങോട്ടു പോവുകയല്ലാതെ ഇങ്ങോട്ടു വരാൻ കഴിയില്ല.

ഈ അവസ്ഥയിലാണ് സാങ്കേതിക വിദ്യ എന്നത് നിഷ്പക്ഷമായി, നിസ്സംഗമായി അറിവുകളെ, ആശയങ്ങളെ കമ്മ്യൂണിക്കേറ്റ് ചെയ്യുന്ന ഒന്നല്ല എന്നും അറിവുകളേയും ആശയങ്ങളെയും ഉത്പാദിപ്പിക്കുന്നതാണ് എന്നും തിരിച്ചറിയപ്പെടുന്നത്. അതാണ് മീഡിയ ഈസ് ദ മെസ്സേജ്- മാധ്യമമാണ് സന്ദേശം- എന്ന മക്‌ലൂഹന്റെ സിദ്ധാന്തം. വിദ്യാർത്ഥികൾ ഇക്കാര്യം ഗൗരവത്തോടെ മനസ്സിലാക്കണം.

**കെ.എം. റോയി**

സ്വാതന്ത്ര്യത്തിനുശേഷമുള്ള അമ്പതു വർഷത്തെ പത്രപ്രവർത്തനം സംബന്ധിച്ച സെമിനാറിൽ ഏറ്റവും മുഖ്യമായി പ്രതിപാദിക്കേണ്ട വിഷയം ഇക്കാലയളവിലെ പത്രങ്ങളുടെ സംഭാവനയാണ്. സ്വാതന്ത്ര്യത്തിൻെറ അമ്പതു വർഷമെന്നു പറയുന്നത് ഇന്ത്യൻ ജനാധിപത്യത്തിൻെറയും അമ്പതു വർഷമാണ്. ജനാധിപത്യത്തിൻെറ അമ്പതു വർഷമെന്നത് വലിയ ഒരു കാര്യമാണോ എന്നു സംശയിക്കുന്നവരുണ്ടാകും. അത് വലിയ ഒരു കാര്യമാണ്. രക്തരൂഷിതമായ വിപ്ലവത്തിനുശേഷം ആദ്യമായി ജനാധിപത്യ ഭരണകൂടം ലോകത്ത് സ്ഥാപിതമായത് ഫ്രാൻസിലാണ്. വിരലിലെണ്ണാവുന്ന വർഷങ്ങൾ കഴിയും മുമ്പ് ഫ്രാൻസ് ഏകാധിപധിയായ നെപ്പോളിയൻെറ കയ്യിലേക്ക് വഴുതി വീണു. ജർമ്മനിയും ഇതുപോലെ ഏകാധിപത്യത്തിനടിപ്പെട്ടു. അമേരിക്കയിൽ ജനാധിപത്യം സ്ഥാപിക്കപ്പെട്ടശേഷം നിരന്തരമായ ആഭ്യന്തര കലാപങ്ങളിലൂടെ രാജ്യം രക്തപങ്കിലമായി. ജനാധിപത്യത്തിൻെറ ഈറ്റില്ലമായ ഇംഗ്ലണ്ടിലാകട്ടെ ജനാധിപത്യത്തിനു കടകവിരുദ്ധമായ കൊളോണിയലിസം രൂപപ്പെട്ടു. ഇന്ത്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ മറ്റുരാജ്യങ്ങളിൽ ജനാധിപത്യഭരണകൂടങ്ങൾ തകർന്നു വീണു. ഇന്ത്യയിലെ ജനാധിപത്യത്തിൻെറ അമ്പതു വർഷം അതുകൊണ്ടാണ് പ്രധാനമാകുന്നത്. ഇന്ദിരാഗാന്ധിയുടെ സർക്കാർ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച വളരെ ചുരുങ്ങിയ കാലത്തു മാത്രമേ ഇന്ത്യൻ ജനാതിപത്യം പരീക്ഷണ വിധേയമായുള്ളൂ. ജനാധിപത്യത്തിന് എല്ലാ പരീക്ഷങ്ങളേയും അതിജീവിച്ചു നിലനില്ക്കാൻ ശക്തി നല്കി എന്നതാണ് ഇന്ത്യയിലെ പത്രങ്ങളുടെ ഏറ്റവും വലിയ സംഭാവന.

രണ്ടാമത്തെ കാര്യം ടെലിവിഷൻെറ അതിപ്രസരമാണ്. ഇന്ത്യയിലെന്നല്ല അമേരിക്കയെ പോലെ 80 ചാനലുകളിൽ വാർത്ത സംപ്രേഷണം ചെയ്യുന്ന രാജ്യങ്ങളിൽ പോലും ടി.വി.യുടെ സ്വാധീനം പത്രങ്ങളുടെ പ്രചാരം കുറച്ചിട്ടില്ല. ഇതേകുറിച്ച് പഠനം നടത്തിയ സർവകലാശാലകളിലെ

വിദഗ്ധരുടെ അഭിപ്രായം ടി.വി. വാർത്തയുടെ കാര്യത്തിൽ ഒരു അപ്പെറ്റൈസർ മാത്രമാണെന്നാണ്. എന്നാൽ വാർത്തകൾക്കു പിന്നിൽ എന്താണ് - ന്യൂസ് ബിഹൈൻഡ് ദ ന്യൂസ് - എന്നാണ് ആളുകൾക്കറിയേണ്ടത്. അതിനായി രാവിലത്തെ പത്രവും കാത്ത് ആകാംക്ഷയോടെ അവർ ഇരിക്കുന്നു. ആ വെല്ലുവിളിയെ ഇന്ത്യൻ പത്രങ്ങൾ, പ്രത്യേകിച്ച് മലയാള പത്രങ്ങൾ നേരിട്ടു എന്നതാണ് നേര്. കഴിഞ്ഞ അമ്പതുവർഷക്കാലത്തെ പത്രങ്ങളുടെ വലിയ നേട്ടം തന്നെയാണിത്.

പക്ഷെ, ജനാധിപത്യത്തിൻെറ അമ്പതു വർഷങ്ങൾക്കുശേഷം പത്രങ്ങൾ ഇന്ന് പരിഹാസ്യമായൊരു മുഖംമൂടി എടുത്തണിഞ്ഞിരിക്കുന്നു എന്ന് പറയാതിരിക്കാൻ വയ്യ. എന്തു ക്രിമിനൽ കുറ്റംചെയ്താലും പത്രാധിപരും പത്രമുടമസ്ഥനും എല്ലാ നിയമ നടപടികൾക്കും അതീതരായിരിക്കുമെന്ന പത്രമുടമാസംഘത്തിൻെറ നിലപാട് ഇന്ത്യൻ പ്രസ് കൗൺസിൽ അംഗീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുള്ള കാലഘട്ടമാണിത്. ഇതിനുവേണ്ടി ഇന്ത്യയിലെ പത്രമുടമകൾ പ്രസ്കൗൺസിൽ ചെയർമാൻ ജസ്റ്റിസ് പി.ബി. സാവന്തിനെ വേട്ടയാടുകയാണ്. വിദേശനാണയ വിനിമയ ചട്ടം ലംഘിച്ചതിന് ഒരു പ്രമുഖ ദേശീയ ഇംഗ്ലീഷ് ദിനപത്രത്തിൻെറ ചെയർമാനെ തടവിലാക്കിയതും പത്രസ്വാതന്ത്ര്യവും തമ്മിൽ ബന്ധമില്ലെന്ന പ്രസ് കൗൺസിലിൻെറ നിലപാടാണ് പ്രസ് കൗൺസിൽ ചെയർമാനെതിരെ കുരിശുയുദ്ധം നടത്തുവാൻ പത്രമുടമസംഘത്തെ പ്രേരിപ്പിച്ചത്. പത്രസ്വാതന്ത്ര്യത്തിൻെറ കാവൽ എന്ന നിലയിൽ എൻഫോഴ്സ്മെൻറ് ഡയറക്ടർക്കെതിരെ നിരവധി വ്യക്തികളുമായുള്ള ൻർവ്യൂ സഹിതം ലേഖന പരമ്പര പ്രസ്തുത പത്രത്തിൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഇൻറർവ്യൂവിൽ പങ്കെടുത്തവരിൽ പലരും തങ്ങളുമായുള്ള ഇൻറർവ്യൂ വളച്ചൊടിച്ചും വാക്കുകൾ മാറ്റിയുമാണ് പ്രസിദ്ധീകരിച്ചതെന്ന് പ്രസ് കൗൺസിലിനു ഇപ്പോൾ പരാതി നല്കിയിരിക്കുകയാണ്. അമ്പതുവർഷത്തിനുശേഷം നമ്മുടെപത്രങ്ങളെ വിലയിരുത്തുമ്പോൾ ഇക്കാര്യം കൂടി ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്.

ഇന്ത്യയിലെ പത്രപ്രവർത്തനത്തിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് ഒഫീഷ്യൽ സീക്രട്ട് ആക്ട് ആണ്. 1922 ൽ ബ്രിട്ടീഷുകാർ നടപ്പാ

ക്കിയ നിയമമാണിത്. ഐ.കെ. ഗുജ്റാളിൻെറ ഭരണകാലത്ത് ഈ നിയമം നീക്കം ചെയ്യാൻ ബില്ല് തയ്യാറാക്കിയിരുന്നു. ഈ ആക്ട് എടുത്തു കളഞ്ഞാൽ മാത്രമേ സ്വതന്ത്ര പത്രപ്രവർത്തനം ഇവിടെ സാധ്യമാകൂ. സർക്കാർ രേഖകൾ ലഭ്യമായാൽ പത്രപ്രവർത്തനം ഒട്ടേറെ മുന്നോട്ടു പോകും. ലോകത്ത് പല രാജ്യത്തും നിലവിലല്ലാത്ത ഒഫീഷ്യൽ സീക്രട്ട് ആക്ട് എടുത്തുകളയുവാൻ നാം, പ്രത്യേകിച്ച് അക്കാദമിയെപ്പോലുള്ള സ്ഥാപനങ്ങൾ ശ്രമിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വാർത്തകൾക്കു പിറകിലെ വാർത്ത കണ്ടെത്താനുള്ള ശ്രമം കൂടുതൽ ശുഷ്കാന്തി ആവശ്യപ്പെടുന്നു. ആദ്യ അണുബോംബ് സ്ഫോടനം രാജ്യരക്ഷാമന്ത്രിയായിരുന്ന സ്വരൺസിങ്ങിനെ അറിയിക്കുവാൻ ശാസ്ത്രജ്ഞൻ രാജാരാമണ്ണ ഉപയോഗിച്ച കോഡാണ് 'ബുദ്ധ ഇസ് സൈ്മലിങ്' എന്നത്. ഇപ്പോൾ നടന്ന സ്ഫോടനത്തിൻെറ കോഡ് വേഡ് എന്തായിരുന്നുവെന്ന് അന്വേഷിക്കാതെ ഇന്ത്യയിലെ എല്ലാ പത്രങ്ങളും 'ബുദ്ധൻ ചിരിക്കുന്നു', 'ബുദ്ധൻെറ കൊലച്ചിരി' എന്നൊക്കെ എഴുതി. അതുപോലെ കേരളത്തിൽ വിവാദമുണ്ടാക്കിയതാണ് മുഖ്യമന്ത്രി കെ. കരുണാകരൻെറ രാജി. നാലു മണിക്ക് പത്രസമ്മേളനം നടത്തി താൻ രാജിവെക്കില്ലെന്നു പ്രഖ്യാപിച്ച അദ്ദേഹം ഏഴുമണിക്ക് രാജി പ്രഖ്യാപിച്ചു. ഇതിൻെറ കാരണം ഞാൻ അദ്ദേഹത്തോടാരാഞ്ഞു. കരുണാകരൻ പറഞ്ഞു " അന്നു കോൺഗ്രസ് പ്രസിഡണ്ടും പ്രധാനമന്ത്രിയുമായിരുന്ന നരസിംഹറാവു എന്നോടു പറഞ്ഞത് മുഖ്യമന്ത്രിയാരെന്ന് തീരുമാനിക്കേണ്ടത് ഘടകകക്ഷികളല്ല കോൺഗ്രസ് നിയമസഭാകക്ഷിയാണെന്നാണ്. പക്ഷേ, അന്നു വൈകീട്ട് അദ്ദേഹം പറഞ്ഞു നിങ്ങളുടെ നിലപാടു മൂലം മന്ത്രിസഭ തകർന്നാൽ അത് നിങ്ങളുടെ ദുർവാശി കാരണം തകർന്നുവെന്ന് ഞാൻ പറയുമെന്ന്. റാവുവിൻെറ ഈ സമീപനം കാരണമാണു ഞാൻ രാജി വെച്ചത്". ഇതെന്തുകൊണ്ടു പത്രത്തിൽ വന്നില്ല എന്നു ഞാൻ ചോദിച്ചു. ഒരാളും അതെന്നോടു ചോദിച്ചില്ല എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. ഇത്തരം വീഴ്ചകൾ ഒഴിവാക്കണം.

ഇന്ത്യയിലെ പ്രാദേശിക പത്രങ്ങളെ പ്രചാരത്തിൽ ഏറ്റവും മുൻനിരയിലുള്ള പത്രങ്ങളാക്കുന്നതിന് സഹായിച്ചത് പ്രാദേശിക വാർത്തകളാണ്.

പ്രാദേശിക വാർത്തകൾ ആളുകളെ വായിപ്പിച്ചുകൊണ്ട് വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാമെന്ന പരീക്ഷണം ആദ്യമായി വിജയകരമായി നടത്തിയത് ശ്രീ. കെ.എം. മാത്യുവാണ്. പ്രാദേശിക പത്രപ്രവർത്തനത്തിന് ഇന്ന് സിവിക് ജേർണലിസം എന്ന പുതിയ മുഖം കൈ വന്നിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ രേഖപ്പെടുത്തുന്നതിനു പകരം പരാതികൾക്കു പരിഹാരം നിർദേശിക്കുകയാണ് പടിഞ്ഞാറൻ രാജ്യങ്ങളിലെ പത്രങ്ങൾ ചെയ്യുന്നത്. റിപ്പോർട്ടർക്ക് പുതിയ ഒരു ചുമതല കൂടി അങ്ങനെ വന്നുചേരുകയാണ്. അതേറ്റെടുക്കുവാൻ അവർക്ക് കഴിയണം.

## പി.രാജൻ

പഴയ പത്രപ്രവർത്തകർ ഭാഷയ്ക്കു വാക്കുകൾ സംഭാവന ചെയ്തവരാണ്. ഇന്നാണെങ്കിൽ വിമാനം എന്ന വാക്ക് ഏറോപ്ലെയിൻ എന്ന് എഴുതും. ആ കാര്യത്തിൽ നാം തമിഴരുടെ മാർഗ്ഗം സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മലയാളിക്ക് ഫുട്ബോൾ എന്നായാലേ തൃപ്തിയാവൂ എങ്കിൽ തമിഴന് അത് കാൽ പന്ത് ആയാൽ മതി. ഏതായാലും ഇപ്പോഴത്തെ ടി.വി.യിലെ നപുംസക ഭാഷ കഴിയുന്നത്ര ഒഴിവാക്കേണ്ടത് ആവശ്യമാണ്. ഇപ്പോൾ ഒരു സ്റ്റാൻഡേഡൈസ്ഡ് ഭാഷ ഇല്ലാത്ത നിലയിലേക്ക് കാര്യങ്ങൾ നീങ്ങിപ്പോവുകയാണ്. 'ബ്ലേഡുടമ മുങ്ങി' എന്ന പത്രത്തിലെ തലക്കെട്ട് മുപ്പത് വർഷം കഴിഞ്ഞാൽ ഒരാൾക്കു മനസ്സിലാക്കുമോ? മുങ്ങി എന്നു പറഞ്ഞാൽ മുങ്ങിച്ചത്തു എന്നോ മറ്റോ അല്ലാതെ ഒളിച്ചോടി എന്ന് അർത്ഥം വരുമോ?

ഒരു സമ്പൂർണ്ണ പത്രപ്രവർത്തകൻ എന്നു പറയാവുന്ന, നാളെ എന്തു വേണം എന്ന ക്രാന്തിദർശിത്വം നടത്തിയ, പത്രപ്രവർത്തകൻ സ്വദേശാഭിമാനിയല്ലാതെ ലോകത്തിൽ വേറെ ഇല്ല എന്നു വേണം കരുതാൻ. ചരിത്രം വായിച്ചാൽ കാണാം ഇംഗ്ലണ്ടിലെയൊക്കെ പ്രസിദ്ധ പത്രപ്രവർത്തകർ വെറും കടൽക്കൊള്ളക്കാരുടെ സംസ്ക്കാരമുള്ളവരായിരുന്നുവെന്ന്. ഇപ്പോഴാണ് കുറെയൊക്കെ സംസ്ക്കരണം ഉണ്ടായിട്ടുള്ളത്.

ഇന്ന് പ്രചാരം മാത്രമാണ് പത്രങ്ങളുടെ ലക്ഷ്യം. പൊതു താൽപര്യമുളള വാർത്ത വായനക്കാരെ സത്യസന്ധമായി അറിയിക്കലാണ് പത്രപ്രവർത്തനം. അതിൽ വ്യാപാര താൽപര്യം പാടില്ല. ഇത് ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി അംഗീകരിച്ചതാണ്. സർക്കാർ ഭൂമി കയ്യേറി മരം വെട്ടി വിറ്റ് ഒരു രാഷ്ട്രീയ പ്രവർത്തകൻ കാശാക്കിയാൽ അയാൾ പത്രമുടമയാണെങ്കിലും അക്കാര്യം പറയണം. പറയാൻ വയ്യെങ്കിൽ അതു സമ്മതിക്കുകയെങ്കിലും വേണം. ഉദ്ഘാടന പ്രസംഗത്തിൽ ഇംഗ്ലീഷ് പത്രങ്ങൾ സാമൂഹ്യ സേവനം ചെയ്യുന്നില്ലെന്നു പറഞ്ഞു. അതു ശരിയല്ല. ഇംഗ്ലീഷ് പത്രങ്ങളും സാമൂഹ്യ സേവനം ചെയ്യുന്നുണ്ട്. ഇപ്പോൾ തന്നെ മലയാള പത്രങ്ങളിൽ നിന്ന് അപ്രത്യക്ഷമായ ആദിവാസി പ്രശ്നം ഇംഗ്ലീഷ് പത്രങ്ങളാണ് കൈകാര്യം ചെയ്യുന്നത്. സമൂഹത്തിലെ അവശരുടെ പ്രശ്നങ്ങൾ കണ്ടെത്തി ജനങ്ങൾക്കും ഭരണാധികാരികൾക്കും മുന്നിൽ എത്തിക്കുക എന്നത് പത്രധർമ്മത്തിൻെറ ഭാഗമായിരുന്നു. ഇന്നതില്ല. ശബ്ദമില്ലാത്തവൻെറ ശബ്ദം എന്നത് ഇന്നൊരു പരസ്യവാചകമായിരിക്കുന്നു. ആ ശബ്ദം കേൾപ്പിക്കാതിരിക്കാനുളള ചെണ്ട കൊട്ടാണ് ഇപ്പോൾ പത്രങ്ങൾ നടത്തുന്നത്.

പത്രക്കാരൻ രാഷ്ട്രീയക്കാരനായാൽ സ്വാതന്ത്ര്യം നഷ്ടപ്പെടും എന്ന് അഭിപ്രായമുണ്ട്. അതുപോലെ തന്നെയല്ലേ അയാൾ കച്ചവടക്കാരനായാലും? ഉടമയ്ക്ക് ധർമ്മ ബോധമില്ലെങ്കിൽ പത്രപ്രവർത്തകനും ധർമ്മബോധമുണ്ടാകില്ല. പത്രപ്രവർത്തകൻെറ ജോലി നഷ്ടപ്പെടുമ്പോൾ അവരിൽ ചിലർ രാജ്യസഭയിൽ കയറുന്നതിനെ ആക്ഷേപിക്കാറുണ്ട്. പത്രമുടയുടെ കാര്യത്തിലും ഇത് ബാധകമാണ്. ജഡ്ജിമാർക്ക് താൽപര്യങ്ങൾ പാടില്ല എങ്കിൽ എല്ലാക്കാര്യത്തിലും ജഡ്ജിയേക്കാൾ താൽപര്യരാഹിത്യം വേണ്ടയാൾക്ക് പത്രബാഹ്യമായ താൽപര്യം പാടുണ്ടോ എന്ന ചോദ്യമുണ്ട്. അത് ചർച്ചാ വിധേയമാകുകതന്നെ വേണം. പത്രമുടമകൾക്ക് പലപ്പോഴും താൽപ്പര്യങ്ങളുണ്ട്. ഇല്ല എന്ന് ഹൈക്കോടതി പോലും തെറ്റിദ്ധരിച്ചിരിക്കയാണ്. സ്വകാര്യ ബസ്സ് തിരുവനന്തപുരത്ത് വേണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ഹൈക്കോടതി ജഡ്ജി മൂന്നു പത്രങ്ങളെയാണ് ചുമതലപ്പെടുത്തിയത്.

പത്രങ്ങൾ തമ്മിൽ എതിർക്കുന്നതിനെപ്പറ്റി ഇവിടെപറയുണ്ടായി. അങ്ങനെ എതിർക്കുന്നില്ല എന്നാണ് എൻെറ വാദം. ഒരു പത്രം ഒരു നിലപാടെടുക്കുമ്പോൾ മറ്റൊരു പത്രം അതിനെതിരായ നിലപാട് എടുക്കുന്നതിൽ തെറ്റൊന്നുമില്ല. റയോൺ ഫാക്ടറിക്കു വേണ്ടി മുള വെട്ടുമ്പോൾ വ്യവസായവൽക്കരണത്തെകുറിച്ച് ഒരു പത്രം എഴുതുന്നുവെങ്കിൽ ഈറ്റ തൊഴിലാളികൾക്ക് തൊഴിലില്ലാതാകുന്നതിനെകുറിച്ച് മറ്റൊരു പത്രം പറഞ്ഞാൽ അതിൽ എന്താണ് തെറ്റ്?

സമുദായ പത്രപ്രവർത്തനം മുമ്പ് ഇവിടെ സാമൂഹ്യ പരിഷ്കരണത്തിൻെറ ഭാഗമായിരുന്നു. എന്നാൽ ഇന്ന് എല്ലാ സമുദായങ്ങളുടേയും താൽപര്യം സംരക്ഷിക്കുക എന്ന പേരിൽ അത് ഒരു വൈകൃതമായി തീർന്നിരിക്കുന്നു. ഉത്സവ സപ്ലിമെൻറ് ഇടതുപക്ഷപത്രങ്ങളും ഇറക്കിതുടങ്ങിയിട്ടുണ്ടല്ലോ.

ചില ത്യാഗങ്ങളൊന്നുമില്ലാതെ പത്രസ്വാതന്ത്ര്യവും മറ്റും സംരക്ഷിക്കുക സാധ്യമല്ല. " Fugitives cannot be free. If you want to be free you must take freedom and you must stand for freedom. If you cling to wealth you cannot be loyal to truth" ഇത് ഗാന്ധിജി പറഞ്ഞതാണ്. ഗാന്ധിജിയുടേതല്ലാതെ മറ്റൊരാളുടെ വാക്കുകളും ഇക്കാര്യത്തിൽ ഉദ്ധരിക്കാൻ കൊള്ളാത്തതുകൊണ്ട് പറയുന്നില്ല.

**കെ.എം. അഹമ്മദ്**

സ്വാതന്ത്ര്യത്തിൻെറ അമ്പതാം വാർഷികവും മലയാള പത്രപ്രവർത്തനത്തിൻെറ നൂറ്റമ്പതാം വാർഷികവുമായി ബന്ധപ്പെട്ട സെമിനാറാണിത്. നൂറ്റമ്പതു വർഷം മലയാള പത്രപ്രവർത്തനം എങ്ങനെയായിരുന്നു എന്ന് ശ്രീ. ടി. വേണുഗോപാലൻെറ പ്രബന്ധം വിലയിരുത്തുന്നു. അദ്ദേഹത്തിൻെറ പ്രബന്ധത്തിൽ, പക്ഷേ, സ്വാതന്ത്ര്യലബ്ധിയോടെ പത്രലോകത്തിനാകെ മൂല്യച്യുതി വന്നു എന്ന ധ്വനിയുണ്ട്. അതു ശരിയല്ല മൂല്യച്യുതി മുമ്പും ഉണ്ടായിരുന്നു. പത്രലോകത്തിലെ അഭിമാനമായ

വ്യക്തിയോ പ്രസ്ഥാനമോ ഒക്കെയായി നാം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ ചൂണ്ടിക്കാട്ടാറുണ്ടല്ലോ. അദ്ദേഹത്തെ നാടുകടത്തിയപ്പോൾ അന്നുണ്ടായിരുന്ന ഇരുപത്തിരണ്ടു പത്രങ്ങളിൽ ഇരുപതും ഈ നാടുകടത്തലിനെ പൊന്നുതിരുമേനിയുടെ മഹൽകൃത്യമായി കണ്ട് മുഖപ്രസംഗം എഴുതി. ഈ മുഖപ്രസംഗങ്ങളെ അവലംബിച്ചാണ് പിന്നീട് ദിവാൻ ദർബാറിൽ റിപ്പോർട്ടു കൊടുത്തത്, ഞാൻ ചെയ്ത കൃത്യങ്ങളെ ഇതാ ഇരുപതു പത്രങ്ങൾ മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നുവെന്ന്. മദ്രാസിൽ നിന്നിറങ്ങിയ 'ഹിന്ദു' മാത്രം അല്പം വ്യത്യസ്തമായി സംസാരിച്ചു. ഹിന്ദുവും പറഞ്ഞത്, സംഗതി തെറ്റൊന്നുമല്ലാ പക്ഷേ അതിങ്ങനെ ഒരു ഓർഡിനൻസുകൊണ്ടു വേണ്ടായിരുന്നു, കോടതിയിൽ കേസു നടത്തിയിട്ടു മതിയായിരുന്നു എന്നാണ്. അന്ന് രാജാവിന് പത്രങ്ങൾ ശിങ്കിടി പാടുകയായിരുന്നു. സ്വദേശാഭിമാനി മാത്രമാണ് അന്ന് ചരിത്രത്തെ കടത്തിവെട്ടി ഇതാ ഇതാണു പത്രപ്രവർത്തനം എന്നു ലോകത്തോട് പറയാൻ ധൈര്യം കാട്ടിയത്.

രണ്ടുമൂന്നു കൊല്ലം മുമ്പത്തെ ഒരു കാര്യം. ഗോവയിൽ ചർച്ചിൽ അലിമാവോ മുഖ്യമന്ത്രിയാണ്. അവിടത്തെ ഒരു ഇംഗ്ലീഷ് പത്രത്തിൻെറ പത്രാധിപരായ നാരായണൻ എന്ന മലയാളിയെ കാണാൻ ഞാൻ പത്രാമാപ്പീസിൽ ചെന്നു. ഒരു പത്തു പോലീസുകാരുടെയും തോക്കിൻേറയുമൊക്കെ നടുവിലിരുന്നാണ് അദ്ദേഹത്തിൻെറ പത്രപ്രവർത്തനം. അലിമാവോവിനെ അദ്ദേഹം എതിർത്തു എന്നതു കൊണ്ടാണിത്. ഗോവ സംസ്ഥാനത്തെ കൈപ്പിടിയിലൊതുക്കിയ അലിമാവോവിനെ സുധീരം ചെറുക്കാനും കുരിശിലേറ്റാനും അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. ഇനി ഹവാലാ കേസ്. കേസ് പൊളിക്കേണ്ടത് രാഷ്ട്രീയക്കാരുടെ ആവശ്യമായിരുന്നു. പക്ഷേ, അത് റിപ്പോർട്ട് ചെയ്യുവാനും സുപ്രീം കോടതി വിധി നേടി അന്വേഷണം നടത്തിക്കാനും വിനീത് നാരായണൻ എന്ന പത്രപ്രവർത്തകനു കഴിഞ്ഞു. മനുഷ്യമനഃസാക്ഷിയെ നടുക്കിയ ബീഹാറിലെ ഭഗത്പൂർ കണ്ണു കുത്തിപ്പൊട്ടിക്കൽ കേസും കോടിക്കണക്കിന് രൂപയുടെ ബൊഫോഴ്സ് അഴിമതിയും ഓഹരി കുംഭകോണവും പത്രപ്രവർത്തകർ വെളിച്ചത്തു കൊണ്ടുവന്ന സംഭവങ്ങളാണ്. തീഹാർ ജയിലിലെ ക്രൂരവും മനുഷ്യപ്പറ്റില്ലാത്തതുമായ

പ്രവൃത്തികളും മദ്ധ്യപ്രദേശിലെ മെറീനയിൽ അന്തിച്ചന്തയിൽ യുവതികളെ വിലപേശി വിറ്റതുമെല്ലാം സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പത്രപ്രവർത്തകർ വെളിച്ചത്തു കൊണ്ടുവന്ന കേസ്സുകളാണ്. അപ്പോൾ നന്മയുടെയും സത്യ സന്ധതയുടെയും സ്ഫുലിംഗങ്ങൾ പത്രപ്രവർത്തനരംഗത്ത് അന്നും ഇന്നും ഉണ്ട് എന്ന് കാണാൻ കഴിയും.

പിന്നെ, വൈജ്ഞാനികമായ ഉള്ളടക്കത്തിൻെറ കാര്യം. 150 വർഷ മുമ്പ് ഇറങ്ങിയ രാജ്യസമാചാരത്തിലെന്നപോലെ, അതിനേക്കാൾ കൂടു തലായി എന്നുപറയേണ്ടതില്ല, ഇന്നത്തെ പത്രങ്ങളിലും സർവ്വവിജ്ഞാ നങ്ങളുടേയും നിലയ്ക്കാത്ത പ്രവാഹമുണ്ട്.

നല്ല അദ്ധ്വാനത്തിൻേറയും ചിന്തയുടേയും പ്രവർത്തനത്തിൻേറയും ഫലമായാണ് മലയാള പത്രങ്ങൾ ഇറങ്ങുന്നത്. ഒരു അഴിമതി പത്രം, തിന്മ യെ സഹായിക്കുന്ന പത്രം എന്ന പേരു വീണാൽ സാധാരണയായി ആ പത്രം പിന്നെ ആരും വായിക്കില്ല. അതു പത്രമുതലാളിമാർക്ക് നന്നായി അറിയാം. അതുകൊണ്ട് ന്യായമായ ഒരുവാർത്തയും അവർ പൂഴ്ത്തുമെന്ന് എനിക്ക് തോന്നുന്നില്ല.

കുറ്റങ്ങളെ കുറിച്ചു പത്രക്കാർ അന്വേഷിക്കുന്നില്ല എന്നു പറയുന്നത് ശരിയല്ല. വാസ്തവത്തിൽ പോലീസുകാരുടെ ഭയം അവർ അന്വേഷിച്ചു കണ്ടെത്തും മുമ്പ് പത്രക്കാർ കണ്ടെത്തുമോ എന്നതാണ്.

പത്രപ്രവർത്തനം കച്ചവടമായെന്ന് പറയുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ മുതൽ മുടക്ക് ആവശ്യപ്പെടുന്നതാണ് ആധുനിക പത്രപ്രവർത്തന രംഗം. അതിനാൽ കച്ചവടമില്ലാതെ പത്രപ്രവർത്തനം നടക്കുകയില്ല. പക്ഷേ സാമൂഹികനന്മ ലക്ഷ്യമാക്കിയാവണം അതിൻെറ പ്രവർത്തനം എന്നുമാ ത്രം. അതിനാൽ സ്വദേശാഭിമാനിക്കുശേഷം മൂല്യങ്ങളോടെയുള്ള പത്ര പ്രവർത്തനം ഇല്ല എന്നൊരു അഭിപ്രായത്തോട് യോജിക്കാൻ കഴിയില്ല.

മാസികാ പത്രപ്രവർത്തനത്തെ കുറിച്ചുള്ള എ. സഹദേവൻെറ പ്രബന്ധത്തിൽ ഒരുപാടു പത്രങ്ങൾ വിട്ടുപോയിട്ടുണ്ട്. ആധുനിക സാഹി ത്യത്തിൻെറ പ്രഭാതവേളയിൽ മദിരാശിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'അന്വേഷണം' ഉദാഹരണം. ടി.വി.കുഞ്ഞികൃഷ്ണനായിരുന്നു അതിൻെറ

പത്രാധിപർ. പ്രബന്ധത്തിൽ വിട്ടുപോകരുതാത്ത ഒരു പേരായിരുന്നു അത്.

പ്രാദേശിക പത്രപ്രവർത്തനത്തിന് ജനകീയാസൂത്രണം കൂറ്റൻ വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്. കേരളത്തിൽ വമ്പിച്ചമാറ്റങ്ങൾ ഉണ്ടാക്കുന്ന ജനകീയാസുത്രണം റിപ്പോർട്ടുചെയ്യാൻ ഫ്രീഡം ഓഫ് ഇൻഫർമേഷൻ അനിവാര്യമാണ്. ലക്ഷങ്ങളുടെ ഇടപാടുകൾ ഇപ്പോൾ പഞ്ചായത്തുകളിലാണ് നടക്കുത്. വളരെ സുതാര്യമായി ആ പ്രവർത്തനങ്ങൾ നടക്കണം. പത്രപ്രവർത്തകർക്ക് ജനകീയാസൂത്രണത്തിൽ നേരിട്ട് ഇടപെടാവുന്ന ഒരു സംവിധാനം വേണം. ഇതിനായി ഒരു ചർച്ചതന്നെ ആവശ്യമാണ്. പ്രസ് അക്കാദമിയും മറ്റു ഇതിനായി മുൻകൈയെടുക്കേണ്ടതാണ്.

### താജുദീൻ

ഡെവലപ്മെൻറ് ജേർണലിസത്തെക്കുറിച്ച് സെമിനാറിൽ ചർച്ചയൊന്നുമുണ്ടായില്ല. ഉദ്ഘാടകനായ ശ്രീ.കെ.എം.മാത്യു പൊതുജന പ്രശ്നങ്ങളിൽ ഇംഗ്ലീഷ് പത്രങ്ങളേക്കാൾ കൂടുതൽ മലയാള പത്രങ്ങളാണ് പ്രവർത്തിക്കുന്നത് എന്നുപറഞ്ഞു. പക്ഷേ വികസനോന്മുഖ പത്രപ്രവർത്തനത്തിൻെറ കാര്യത്തിൽ മലയാള പത്രങ്ങളേക്കാൾ മികച്ച ഒരു ഇംഗ്ലീഷ് പത്രമെങ്കിലും ഇവിടെ ഉണ്ട് - ഹിന്ദു. ജനകീയാസൂത്രണം ചർച്ചകളിൽ പരാമർശിക്കപ്പെടുകയുണ്ടായല്ലോ. വികസനോന്മുഖ പത്രപ്രവർത്തനത്തിൻെറ സാധ്യത ഏറുന്ന മേഖലയാണിത്. വികസനോന്മുഖ പത്രപ്രവർത്തനം പലപ്പോഴും ലോക്കൽ പേജിൽ ഒതുങ്ങിപോവുന്നുണ്ട്. പത്രങ്ങളെല്ലാം എഡിഷനലൈസ് ചെയ്യുതുവരുന്ന ഇക്കാലത്ത് ഇത്തരം വാർത്തകൾ ജനറൽ പേജിൽ സ്ഥാനം നേടേണ്ടതാണ്.

വാർത്തകൾ മുക്കുന്നതിനോട് റിപ്പോർട്ടർമാർക്ക് എതിർപ്പാണ്. ഒരു പത്രം മുക്കിയ വാർത്ത മറ്റൊന്നിൽ വരുമെന്നതുകൊണ്ട് മുക്കൽ കൊണ്ട് ഫലവുമില്ല.

എം.പി. പ്രകാശം

മൂല്യച്യുതി പത്രങ്ങൾക്കുമാത്രമായി ഉണ്ടായിട്ടുള്ളതല്ല. ഈകാലഘട്ടത്തിൻെറ സ്ഥിതിയാണ് ജീർണ്ണത. ദേശീയവും സാർവദേശീയവുമായ മൂലധനത്തിൻെറ കടന്നുകയറ്റവും സ്വാധീനവും നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരികയാണ്. തങ്ങളുടെ ഓഹരി വർദ്ധിപ്പിക്കുന്നത് എങ്ങനെ എന്നു മാത്രമാണ് പത്രവ്യവസായികളും ചിന്തിക്കുന്നത്. ഇതിന് മാറ്റം വരണമെങ്കിൽ പത്രപ്രവർത്തകരും തൊഴിലാളികളും കർഷകരുമെല്ലാം ചേർന്ന് സമഗ്രമായ ഒരു മാറ്റത്തിനുവേണ്ടി ശ്രമിക്കണം. പത്രസ്വാതന്ത്ര്യത്തെപ്പറ്റി സംസാരിക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം തന്നെ അപകടത്തിലാണെന്നത് വിസ്മരിച്ചുകൂടാ. സ്വാതന്ത്രത്തിനുവേണ്ടിയുണ്ടായ പ്രസ്ഥാനം പോലെ സാമൂഹികമാറ്റത്തിനായി തിന്മകൾക്കെതിരെ പ്രതികരിക്കാനായി ഒരു പ്രസ്ഥാനം ഉയർത്തികൊണ്ടുവരാനുള്ള ചുമതല പത്രപ്രവർത്തകർക്കുണ്ട്.

സി.രാധാകൃഷ്ണൻ.

പ്രശസ്തമായ ഒരമ്പലത്തിലെ പാൽപ്പായസം ഒരു വീട്ടിൽ അതിഥിയായി ചെന്നപ്പോഠം എനിക്കു കിട്ടി. കഴിക്കാൻ തുടങ്ങിയപ്പോഠം അതിലില്ലാത്ത കല്ലുംനെല്ലുമൊന്നുമില്ല എന്നു മനസ്സിലായി. അവിടെ നിന്നു ഇറങ്ങുമ്പോഠം എനിക്കു തോന്നി പാൽപ്പായസമല്ല കുറച്ചു കള്ളുകുടിക്കാനാണ് പോകുന്നതെങ്കിലും ഇതേ അനുഭവമാണ് ഉണ്ടാവുക എന്ന്. പാൽപ്പായസം തൊട്ടു കള്ളുവരെ ഇറോഷൻ ഓഫ് വാല്യൂസ് എന്ന അവസ്ഥയിലേക്കു അധഃപതിച്ച ഒരു കാലത്ത് പത്രങ്ങഠക്കു മാത്രം അതു സംഭവിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. വാണിജ്യവൽക്കരണം കൊണ്ടു തന്നെയാണ് അത് സംഭവിച്ചത്.

കേരളത്തിലെ മാധ്യമരംഗത്ത് ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത മൂല്യച്യുതിയാണ് ഇന്നു കാണുന്നത്. പ്രചാരത്തിനു വേണ്ടി അവ ഉപയോഗിക്കുന്നത് സമുദായത്തെയാണ്. കേരളത്തിലെ ഓരോ പത്രത്തിൻെറ പിന്നിലും ഓരോ സമുദായമുണ്ട്. അത് ശക്തമാവുകയുമാണ്. പിന്നെ

രാഷ്ട്രീയവൽക്കരണം. രാഷ്ട്രീയം തന്നെ സമുദായവൽക്കരിച്ചിരിക്കുന്നതു കൊണ്ട് രണ്ടും ഒത്തുചേർന്നു പോകും.

പണ്ട് ഐക്യകേരളമുണ്ടാക്കാനായിരുന്നു ശ്രമം. ഇപ്പോൾ അനൈക്യ കേരളം ഉണ്ടാക്കാനുള്ള ശ്രമത്തിൽ ചരമവും വിവാഹവുമൊക്കെ പത്രത്തിൽ മുഴുപേജിൽ വരുന്നു. നാളെ ജനനവും വന്നു എന്ന് വരാം.

ഇതിൻെറയൊക്കെ ഫലമായിട്ടാണ് നാമിന്ന് അനുഭവിക്കുന്ന അധർമ്മവൽക്കരണം(വൾഗറൈസേഷൻ) വന്നുചേർന്നിട്ടുള്ളത്. ഡെയ്‌ലി ജേർണലിസത്തിലായാലും മാഗസിൻ ജേർണലിസത്തിലായാലും ഇംഗ്ലീഷ് ജേർണലിസത്തിലായാലും ഇന്നിൻെറ സത്യമാണത്. മാധ്യമപ്രവർത്തകർക്ക് ഇതിനെ എത്രകണ്ട് ചെറുക്കാൻ സാധിക്കുമെന്ന് അറിഞ്ഞുകൂടാ. പ്രൊഫഷണൽസിന് ഒരളവുവരെ ഇതിനെ ചെറുക്കാൻ സാധിക്കും എന്നു തന്നെയാണ് എൻെറ വിശ്വാസം.

### ആർ. സുഭാഷ്

വാർത്തകൾ ഇപ്പോൾ പൂഴ്ത്താൻ സാധിക്കില്ല എന്ന് കെ.എം. അഹമ്മദ് പറഞ്ഞു. ഒരിടത്ത് പൂഴ്ത്തിയാൽ വേറൊരിടത്ത് പൊന്തും എന്നതു കൊണ്ടാണത്. പൂഴ്ത്തിയാൽ കള്ളി വെളിച്ചത്താകും എന്നതു കൊണ്ട് മുനയൊക്കെ ചെത്തി ഒരു ഉരുണ്ട പരുവത്തിൽ തൽപരപത്രങ്ങൾ അതിനെ അവതരിപ്പിക്കും. ജോസ് പനച്ചിപ്പുറം പറയുന്ന പ്രതിപ്രവർത്തനം അപ്പോഴാണ്. ഇടുക്കി പദ്ധതിയെ അവതരിപ്പിക്കയും അത് യാഥാർത്ഥ്യമാക്കുകയും ചെയ്തതിലെ മലയാള മനോരമയുടെ പങ്ക് അദ്ദേഹം ഉദാഹരിച്ചു. ഇന്നിപ്പോൾ അങ്ങനെയൊരു പദ്ധതികൊണ്ടു വന്നാൽ മറ്റു പത്രങ്ങൾ ചേർന്ന് അതിനെ കൊന്നുകളയില്ലേ എന്ന് അദ്ദേഹം ചോദിക്കുന്നു. കൊല്ലേണ്ടതാണെങ്കിൽ കൊല്ലും. കാരണം ഇന്നു പത്രം നടത്തുന്നത് സ്വദേശാഭിമാനിമാരല്ല. ബിസിനസ് താൽപര്യങ്ങളുള്ള സ്ഥാപനങ്ങളാണ്. അവയ്ക്കെല്ലാം സ്വന്തം താൽപര്യം കാണും. ഉദാഹരണമായി ഒരു പ്രത്യേക പാത നാഷണൽ ഹൈവേ ആക്കുവാൻ ഒരു പത്രം കാമ്പയിൻ

നടത്തുന്നുവെന്നിരിക്കട്ടെ. ആ പത്രമുടമയ്ക്ക് ആ പാതയ്ക്കടുത്ത് തോട്ടങ്ങളുണ്ടെങ്കിൽ അതു വെളിച്ചത്തു കൊണ്ടുവരാനുള്ള ബാദ്ധ്യത മറ്റു പത്രങ്ങൾക്കുണ്ട്.

മറ്റൊന്ന്, വികസനത്തെ കുറിച്ചുള്ള വികലമായ കാഴ്ചപ്പാടാണ്. പത്രങ്ങൾ കൊണ്ടുവരുന്ന വികസന മാതൃകകൾ പലപ്പോഴും ശരിയാണോ എന്ന് ആലോചിക്കേണ്ടതാണ്. കേരളത്തിൽ എത്ര വിമാനത്താവളങ്ങൾ ഉണ്ട് എന്ന കാര്യത്തിൽ എനിക്കു വ്യക്തമായ ധാരണ ഇല്ല. പത്രങ്ങൾ എഡിഷൻ തുടങ്ങുമ്പോലെ വിമാനത്താവളങ്ങൾ വന്നിരിക്കുകയാണ്. ഇത് എന്തു വികസനമാണ്? ഇതിനൊക്കെ പേട്രൻമാരാകാൻ നമുക്ക് പത്രങ്ങളുണ്ട്.

എതിർക്കാൻ വേണ്ടിയുള്ള എതിർപ്പായാലും പലപ്പോഴും നല്ലതാണ്. മാനാഞ്ചിറ സ്ക്വയർ ഉദാഹരണം. ചില പത്രങ്ങൾ അനുകൂലിച്ചു. ചിലത് എതിർത്തു. അതുകൊണ്ട് ആ പദ്ധതി നടത്തിപ്പിലെ വലിയ അഴിമതി പുറത്തു വന്നു. പത്രങ്ങളെ കീശയിലാക്കി പദ്ധതി നടപ്പാക്കി വൻവെട്ടിപ്പ് നടത്തുന്ന ഉദ്യോഗസ്ഥരുണ്ടിവിടെ. ഇവർ ചെറുകിട പത്രങ്ങളെ ചിലപ്പോൾ ഗൗനിച്ചെന്നു വരില്ല. ഇത് ചെറുകിടക്കാരിൽ വിരോധമുണ്ടാകാൻ കാരണമായേക്കാം. എന്തു കാരണം കൊണ്ടായാലും, അഴിമതി ചെറുകിടപത്രക്കാർ പുറത്തുകൊണ്ടു വന്നാലും സമൂഹത്തിന് അത് നേട്ടം തന്നെയാണ്.

സർക്കുലേഷനാണ് ഇന്നിപ്പോൾ പ്രധാനം. പത്രധർമ്മമൊക്കെ പിന്നെയേ വരൂ. പത്രം വായിക്കാത്തവരുടെ ശബ്ദമുയർത്താൻ ഇവിടെഎത്ര പത്രങ്ങളുണ്ട്? ആദിവാസി ഭൂമി പ്രശ്നത്തിൽ കെ.ആർ. ഗൗരിയമ്മ ഒഴികെ മറ്റെല്ലാ എം.എൽ.എ. മാരും കൈപൊക്കിയത് ആദിവാസികൾ വോട്ടു ബാങ്കല്ലാത്തതുകൊണ്ടാണ്. അതു തന്നെയായിരുന്നു നമ്മുടെ പത്രങ്ങളുടെ നിലപാടും. എത്ര ആദിവാസികൾ പത്രം വാങ്ങും? പിന്നെന്തിന് അവരുടെ ഭാഗം പറയണം?.

**ലീലാ മേനോൻ**

ഇംഗ്ലീഷ് പത്രങ്ങൾക്ക് സാമൂഹ്യ പ്രതിബദ്ധതയില്ല, നാട്ടുകാരുടെ പ്രശ്നം കൈകാര്യം ചെയ്യുന്നില്ല എന്ന അഭിപ്രായത്തോട് എനിക്കു വിയോജിപ്പുണ്ട്. ഇന്ത്യയിലെ അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ ഗുരുവായ അരുൺ ഷൗരിയാണ് ബീഹാറിലെ കണ്ണുകുത്തിപ്പൊട്ടിക്കൽ സംഭവം വെളിച്ചത്തു കൊണ്ടുവന്നത്. സ്ത്രീകളെ പരസ്യവിപണിയിൽ വില്ക്കുന്നതും തടവറകളിലെ കൊടും ദുരിതങ്ങളും മറ്റുമായി എത്രയോ സാമൂഹ്യപ്രശ്നങ്ങൾ ഇന്ത്യൻ എക്സ്പ്രസ്സ് പത്രം പുറത്തുകൊണ്ടുവന്നു. ഇപ്പോഴാണെങ്കിൽ പ്രാദേശികതലത്തിലെ വികസനപ്രശ്നങ്ങളും ഞങ്ങൾ ഉന്നയിക്കുന്നുണ്ട്. ലേഖനപരമ്പരകളും വിവാഹചരമ കോളങ്ങളും ഞങ്ങൾക്കില്ലെങ്കിലും പ്രാദേശികപ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ പിറകിലല്ല.

മൂല്യച്യുതിയെക്കുറിച്ചുള്ള ആരോപണം ശരിയാണ്. സർക്കുലേഷൻ വർദ്ധിപ്പിക്കാനായി സെൻസേഷനലിസം കൊണ്ടുവന്നതുകൊണ്ടാണിത്. മാസികകളിൽ ശരിക്കും ഒരു പൈങ്കിളീകരണം വന്നിരിക്കുകയാണ്. വായിച്ചു രസിക്കാൻ വേണ്ടത് ഒരുക്കുകയെന്നതാണ് ഇതിന്റെ അർത്ഥം. പാലായിലെ ഒരു മാന്ത്രികന്റെ കഥ പത്രങ്ങൾ പല തവണ എഴുതി. ഇതെല്ലാം വായിച്ച ഒരു കുട്ടി മാന്ത്രികനെ സമീപിക്കുകയുണ്ടായി. ആ മാന്ത്രികൻ ഒഴിപ്പിച്ച പ്രേതം കുട്ടിയെ പിടിക്കൂടിയിരിക്കുകയാണത്രെ. അതിനെ ഒഴിപ്പിക്കണം എന്നതാണ് കുട്ടിയുടെആവശ്യം. ഇതിനൊക്കെ വലിയ സ്വാധീനം ഉണ്ടെന്ന് വ്യക്തമാണല്ലോ. സ്തീകളെയാണ് ഇത് കൂടുതലും സ്വാധീനിക്കുന്നത്.

വനിതാ മാസികകളിൽ പൈങ്കിളി മാത്രമാണ് ഉള്ളത്. കേരളത്തിൽ ഉപഭോഗസംസ്ക്കാരം വളർത്തിയതിലും അവർക്ക് വലിയ പങ്കുണ്ട്.

സ്ത്രീ പീഡനം കൂടിക്കൂടി വരികയാണ്. അതിന്റെ ഗുരുത്വം സ്ത്രീകൾ മനസ്സിലാക്കാത്തതിന്റെ ഒരു കാരണം പൈങ്കിളീകരണമാണ്. സാക്ഷരതയുണ്ട്, ജോലിയുണ്ട് എന്നൊക്കെ പറയുന്നുവെങ്കിലും ഇവിടെ സ്ത്രീ

കൾ അടിമകളായി തുടരുകയാണ്. വീട്ടിലെ പണിയും ഓഫീസിലെ പണിയും കുടുംബത്തിലെ ചുമതലകളുമെല്ലാം കൂടി സ്ത്രീകളെ ഒരു നിശ്ചേതനാവസ്ഥയിലേക്ക് നയിക്കുകയാണ്. ആശുപത്രികളിൽ ഈ പ്രശ്നവുമായാണ് അധികം സ്ത്രീകളും എത്തുന്നത്. സ്ത്രീകളുടെ ആത്മഹത്യ കൂടുന്നു. പെൺകുഞ്ഞുങ്ങളുടെ മരണനിരക്കും കൂടുന്നു. ഇവിടെസ്ത്രീകൾക്ക് അധികാരം നല്കുന്നതിനുള്ള മാനസിക വികാസത്തിനു വേണ്ടി മാധ്യമങ്ങൾ പ്രവർത്തിക്കുന്നില്ല. സ്ത്രീ വിദ്യാഭ്യാസം നേടുമ്പോൾ കുടുംബവും കുടുംബം വിദ്യാഭ്യാസം നേടുമ്പോൾ സമൂഹവും വിദ്യാഭ്യാസം നേടുന്നുവെന്നാണ് പറയാറ്. ഈ ഒരു വീക്ഷണത്തിലൂടെ സ്ത്രീകളെ സമീപിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

സ്ത്രീധന മരണങ്ങൾ കേരളത്തിൽ കൂടിവരാനും മാധ്യമങ്ങൾ കാരണമാകുന്നുണ്ട്. വിവാഹം സ്ത്രീകൾക്ക് ഒരു ഒബ്സെഷനാകുവാൻ വിവാഹം കഴിക്കാതെ സ്ത്രീകൾക്ക് സമൂഹത്തിൽ നിലനിൽപ്പില്ല എന്ന ധാരണ വളരുവാൻ മാധ്യമങ്ങളുടെ സമീപനം വഴിവെക്കുന്നു. വളരെ തെറ്റായ ഇത്തരം മൂല്യങ്ങൾ പുലർത്തുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. പൾപ്പ് മാഗസിനുകൾ പ്രേമവും വിറ്റഴിക്കുന്നുണ്ട്. സൂര്യനെല്ലിവരെ ഉണ്ടായതങ്ങനെയാണ്. ഉപഭോഗസംസ്ക്കാരത്തോടുള്ള ആരാധനകൊണ്ടാണ് മോഡലിങ്ങിനും ടി.വിയിൽ മുഖം കാണിക്കാനും പെൺകുട്ടികൾ വീട് വിട്ടിറങ്ങുന്നത്. പിന്നെയവർ ബ്ലൂഫിലിമിൽ അഭിനയിച്ച് വേശ്യാവൃത്തിയിൽ എത്തപ്പെടുന്നു. ഫാഷൻ, പരസ്യം, ഫിക്ഷൻ ഇവയാണ് ഇന്ന് വനിതാ മാസികകളിലെ ഉള്ളടക്കം. സ്ത്രീകളുടെ യഥാർത്ഥ പ്രശ്നങ്ങൾ അവയിൽ ഫോക്കസ് ചെയ്യപ്പെടുന്നില്ല.

സാമൂഹ്യ മാറ്റത്തിന് എന്ത് ചെയ്യാം എന്ന കാഴ്ചപ്പാടോടെ സ്ത്രീകളുടെ പ്രശ്നങ്ങളെ മാധ്യമങ്ങളിൽ അവതരിപ്പിക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

# മലയാള
# പത്രപ്രവർത്തനത്തിന്റെ
# അമ്പതു വർഷം
# (1947 – 1997)

ഇല്ലിക്കുന്നിലെ കല്ലച്ചുകളിൽ ജനിച്ച് ഇന്റർനെറ്റിലെ വെബ്സൈറ്റ് വരെ വളർന്നുകഴിഞ്ഞപ്പോൾ മലയാള പത്രങ്ങൾ പിന്നിട്ടത് ഒന്നര നൂറ്റാണ്ട്. അതിലെ ആദ്യനൂറുവർഷം കഴിച്ചുള്ള അര നൂറ്റാണ്ടിനുള്ളിൽ പണിപ്പുരയിൽ ഒരുപാട് പൊളിച്ചെഴുത്തുകൾ നടന്നു. അനുദിനമെന്നോണമാണ് പണിയായുധങ്ങളുടെ അലകും പിടിയും മാറിയത്. പണിയായുധങ്ങൾ മാത്രമല്ല പണി തന്നെ പല മട്ടിലായി, പല തട്ടിലായി.

ശാസ്ത്രസാങ്കേതിക പുരോഗതിയുടെ ഫലമായി വളർച്ചയുടെ കാര്യത്തിൽ 50 വർഷംകൊണ്ട് മലയാള പത്രങ്ങൾ അനേകയുഗങ്ങൾ തന്നെ ചാടിക്കടന്നുവെന്ന് പറയാം. കൈകൊണ്ട് പെട്ടികളിൽനിന്ന് അച്ചുകൾ പെറുക്കി വെച്ചിരുന്ന സ്ഥാനത്ത് ഇന്ന് ആ ജോലികൾ ചെയ്യുന്നത് കമ്പ്യൂട്ടറാണ്. വാർത്താവിനിമയ – വിതരണ രംഗങ്ങളിലും റിപ്പോർട്ടിംഗിലും എഡിറ്റിംഗിലും ലേ ഔട്ടിലും മായാജാലങ്ങളാണിന്ന്.

വൻവ്യവസായമായതോടെ പത്രങ്ങൾക്ക് ഊർജ്ജം നൽകിപ്പോന്ന ആദർശങ്ങൾ ചോർന്നുപോയി എന്ന് ഒരു വശത്ത്. വ്യവസായമായെങ്കിലും സാമൂഹ്യനന്മ ലാക്കാക്കിയുള്ള ഒട്ടേറെ സംഭവങ്ങൾ, പത്രക്കാർ ജനങ്ങളുടേയും സർക്കാരുകളുടേയും തീർപ്പിനായി വെളിച്ചത്തു കൊണ്ടുവന്നുവെന്ന് മറുവശത്തും.

സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ മലയാള പത്രപ്രവർത്തനത്തെക്കുറിച്ച് കേരള പ്രസ് അക്കാദമി 1998 ഒക്ടോബർ 19–ന് നടത്തിയ സെമിനാറിൽ പ്രഗത്ഭരായ പത്രപ്രവർത്തകർ വിവിധ വിഷയങ്ങളിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും അവരുടെ പ്രസംഗങ്ങളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണീ പുസ്തകം.

കേരള പ്രസ് അക്കാദമി